

# മണിമാലികാ.

## പ്രഥമപർവ്വം.



T55
A181

ഗ്രന്ഥകർത്താ
൹ുവിത്തുറ വി. ഡി. തോമ്മാക്കത്തനാർ.



*(All rights reserved by the Author.)*

PRINTED AT THE ST. JOSEPH'S PRESS,
MANNANAM.
1930.

നി. വ. ദി. ശ്രീ.

ചങ്ങനാശ്ശേരി രൂപതയുടെ മാർ യാക്കോബ്

മെത്രാനച്ചൻ തിരുമനസ്സിലെ സന്നിധിയിൽ ചെയ്യപ്പെട്ടന്ന

# സമർപ്പണം.



ജംസാഭിധെ പി. എച്ച്. ഡി. ഡി.
തീർത്ഥപാദപുരോഹിതെ
മുദാസമർപ്പയാമ്യെന
മാശിർവ്വാദപരായണെ 1
ലോകോത്തരസുഖം ദത്തെ
തീർത്ഥമന്യം ബഹുശ്രുതം
സത്യഃഫലവതാമെതി
വരതീർത്ഥം മഹാത്മജീ. 2
സർവ്വജ്ഞ ഇതി ലോകായം
ഭവന്തംഭാഷതെമൃഷാ
പരമേകംനജാനാസി
വക്തും നാസ്തീതിയാചകെ. 3
കിമപ്യാശങ്കിതാ ത്രോഹം
താവകെ പാദപങ്കജെ
അർപ്പണംപ്രസ്തുതംചക്രെ
ഭക്ത്യാരേപുരസ്സരം 4
തപാമാഹുന്നികഷാശ്മാനം
കൃതിഹെമ്നാ വിചിന്തനെ
സദിതരപരിഛേദ–
മാജ്ഞയൈവകരോതിയഃ 5
കർത്തുമങ്കിതമപ്യേനം
താവകസഫലാശീസാ
ഭവന്തം പ്രാർത്ഥയെമന്ദഃ
തപാ മേവ ശരണാഗതഃ 6

ഗ്രന്ഥകർത്താ.

# വിജ്ഞപ്തി.



ഹൃദ്ഗതധ്വാന്തഹന്താരം
നത്വാഹം സകലേശ്വരം
ബാലാനാമാശുബോധായ
കരോമി മണിമാലികാം 1.

പിതൃശിക്ഷിതപദ്യാനാം
പ്രക്രോഡികരണക്ഷമം
ക്രിയതെ ഗ്രന്ഥനിർമ്മാണം
മണിമാലികനാമികം 2.

സതാം യദ്യഭിരോചെതാം
ശ്രമം മെ വിഫലം നഹി
സുഭാഷിതാം ഭസി സ്നാന
മവിദ്യാമലമോചനം 3.

ഭാഷാജ്ഞാനം പുരസ്കൃത്യ
പ്രവത്തോഹം സുഭാഷിതെ
എതദേവഹി ക്രുഷ്ണാത
സൂക്ത്യാ ഉദ്ധരണെവരം 4.

പ്രത്യയേനതു ബാലാലം
സൂക്തിരതാകരെ രത!
യാന്തിഭാഷാഭിമാനീനാം
സൂക്തയോപിസഹായതാം 5.

ശ്ലോകമേകം പ്രഭാസ്യാമി
പൂർവ്വസൂരിപ്രകീർത്തിതം
തദേവാസ്തു ഹൃദിസ്ഥംവഃ
പ്രയോഗെ സമുപസ്ഥിതെ 6.

"ദുഷ്ടം കിമപിലോകേസ്മി
ന്ന നിർദ്ദോഷം ന നിർഗ്ഗുണം
മാവൃണധ്വമതോദോഷാൻ
വിവൃണധ്വം ഗുണാൻബുധാഃ 7.

കണ്ണാമൂതം സൂക്തിരസം വിമുച്യ
ദോഷേഷ്വയത്നസ്സുമഹാൻ ഖലസ്യ
അപേക്ഷതെ കേളിവനംപ്രവിഷ്ടഃ
ക്രമേളകഃ കണ്ടകജാലമേവ" 8.

യദീച്ഛ്രമ സതാം വർത്മ
കത്തുമൂലംഘ്യ ചാന്യഥാ
ഭവിഷ്യഥഭിനെ ദിനെ
ജനനിരാഗഹെതവഃ 9.

ജൈവാതൃകാ നശോചന്തെ
മാഗ്ഗസ്ഥാ ഭുവിപണ്ഡിതാഃ
നിരാമയാശ്ചതെ സവെ
യെഷാം വക്ത്രെസുഭാഷിതാം 10

ഗ്രന്ഥകർത്താ.

# പ്രസ്താവന.



മണിമാലികനോക്കി ഞാൻ മുദാസ–
ന്മണിയായൊരവിട്ടന്ന പദ്യജാലം
മണിമാലികയിൽ തൊട്ടത്തതെല്ലാം
മണിക്കുപ്പംപടി മേത്തരങ്ങളത്രെ.

അവ സംസ്കൃതമെങ്കിലും ശരിയ്ക്കാ
യവതന്നത്ഥമടുത്തടുത്തുതന്നെ
വിവരിപ്പതുകൊണ്ടു മൂഢനായു–
ള്ളവനും സാരമറിഞ്ഞിടാനെളുപ്പം.

ഒരുപോൽ സരസങ്ങൾ പദ്യമെല്ലാ
മരുളും കെയുകരോമഹർഷണങ്ങൾ
വിരുതേറുവതിന്ന മാനസത്തിൽ
കരുതുന്നൊരിവപാഠമാക്കിടേണം.

കളിയല്ലിവപാഠമാക്കിയാലും–
തളിർതന്നാന്ധ്യമൊളിച്ചുമണ്ടുമാരാൽ
തെളിവാർദ്രതയ്ക്കുമെന്നിതെല്ലാം
മിളിതാനന്ദമെവന്നുമങ്കുരിക്കും.

ഉരപൊങ്ങിയസൽഗുണങ്ങളേയും
നിരസിക്കേണ്ടിയ ദുർഗുണങ്ങളേയും
സരസംവിവരിച്ചനേകപദ്യം
കരണീയം ജനതയ്ക്കു കാട്ടിടുന്നു.

പൊതുവിൽ പറയുന്നതാകിലൊരു–
ക്കിതു സാരസ്യ സമാശയാഭിരാമം
പുതുതേൻപണിയും രസംരസജ്ഞ–
ക്കിതുപോലേകിനബുക്കനേകമില്ലാ

മുറിവിദ്യവരുത്തിട്ടും മടത്താൽ
വെറിപൂണ്ടെറെമിട്ടുക്കരായ് നടക്കും
ചെറിയോക്കിതു വൈകിടാതെ സാക്ഷാ—
ലറിവേകുംവിരുതാന്നദേശികാമ്പാൽ.

ജനതക്കിതുമാനസത്തിലേതും
വിനതീണ്ടാതെ ഗുണോല്ലരങ്ങളേറി
അനഘാശയരാക്കുവാൻ വിശിഷ്ടൻ
ജനകൻപോലുപദേശമെന്നുമേകും.

സുകശിഷ്യരിൽനിന്നു മൈശ്വര്യമെല്ലാ
മകലത്താക്കണമെന്നസദാചാരം
അകതാരിലുയന്നുമേവുമഭ്യാ—
പകരായൊക്കിതൊരുറമിത്രമത്രെ.

നിജജീവിതയാത്രസാഹസത്താൽ
രുജകൈപന്നു നിരാശനേടിടാതെ
വിജയത്തൊട്ടു പൂത്തിയാക്കുവാനായ്
സുജനങ്ങൾക്കിതുമാർഗ്ഗദർശിയാകും.

സുഭാഷിതഗ്രന്ഥമിതേതുനാളും
സഭാതലത്തിൽ സരസംപ്രസംഗം
സുഭാഷയിൻ ചെയ്വൊരു കേരളീയ—
പ്രഭാഷകന്മാക്കുസഹായമേകും

അധികമിനിയുമെന്തോതണം ഞാൻ
നിധിസമമായിതിനെ സശീഷ്കമ്പം
സുധികളനിശമാദരിക്കുമങ്ങെ—
ക്കധിഗതമാമളവെന്നിയെയശസ്സും.

മഹാകവി
കട്ടക്കയത്തിൽ ചെറിയാൻ മാപ്പിള.

പാലാ,
21. 11. '29.

Presented by Very Rev. Fr. Prior
10. 12. '32.

# അവതാരിക.

ഏതാണ്ടു മുപ്പതു കൊല്ലങ്ങൾക്കുമുമ്പു നസ്രാണി ദീപികാപത്രത്തിൽ "ദിവ്യസാഹിത്യപ്രവേശം" എന്ന നാമധേയത്തിൽ ഒരു ഗദ്യകൃതി ഖണ്ഡശഃ പ്രസിദ്ധീകരിച്ചുകൊണ്ടിരുന്നു. എനിക്കു അന്നു പതിന്നാലു വയസ്സിലധികം പ്രായമുണ്ടായിരുന്നില്ലെങ്കിലും പ്രസ്തുത കൃതി സാമാന്യത്തിലധികം എന്നെ ആകഷ്ടിക്കയും പത്രം കിട്ടിയാലുടനെ അതുവായിച്ചു തീർക്കുന്നതിൽ ഞാൻ വളരെ ഉത്സാഹിയായിരിക്കയും ചെയ്തു. അന്നു വെറും ഒരു വിദ്യാർത്ഥി മാത്രമായിരുന്ന എനിക്കു അതിലെ നവീനങ്ങളായ ആശയങ്ങളും ലളിതമധുരമായ പ്രതിപാദനരീതിയും ഭാഷയുടെ സൗഷ്ഠവവും ഒക്കെ വളരെ രസകരമായി തോന്നി. ഇത്ര ഹൃദ്യമായ ഭാഷയിൽ സദാശയങ്ങളെഴുതി ഫലിപ്പിക്കുന്ന ആൾ ആരെന്നറിയാൻ ജിജ്ഞാസയുണ്ടായെങ്കിലും "വേദവിത്തു" എന്ന മാത്രം പേരു വച്ചിരുന്നതിനാൽ അതുകൊണ്ടു ഞാൻ തൃപ്തിപ്പെടേണ്ടിവന്നു.

ഇങ്ങനെ കൊല്ലങ്ങൾ ഓരോന്നായി പലതു കഴിഞ്ഞു. കഴിഞ്ഞയാണ്ടിൽ ഒരു ദിവസം ഞാൻ ദീപിക ആഫീസിൽ ബദ്ധപ്പെട്ട എഴുതിക്കൊണ്ടിരിക്കുമ്പോൾ, അനുമതിപ്രശ്നത്തോടുകൂടി വന്ദ്യനായ ഒരു വയോധികവൈദികൻ ആഫീസിൽ വരികയും ഞാൻ സോപചാരം സ്വീകരിക്കുകയും ചെയ്തു. അദ്ദേഹമാകട്ടെ കയ്യിലിരുന്ന ഒരു ഗ്രന്ഥം എനിക്കു പാരിതോഷികമായി നൽകിക്കൊണ്ടു അതിനെപ്പറ്റി ഒരു അഭിപ്രായം പ്രസിദ്ധീക

രിക്കണമെന്നു എന്നോട്ടു ആവശ്യപ്പെട്ടു. ഗ്രന്ഥം നോക്കിയപ്പോഴാണ് അതു ഗ്രന്ഥരൂപമായ "ദിവ്യസാഹിത്യപ്രവേശ"മാണെന്നും അതിന്റെ നിർമ്മാതാവു് വി. ഡി. തോമ്മാക്കത്തനാരവർകളാണെന്നും എന്റെ മുമ്പിലിരിക്കുന്നയാൾ അദ്ദേഹം തന്നെയെന്നും ഉള്ള വാസ്തവം എനിക്കു മനസ്സിലായതു്. അപ്രതീക്ഷിതമായ ഈസന്ദർശനവും അറിവും എന്നെ വളരെ വിസ്മയിപ്പിച്ചു. എനിക്കു പലേ കൊല്ലങ്ങളായി കത്തുകൾ മൂലം അദ്ദേഹം പരിചിതനാണെങ്കിലും സമ്മുഖസംദർശനത്തിനും സംഭാഷണത്തിനും സംഗതിയായതു അപ്പോൾ മാത്രമാണെന്നു പറഞ്ഞാൽ കഴിഞ്ഞല്ലോ.

ദിവ്യശ്രീമാൻ വി. ഡി. തോമ്മാക്കത്തനാരവർകളെപ്പറ്റി, പത്രങ്ങളുമായി പരിചയമുള്ളവരോടു വിശേഷിച്ചു എന്തെങ്കിലും പറയേണ്ട ആവശ്യമില്ല. ഭാഷാഗദ്യകാരൻ, വാസനാകവി എന്നീ നിലകളിൽ അദ്ദേഹം ഭാഷാസാഹിത്യലോകത്തിൽ, ഞാൻ തുവലെടുക്കുന്നതിനു മുമ്പുതന്നെ ധാരാളം സദ്യശസ്സും സുപ്രസിദ്ധിയും സമ്പാദിച്ചു കഴിഞ്ഞിരിക്കുന്നു. "ദിവ്യസാഹിത്യപ്രവേശം" "അരുവിത്തുറേതിഹാസം" എന്നീ രണ്ടു ഗദ്യകൃതികളെ അദ്ദേഹം പ്രസിദ്ധീകരിച്ചിട്ടുള്ളുവെങ്കിലും അതുകൾ അദ്ദേഹത്തിന്റെ ഗദ്യരചനാവൈശാരദ്യത്തെ സവിശേഷം സ്പഷ്ടീകരിക്കുന്ന വിശിഷ്ടഗ്രന്ഥങ്ങളാണ്. മലയാളഭാഷക്കു ശരിയായ നിലയില്ലുള്ള ഒരു രചനാരീതി ഉണ്ടായിട്ടില്ലാതിരുന്ന ഒരുകാലത്തു അദ്ദേഹത്തിനു എതു ഹൃദ്യവും പരിശുദ്ധവും അനുകരണീയവുമായ ഒരു രീതിയാണ് വശഗമായിരുന്നതെന്ന് ദിവ്യസാഹിത്യപ്രവേശം ആരെയും ബോധ്യമാക്കാതിരിക്കയില്ല. ക്രൈസ്തവമതാത്മകമെന്നോ വൈദികവിരചിതമെന്നോ ഉള്ള വൈമുഖ്യം നീക്കിവച്ചു വായിക്കുന്ന ഹൈന്ദവപണ്ഡിതന്മാർ, സാഹിത്യഗുണം ഒന്നുകൊണ്ടുതന്നെ പ്രസ്തുതഗ്രന്ഥത്തേയും തൽപ്രണേതാ

വിനെയും എളയപൂവ്വും അഭിനന്ദിക്കാതിരിക്കയില്ലെന്നു എനിക്കു നിശ്ചയമുണ്ട്.

ഭാഷയിൽ മാത്രമല്ല സംസ്കൃതത്തിലും പദ്യനിർമ്മാണം ചെയ്വാൻ തോമ്മാക്കത്തനാരവർകൾക്കു സാധിക്കും. കാൽ ശതാബ്ദത്തിനുമുമ്പു മലയാളമനോരമ, നസ്രാണിദീപിക മുതലായ പത്രങ്ങളിൽ അദ്ദേഹം പ്രസിദ്ധീകരിച്ചിട്ടുള്ള പലേ ഒറ്റശ്ലോകങ്ങളും ഖണ്ഡകാവ്യങ്ങളും ഈ വസ്തുതയെ തെളിയിക്കുന്നതാണ്. സംസ്കൃതഭാഷാന്തരം ദയാത്മശ്ലോകങ്ങൾ സമസ്യാപൂരണം മുതലായി പല കൃതികളും അക്കാലത്തു അദ്ദേഹം എഴുതീട്ടുണ്ട്. കേവലം സാഹിത്യവിനോദത്തിനായി ആയിടയ്ക്കു എഴുതിയ ചില പദ്യകൃതികൾ അദ്യാപി പ്രസിദ്ധം ചെയ്യാതിരിപ്പുള്ളതായുമറിയാം. തോമ്മാക്കത്തനാരവർകളുടെ കവിതാവാസനയെ അഭിനന്ദിച്ച ചില യോഗ്യന്മാർ ഓരോരോ സന്ദർഭങ്ങളിൽ അഭിപ്രായപ്രകടനം ചെയ്കയുണ്ടായിട്ടുണ്ട്. തിരുവിതാംകൂറിന്റെ ശ്രേയോദീപമായിരുന്ന മഹാനും നമ്മുടെ രാജകുടുംബത്തിലെ ഏക ബി. എ. ബിരുദധാരിയുമായ അശ്വതിതിരുനാൾ കൊച്ചുതമ്പുരാൻ തിരുമനസ്സുകൊണ്ടു, 1083-ാമാണ്ടു ധനുമാസം 13-ാംനു പീരുമേട്ടിലേക്കു എഴുന്നെള്ളുമ്പോൾ, അരുവിത്തുറപ്പള്ളിവികാരിയായിരുന്ന ഇദ്ദേഹത്തിന്റെ ക്ഷണമനുസരിച്ചു പ്രസ്തുത ദേവാലയം സന്ദർശിക്കയുണ്ടായി. തദവസരത്തിൽ തോമ്മാക്കത്തനാരവർകൾ സംസ്കൃതത്തിലും മലയാളത്തിലുമായി എട്ടു പദ്യങ്ങളടങ്ങിയ ഒരു മംഗളപത്രം സമർപ്പിക്കയും തിരുമേനി അതിനെ പ്രത്യേകം ശ്ലാഘിക്കയും ചെയ്തു. 1074 ചിങ്ങം 5-ാംതീയതി പൂഞ്ഞാറിക്കോയിക്കൽ രോഹിണിനാൾ വലിയ തമ്പുരാനവർകൾക്കു ഇദ്ദേഹം സമർപ്പിച്ച പദ്യരൂപമായ ഒരു മംഗളപത്രം കണ്ടു സംപ്രീതനായി അദ്ദേഹം ചില സമ്മാനങ്ങ

ം നൽകിയതായും കേട്ടിട്ടുണ്ട്. ഇങ്ങനെ പറയാൻതുടങ്ങിയാൽ ഈ അവതാരിക സാമാന്യത്തിലധികം ദീർഘിച്ചുപോകുമെന്നു കരുതി തൽക്കാലം അതിനുമ്യമിക്കുന്നില്ല.

ചെറുപ്പത്തിലെ സംസ്കൃതഭാഷ അഭ്യസിക്കയും ആ പ്രൗഢഭാഷയിലെ പല വിശിഷ്ട കാവ്യങ്ങളും പഠിക്കുകയും ചെയ്തതിന്റെ സ്പൃഹണീയഫലമാണ്, തോമ്മാക്കത്തനാരവർകൾക്കു ഭാഷയിൽ ഇന്നു കാണുന്ന ദുഢവ്യുൽപ്പത്തിയും കവിതാവാസനയും. സംസ്കൃതഭാഷാഭ്യസനത്തിൽ ആദ്യകാലത്തു ഇദ്ദേഹത്തിന്റെ ഗുരുനാഥൻ, വിദ്വാനായ സ്വപിതാവു തന്നെയായിരുന്നു എന്നുള്ളതും വിസ്മരിക്കാവുന്നതല്ല.

സാഹിത്യരസികനായ നമ്മുടെ തോമ്മാക്കത്തനാരവർകൾക്കു ഇപ്പോൾ വയസ്സു അറുപത്തുനാലായിരിക്കുന്നു. മുപ്പതു കൊല്ലങ്ങൾക്കു മുമ്പു അദ്ദേഹം എഴുതിയ ദിവ്യസാഹിത്യപ്രവേശം മുദ്രാപണം ചെയ്തതു കഴിഞ്ഞകൊല്ലം മാത്രമാണ്. അതുതന്നെ പല സഹൃദയന്മാരുടെ നിർബന്ധം നിമിത്തം, മാന്നാനം സെൻറ് ജോസഫ് പ്രസ്സിൽ നിന്നു പണം ചെലവുചെയ്താണെന്നും ഓർമ്മിക്കണം. എന്നാൽ ഈ വാർദ്ധക്യകാലത്തും അദ്ദേഹം സാഹിത്യവിഷയകമായ പരിശ്രമം നിറുത്തീട്ടില്ലെന്നുള്ളതിനു എന്റെ മുമ്പിലിരിക്കുന്ന "മണിമാലിക" സാക്ഷ്യം വഹിക്കുന്നു. സംസ്കൃതഭാഷാപാരാവാരത്തിലുള്ള വിശിഷ്ടങ്ങളായ നാന്നൂറിൽപരം കാവ്യരത്നങ്ങളെ തെരഞ്ഞുപിടിച്ചു അവയെ സാധാരണന്മാർക്കും നിഷ്പ്രയാസം ഗ്രഹിക്കാൻ തക്കവിധം വ്യാഖ്യാനിക്കയാണ് ഇതിൽ ചെയ്തിരിക്കുന്നതു്. സാരോപദേശഭൃയിഷ്ടങ്ങളായ ഈ പദ്യങ്ങളും അവയുടെ വ്യാഖ്യാനവും സംസ്കൃതഭാഷാനഭിജ്ഞരായ മലയാളികൾക്കു

വലിയ ഒരു സഹായവും ഭാഷയ്ക്കു ഒരു അനർഘസമ്പാ
ദ്യവുമായിരിക്കുമെന്നു നിസ്സംശയം അഭിപ്രായപ്പെടാം.
"മണിമാലിക"ക്കു ന്യായമായി അർഹിക്കുന്ന സ്വീകര
ണവും പ്രചാരപ്രാചുര്യവും ജനതാമദ്ധ്യത്തിൽ സിദ്ധിക്ക
ട്ടെ എന്നു ഞാൻ ആശംസിക്കുന്നു.

തോമ്മാക്കത്തനാരവർകൾ ഇനിയും ചിരകാലം
ഉല്ലാഘനായി ജീവിച്ചിരുന്നു ഭാഷാസാഹിത്യത്തെ സ്വകൃ
തിതല്പജങ്ങൾകൊണ്ടു പോഷിപ്പിക്കുവാൻ ദൈവം സം
ഗതിവരുത്തട്ടെ. എന്റെ വന്ദ്യ സ്നേഹിതന്റെ പലേപ്രാ
വശ്യത്തെ നിർബന്ധംകൊണ്ടല്ലായിരുന്നെങ്കിൽ, മണി
മാലികക്കു അവതാരിക എഴുതുക എന്ന സാഹസകൃത്യ
ത്തിനു ഞാൻ ധൈര്യപ്പെടുമായിരുന്നില്ല. ഏതായാലും
ഈ ഉത്തമഗ്രന്ഥത്തോടു് എന്റെ നാമം ബന്ധിക്കാൻ
ഇടവരുത്തിയ തോമ്മക്കത്തനാരവർകളോടു് എനിക്കുള്ള
നിർവ്യാജീകമായ കൃതജ്ഞതയെക്കൂടെ ഇവിടെ രേഖപ്പെ
ടുത്തിക്കൊണ്ടു ഇതിനെ ഉപസംഹരിച്ചുകൊള്ളുന്നു.

തെങ്ങുംമൂട്ടിൽ വറുഗീസുമാപ്പിള.

# മണിമാലികാ.

## അദ്ധ്യായം ക.

മൂലം ക.

ഭാഷാസുമുഖ്യാ ദിവ്യാ ഗീർവ്വാണഭാരതീ
തസ്മാദികാവ്യം മധുരം തസ്മാദപി സുഭാഷിതം.

| അന്വയം. | അന്വയാർത്ഥം. |
|---|---|
| ഭാഷാസു | ഭാഷകളിൽവെച്ചു |
| ഗീർവാണഭാരതീ | സംസ്കൃതഭാഷാ |
| മുഖ്യാ | പ്രാധാന്യമേറിയതും |
| ദിവ്യാ | അനിതരസാധാരണവും ആകുന്നു. |
| തസ്മാൽഹി | അതിൽവെച്ചു ആകട്ടെ |
| കാവ്യം | കാവ്യം |
| മധുരം | മാധുര്യമുള്ളതും |
| തസ്മാൽ അപി | അതിൽവെച്ചുതന്നെ |
| സുഭാഷിതം | നീതിവാക്യം അധികം മാധുര്യമുള്ളതുമാകുന്നു. |

പരിഭാഷ:— സകല ഭാഷകളിലുംവെച്ചു മുഖ്യവും ദിവ്യവുമായിരിക്കുന്നതു ഗീർവാണഭാരതി ആകുന്നു. അതിൽവെച്ചു കാവ്യം മാധുര്യമേറിയതും അതിൽവെച്ചു സുഭാഷിതം മധുരതരവുമാകുന്നു.

മൂലം ഖ.

പൃഥിവ്യാം ത്രീണിരത്നാനി ജലമന്നം സുഭാഷിതം
മൂഢൈഃപാഷാണഖണ്ഡേഷു രത്നസംജ്ഞാവിധിയതെ.

| അന്വയം. | അന്വയാർത്ഥം. |
|---|---|
| പൃഥിവ്യാം | ഭൂമിയിൽ |
| ജലം | വെള്ളം |
| അന്നം | ഭോജനം |
| സുഭാഷിതം | സുഭാഷിതം |
| ത്രീണിരത്നാനി (എന്ന) | മൂന്നുരത്നങ്ങൾ ഉണ്ട് |
| മൂഢൈഃ | മൂഢന്മാരാൽ |
| പാഷാണ്ഡഖണ്ഡേഷു | കല്ലുകഷണങ്ങളിൽ |
| രത്നസംജ്ഞാ | രത്നനാമം |
| വിധീയതെ | കല്പിക്കപ്പെടുന്നു. |

പരിഭാഷ:— ഭൂമിയിൽ ജലം, അന്നം, സുഭാഷിതം എന്നിങ്ങനെ മൂന്നുതരം രത്നങ്ങൾ ഉണ്ട്. എന്നിരുന്നാലും അവിവേകികളാൽ പാഷാണ്ഡഖണ്ഡങ്ങളിൽ രത്നസംജ്ഞ കല്പിക്കപ്പെടുന്നു.

മൂലം ൩.

സുഭാഷിതമയ ദ്രവ്യ സംഗ്രഹം ന കരോതിയഃ
പ്രസ്ഥാവയജ്ഞെ സംപ്രാപ്യെ കാംപ്രദാസ്യതി ദക്ഷിണാം.

| അന്വയം. | അന്വയാർത്ഥം. |
|---|---|
| യഃ | യാവനൊരുത്തൻ |
| സുഭാഷിതമയ ദ്രവ്യസംഗ്രഹം | നീതിവാക്യാർത്ഥസംഭാരത്തെ |
| ന കരോതി | ചെയ്യുന്നില്ലയൊ |
| പ്രസ്ഥാവയജ്ഞെസംപ്രാപ്യെ | പ്രസംഗകാലാഗമനത്തിൽ |
| (സഃ) | അവൻ |
| കാംദക്ഷിണാം | എന്തുദക്ഷിണയെ |
| പ്രദാസ്യതി? | പ്രദാനം ചെയ്യും? |

പരിഭാഷ:— സുഭാഷിതമയ ദ്രവ്യസംഗ്രഹം ചെയ്തിട്ടില്ലാത്തവൻ പ്രസംഗയജ്ഞം നടത്തേണ്ടിവരുമ്പോൾ ദക്ഷിണയായിട്ട് എന്തിനെ ദാനംചെയ്യും?

മൂലം ൪.

സംസാരകടുവൃക്ഷസ്യ ദ്വെഫലെ അമൃതോപമെ
സുഭാഷിതരസാസ്വാദഃ സംഗതിഃ സജ്ജനേജനെ.

| | |
|---|---|
| സംസാരകടുവൃക്ഷസ്യ | ഐഹികജീവിതമെന്ന വിഷവൃക്ഷത്തിന |
| സുഭാഷിതരസാസ്വാദഃ | നീതിവാക്യാസ്വാദനവും |
| സജ്ജനെജനെ സംഗതിഃ | സജ്ജനസംസർഗ്ഗവും എന്ന് |
| അമൃതോപമെ | അമൃതിനോട് സമങ്ങളായിരിക്കുന്ന |
| ദ്വെഫലെ (സ്തഃ) | രണ്ടുഫലങ്ങൾ ഉണ്ട്. |

പരിഭാഷ:- സംസാരം വിഷവൃക്ഷമെങ്കിലും അതിന അമൃതൊപമങ്ങളായിരിക്കുന്ന രണ്ടു ഫലങ്ങൾ ഉണ്ട്. ഈ രണ്ടിൽ ഒന്ന സുഭാഷിതരസാസ്വാദനവും മറൊന്ന സജ്ജനസംസർഗ്ഗവുമാകുന്നു.

മൂലം ൫.

യസ്യാവ്ക്ത്രകുഹരേ സുഭാഷിതം നാസ്തിനാപ്യവസരെപ്രജല്പ്യത
ആഗതഃസദസി ധീമതാം മധ്യെ ലേപ്യനിർമിത ഇവാവഭാസതെ.

| അന്വയം. | അന്വയാർത്ഥം. |
|---|---|
| യസ്യ | യാവനൊരുത്തന്റെ |
| വക്ത്രകുഹരേ | വദനത്തിൽ |
| സുഭാഷിതം | നീതിവാക്യം |
| നാസ്തി | ഇല്ലാതിരിക്കയും |
| അവസരേഅപി | അവസരത്തിൽപോലും |
| നപ്രജല്പ്യതി | സംസാരിക്കാതിരിക്കയും ചെയ്യുന്നുവൊ. |
| ധീമതാംസദസി | പണ്ഡിതന്മാരുടെ സദ |
| ആഗതഃ | ആഗതനായിട്ട (സ്സിൽ |
| അധ്യെ | ഇവൻ |

| | |
|---|---|
| ലെപ്യനിർമിതഃ ഇവ | മലിനാത്മാവ് എന്നപോ |
| അവഭാസതെ | ശോഭിക്കുന്നില്ല. (ലെ |

പരിഭാഷ:- യാതൊരുവൻ സുഭാഷിതങ്ങളെ അഭ്യസിക്കാതെയും യഥാവസരം അതിനെ ഉപയോഗപ്പെടുത്താതെയും ഇരിക്കുന്നുവൊ പണ്ഡിതസഭസ്സിൽ ആഗതനായിട്ട് ഇവൻ മലിനാത്മാവെന്നവണ്ണം ശോഭിക്കുന്നില്ല.

മൂലം ന.

അപൂർവ്വഃകോപികോശൊ യം വിദ്യതെ തവഭാരതി
വ്യയതൊവൃദ്ധിമായാതിക്ഷയമായാതിസംമയാൽ

| | |
|---|---|
| തവഭാരതി | നിന്റെ വാക്കാകുന്ന |
| ഇയംകോശ: | ഈ നിക്ഷേപം |
| കഃ അപി അപൂർവ: | എത്രതന്നെ അപൂർവ്വമായിട്ട |
| വിദ്യതെ? | കണ്ടുപിടിക്കപ്പെട്ടതും? |
| വ്യയതഃവൃദ്ധിം | വ്യയത്തിൽനിന്നു വൃദ്ധിയെ |
| ആയാതി | അതു പ്രാപിക്കുന്നു |
| സംചയാൽ | സംരക്ഷണത്തിൽനിന്ന് |
| ക്ഷയം ആയാതി | (അതു) ക്ഷയത്തെയും പ്രാപിക്കുന്നു. |

പരിഭാഷ:- എത്രയും അപൂർവമായിട്ടമാത്രം കണ്ടുകിട്ടുന്ന ഒരു നിക്ഷേപമാണ് നിന്റെ വാക്ക്? വ്യയത്തിങ്കൽ ഇതു അഭിവൃദ്ധിയെയും സംരക്ഷണത്തിങ്കൽ ഇതു ക്ഷയത്തെയും പ്രാപിക്കുന്നു.

മൂലം ൧.

അനേകസംശയോച്ഛേദി പരോക്ഷാർത്ഥസ്യ ദർശകം
സർവ്വസ്യലോചനംശാസ്ത്രം യസ്യനാസ്ത്യന്ധ എവസ:

| അന്വയം. | അന്വയാർത്ഥം. |
|---|---|
| അനേകസംശയോ | സംശയനിവൃത്തി വരുത്തു |

| | |
|---|---|
| ച്ഛേദി | ന്നതും |
| പരോക്ഷാർത്ഥസ്യ | അദൃഷ്ടപദാർത്ഥത്തിന്റെ |
| ദർശകം | പ്രത്യോതകവും |
| സർവസ്യലോചനം | സകലക്കും കണ്ണുമായിരിക്കു |
| ശാസ്ത്രം | തത്വജ്ഞാനം (ന്ന |
| യസ്യനാസ്തി | ആക്ക ഇല്ലാതിരിക്കുന്നവൊ |
| സ: എവ അന്ധ: | അവൻതന്നെ അന്ധൻ |

പരിഭാഷ:- എല്ലാസംശയത്തിനും നിവൃത്തിവരുത്തുന്നതും പരോക്ഷാർത്ഥദർശകവും സകലക്കും കണ്ണുമായിരിക്കുന്ന ശാസ്ത്രജ്ഞാനം ആക്ക ഇല്ലാതിരിക്കുന്നവൊ അവൻതന്നെ അന്ധൻ.

മൂലം വ.

സർവ്വദ്രവ്യേഷു വിദ്യൈവ ദ്രവ്യമാഹുരനുത്തമം
അഹാര്യത്വാദനർഘത്വാ ദക്ഷയത്വാച്ച സർവ്വദാ.

| അന്വയം. | അന്വയാർത്ഥം. |
|---|---|
| അഹാര്യത്വാൽ | ഹരിക്കത്തക്കതല്ലായ്ക കൊണ്ടും |
| അനർഘത്വാൽ | അമൂല്യതനിമിത്തമായിട്ടും |
| അക്ഷയത്വാൽച | അവിനാശതനിമിത്തമായിട്ടും |
| സർവ്വദ്രവ്യേഷു | എല്ലാദ്രവ്യങ്ങളിലുംവെച്ചു |
| സർവ്വദാ | സ്ഥലകാലോപാധിവർജ്ജ്യമായിട്ട |
| അനുത്തമംദ്രവ്യം | അനൌപമ്യമായിരിക്കുന്ന ദ്രവ്യം |
| വിദ്യാഎവ | വിദ്യതന്നെ എന്ന് (പണ്ഡിതന്മാർ) |
| ആഹു: | പറയുന്നു. |

പരിഭാഷ:- അഹാര്യത്വം, അനർഘത്വം, അ

ക്ഷയത്വം, എന്നീ വിശേഷഗുണങ്ങളെപറ്റി ആലോചിച്ചിട്ട സവ്വ ദ്രവ്യങ്ങളിലുംവെച്ചു സർവദാ അനന്തമമായിരിക്കുന്ന ദ്രവ്യം വിദ്യതന്നെ ആകുന്നു എന്നു പണ്ഡിതന്മാർ പറയുന്നു.

മൂലം ൻ.

ഹർതുർനഗോചരംയാതി ദത്താഭവതി വിസ്തൃതാ
കല്പാന്തേപി നയാനശ്യേൽകിമന്യദ്വിദ്യയാസമം?

| അന്വയം. | അന്വയാർത്ഥം. |
|---|---|
| യാ | യാതൊന്നു |
| ഹർതുഃഗോചരം | മോഷ്ടാവിന്റെ ദൃഷ്ടിയിൽ |
| ന യാതി | പെടാതെയും |
| ദത്താ | ദാനംചെയ്യപ്പെട്ടിട്ട |
| വിസ്തൃതാഭവതി | വൃദ്ധിമതി ആയിരിക്കയും |
| കല്പാന്തെ അപി | പ്രളയകാലത്തിൽപോലും |
| ന നശ്യേൽ | നശിക്കാതിരിക്കയുംചെയ്യുന്നുവൊ |
| (തയാ) വിദ്യയാ | ആ വിദ്യയോട്ട |
| അന്യൽ | മറെറാന്നു |
| കിം സമം? | തുല്യമാകുന്നതെന്തു്? |

പരിഭാഷ:– സംപത്താകുന്ന വിദ്യ മോഷ്ടാവിന്റെ ദൃഷ്ടിയിൽപെടുന്നില്ല. ദാനം ചെയ്യപ്പെടുന്നതിനോളം വൃദ്ധിമത്തായിതീരുന്നു. കല്പാന്തകോടിയിൽപോലും നശിക്കുന്നുമില്ല. ഇപ്രകാരമിരിക്കുന്ന വിദ്യയോട്ട പിന്നെ മറെറന്തു സമമാകുന്നു.

മൂലം ഫ.

ജ്ഞാതിഭിർവ്വണ്ട്യതേനൈവചോരെണാപി ന നീയതെ
ദാനേ നൈവക്ഷയംയാതിവിദ്യാരത്നംമഹാധനം.

| അന്വയം | അന്വയാർത്ഥം |
|---|---|
| വിദ്യാരത്നം മഹാധനം | വിദ്യാരത്നമാകുന്ന അപൂ |

| | |
|---|---|
| | വ്വസംപത്തു |
| ജ്ഞാതിഭി: എവ | കുടുംബാംഗങ്ങളാൽ |
| | പോലും. |
| നവണ്ട്യതെ | വിഭാഗിക്കപ്പെടുന്നില്ല. |
| ചൊരെണ അപി | ചോരനാൽപോലും |
| നനീയതെ | അപഹരിക്കപ്പെടുന്നില്ല. |
| ദാനേന എവ | ദാനത്തിങ്കൽവച്ചുതന്നെയും. |
| ക്ഷയം നയാതി | ക്ഷയത്തെ പ്രാപിക്കുന്നതു |
| | മില്ല. |

പരിഭാഷ:— വിദ്യയാകുന്ന രതനം ഒരപൂവ്വ് സംപത്താകുന്നു. ജ്യേഷ്ഠാനുജന്മരാൽ അതു വിഭജിക്കപ്പെടുന്നില്ല. ചോരനാൽ അതു മോഷ്ടിക്കപ്പെടുന്നുമില്ല. ദാനം കൊണ്ടും അതിനു ക്ഷയമുണ്ടാകുന്നില്ല.

മൂലം ൭൭.

സദ്വിദ്യാ യദികാ ചിന്താ വരാകോദരപൂരണെ
ശുകോപ്യശനമാപ്നോതി ഹരേ! രാമ! ഇതിബ്രുവൻ.

| അനവയം | അനവയാർത്ഥം. |
|---|---|
| വരാക! | ഹേഭിക്ഷോ! |
| സദ്വിദ്യായദി | നല്ല വിദ്യ ഉണ്ടെങ്കിൽ |
| ഉദരപൂരണെ | വയറു നിറയ്ക്കുന്നതിൽ |
| കാചിന്താ | എന്തൊകുലചിന്ത? |
| ഹരേ!രാമ! | ഹരേ! രാമ! |
| ഇതിബ്രുവൻ | ഇത്രയുംസംസാരിച്ചുകൊണ്ടു |
| ശുക:അശനം | കിളി ഭക്ഷണസാധനത്തെ |
| ആപ്നോതി | നിഷ്പ്രയാസം സമ്പാദി |
| | ക്കുന്നു. |

പരിഭാഷ:— അല്ലയൊ ധനമില്ലാത്തവനെ! നിനക്കു കുറെ അക്ഷരജ്ഞാനം ഉണ്ടെങ്കിൽ ഉദരപൂരണത്തിങ്കൽ ഒരാകുലചിന്തയും വേണ്ടാ. ഹരേ! രാമ! ഇത്രമാത്രം

സംസാരിച്ചുകൊണ്ടല്ലെ ശുകം ഭക്ഷണപാനീയത്തെ ശ്രമംക്രടാതെ കഴിച്ചുകൊണ്ടിരിക്കുന്നതു്.

മൂലം ക്ക.

വസുമതിപതിനാനുസരസപ്രതീബലവതാരിപുണാപി നനീയതെ
സമവിഭാഗഹരൈർനവിഭജ്യതെ വിബുധ ബോധബുധൈരപി-
(സെവ്യതെ.

| അന്വയം | അന്വയാർത്ഥം. |
|---|---|
| ബലവതാ | ബലവാനായ |
| രിപുണാഅപി | ശത്രുവാണെന്നിരുന്നാലും |
| വസുമതിപതിനാ | രാജാവിനാൽ |
| സരസപ്രതീ | അക്ഷരജ്ഞാനം |
| നനുനീയതെ | അപഹരിക്കപ്പെട്ടന്നില്ലല്ലൊ. |
| സമവിഭാഗഹരൈ: | സമാവകാശികളാൽ |
| നവിഭജ്യതെ | അതുവിഭാഗിക്കപ്പെന്നതുമില്ല. |
| വിബുധബോധബുധൈഃഅപി | ഉൽകൃഷ്ടശാസ്ത്രജ്ഞന്മാരാൽ പോലും. |
| സെവ്യതേ. | ഉപചരിക്കപ്പെട്ടകയും ചെയ്യുന്നു. |

പരിഭാഷ:— എത്ര വലിയ ബലവാനായ ഒരു ശത്രുവായിരുന്നാലും രാജാവിനാൽപോലും സരസപ്രതിവിലാസം അപഹരിക്കപ്പെട്ടന്നില്ലല്ലൊ. വിശിഷ്യ സമാവകാശികളാൽ അതു വിഭജിക്കപ്പെട്ടന്നതുമില്ല. പണ്ഡിതാഗ്രെസരന്മാരാൽ അതു സേവിക്കപ്പെട്ടകയും ചെയ്യുന്നു.

മൂലം കട.

നചോരഹാര്യം നചരാജഹാര്യം നഭ്രാതൃഭാജ്യം നചഭാരകാരീ
വ്യയേ കൃതേ വർദ്ധതഏവ നിത്യം വിദ്യാധനം സർവ്വധനപ്രധാനം.

| അന്വയം. | അന്വയാർത്ഥം. |
|---|---|
| സർവ്വധനപ്രധാനം | അഖിലധനപ്രധാനമായിരിക്കുന്ന |
| വിദ്യാധനം | വിദ്യയാകുന്ന ധനം |
| ന ചോരഹാര്യം | ചോരന്മാരാൽ അപഹരിക്കപ്പെടത്തക്കതല്ല. |
| ന രാജഹാര്യം ച | രാജാവിനാലും അടക്കപ്പെടത്തക്കതല്ല. |
| ന ഭ്രാതൃഭാജ്യം | ഭ്രാതാക്കന്മാരാൽ വിഭജിക്കപ്പെടത്തക്കതല്ല. |
| ന ഭാരകാരി ച | ഭാരജനകമായിട്ടുള്ളതുമാകുന്നില്ല. |
| വ്യയേ കൃതേ | അതു വ്യയം ചെയ്യപ്പെട്ടാൽ |
| നിത്യം ഏവ വർദ്ധത. | നിത്യവുംതന്നെ വർദ്ധിച്ചുവരാം. |

പരിഭാഷ:— സർവ്വ സമ്പത്തുകളേക്കാളും പ്രധാനമായിരിക്കുന്ന വിദ്യാധനം ചോരന്മാരാൽ അപഹരിക്കപ്പെടാവുന്നതും രാജാവിനാൽപോലും അടക്കപ്പെടാവുന്നതും കുടുംബാംഗങ്ങളാൽ വിഭജിക്കപ്പെടാവുന്നതുമല്ല. പ്രത്യേകിച്ചും ഇതൊരു ഭാരജനകവുമല്ല. വ്യയം ചെയ്യപ്പെടുന്നതിനോളം അതു വർദ്ധിമത്തായും ഭവിക്കുന്നു.

മൂലം ൫൮

നിരവദ്യാനി പദ്യാനി യദ്യനാഢ്യസ്യ കാ ക്ഷതിഃ
ഭിക്ഷുകക്ഷേ വിനിക്ഷിപ്തഃ കിമിക്ഷു നീരസോ ഭവേൽ.

| അന്വയം. | അന്വയാർത്ഥം. |
|---|---|
| അനാഢ്യസ്യ പദ്യാനി | അനാഢ്യന്റെ കവിതകൾ |
| യദി നിരവദ്യാനി | ഉൽകൃഷ്ടങ്ങൾ ആയിരുന്നാൽ |
| (തേഷാം) കാക്ഷതിഃ | അവയ്ക്കു എന്താണാക്ഷേപം? |
| ഭിക്ഷുകക്ഷേ | ഭിക്ഷക്കാരന്റെ കക്ഷത്തിൽ |
| വിനിക്ഷിപ്തഃ | വെയ്ക്കപ്പെട്ടിട്ടുള്ള |
| ഇക്ഷുഃ കിം | കരിമ്പു എന്താ |
| നീരസഃ ഭവേൽ | രസമില്ലാത്തതായി തീർന്നേക്കുമോ? |

പരിഭാഷ:— അധഃകൃതവസ്ത്രക്കാരന്റെതാണെന്നിരുന്നാലും ചമൽക്കാരമുള്ള പട്ടുങ്ങൾക്കു എന്താണാക്ഷേപമുള്ളതു? ഭിക്ഷാടനംചെയ്തു നടക്കുന്നവന്റെ കക്ഷത്തിൽ ഇരിക്കുന്ന കരിമ്പിന് എന്തെങ്കിലും നീരസവും ഉണ്ടോ?

മൂലം ൬൭.

യാതായാന്തി ച യാതാരൊ ലോകാഃ ശോകാധികാഭുവി
കാവ്യസംബന്ധിനീ കീർത്തിഃ സ്ഥായിനീ നിരപായി നീ

| അന്വയം. | അന്വയാർത്ഥം. |
|---|---|
| യാതാഃച | മരിച്ചുപോയവരെപോലെ |
| യാതാരഃ ലോകാഃ | ഇപ്പോൾ ജീവിച്ചിരിക്കുന്ന മനുഷ്യരും |
| ശോകാധികഃ | ശോകാധിക്യമുള്ളവരായിട്ടു |
| ഭുവിയാന്തി | ഭൂമിയിൽക്കൂടി യാത്രകഴിക്കുന്നു. |
| കാവ്യസംബന്ധിനീ | കാവ്യനിമ്മാണോത്ഭവമായ |
| കീർത്തിഃ സ്ഥായിനീ | ശ്രേയസ്സു അചഞ്ചലവും |
| നിരപായി നീ | അനശ്വരവും ആകുന്നു. |

പരിഭാഷ:— മുമ്പെ ഉണ്ടായിരുന്ന മനുഷ്യരെപോലെ ഇപ്പോൾ ഉള്ളവരും ശോകാധികന്മാരായിട്ടു ഭൂമിയിൽക്കൂടി യാത്ര കഴിച്ചുകൊണ്ടിരിക്കുന്നു. എന്നാൽ കാവ്യനിമ്മാണസിദ്ധമായ കീർത്തി ഒരിക്കലും വിചലിക്കയൊ നശിക്കയോ ചെയ്യുന്നില്ല.

മൂലം ൬൮

സാ കവിതാ സാവനിതാ യസ്യാഃ ശ്രവണേന ദശ്നെനാപി
കവി ഹൃദയം വിദഹൃദയം സരളം തരളം ച സത്വരം ഭവതി

| അന്വയം. | അന്വയാർത്ഥം. |
|---|---|
| യസ്യാഃ ശ്രവണേന | യാതൊന്നിന്റെ കേൾവികൊണ്ടു |
| കവിഹൃദയം | കവിയുടെ മനസ്സു |

| | |
|---|---|
| സരളം | പ്രസന്നമായി |
| സത്വരം | തൽക്ഷണം |
| ഭവതി | ഭവിക്കുന്നുവൊ |
| സാ (ചമൽകൃതി) | ആ സരസകാവ്യംതന്നെ |
| കവിതാ | പദ്യകൃതി |
| ദർശനേനയസ്യാഃഅപി | ഏതു സ്ത്രീയുടെ കാഴ്ചകൊണ്ടു പോലും |
| വിടഹൃദയം | വിഷയേച് ഛുവിന്റെ മനസ്സു |
| സത്വരം | തൽക്ഷണം |
| തരളം ഭവതി | അനുരാഗവതായി തീരുന്നുവൊ |
| സാ വനിതാ | അവൾതന്നെ സ്ത്രീ |

പരിഭാഷ:— ഏതു കാവ്യത്തിന്റെ ശ്രവണം കൊണ്ടു കവിഹൃദയം വേഗത്തിൽ സരളമായി തീരുന്നുവോ ആ ചമൽകൃതി കാവ്യമെന്നു നിശ്ചിക്കപ്പെടുന്നു. യാതൊരു വധുവിന്റെ ദർശനംകൊണ്ടുമാത്രം വിടഹൃദയം വേഗത്തിൽ തരളമായി തീരുന്നുവോ ആ കുലസ്ത്രീ വനിതയെന്നും പറയപ്പെടുന്നു.

മൂലം ൬൭

അതി കൃപിതാ അപി സുജനാ യോഗേന മൃദുഭവന്തി നതു നീചാ: ഹേമ്നഃ കഠിനസ്യാപി ദ്രവിണോപായോസ്തി ന തൃണാനാം

| അന്വയം. | അന്വയാർത്ഥം. |
|---|---|
| അതികൃപിതാഃ അപി | അധികം കൃപിതന്മാരായിരുന്നാ |
| സുജനാഃ | നല്ല മനുഷ്യർ (ലും |
| യോഗേന | ഇതരസംപർക്കംകൊണ്ടു |
| മൃദുഭവന്തി | ശാന്തന്മാരായി തീരുന്നു. |
| നീചാഃ തുന | ഖലന്മാരാകട്ടെ ശാന്തന്മാരാകു നില്ല. |
| കഠിനസ്യ അപി | ആർദ്രത ഇല്ലാത്തതായിരുന്നാലും |
| ഹേമ്നഃ | സ്വർണ്ണത്തിനു |

ദ്രവിണോപായഃഅസ്തി ദ്രവിപ്പിപ്പാനുള്ള മാർഗ്ഗം ഉണ്ട്.
നതൃണാനാം. തൃണങ്ങൾക്കു അതില്ല.

പരിഭാഷഃ— അതികൂപിതന്മാരായി തീർന്നാലും മാർഗ്ഗാന്തരേണ സജ്ജനങ്ങൾ ആർദ്രചിത്തന്മാരായി തീരുന്നു. ഖലന്മാർ ഏവംവിധമാകുന്നില്ല. കഠിനമായിരുന്നാലും സജ്ജനത്തിനു ദ്രവിണോപായമുണ്ട്. എന്നാൽ തൃണങ്ങൾക്കതില്ല.

മൂലം ൧൫

ശരദിന വർഷതി ഗർജതി വർഷതി വർഷാസു നിഃ സ്വനോ മേഘഃ
നീചോ വദതി ന കുരുതെ നവദതി സുജനഃ കരോത്യേവ.

| അന്വയം. | അന്വയാർത്ഥം. |
|---|---|
| നീചഃവദതി | ദുർജ്ജനം പറയുന്നു. |
| ന കുരുതെ | പ്രവർത്തിക്കുന്നില്ല. |
| സുജനഃ കരോതി | സജ്ജനം പ്രവർത്തിക്കുന്നു. |
| ന വദതി ഇവ | പറയുന്നില്ല എന്നപോലെ |
| ശരദി മേഘഃ | ശരൽകാലത്തു മേഘം |
| ഗർജതി ന വർഷതി | ഗർജിക്കുന്നു വർഷിക്കുന്നില്ല. |
| വർഷാസു നിഃ സ്വനഃ | വർഷകാലത്തു ഇടിമുഴക്കംക്രടാതെ |
| വർഷതി | (മേഘം) വർഷിക്കുന്നു |

പരിഭാഷഃ— നീചന്മാർ പറകയും പ്രവർത്തിക്കാതിരിക്കയും സുജനം പ്രവർത്തിക്കയും പറയാതിരിക്കയും ചെയ്യുന്നതുപോലെ ശരൽകാലത്തു മേഘം ഗർജിക്കയും വർഷിക്കാതിരിക്കയും വർഷകാലത്തു ഇടിമുഴക്കംക്രടാതെ വർഷിക്കയും ചെയ്യുന്നു.

മൂലം ൧൬

വിപ്രിയമപ്യാ കർണ്യബ്രുതെ പ്രിയമേവ സവ്വദാ സുജനഃ
ക്ഷാരം പിബതിപയോധെ വ്ർഷത്യംഭോധരോമധുരമംഭഃ

| അന്വയം. | അന്വയാർത്ഥം. |
|---|---|
| സുജനഃ | സജ്ജനം |

| | |
|---|---|
| വിപ്രിയം അപി | ഉഛ്ഛാഷണത്തെ തന്നെയും |
| ആകർണ്യ | കെട്ടിട്ട |
| പ്രിയം എവ | ഹിതത്തെതന്നെ |
| സ്വീകാ ബ്രുതെ | നിത്യവും സംസാരിക്കുന്നു. |
| അംഭോധരഃ | മേഘം |
| പയോധെഃ ക്ഷാരം | സമുദ്രത്തിലെ ഉപ്പുവെള്ളത്തെ |
| പിബതി | പാനം ചെയ്കയും |
| മധുരം അംഭഃ | സ്വച്ഛജലത്തെ |
| വർഷതി | വർഷിക്കയും ചെയ്യുന്നു |

പരിഭാഷ:— മേഘം സമുദ്രത്തിലെ ക്ഷാരപാനം ചെയ്തിട്ട സ്വച്ഛജലം വർഷിക്കുന്നതുപോലെ സുജനവും വിപ്രിയംതന്നെ കേട്ടിട്ട ഹിതമായിട്ടുള്ളതിനെ തന്നെ സംസാരിക്കുന്നു.

മൂലം ൨൦

പിബന്തി നദ്യഃ സ്വയമേവ നാംഭഃ
സ്വയം നഖാദന്തിഫലാനിവൃക്ഷാഃ
നാദന്തി സസ്യം ഖലുവാരിവാഹാഃ
പരോപകാരായ സതാം വിഭ്രുതയഃ

| അന്വയം. | അന്വയാർത്ഥം. |
|---|---|
| നദ്യഃ സ്വയം എവ | നദികൾ സ്വാർത്ഥമായിട്ടതന്നെ |
| അംഭഃ ന പിബന്തി | ജലത്തെ പാനം ചെയ്യുന്നില്ല. |
| വൃക്ഷാഃ സ്വയം | വൃക്ഷങ്ങൾ സ്വായത്തമായി |
| ഫലാനി ന ഖാദന്തി | ഫലങ്ങളെ കടിച്ചു ഭക്ഷിക്കുന്നില്ല |
| വാരിവാഹാഃ ഖലു | മേഘങ്ങൾ ഒരിക്കല്യും |
| സസ്യം ന അദന്തി | ഫലമൂലാദികളെ ഭക്ഷിക്കുന്നില്ല |
| സതാം വിഭ്രുതയഃ | സത്തുക്കളുടെ ഐശ്വര്യങ്ങൾ |
| പരോപകാരായ | പരോപകാരത്തിനായി ഭവിക്കുന്നു. |

പരിഭാഷ:— നദികൾ സ്വയമായി ജലത്തെ പാനം ചെയ്കയൊ അപ്രകാരംതന്നെ വൃക്ഷങ്ങൾ ഫല

ങ്ങളെ കടിച്ചു തിന്നുകയോ മേഘങ്ങൾ ഫലമൂലാദികളെ ഭക്ഷിക്കയോ ചെയ്യുന്നില്ല. ഏവഞ്ച സത്തുക്കളുടെ ഐശ്വര്യങ്ങളെല്ലാം പരോപകാരാർത്ഥമായി ഭവിക്കുന്നു.

മൂലം ൨൬

ക്ഷാരം ജലം വാരിമുചഃ പിബന്തി
തദൈവ കൃത്വാ മധുരം വമന്തി
സന്തസ്തഥാ ദുർജ്ജന ദുർവ്വചാംസി
പീത്വാച സൂക്താനി സമുദ്ഗിരന്തി

| അന്വയം. | അന്വയാർത്ഥം. |
|---|---|
| വാരിമുചഃക്ഷാരംജലം | മേഘങ്ങൾ ഉപ്പുരസം |
| പിബന്തി | കുടിക്കുന്നു |
| മധുരം കൃത്വാ | മധുരമാക്കീട്ടു |
| തൽഏവ | അതിനെതന്നെ |
| വമന്തി | വർഷിക്കുന്നു |
| തഥാ സന്തഃ | അപ്രകാരം സജ്ജനങ്ങളും |
| ദുർജ്ജനദുർവ്വചാംസി പിത്വാ | അസത്തുക്കളുടെ ദുർവ്വാക്കു കേട്ടിട്ടു |
| സൂക്താനി | സുഭാഷിതങ്ങളെ |
| സമുദ്ഗിരന്തിച | പ്രകർഷേണ ഘോഷിക്കുന്നു. |

പരിഭാഷ:— മേഘങ്ങൾ ഉപ്പുരസത്തെ പാനം ചെയ്യുകയും പിന്നെ അതിനെ മധുരമുള്ളതാക്കി തീർത്തിട്ടു വർഷിക്കയും ചെയ്യുന്നു. അപ്രകാരംതന്നെ പണ്ഡിതന്മാരും അസത്തുക്കളുടെ ദുർഭാഷണങ്ങളെ കേട്ടിട്ടു സൂക്തങ്ങളെ സവിശേഷം ഉല്ഘോഷിക്കയും ചെയ്യുന്നു.

മൂലം ൨൭

ഘൃഷ്ടം ഘൃഷ്ടം പുനരപി പുനശ്ചന്ദനംചാരുഗന്ധം
ഛിന്നം ഛിന്നം പുനരപി പുനഃ സ്വാദു ചൈവേക്ഷുകാണ്ഡം
ദഗ്ധം ദഗ്ധം പുനരപി പുനഃ കാഞ്ചനം കാന്തവർണ്ണം
ന പ്രാണാന്തെ പ്രകൃതി വികൃതി ജായതേ ചോത്തമാനാം.

| അന്വയം. | അന്വയാർത്ഥം |
|---|---|
| ഘൃഷ്ടം ചന്ദനം | അരച്ചിട്ടുള്ള ചന്ദനത്തെ |
| പുനഃഘൃഷ്ടം അപി | വീണ്ടും അരച്ചാലും |
| പുനഃ ചാരുഗന്ധം ച | അതു പിന്നെയും വാസനയുള്ളതാകുന്നു. |
| ഛിന്നം ഇക്ഷുകാണ്ഡം | നുക്കപ്പെട്ട കരിമ്പു കഷണം. |
| പുനഃഛിന്നം അപി | വീണ്ടും നുക്കപ്പെട്ടാലും |
| പുനഃസ്വാദു | പിന്നെയും അതിനു സ്വാദുണ്ടാകും |
| ദഗ്ധം കാഞ്ചനം | ദ്രവിപ്പിക്കപ്പെട്ട സ്വർണ്ണം |
| പുനഃദഗ്ധം അപി | വീണ്ടും ദ്രവിപ്പിക്കപ്പെട്ടാലും |
| പുനഃകാന്തവർണ്ണം | പിന്നെയും അതു കാന്തവർണ്ണമാകും |
| ഉത്തമാനാംപ്രകൃതിച | ഉത്തമന്മാരുടെ സ്വഭാവവും |
| പ്രാണാന്തെ | ജീവാവസാനത്തിലും |
| വികൃതി ന ജായതെ | ചീത്തയായി തീരുന്നില്ല. |

പരിഭാഷഃ— ചന്ദനം എത്രയധികം അരയ്ക്കപ്പെട്ടാലും അത്രയധികം വാസന അതിനുണ്ടാകുന്നു. കരിമ്പു എത്രയധികം ചെറുതായി നുക്കപ്പെട്ടാലും അത്രയധികം സ്വാദ് അതിനുണ്ടാകുന്നു. സ്വർണ്ണം എത്രതവണ ദ്രവിപ്പിക്കപ്പെട്ടാലും അത്രയധികം കാന്തവർണ്ണം അതിനുണ്ടാകുന്നു. ഉത്തമന്മാരുടെ സ്വഭാവവും ജീവനാശത്തിൽ പോലും വികൃതിയായി തീരുന്നില്ല.

മൂലം ൨൩

ഗുണായന്തെ ദോഷാഃ സുജനവദനെ ദുർജന മുഖെ
ഗുണാ ദോഷായന്തെ തദിദ മപിനൊ വിസ്മയപദം
മഹാമേഘഃ ക്ഷാരം പിബതി കുരുതെ വാരി മധുരം
ഫണി ക്ഷീരം പീത്വാ വമതി ഗരളം ദുഃസ്സഹതരം

| അന്വയം | അന്വയാർത്ഥം |
|---|---|
| സുജനവദനെ | സജ്ജനങ്ങളുടെ വായിൽ |
| ദോഷാഃ ഗുണായന്തെ | ദോഷങ്ങൾ ഗുണങ്ങളായി പരിണമിക്കുന്നു. |

| | |
|---|---|
| ദുർജ്ജനമുഖേ | ഖലവദനത്തിൽ |
| ഗുണാഃദോഷായന്തേ | ഗുണങ്ങൾം ദോഷങ്ങളായി പരിണമിക്കുന്നു. |
| തൽ ഇദം അപി | അതിനാൽ ഇതുതന്നെ |
| നഃവിസ്മയപദം | നമുക്ക് ആശ്ചര്യവിഷയമാകുന്നു. |
| മഹാമേഘഃ | മഹാ മേഘം |
| ക്ഷാരം പീബതി | ഉപ്പുരസം പാനം ചെയ്യുന്നു. |
| മധുരം വാരി കരുതെ | മധുരജലത്തെ ഉളവാക്കുന്നു. |
| ഫണി ക്ഷീരം പീത്വാ | സർപ്പം പാലു കുടിച്ചിട്ട് |
| ദുസ്സഹതരം ഗരളം വമതി | മൃത്യുജനകമായ വിഷത്തെ വെളിയിലേക്ക് ഛർദ്ദിക്കുന്നു. |

പരിഭാഷഃ-- സജ്ജന സംഭാഷണത്തിൽ ദോഷങ്ങൾംതന്നെയും ഗുണങ്ങളായി തീരുന്നു. ഏഷണിക്കാരുടെ സംസാരത്തിൽ ഗുണങ്ങൾംപോലും ദോഷങ്ങളായി പരിണമിക്കുന്നു. അതിനാൽ ഈ പരിണാമം നമുക്കെല്ലാവർക്കും ഒരാശ്ചര്യവിഷയമായി തീർന്നിട്ടുണ്ട്. മഹാമേഘങ്ൾം ഉപ്പുവെള്ളം കുടിച്ചിട്ട്, അതിനെ മധുരജലമാക്കി പകർത്തി വിടുന്നു. സർപ്പമാകട്ടെ ക്ഷീരപാനം ചെയ്തിട്ട് മൃത്യുജനകമായ വിഷത്തെത്തന്നെ പുറത്തേക്ക് ഛർദ്ദിക്കുന്നു.

മൂലം ൨൪.

നവിനാപരവാദേ നരമതെ ദുർജ്ജനോജനഃ
കാകഃസവ്വരസാൻട്ട ങ്കെത വിനാമേദ്ധ്യം നതൃപ്യതി.

| അന്വയം. | അന്വയാർത്ഥം. |
|---|---|
| പരവാദേനവിനാ | പരദൂഷണംക്കൂടാതെ |
| ദുർജ്ജനഃജനഃ | അസദ്വൃത്തന്മാർ |
| നരമതേ | സന്തോഷിക്കുന്നില്ല |
| കാകഃസവ്വരസാൻട്ട ങ്കെത | കാക്കസവ്വരസങ്ങളേയും ഭുജിക്കുന്നു |
| അമേദ്ധ്യം വിനാ | അമേദ്ധ്യംക്കൂടാതെ |

നത്രവ്യതി അതുത്തുപ്പിപ്പെട്ടന്നില്ല.

പരിഭാഷ:— അമേദ്യം ഭുജിക്കാതെ ഇതരഭക്ഷണംകൊണ്ടു കാക്കയ്ക്കു് അലംഭാവം എപ്രകാരം ഉണ്ടാകാതെ ഇരിക്കുന്നുവൊ അപ്രകാരം തന്നെ ദുർജ്ജനങ്ങൾക്കും ഇതരഭോഷപ്രവ്യാപനം ചെയ്യാതെ സംതുഷ്ടി ജനിക്കുന്നില്ല.

മൂലം ൨൭.

ദുർജ്ജനഃപരിഹർത്തവ്യോ വിദ്യാലംകൃതോപിസൻ
മണിനാഭ്രഷ്ടിതഃസർപ്പഃകിമസൌനഭയംകരം?

അനവയം. അനവയാർത്ഥം.

വിദ്യാലംകൃതഃസൻ അപി വിദ്യാവൃദ്ധനാണെന്നിരുന്നാലും
ദുർജ്ജനഃ അസജ്ജനം
പരിഹർത്തവ്യഃ വർജ്ജിക്കപ്പെടേണ്ടവൻതന്നെ
മണിനാഭ്രഷ്ടിതഃ രത്നംകൊണ്ടു വിഭ്രഷ്ടിതനായിരിക്കുന്ന
അസൌസർപ്പഃ ഈ സർപ്പം
കിം ന ഭയംകരഃ എന്തു്? ഭയംകരനല്ലയോ?

പരിഭാഷ:— ജ്ഞാനമുള്ളവരാണെന്നിരുന്നാലും ദുർജ്ജനത്തെ നാം പരിഹസിക്കേണ്ടിയിരിക്കുന്നു. മണിഭ്രഷ്ടിതനായിരിക്കുന്ന ഈ സർപ്പം എന്തു്? ഭയംകരനല്ലയോ?

മൂലം. ൨൮.

ഖലാനാംകണ്ടകാനാം ച ദ്വിവിധൈവപ്രതിക്രിയാ.
ഉപാനൻമുഖഭംഗോവാ ദൂരതോവാപിവർജ്ജനം.

അനവയം. അനവയാർത്ഥം.

ഖലാനാംച ദുർജ്ജനങ്ങൾക്കും
കണ്ടകാനാം മുള്ളുകൾക്കും
പ്രതിക്രിയാ പ്രതികാരം
ദ്വിവിധാ എവ രണ്ടുവിധംതന്നെ

ഉപാനൻമുഖഭംഗഃവാ ചെരിപ്പിട്ടകൊണ്ടുള്ള മുഖഭംഗം അല്ലെങ്കിൽ
ദൂരതഃവജ്ജനംവാ അപി ദൂരത്തിൽനിന്നുകൊണ്ടുള്ള അസ്പൃശ്നം

പരിഭാഷഃ– ഖലന്മാരോടും മുള്ളുകളോടും രണ്ടുവിധത്തിൽ പ്രതികാരം ചെയ്യാം. ചെരിപ്പിട്ടകൊണ്ട് ചവുട്ടി മുഖം തകക്കയോ അല്ലാത്ത പക്ഷം അടുത്തുചെല്ലാതെ ദൂരത്തിൽ നിന്നുകൊള്ളുകയോ ചെയ്യേണ്ടതാകുന്നു.

മൂലം ൫൭.

അളകാശ്ചഖലാശ്ചൈവമൂർദ്ധഭിഃസുജനൈർധൃതാഃ
ഉപര്യുപരിസംസ്ഥാരെ ആവിഷ്കുർവ്വന്തിവക്രതാം.

| അനവയം. | അനവയാത്മം. |
|---|---|
| സുജനൈഃ | ഉൽകൃഷ്ടജനങ്ങളാൽ |
| മൂർദ്ധഭിഃ | ശിരസ്സുകൊണ്ട് |
| ധൃതാഃ | വഹിക്കപ്പെട്ടവരായിട്ട് |
| ഉപര്യുപരിസംസ്ഥാരെ | ഉത്തരൊത്തര സംസ്ഥരണത്തിൽ |
| അളകാഃചഖലാഃച | കുനിരകളും ദുർജ്ജനങ്ങളും |
| വക്രതാംആവിഷ്കുർവ്വന്തി | കുടിലതയെ പ്രത്യക്ഷപ്പെടുത്തുന്നു |

പരിഭാഷഃ– ശിരസാവഹിച്ചുകൊണ്ടു സുജനങ്ങളാൽ എത്ര അധികം ലാളിക്കപ്പെടുന്നുവോ ഖലന്മാരും അളകങ്ങളും അത്രയധികം വക്രതയെ പ്രത്യക്ഷപ്പെടുത്തുന്നു.

മൂലം ൫൮.

നൌശ്ചദുർജ്ജനജിഹ്മാചപ്രതിക്രുലവിസൃഷ്ടിനി
പരപ്രതാരണായൈവദാരുണാകേനനിർമ്മിതാ.

| അനവയം. | അനവയാത്മം. |
|---|---|
| നൌഃച | തോണിയും. |

| | |
|---|---|
| ദുർജ്ജനജിഹ്വാച | ദുഷ്ജനത്തിന്റെനാവും |
| പ്രതിക്രൂലവിസപ്പിണി | പ്രതിക്രൂലം പ്രവത്തിക്കുന്നവയാകുന്നു. |
| പരപ്രതാരണായഎവ | പ്രതിക്രൂലതരണത്തിനായി;പരവഞ്ചനത്തിനായി |
| ദാരുണാകെന | മരംകൊണ്ടു ആരാൽ– ഏതുഖലനാൽ |
| നിർമ്മിതാ | നിർമ്മിക്കപ്പെട്ട. |

പരിഭാഷ:– തോണിയും ദുഷ്ജനജിഹ്വയും പ്രതിക്രൂലവിസപ്പിണികളാകുന്നു. മറുകര എത്തുന്നതിനായിട്ട മരംകൊണ്ടു ആരാൽ നിർമ്മിക്കപ്പെട്ട. പരവഞ്ചനത്തിനായിട്ട ഏതുഖലനാൽ അതുനിർമ്മിക്കപ്പെട്ട.

മൂലം ൫൯.

യഥായഥൈവസ്നേഹേന ഭ്രയിഷ്ടമുപചയ്യതെ
ധത്തെതഥാ തഥാതാപം മഹാൻവൈശ്വാനരഃഖലഃ

| അന്വയം. | അന്വയാർത്ഥം. |
|---|---|
| യഥായഥാ | എത്രഎത്ര |
| ഭ്രയിഷ്ടം | അധികമായിട്ട |
| സ്നേഹേന | സ്നേഹത്തോടുകൂടി |
| ഉപചയ്യതെ | ഉപചരിക്കപ്പെടുമോ |
| മഹാൻ | മഹാനായി |
| വൈശ്വാനരഃ | അഗ്നിയാകുന്ന |
| ഖലഃ | ദുഷ്ജനം |
| തഥാതഥാ താപം | അത്രഅത്ര താപത്തെ |
| ധത്തെ | കൊടുക്കുന്നു |

പരിഭാഷ:– വൈശ്വാനരനായിരിക്കുന്ന മഹാഖലൻ എത്രയധികം സ്നേഹത്തോടുകൂടി പോഷിപ്പിക്കപ്പെടുമോ അവൻ നമുക്ക് അത്ര അധികം താപത്തെ ഖത്തെ— പ്രദാനം ചെയ്യുന്നു.

മൂലം നം.

യസ്മിൻവസ്തുനിമമതാമമതാപസ്തുത്രതത്രൈവ.
യത്രൈവാഹമുദാസെതത്രമുദാസെ സ്വഭാവസംതുഷ്ടഃ

| അന്വയം. | അന്വയാർത്ഥം. |
|---|---|
| യസ്മിൻവസ്തുനി | ഏതുവസ്തുവിൽ |
| മമതാ | എൻറെതെന്നുള്ള ഭാവന ഇരിക്കുന്നുവോ |
| തത്രതത്രഏവ | അവിടെതന്നെ |
| മമ താപഃ | എൻറെതാപവും സ്ഥിതി ചെയ്യുന്നു |
| യത്ര ഏവ | എവിടെ തന്നെ |
| അഹംഉദാസെ | ഞാൻ ഉദാസീനനായിരിക്കുന്നുവോ |
| സ്വഭാവസന്തുഷ്ടഃ | നിർവ്വിശേഷനായിട്ട |
| തത്രമുദാസെ | അവിടെ ഞാൻസന്തോഷിക്കുന്നു |

പരിഭാഷഃ— ഏതുവസ്തുവിൽ ഞാൻ മമത വിചാരിക്കുന്നുവൊ അതിൽ തന്നെ എൻറെ താപവും ഇരിക്കുന്നു. എവിടെ ഞാൻ ഉദാസീനനായിരിക്കുമൊ സ്വഭാവസംതുഷ്ടനായിട്ട് അവിടെ ഞാൻ സന്തോഷിക്കുന്നു.

മൂലം നം.

പ്രായഃപ്രകൃപ്യതിതരാംപ്രിതൈവപ്രഖലോനരഃ
നയനംസ്നേഹസംചക്കൽകാലുഷ്യം സമുപൈത്യലം.

| അന്വയം. | അന്വയാർത്ഥം. |
|---|---|
| പ്രായഃപ്രീത്യാ ഏവ | മിക്കവാറും സ്നേഹംകൊണ്ടു |
| പ്രഖലഃനരഃ | പ്രകൃഷ്ടേനവികൃതിയായിരിക്കുന്ന മനുഷ്യൻ |
| തരാംപ്രകൃപ്യതി | അധികം കോപിക്കുന്നു |
| സ്നേഹസംപക്കൽ | സ്നേഹസംബന്ധംനിമിത്തം |

| | |
|---|---|
| നയനം | കണ്ണ് |
| അലംകാലുഷ്യം | പൂർണ്ണമായിട്ട കലുഷതയെ |
| സമ്പതി | അതിശയേന പ്രാപിക്കുന്നു. |

പരിഭാഷ:— പ്രായേണ സ്നേഹംകൊണ്ട ഖല നായിരിക്കുന്ന മനുഷ്യൻ അധികം കോപിക്കുന്നു. കണ്ണ സ്നേഹസംപക്കംമൂലം കാലുഷ്യത്തെ പൂർണ്ണമായിട്ട പ്രാപിക്കുന്നു.

## അദ്ധ്യായം ൨.

മൂലം ൧

വനാനി ദഹതൊ വഹ്നേഃ സഖാ ഭവതി മാരുതഃ
സ എവ ദീപനാശായ കൃശെ കസ്യാസ്തി സൌഹൃദം

| അന്വയം | അന്വയാർത്ഥം |
|---|---|
| വനാനി | വനങ്ങളെ |
| ദഹതഃ വഹ്നേഃ | ദഹിപ്പിക്കുന്ന കാട്ടതീയുടെ |
| സഖാ | മിത്രം— സഹകാരി |
| മാരുതഃ ഭവതി | കാറാകുന്നു |
| സഃ എവ | അതുതന്നെ |
| ദീപ നാശായ | വിളക്കു കെടുത്തുന്നതിനു കാരണ മായി തീരുന്നു. |
| കൃശെ കസ്യ | അശക്തനിൽ ആർക്ക |
| സൌഹൃദം അസ്തി? | മൈത്രി ജനിക്കുന്നു |

പരിഭാഷ:— വനങ്ങളെ ദഹിപ്പിക്കുന്ന കാട്ടതീ യോടുകൂടി കാറും സഹകരിക്കുന്നു. എന്നാൽ വിള ക്കിന്റെ നാശത്തിനും കാരണം ഈ കാറുതന്നെ ആകുന്നു. അശക്തന്മാരിൽ ആർക്കും മൈത്രി ഇല്ല.

മൂലം ൫

നിസ്സാരസ്യ പദാർത്ഥസ്യ പ്രായേണാഡംബരോ മഹാൻ
ന സുവർണ്ണേ ധ്വനി സ്ഥാ ദ്ഗ്യാ ദ്ഗ്കാംസ്യേ പ്രജായതേ

| അന്വയം | അന്വയാർത്ഥം |
|---|---|
| നിസ്സാരസ്യ പദാർത്ഥസ്യ | നിസ്സാര വസ്തുവിനു |
| പ്രായേണ | മിക്കവാറും |
| മഹാൻ ആഡംബരഃ | വലിയ ബഹളമതിലക്ഷണമുണ്ട് |
| യാദ്ഗ്ധ്വനി | അപ്രകാരമുള്ള ശബ്ദം |
| സുവർണ്ണേ നജായതേ | സ്വർണ്ണത്തിൽ ഉത്ഭവിക്കുന്നില്ലതന്നെ. |

പരിഭാഷഃ— നിസ്സാര വസ്തുക്കളുടെ ആഡംബരങ്ങൾ വലുതായിതന്നെ ഇരിക്കും. ഓട്ടപാത്രത്തിൽനിന്നുണ്ടാകുന്നേടത്തോളം ശബ്ദം സ്വർണ്ണത്തിൽനിന്നു പ്രകർഷേണ ജനിക്കുന്നില്ല.

മൂലം ൬.

വ്രജത്യധഃ പ്രയാത്യുച്ചൈർനരഃ സൈവരെവ ചേഷ്ടിതൈഃ
അധഃക്രുപസ്യ ഖനകഃ ഊർദ്ധ്വം പ്രാസാദകാരകഃ

| അന്വയം | അന്വയാർത്ഥം. |
|---|---|
| നരഃ | മനുഷ്യൻ |
| സൈവഃ ചേഷ്ടിതൈഃ എവ | സ്വപ്രവൃത്തികളാൽതന്നെ |
| വ്രജതി അധഃ | താഴത്തേക്കു ഇറങ്ങുന്നു. |
| പ്രയാതി ഉച്ചൈഃ | മുകളിലേക്കു കയറുന്നു. |
| ക്രുപസ്യ ഖനകഃ അധഃ | കിണറു കുഴിക്കുന്നവൻ താഴത്തേക്കും |
| പ്രാസാദകാരകഃ ഊർദ്ധ്വം | മാളിക പണിയുന്നവൻ മേല്പോട്ടും |
| പ്രയാതി | പ്രതിദിനം പൊയ്ക്കൊണ്ടിരിക്കുന്നു |

പരിഭാഷ:– മനുഷ്യർ സ്വപ്രവൃത്തികൾകൊണ്ടു അധോഗതിയേയും ഉന്നതിയേയും പ്രാപിക്കുന്നു. കിണറു കുഴിക്കുന്നവൻ താഴത്തേക്കും മാളിക പണിയുന്നവൻ മേ കളിലേക്കും പ്രതിദിനം പൊയ്ക്കൊണ്ടിരിക്കുന്നു.

മൂലം ൮

പൂർവ്വെ വയസീ തൽ കുർയ്യാദ്യെനൻവൃദ്ധഃ സുഖം വസേൽ
യാവജ്ജീവോപി തൽ കുർയ്യാദ്യെനാമുത്ര സുഖം വസേൽ

| അന്വയം. | അന്വയാർത്ഥം. |
|---|---|
| യെന | യാതൊന്നുകൊണ്ടു |
| വൃദ്ധഃ | വൃദ്ധനായിട്ടു |
| സുഖം വസേൽ | സുഖമായി വസിപ്പാൻ കഴിയുമോ |
| പൂർവ്വെ വയസി | യൌവനത്തിൽ മനുഷ്യൻ |
| തൽ കുർയ്യാൽ | അതിനെതന്നെ പ്രവർത്തിക്കട്ടെ. |
| യെന അമുത്ര | യാതൊന്നുകൊണ്ടു പരലോകത്തിൽ |
| സുഖം വസേൽ | സുഖമായി വസിപ്പാൻ കഴിയുമോ |
| യാവൽജീവഃ അപി | ജീവകാലമെല്ലാം മനുഷ്യൻ |
| തൽ കുർയ്യാൽ | അതിനെതന്നെ പ്രവർത്തിക്കട്ടെ. |

പരിഭാഷ:– യാതൊന്നുകൊണ്ടു വാർദ്ധക്യത്തിൽ തനിക്ക് സുഖമായി വസിപ്പാൻ കഴിയുമോ യൌവനത്തിൽ മനുഷ്യൻ അതിനെത്തന്നെ പ്രവർത്തിക്കട്ടെ. പിന്നെ പാരത്രികത്തിൽ തനിക്കു യാതൊന്നുകൊണ്ടു സുഖമായി വസിപ്പാൻ കഴിയുമോ യാവജ്ജീവം അതുതന്നെ പ്രവർത്തിക്കയും ചെയ്യട്ടെ.

മൂലം ൯

ശ്വഃ കാര്യമദ്യ കുർവ്വീത പൂർവ്വാഹ്നെചാ പരാഹ്നികം
നഹി പ്രതീക്ഷതെ മൃത്യുഃ കൃതമസ്യ നവാ കൃതം.

| അന്വയം. | അന്വയാർത്ഥം. |
|---|---|
| ശ്വഃ കാര്യം അദ്യ | നാളെ പ്രവർത്തിക്കേണ്ടതിനും |
| അപരാഹ്നികം | ഉച്ച കഴിഞ്ഞിട്ടുള്ള കാര്യം |
| പൂർവ്വാഹ്നേ | ഉച്ചയ്ക്കു മുമ്പിലും |
| കുർവ്വീത | (ഓരൊമഷ്യനും) പ്രവർത്തിക്കണം |
| ഹി | എന്തുകൊണ്ടെന്നാൽ |
| അസ്യകൃതം | ഇവന്റെ കൃത്യം |
| കൃതംവാ ന | നിവ്വഹിക്കപ്പെട്ടൊ ഇല്ല |
| | യൊ എന്ന് |
| മൃത്യു | മരണം |
| നപ്രതീക്ഷതെ | അശേഷം ആലോചിക്കുന്നില്ല. |

പരിഭാഷ:— നാളത്തെ കാര്യം ഇന്നും ഉച്ചക ഴിഞ്ഞിട്ടുള്ള കാര്യം ഉച്ചക്കു മുമ്പിലും നാം പ്രവർത്തിക്ക ണം. നമ്മുടെ കൃത്യം നിവ്വഹിക്കപ്പെട്ടൊ ഇല്ലയൊ എ ന്നു മരണം ആലോചിക്കാത്തതാകുന്നു ഇതിനു കാരണം.

മൂലം ൯.

സ്ഥാനഭ്രഷ്ടാ ന ശോഭന്തെ ദന്താ:കേശനഖാനരാഃ
ഏതദ്വിജ്ഞായമതിമാൻ ആത്മസ്ഥാനം നസന്ത്യജെൽ.

| അന്വയം. | അന്വയാർത്ഥം. |
|---|---|
| ദന്താഃ | പല്ലുകളും |
| കേശനഖാഃ | തലമുടിയും നഖങ്ങളും |
| നരാഃ | മനുഷ്യരും. |
| സ്ഥാനഭ്രഷ്ടാഃ | സ്ഥാനഭ്രഷ്ടന്മാരായിട്ട |
| ന ശൊഭന്തെ | ശോഭിക്കുന്നില്ല. |
| ഏതൽവിജ്ഞായ | ഇതിനെ അറിഞ്ഞിട്ട |
| മതിമാൻ | ബുദ്ധിമാൻ. |
| ആത്മസ്ഥാനം | തന്റെ സ്ഥാനത്തെ |
| നസന്ത്യജെൽ | ഉപേക്ഷിക്കരുതു്. |

പരിഭാഷ:— മനുഷ്യർ, പല്ലു്, നഖം, തലമുടി

എന്നിതെല്ലാം സ്വസ്ഥാനത്തുനിന്നു ബഹിഷ്കരിക്കപ്പെട്ടാൽ അവമതിക്കപ്പെടുന്നു. ഈ പ്രകൃതത്തെ തിരിച്ചറിഞ്ഞിട്ടു ബുദ്ധിയുള്ളവരാരും സ്വസ്ഥാനത്തെ പരിത്യജിക്കരുതു്.

മൂലം ൭.

വൃത്ത്യർത്ഥം നാതിചെഷ്ടെത സാ ധാത്രൈവവിനിർമ്മിതാ
ഗർഭാദുല്പതിതെ ജന്തൌമാതുഃപ്രസ്രുവതസ്തനൌ

| അന്വയം | അന്വയാർത്ഥം. |
|---|---|
| വൃത്ത്യർത്ഥം | ആഹാരലക്ഷണമായി |
| ന അതി ചെഷ്ടെത | ആരും അധികം ശ്രമിക്കേണ്ടാ |
| സാ ധാത്രാ എവ | അതു സ്രഷ്ടാവിനാൽ തന്നെ |
| വിനിർമ്മിതാ. | നിർമ്മിക്കപ്പെട്ടിരിക്കുന്നു. |
| ഗർഭാൽജന്തൌഉല്പതിതെ | ജന്തു ഗർഭത്തിൽനിന്നു ജനിക്കുമ്പോൾ |
| മാതുഃസ്തനൌ | മാതാവിന്റെ രണ്ടു മുലയും |
| പ്രസ്രുവതഃ | ചുരക്കുന്നു. |

പരിഭാഷ:— വൃത്ത്യർത്ഥമായി നാം അധികമൊന്നും ശ്രമിക്കേണ്ട ആവശ്യമില്ല. അതു ഈശ്വരകല്പിതമാകുന്നു. ഒരു ജന്തു ജനിക്കുമ്പോൾതന്നെ അതിന്റെ മാതാവിന്റെ മുലരണ്ടും ചുരന്നുതുടങ്ങുന്നു.

മൂലം ൮

ക്ഷീണഃക്ഷീണഃ സമീപസ്ഥഃ പൂർണ്ണഃപൂർണ്ണാദിതരതാം
ഉപൈതിമിത്രാദ്യശ്ചന്ദ്രോയുക്തം തൽമലിനാത്മനഃ

| അന്വയം. | അന്വയാർത്ഥം. |
|---|---|
| ക്ഷീണഃക്ഷീണഃ | അധികം ക്ഷീണമുള്ളവനായിട്ട്, |
| ചന്ദ്രസമീപസ്ഥ | ചന്ദ്രൻ അധികം സമീപസ്ഥനാകുന്നു. |
| പൂർണ്ണഃപൂർണ്ണഃ | അധികവൃദ്ധിയുള്ളവനായിട്ട് |

| | |
|---|---|
| മിത്രാൽ അതിദൂരതാം | സൂര്യനിൽനിന്ന് അതിദൂരത്തെ |
| ഉപൈതിയൽ | പ്രാപിക്കയുംചെയ്യുന്ന എന്നതു |
| | യാതൊന്നൊ |
| തൽമലിനാത്മനഃ | അതു കളങ്കമുള്ളവനു |
| യുക്തം | യുക്തമായിട്ടുള്ളതുതന്നെ |

പരിഭാഷ:— ക്ഷയം എതു അധികമോ ചന്ദ്രൻ സൂര്യനോടു അതു അധികം അടുത്തുനില്ക്കുന്നു. വൃദ്ധി എതു അധികമോ സൂര്യനിൽനിന്നും അതു അതുയധികം ദൂരത്തിൽ സ്ഥിതിചെയ്യുന്നു. ഇതു മലിനാത്മാവിനു യുക്തമായിട്ടുള്ളതുതന്നെ.

മൂലം ൯.

കരസഫോടോംബരത്യാഗസ്തൈജോഹാനിസ്സരാഗതാ.
വാരുണീസംഗജാവസ്ഥാ ഭാനുനാപ്യനുഭൂയതെ.

| അന്വയം. | അന്വയാർത്ഥം. |
|---|---|
| വാരുണിസംഗജാവസ്ഥാ | വരുണദേശസംഗജ ലക്ഷണ |
| | ങ്ങളായിരിക്കുന്ന |
| | മദ്ധ്യാസക്തിയുടെ ലക്ഷണങ്ങ |
| | ളെന്നും |
| കരസ്ഫോടഃ | അംഗവൈകല്യം |
| അംബരത്യാഗഃ | മാനഹാനി |
| തൈജോഹാനി | പ്രഭാഭാവം |
| സരാഗതാ | രക്തവർണ്ണത |
| ഭാനു നാ അപി | ആദിത്യനാൽ തന്നെയും |
| അനുഭൂയതെ | അനുഭവിക്കപ്പെടുന്നു. |

പരിഭാഷ:— വാരുണീസംഗജാവസ്ഥകളായിരിക്കുന്ന കരസ്ഫോടം, അംബരത്യാഗം, തൈജോഹാനി, സരാഗത എന്നിതെല്ലാം ആദിത്യൻക്രുടെയും അനുഭവിക്കുന്നു.

മൂലം ൫൦

ആലോകവന്തഃ സന്ത്യേവത്രയാംസൊഭാസ്കരാദയഃ
കലാവനെവതു ഗ്രാവഗ്രാവകമ്മണികമ്മടഃ

| അന്വയം. | അന്വയാർത്ഥം. |
|---|---|
| ഭാസ്കരാദയഃ | സൂര്യാദികളായ |
| ത്രയാംസഃ ആലോകവന്തഃ | അനേകം ഗ്രഹങ്ങൾ |
| സന്തി എവ | ഉണ്ടു. |
| ഗ്രാവഗ്രാവകമ്മണിതു. | പാഷാണഗ്രാവ ക്രിയയിൽ |
| | ആകട്ടെ |
| കലാവാൻ എവ | ചന്ദ്രൻതന്നെ |
| കമ്മടഃ | സമർത്ഥനാകുന്നു. |

പരിഭാഷഃ— സൂര്യൻ മുതലായി അനേക ഗ്രഹങ്ങൾ ഉണ്ടെന്നിരുന്നാലും പാഷാണഗ്രാവകപ്രവൃത്തിയിൽ ചന്ദ്രൻ മാത്രമേ സമർത്ഥനാകുന്നുള്ളു.

മൂലം ൫൧

അഹോനക്ഷത്രരാജസ്യ സാഭിമാനം വിചേഷ്ടിതം
പരിക്ഷീണസ്യ വക്രത്വം സംപൂർണ്ണസ്യ സുവൃത്തതാ.

| അന്വയം. | അന്വയാർത്ഥം. |
|---|---|
| പരിക്ഷീണസ്യ വക്രത്വം | ക്ഷീണിച്ചവനായിട്ടു കുടില |
| | തയും |
| സംപൂർണ്ണസ്യസുവൃത്തതാ. | സംപൂർണ്ണനായിട്ടു നിഷ്കാപ |
| | ട്യവുമുണ്ടു. |
| അഹോ നക്ഷത്രരാജസ്യ | അഹോ ചന്ദ്രന്റെ |
| വിചേഷ്ടിതം | പ്രവൃത്തി |
| സാഭിമാനം | അഭിമാനത്തോടുകൂടിയതുതന്നെ |

പരിഭാഷഃ— ചന്ദ്രനു വൃദ്ധിക്ഷയങ്ങളും ഉള്ളപ്പോലും ക്രമത്തിൽ സുവൃത്തതയും വക്രത്വവുമുണ്ടു. അഹോ നക്ഷത്രരാജവിന്റെ വിചേഷ്ടിതം ആത്മാഭിമാനത്തോടുകൂടിയതുതന്നെ.

മൂലം ൧൧

നിശാചരോപി ദീനോപി സകളങ്കോപി ചന്ദ്രമാ:
ചകോരിനയന ദ്വന്ദ്വ മാനന്ദയതി സർവ്വദാ.

| അന്വയം. | അന്വയാർത്ഥം. |
|---|---|
| നിശാചര: അപി | രാത്രിയിൽ സഞ്ചരിക്കുന്നവനും |
| ദീനഃ അപി | ക്ഷയരോഗിയും |
| സകളങ്ക: അപി | മലിനാത്മാവുമാണെങ്കിലും |
| ചന്ദ്രമാഃ | ചന്ദ്രൻ |
| ചകോരി നയന– | ചക്രവാകിയുടെ കണ്ണ് |
| ദ്വന്ദ്വം | രണ്ടിനേയും |
| സർവ്വദാ ആനന്ദയതി | എപ്പോഴും ആനന്ദിപ്പിക്കുന്നു |

പരിഭാഷ:— ചന്ദ്രൻ നിശാചരനും ക്ഷയരോഗിയും മലിനാത്മാവുമാകുന്നു എന്നിരുന്നാലും അതു ചകോരി നയനത്തെ സർവ്വദാ ആനന്ദിപ്പിക്കുന്നു.

മൂലം ൧൨

ആപൊ വിമുക്താഃ കുത്രചിദാപ എവ
കുത്രചിന്നകിഞ്ചിദ് ഗരളം കുത്രചിച്ച
യസ്മിന്നിമുക്താഃ പ്രഭവന്തി മുക്താഃ
പയോദ! തസ്മിന്നപി മുഖഃ കുതസ്തുപം.

| അന്വയം | അന്വയാർത്ഥം. |
|---|---|
| വിമുക്താഃ ആപഃ | വർഷിക്കപ്പെട്ട ജലകണങ്ങൾ |
| കുത്രചിൽ ആപഃഏവ | ചിലടത്തു വെള്ളംതന്നെ ആകുന്നു |
| കുത്രചിൽ ന കിഞ്ചിൽ | ചിലടത്തു ഇല്ലാതായി പോകുന്നു |
| കുത്രചിൽ ച ഗരളം | ചിലടിക്കിൽ വിഷമായി തീരുന്നു |
| യസ്മിൻ വിമുക്താഃ | യാതൊരുടിക്കിൽ വർഷിക്കപ്പെട്ടിട്ട് |
| മുക്താഃപ്രഭവന്തി | മുക്താഫലങ്ങളായി അതിശയെ തീരുന്നു |
| തസ്മിൻപയോദ! | അവിടെ മേഘമെ! |
| കുത:ത്വം വിമുഖ: | എന്തുകൊണ്ടു നീഅതുപ്പനാകുന്നു. |

പരിഭാഷ—: ചില സ്ഥലത്തു മഴവെള്ളം വീണാൽ അതു രൂപാന്തരപ്പെട്ടുന്നില്ല. ചിലടത്തു അതു നാമാവശേഷമായിതീരുന്നു. ചിലടിക്കിൽ വിഷമായി തീരുന്നു. യാതൊരുടിക്കിൽ വീണാൽ മുകതാഫലമായി പരിണമിക്കുന്നൊ അവിടെ മേഘമെ! നീ എന്തുകൊണ്ടു വിമുഖനായിരിക്കുന്നു?

മൂലം ക്ര.

നരെശെജീവലൊകോയം നിമിലതി നിമിലതി.
ഉദ്യുദിയമാനെചരവാവിവസരൊരുഹം

അനവയം. അനവയാർത്ഥം.

രവൌ ആദിത്യനിൽ
സരൊരുഹം ഇവ. താമരപ്പൂക്കൾഎന്നപോലെ.
നരെശെനിമിലതി രാജാവുറങ്ങുമ്പോൾ.
അയംജീലോകഃ ഈജീവജാലവും
നിമീലതി. ഉറങ്ങുന്നു.

പരിഭാഷ—: ആദിത്യന്റെ ഉദയത്തിൽ താമരപ്പൂക്കൾ വികസിയ്ക്കുയും അസ്തമയത്തിൽ കൂമ്പുകയും ചെയ്യുന്നതുപോലെ നരപതി മന്ദനായിരിക്കുമ്പോൾ പ്രജാവൃന്ദവും മന്ദമായിരിക്കുകയും ഉണരുമ്പോൾ ഉണരുകയും ചെയ്യുന്നു.

മൂലം ക്ര. (ൽ

കനുപം ലൊഹിതലൊചനാസ്യചരണൊഹംസഃകുതാമാനസാ
കിംതത്രാസ്തിസുവർണ്ണപംകജവനാന്യുഭ്രസ്സുധാ സന്നിഭം
ഭ്രയഃകിംകഥയസ്വകല്പതരവൊ നായ്യുഷ്മതുപൊത്തരാ
ശംബൂകഃകിമുസന്തിനെതിചബകൈരാകർണ്യ ഹി ഹി കൃതം.

അനവയം. അനവയാർത്ഥം.

ലൊഹിതലൊചനാസ്യ രക്തവർണ്ണമുള്ള കണ്ണു, ചുണ്ടു,
ചരണഃ പാദം എന്നിവയോടുകൂടിയിരിയ്ക്കുന്ന
ത്വം കഃ നീ ആരാകുന്നു.

| | |
|---|---|
| ഹംസഃ | അരയന്നമാകുന്നു. |
| കുതഃ | എവിടെനിന്നു വരുന്നു |
| മാനസാൽ | മാനസത്തിൽനിന്നു? |
| തത്രകിംഅസ്തി | അവിടെ എന്തുണ്ട്? |
| സുവർണ്ണപംകജവനാനി | സ്വർണ്ണതാമരവനങ്ങളും |
| സുധാസന്നിഭംഅഭ | അമൃതുപോലെയുള്ള വെള്ളവുമുണ്ട് |
| ഭൂയഃകിംകഥയസ്യ | ഇനിയുംഎന്തുണ്ടെന്നു പറഞ്ഞാലും |
| കല്പതരവ | കല്പവൃക്ഷങ്ങളും |
| രൂപൊത്തരാഃനായ്യഃച | പ്രകഷ്ടെന രൂപവതികളായ സ്ത്രീകളുമുണ്ട്. |
| കിമുശംബൂകാഃസന്തി | എല്ലാമിരിക്കട്ടെ. ഞവുണിക്കാകൾ ഉണ്ടൊ? |
| ന ഇതി ആകർണ്യ | ഇല്ലെന്നു കേടിട്ട |
| ബകൈഃ | കൊക്കുകളാൽ |
| ഹീ, ഹീ കൃതം | ഹീ ഹീ കൃതമായി. |

പരിഭാഷ—: ചുവന്ന കണ്ണും ചുണ്ടും പാദവും ഉള്ള നീ ആരാകുന്നു? അരയന്നമാകുന്നു. എവിടെനിന്നു വരുന്നു? മാനസത്തിൽനിന്നുവരുന്നു. അവിടെ എന്തെല്ലാമുണ്ട്? സ്വർണ്ണ താമരവനങ്ങളും അമൃതുപോലെയുള്ള വെള്ളവുമുണ്ട്. പിന്നെ വല്ലതുമുണ്ടൊ? കല്പവൃക്ഷങ്ങളും രൂപവതികളായ സ്ത്രീകളുമുണ്ട്. അതെല്ലാമിരിക്കട്ടെ. അവിടെ ഞവുണിക്കാ ഉണ്ടൊ? ഇല്ലാ എന്നു അരയന്നം പറഞ്ഞപ്പോൾ കൊക്കുകൾ എല്ലാംകൂടി ഹീ ഹീ എന്നു അപഹസിച്ചു.

മൂലം ഫന.

വിധിരെവ വിശേഷഗർഹണീയ
കരടത്വം രടകസൂവാപരാധഃ
സഹകാരതരൌചകാരയസ്യു
സഹവാസം സൗളെനകൊകിലെന.

| അന്വയം. | അന്വയാർത്ഥം. |
|---|---|
| ഹെകരട | അല്ലയൊ കാക്കെ |
| ത്വം രട | നീ ശബ്ദിക്കൂ. ക്രോങ്കാരംചെയ്യൂ. |
| തെ | നിനക്ക് |
| കഃഅപരാധഃ | എന്താണാക്ഷേപം |
| യഃ | യാവനൊരുത്തൻ |
| സഹകാരതരെയ | തേന്മാവിൽ |
| സരളെനകോകിലെന | കളകണ്ഠനായ കുയിലിനോടൊ. ന്നിച്ച |
| സഹവാസം | സഹവാസത്തെ |
| തെ ചകാര | നിനക്ക് കല്പിച്ചൊ |
| (സ) വിധിഏവ | ആവിധി= ബ്രഹ്മാവു-തന്നെ |
| വിശേഷഗർഹണീയഃ | സവിശേഷം ആക്ഷേപാർഹനാകുന്നു. |

പരിഭാഷ—: കാക്കെ നീ കരഞ്ഞാലും നിനക്ക ആക്ഷേപമൊന്നുമില്ല. കളനാദമുള്ള കുയിലിനോടൊപ്പം തേന്മാവിൽ നിനക്ക വാസത്തെ കല്പിച്ച വിധിതന്നെ ആകുന്നു വിശേഷവിധിയായി ആക്ഷേപിക്കപ്പെടേണ്ടവൻ.

മൂലം ൬൭.

കൊകിലൊഹംഭവാൻ കാകഃസമനാകാളിമാവയൊഃ
അന്തരംകഥയിഷ്യന്തികാകളികോവിദാഃ പുനഃ

| അന്വയം. | അന്വയാർത്ഥം. |
|---|---|
| അഹംകൊകിലഃ | ഞാൻ കുയിലും |
| ഭവാൻകാകഃ | അങ്ങു കാക്കയും ആകുന്നു |
| കാളിമാആവയൊഃ | കറുപ്പുവർണ്ണം നാമിരുവക്കും |
| സമാനാ | സമാനധർമ്മമാകുന്നു. |
| പുനഃകാകളീകൊവിദാഃ | പിന്നെ ഛന്ദശാസ്ത്രവിദഗ്ധന്മാർ |

അന്തരംകഥയിഷ്യന്തി വ്യത്യാസത്തെപ്രതിപാദിക്കും

പരിഭാഷ—: ഞാൻ കയിലും അങ്ങു കാക്കയുമാകുന്നു. നമുക്കുള്ള സമാനധർമ്മം കറുപ്പുവർണ്ണമാകുന്നു. ഇനിയും വ്യത്യാസത്തെ കാകളീകോവിദന്മാർ പ്രതിപാദിക്കും.

മൂലം ൧൨.

ലാളയെൽ പഞ്ചവഷ്ണി ദശവഷ്ണി താഡയെൽ
പ്രാപ്തേഷോഡശവഷ്ണി പുത്രേമിത്രവദാചരേൽ.

| അന്വയം. | അന്വയാർത്ഥം. |
|---|---|
| പഞ്ചവഷ്ണി | അഞ്ചു വർഷക്കാലം |
| ലാളയെൽ | ലാളിച്ചുകൊള്ളണം. |
| ദശവഷ്ണി | പത്തു വർഷക്കാലം |
| താഡയെൽ | ശിക്ഷിച്ചുരക്ഷിക്കണം |
| പുത്രേപ്രാപ്തെഷോഡശവഷ്ണി | പുത്രനു പതിനാറു വയസ്സു കഴിഞ്ഞാൽ |
| മിത്രവൽ ആചരേൽ | ബന്ധുവിനെപ്പോലെ ആചരിക്കണം. |

പരിഭാഷ:— കുട്ടികളെ അഞ്ചു വയസ്സോളം ലാളിച്ചു വളർത്തണം. പത്തു വയസ്സോളം ശിക്ഷിച്ചു രക്ഷിക്കണം. പതിനാറുവയസ്സുകഴിഞ്ഞാൽ മിത്രത്തെ എന്നപോലെ ആചരിച്ചുകൊള്ളണം.

മൂലം ൧൩.

ഭൃത്വാശൌഭികതഃ പ്രപദ്യരജകാനാഭാഷ്യ പൌരാണികാൻ
കായസ്ഥാനനുഗമ്യസൂചകഗണാനാലിംഗ്യനത്വാകവീൻ
കൃത്വാവാരവിലാസിനീപരിചയം സ്ഥിത്വാ വണിഗ്ഭിശ്ചിരം
ഭൂയശ്ചൈവ സുവർണ്ണകാരഭവനെ സാനന്ദമാസൂഷ്യാ.

| അന്വയം. | അന്വയാർത്ഥം. |
|---|---|
| ശൌഭികതദ്ഭ്രതാ | മൂശാരിയിൽനിന്നുജനിക്കയും |
| രജകാൻപ്രപദ്യ | വെള്ളത്തടന്മാരുമായി സഹവസിക്കയും |
| പൌരാണികാൻഅഭാഷ്യ | പുരാണകർത്താക്കന്മാരെ കണ്ടു സംസാരിക്കയും |
| കായസ്ഥാൻ അനുഗമ്യ | ഏറാളികളെ അനുഗമിക്കയും |
| സൂചകഗണാൻആലിഗ്യ | തയ്യല്കാരെസ്നേഹിക്കയും |
| കവീൻനത്വാ | കവികളെ വണങ്ങുകയും |
| വാരവിലാസിനീപരിചയംകൃത്വാ | വാരസ്ത്രീകളുമായി പരിചയപ്പെടുകയും |
| വണിഗ്ഭിഃചിരംസ്ഥിതവാച | കച്ചവടക്കാരുടെ അടുക്കൽ ദീർഘകാലം താമസിക്കയും ചെയ്തിട്ട് |
| ത്രയഃച | പിന്നെ |
| സുവർണ്ണകാരഭവനെഏവ | തട്ടാന്റെ ഭവനത്തിൽതന്നെ |
| മൃഷാസാനന്ദംആസ്തെ | അസത്യം ആനന്ദത്തോടുകൂടി പാർത്തുവരുന്നു. |

പരിഭാഷ;– അസത്യം മൂശാരിയുടെ വംശത്തിൽ ജനിച്ചു. വെള്ളത്തടത്തിന്റെ വീട്ടിൽനിന്നു വളർന്നു. പൌരാണികന്മാരുടെ പക്കൽപോയി വിദ്യാഭ്യാസം കഴിച്ചു. ഏറാളികളുടെ ശിഷ്യനായി കുറേക്കാലം നടന്നു. തയ്യൽക്കാരുടെ മിത്രമായിട്ടും കുറേക്കാലം വർത്തിക്കാതിരുന്നില്ല. ഇക്കാലസന്ധിയിൽതന്നെ കവികളെ വണങ്ങുകയും വാരസ്ത്രീകളെ പരിചയപ്പെടുകയും ചെയ്തിട്ടുണ്ടെന്നുമാത്രമല്ല കച്ചവടക്കാരുടെ ഭൃത്യനായിട്ടും ഒട്ടനാൾ കഴിച്ചുകൂട്ടേണ്ടി വന്നിട്ടുണ്ട്. ഇത്രയുമൊക്കെക്കൊണ്ടും അലംഭാവം ജനിക്കാതെ അതു തട്ടാന്റെ ഭവനത്തിലേക്കു പുറപ്പെട്ടു. ഇപ്പോൾ അവിടെ ആനന്ദത്തോടുകൂടി പാർത്തുവരുന്നു.

മൂലം ൫൦.

അവിശ്വസൻ ധൂർത്തഃ ധുരന്ധരോപി
ജനഃ പുരന്ധ്രീ പുരതോന്ധ ഏവ.
അശേഷ ശിക്ഷാകുശലോപി കാകഃ
പ്രതാര്യതെ കിന്നപികാം ഗനാഭിഃ

| അന്വയം | അന്വയാർത്ഥം |
|---|---|
| അവിശ്വസൻ | ആരേയും വിശ്വസിക്കാത്തവനും |
| ധൂർത്തഃ | തന്ത്രജ്ഞനും |
| ധുരന്ധരഃ അപി | അതിസമർത്ഥനുമായിരുന്നാലും |
| ജനഃ | പുരുഷവർഗ്ഗം |
| പുരന്ധ്രീ പുരതഃ | സ്ത്രീകളുടെ മുമ്പാകെ |
| അന്ധഃ ഏവ | അന്ധരായി തീരുന്നു. |
| അശേഷ ശിക്ഷാകുശലഃ | |
| അപി | സകല തന്ത്ര വിദഗ്ധനെങ്കിലും |
| കാകഃ | കാക്ക |
| പികാം ഗനാഭിഃ | കുയില്പെടകളാൽ |
| കിം ന പ്രതാര്യതെ | വഞ്ചിക്കപ്പെടുന്നില്ലെ? |

പരിഭാഷ:— എളുപ്പത്തിൽ വിശ്വസിക്കാത്തവനും തന്ത്രജ്ഞനും അതിസമർത്ഥനുമായിരുന്നാലും പുരുഷൻ സ്ത്രീയുടെ സംപർക്കത്തിൽ അന്ധനായി തീരുന്നു. അശേഷ ശിക്ഷാകുശലനെങ്കിലും കുയില്പെടകളാൽ കാക്ക വഞ്ചിക്കപ്പെടുന്നില്ലെ?

"അർത്ഥതഃ പുരുഷൊനാരി
യാനാരീ സാർത്ഥതഃപുമാൻ--" എന്നല്ലെ പ്രമാണം.

മൂലം ൫൧

നഹയൈർന ചമാതംഗൈർനരഥൈർന ചപത്തിഭിഃ
സ്ത്രീണാമപാംഗഭട്ടൈഷ്യെവജീയതെജഗതാംത്രയം

| അന്വയം. | അന്വയാർത്ഥം. |
|---|---|
| ജഗതാംത്രയം | മൂന്നുലോകവും |

| | |
|---|---|
| സ്ത്രീണാം | സ്ത്രീകളുടെ |
| അപാംഗദൃഷ്ട്യാ എവ. | കടിലകടാക്ഷം കൊണ്ടു തന്നെ |
| ജീയതെ | ജയിക്കപ്പെടുന്നു |
| ന ഹയൈഃ | കുതിരകളെകൊണ്ടോ |
| ന ച മാതംഗൈഃ | ആനകളെകൊണ്ടോ |
| ന ച രഥൈഃ | തേരുകളെക്കൊണ്ടോ |
| ന ചപത്തിഭിഃ | സൈന്യശേഖരം കൊണ്ടോ അല്ല. |

പരിഭാഷ:— ത്രിലോകവും സ്ത്രീകളുടെ അപാംഗദൃഷ്ടികൊണ്ടു ജയിക്കപ്പെടുന്നു. കുതിര, ആന, തേരു, സൈന്യശേഖരം എന്നിവയാൽ അതു ജയിക്കപ്പെടുന്നുമില്ല.

മൂലം ൨൨.

ഉഡുരാജമുഖീമൃഗരാജകടീർഗജരാജവിരാജിതമന്ദഗതീഃ
യദിസാവനിതാഹൃദയേനിഹിതാകിമജപൈഃകിമതപൈഃകിമസമാധി
(രിതി.

| അന്വയം. | അന്വയാർത്ഥം. |
|---|---|
| ഉഡുരാജമുഖീ | മുഖംകൊണ്ടു ചന്ദ്രനോടും |
| മൃഗരാജകടിഃ | കടിപ്രദേശംകൊണ്ടു സിംഹത്തോടും |
| ഗജരാജവിരാജിതമന്ദഗതി | ഗതിവിശേഷംകൊണ്ടു മന്തിയോടും |
| സാവനിതാ | (സമാന ആയിരിക്കുന്ന) ആ അംഗന |
| ഹൃദയേനിഹിതായദി | ഹൃദയത്തിൽ രൂപീകരിക്കപ്പെട്ടാൽ |
| കിമജപൈഃ കിമതപൈഃ | ജപം, തപം. |
| കിമസമാധിഃ ഇതി | സമാധി— ധ്യാനം എന്നിതെല്ലാം എവിടെ? |

പരിഭാഷ:— ഉഡുരാജമുഖിയും മൃഗരാജകടിയും ഗജരാജവിരാജിതമന്ദഗതിയും ആയിരിക്കുന്ന ഒരു വനിത എയേത്തിൽ കൃപീകരിക്കപ്പെട്ടാൽ ജപം, തപസ്സ് സമാധി എന്നിതെല്ലാം എവിടെ?

മൂലം ഫനം

നൂനംഹിതൈകവിവരാ വിപരീതബോധാ
യൈനിത്യമാഹുരബലാ ഇതി കാമിന്യസ്താഃ
യാഭിർവ്വിലോലതരതാരകദൃഷ്ടി പാതൈഃ
ശക്രാദയോപി വിജിതാസ്സുബലാഃകഥംതാഃ

| അന്വയം. | അന്വയാർത്ഥം. |
|---|---|
| യാഭിഃ | യാവ ചിലരാൽ |
| വിലോലതരതാരക ദൃഷ്ടിപാതൈഃ | ഏറ്റം ഭംഗിയുള്ള താരകകടാക്ഷ വീക്ഷണങ്ങളാൽ |
| ശക്രാദയഃ അപി | ദേവേന്ദ്ര പ്രഭൃതികൾപോലും |
| വിജിതാഃ | ജയിക്കപ്പെട്ടവോ |
| താഃ കാമിന്യഃ | ആ സ്ത്രീകൾ |
| അബലാഃ ഇതി | അബലകളാകുന്നു എന്ന് |
| യാഃ കവിവരാഃ | ഏതു കവിശ്രേഷ്ഠന്മാർ |
| നിത്യം ആഹുഃ | നിത്യവും പറയുന്നവോ |
| തെ നൂനം വിപരീത ബോധാഃ | അവർ നിസ്സംശയം വിപരീത ബുദ്ധികളാകുന്നു. |
| താഃതു കഥം അബലാഃ | അവരാകട്ടെ എങ്ങിനെ അബലകളാകുന്നു. |

പരിഭാഷ:— യാവ ചിലരാൽ വിലോലതര ദൃഷ്ടിവിലാസങ്ങൾകൊണ്ട ദേവേന്ദ്ര പ്രഭൃതികൾപോലും ജയിക്കപ്പെട്ടവോ ആ കാമിനികൾ അബലകളാകുന്നു എന്നു നിത്യവും പറയുന്ന കവികുല സാവ്വ ഭൌമന്മാർ വിപരീതബുദ്ധികളാകുന്നു. അവർ— സ്ത്രീകൾ— എങ്ങിനെ അബലകളാകുന്നു?

മൂലം 24.

കാമിനീകായകാന്താരെകുചപവ്വ്തഗഹ്വരെ
മാസഞ്ചരമനഃപാന്ഥതത്രാസ്തേസ്മരതസ്കരഃ

| അന്വയം | അന്വയാർത്ഥം |
|---|---|
| കുചപവ്വ്തഗഹ്വരെ | കുചമാകുന്നപവ്വ്തത്തിൻെറ ഗുഹയോടുകൂടിയിരിക്കുന്ന |
| കാമിനീകായകാന്താരെ | സ്ത്രിയുടെശരീരമാകുന്നകാട്ടിൽ |
| മനഃപാന്ഥ | സഞ്ചാരേച്ഛുവായിരിക്കുന്ന മനസ്സേ |
| മാസഞ്ചര | നീ ചുറ്റിനടക്കരുതു. |
| സ്മരതസ്കരഃ | സ്മരനാകുന്നകള്ളൻ |
| തത്രാസ്തേ | അവിടെഇരിക്കുന്നു |

പരിഭാഷഃ— കുചപവ്വ്തങ്ങളുടെ ഗുഹയോടുകൂടിയിരിക്കുന്ന കാമിനിയുടെ ശരീരമാകുന്ന വനാന്തരത്തിൽ കൂടി സഞ്ചാരരസികനായിരിക്കുന്ന മനസ്സേ നീ യാത്ര കഴിക്കരുതു്. അവിടെ സ്മരനാകുന്ന തസ്കരൻ നിത്യവും ഒളിച്ചിരിക്കുകതന്നെചെയ്യുന്നു.

മൂലം 25.

കുടിലാലക്ഷ്മിയത്രപ്രഭവതി
നസരസ്വതിവ്വസതിതത്ര
പ്രായഃശ്വശ്രൂസ്നുഷയൊ
ന്നുശ്യതെ സൌഹൃദം ലൊകെ

| അന്വയം. | അന്വയാർത്ഥം. |
|---|---|
| കുടിലാ | വക്രബുദ്ധി ആയിരിക്കുന്ന |
| ലക്ഷ്മി | ലക്ഷ്മി=സംപത്തു |
| യത്ര | എവിടെ |

| | |
|---|---|
| പ്രഭവതി | ആഭിമുഖ്യം വഹിക്കുന്നവോ |
| സരസ്വതി | വാണി = അക്ഷരവിദ്യ |
| തത്ര | അവിടെ |
| ന വസതി | പ്രബലപ്പെട്ടുനില്ല |
| ശ്വശ്രൂസ്നുഷയോഃ | അമ്മാവിഅമ്മയ്ക്കും മരുമകൾക്കും |
| സൌഹൃദം | തമ്മിലുള്ള മൈത്രി |
| ലോകേ | ലോകത്തിൽ |
| പ്രായഃ ന ദൃശ്യതെ | അധികം കാണപ്പെട്ടുനില്ല. |

പരിഭാഷഃ- കടിലം ആയിരിക്കുന്ന ലക്ഷ്മിക്കു പ്രാധാന്യമുള്ളേടത്തു സരസ്വതീവിലാസം ദുർല്ലഭമാകുന്നു. അമ്മാവിഅമ്മയ്ക്കും മരുമകൾക്കും തമ്മിൽ മൈത്രിയുള്ളതായി ലോകത്തിൽ അധികം കാണപ്പെട്ടുനില്ല.

മൂലം ഉനം.

കണ്ണാമൃതം സൂക്തിരസം വിമുച്യ
ദോഷേഷു യത്നം സുമഹാൻ ഖലസ്യ
അവേക്ഷതെ കേളിവനം പ്രവിഷ്ടഃ
ക്രമേളകഃ കണ്ടകജാലമെവ.

| അന്വയം | അന്വയാർത്ഥം. |
|---|---|
| കണ്ണാമൃതം | കണ്ണാപീയൂഷമായിരിക്കുന്ന |
| സൂക്തിരസം | സുഭാഷിതരസത്തെ |
| വിമുച്യ | ഉപേക്ഷിച്ചിട്ട് |
| ദോഷേഷു | ദോഷങ്ങളിൽ |
| ഖലസ്യ യത്നഃ | ദുർജ്ജനത്തിന്റെ പയ്റ്റ്വേഷണം |
| സുമഹാൻ | എത്രയും വലുതാകുന്നു. |
| കേളിവനം പ്രവിഷ്ടഃ | ഉദ്യാനത്തിൽ പ്രവേശിച്ചിട്ട് |
| ക്രമേളകഃ | കുട്ടകം |
| കണ്ടകജാലം എവ | മുൾച്ചെടികളെതന്നെ |
| അവേക്ഷതെ | തേടി നടക്കുന്നു. |

പരിഭാഷ:- ദോഷൈകദൃക്കുകൾ കണ്ണുപിയൂഷമായിരിക്കുന്ന സൂക്തിരസത്തെ പരിത്യജിച്ചുകൊണ്ടു ശ്രവം, അപ്രയുക്തം, നിരർത്ഥകം ഇത്യാദി ദോഷങ്ങളെ കവിതകളിൽ കണ്ടുപിടിക്കുന്നതിനു ചെയ്യുന്ന ശ്രമം ഒട്ടും ചില്ലറയായിട്ടുള്ളതല്ല. ഒട്ടകം ഉദ്യാനത്തിൽ പ്രവേശിച്ചാൽ പിന്നെ കണ്ടകജാലത്തെ അന്വേഷിച്ചു നടക്കയാണു ചെയ്യുന്നതു്.

മൂലം ൨൭

കുസ്ഥാനസ്യ പ്രവേശേനമാനഹാനിഃപദെപദെ
വൈശ്വാനരൊപി ലൊഹസ്ഥൊമുദ്ഗരൈരഭിഹന്യതെ.

| അന്വയം. | അന്വയാർത്ഥം. |
|---|---|
| കുസ്ഥാനസ്യ | അപ്രശസ്തപദത്തിന്റെ |
| പ്രവേശന | പ്രാപ്തികൊണ്ടു |
| പദെപദെ | അടിയ്ക്കടി |
| മാനഹാനിഃ | ആക്ഷേപം സംഭവിക്കുന്നു |
| ലോഹസ്ഥഃ | ലോഹസ്ഥനായിട്ടു |
| വൈശ്വാനരഃഅപി | അഗ്നിതന്നെയും |
| മുദ്ഗരൈഃ | ക്രൂടങ്ങൾകൊണ്ടു |
| അഭിഹന്യതെ | പിന്നെയും പിന്നെയും അടിക്കപ്പെടുന്നു |

പരിഭാഷ:— അസ്ഥാനപ്രവേശനംകൊണ്ടു അടിയ്ക്കടി മാനഹാനി നേരിടുന്നു. സ്വർണ്ണം, ഇരിമ്പു് ഇത്യാദികളിൽ പ്രവേശിക്കുമ്പോൾ ക്രൂടങ്ങൾകൊണ്ടു വീണ്ടും വീണ്ടും അഗ്നി അടിക്കപ്പെടുന്നു.

മൂലം ൨൮.

ചതുരൊധനദായാദാഃ ധർമ്മാഗ്നിനൃപതസ്കരാഃ
തെഷാം ജ്യെഷ്ഠാവമാനെനകുപ്യന്തെബാന്ധവത്രയം.

| അന്വയം. | അന്വയാർത്ഥം. |
|---|---|
| ധനഭായാദാഃ | ധനത്തിന്റെ അവകാശികൾ |
| ധർമ്മാഗ്നിനൃപതസ്കരാഃ | ധർമ്മം, അഗ്നി, രാജാവ്, കള്ളൻ |
| ചത്വാരഃ | എന്നിങ്ങനെ നാല്പേരാകുന്നു. |
| തേഷാം | ഇവരിൽവെച്ചു |
| ജ്യേഷ്ഠാവമാനെന | ജ്യേഷ്ഠനായ ധർമ്മത്തെ അവമതിക്കുന്നതുകൊണ്ടു |
| ബാന്ധവത്രയം | ബന്ധുക്കൾ മൂന്നുപേരും |
| കൃപ്യന്തേ | കുപിതന്മാരായിതീരുന്നു. |

പരിഭാഷ:— സമ്പത്തിന്റെ അവകാശികളായി പരിഗണിക്കപ്പെട്ടിരിക്കുന്നവർ ധർമ്മം, അഗ്നി, രാജാവ്, തസ്കരൻ എന്നിവരാകുന്നു. ഇവരിൽ വച്ചു ജ്യേഷ്ഠനായിരിക്കുന്ന ധർമ്മത്തിന്റെ അവകാശം വിഗണിക്കപ്പെട്ട എന്നു കാണുമ്പോൾ ബന്ധുക്കളായ മറ്റു മൂന്നുപേരും കുപിതന്മാരായിതീരുന്നു.

## അദ്ധ്യായം ൨

മൂലം ൧

യാന്തിന്യായപ്രവൃത്തസ്യ തിര്യഞ്ചോപിസഹായതാം
അപന്ഥാനന്തുഗച്ഛന്തം സോദരോപിവിമുഞ്ചതി.

| അന്വയം. | അന്വയാർത്ഥം. |
|---|---|
| തിര്യഞ്ചഃഅപി | മൃഗങ്ങൾതന്നെയും |
| ന്യായപ്രവൃത്തസ്യ | അധർമ്മം പ്രവർത്തിക്കാത്തവനു |
| സഹായതാം | സഹായത്തെ |
| യാന്തി | ചെയ്തുകൊടുക്കുന്നു. |
| സോദരഃഅപിതു | സഹോദരൻതന്നെയും |

| | |
|---|---|
| അപസ്ഥാനം | അസ്ഥാനത്തെ |
| ഗച്ഛന്തം | പ്രാപിച്ചുവനെ |
| വിമുഞ്ചതി | കൃശ്രേണ ഉപേക്ഷിക്കുന്നു. |

പരിഭാഷ:--- അധമ്മം പ്രവത്തിക്കാത്തവനു തിയ്യ്ക്കുകളും സഹായം ചെയ്യുന്നു. എന്നാൽ അധമ്മം പ്രവത്തിക്കുന്നവനെ സഹോദരൻപോലും വൈമനസ്യത്തോടെ ഉപേക്ഷിക്കുന്നു.

മൂലം ൨.

യഥാമൂൽപിണ്ഡതഃകത്താകുരുതെതദ്വദിച്ഛതി
തഥാത്മകൃതംകമ്മ്മാനവഃപ്രതിപദ്യതെ.

| അനവയം. | അനവയാത്ഥം. |
|---|---|
| യൽ | യാതൊന്നിനെ |
| കത്താ | ഉണ്ടാക്കുന്നവൻ |
| ഇച്ഛതി | കാംക്ഷിക്കുന്നുവൊ |
| തൽ | അതിനെ |
| മൂൽപിണ്ഡതഃ | മണ്ണാംകട്ടകൊണ്ടു |
| യഥാകുരുതെ | ഏപ്രകാരം ഉണ്ടാക്കുന്നുവൊ |
| തഥാമാനവഃ | അപ്രകാരംതന്നെ മനുഷ്യനും |
| ആത്മകൃതംകമ്മ | തന്നാൽ ചെയ്യപ്പെട്ടകമ്മത്തെയും |
| പ്രതിപദ്യതെ | രൂപവൽകരിക്കുന്നു. |

പരിഭാഷ:- നിമ്മിക്കുന്നവൻ ഇഛിക്കുന്നതിനെതന്നെ മണ്ണാംകട്ടകൊണ്ടു ഏതുപ്രകാരം ഉണ്ടാകുന്നവോ അപ്രകാരംതന്നെ മനുഷ്യനും തന്നാൽ ചെയ്യപ്പെട്ട കമ്മത്തെ രൂപവൽക്കരിക്കുന്നു.

മൂലം ൩.

കൊലാഹലേകാകകുലസ്യജാതെ
വിരാജതെകോകിലക്രൂജിതംകിം
പരസ്പരംസംവദതാംഖലാനാം
മൌനംവിധേയം സതതംസുധീഭിഃ

| അന്വയം | അന്വയാർത്ഥം. |
|---|---|
| കാകകുലസ്യകോലാ– | |
| ഹലേ | കാകകുലത്തിന്റെ കോലാഹലം |
| ജാതെ | ഉണ്ടായിരിക്കുന്ന സമയത്തു |
| കോകിലക്രൂജിതം | കുയിലിന്റെ കളനാദം |
| കിംവിരാജതെ | ശോഭിക്കുമോ? |
| പരസ്പരംസംവദതാം | അന്യോന്യംസംഭാഷണംചെയ്യുന്ന |
| ഖലാനാം | ക്രൂടപ്രകൃതികൾക്ക് |
| സുധിഭിഃ | സജ്ജനങ്ങളാൽ |
| സതതംവിധേയം | നിത്യം കല്പിക്കപ്പെടേണ്ടതു് |
| മൌനം | മൂകതപമാകുന്നു |

പരിഭാഷ:– കാകകുലം കോലാഹലംക്രൂട്ടുമ്പോൾ കുയിലിന്റെ കാകളീശബ്ദം കേൾക്കപ്പെട്ടുമോ? ക്രൂടപ്രകൃതികൾ ക്രൂടി സംഭാഷണം നടത്തുമ്പോൾ സജ്ജനങ്ങളാൽ നിത്യം വിധേയമായിട്ടുള്ളതു് മൌനമാകുന്നു.

മൂലം ൪.

ഘൃതകുംഭസമാനാരിതപ്തംഗാരസമഃപുമാൻ
തസ്മാൽഘൃതഞ്ചവഹ്നിഞ്ചൈകത്രസ്ഥാപയേൽബുധഃ

| അന്വയം. | അന്വയാർത്ഥം |
|---|---|
| ഘൃതകുംഭസമാ | നെയ്കുടത്തോടുസമാനമാകുന്ന |
| നാരീ | സ്ത്രീ |
| പുമാൻ | പുരുഷൻ |
| തപ്താംഗാരസമഃ | എരിയുന്ന വിറകുകൊള്ളിയോടു സദൃശനമാകുന്നു |
| തസ്മാൽ | അതിനാൽ |
| ബുധഃ | പണ്ഡിതനായിരിക്കുന്നവൻ |
| ഘൃതംച | നെയ്യും |
| വഹ്നിംച | തീയും |

| | |
|---|---|
| ഏകത്ര | ഒരു സ്ഥലത്തുതന്നെ |
| നസ്ഥാപയേൽ | വെച്ചേക്കരുതു് |

പരിഭാഷ:- നാരി ഘൃതകുംഭത്തോടും പുരുഷൻ തപ്താംഗാരത്തോടും സാമ്യതയുള്ളവർആയിരിക്കകൊണ്ടു ബുധനായിരിക്കുന്നവൻ ഘൃതവും വഹ്നിയും ഒരു സ്ഥലത്തുതന്നെ വെച്ചുകൊണ്ടിരിക്കരുതു്.

മൂലം ൭.

വക്രീകൃത്യമനഃപൂർവ്വം കായ്യകർമ്മണിയോജയേൽ
അവക്രീകൃതപത്രേണയവാഗ്വാദിനപീയതെ.

| അന്വയം. | അന്വയാർത്ഥം. |
|---|---|
| പൂർവ്വം | ആദ്യം തന്നെ |
| മനഃ | മനസ്സിനെ |
| വക്രീകൃത്യ | വളച്ചിട്ടു്- ആകഷ്ടിച്ചിട്ടു് |
| കായ്യകർമ്മണി | ചെയ്യപ്പെടേണ്ട കർമ്മത്തിൽ |
| യോജയേൽ | സംബന്ധിപ്പിച്ചാലും |
| അവക്രീകൃതപത്രേണ | കോട്ടാത്ത മുള്ളാവിലകൊണ്ടു |
| യവാഗ്വാദി | കഞ്ഞി മുതലായവ |
| നപീയതെ | പാനംചെയ്യപ്പെടുന്നില്ല. |

പരിഭാഷ:— ആദ്യംതന്നെ മനസ്സിനെ ആകഷ്ടിച്ചതിൻെറശേഷം മാത്രമേ അതിനെ ആഗ്രഹനിവൃത്തി വരുത്തുന്നതിൽ സംബന്ധിപ്പിക്കാവൂ. കോട്ടാത്ത പ്ളാവില മുതലായതുകൊണ്ടു കഞ്ഞി തുടങ്ങിയുള്ളവ പാനം ചെയ്യുവാൻ സാധിക്കയില്ല.

മൂലം ൮.

യഃസുന്ദരഃ തദ്വനിതാ കുരൂപാ
യാ സുന്ദരീ സാപതി രൂപഹീനാ
യത്രോഭയം തത്ര ദരിദ്രതാ ച
വിധേർവ്വിചിത്രാണി വിചേഷ്ടിതാനി.

| അന്വയം. | അന്വയാർത്ഥം. |
|---|---|
| യഃസുന്ദരഃ | യാതൊരുത്തൻ സുമുഖനോ |
| തദ്ഭാര്യാ | അവന്റെ ഭാര്യ |
| കുരൂപാ | വിരൂപവതി ആകുന്നു. |
| യാ സുന്ദരീ | യാവളൊരുത്തി സുമുഖിയൊ |
| സാ പതിരൂപഹീനാ | അവൾഭർത്തൃവിരൂപിണിയുമാകുന്നു |
| യത്ര ഉഭയം | എവിടെ രണ്ടുമൊ |
| തത്ര ഭദ്രാണാം ച | അവിടെ ക്ഷാമവുമുണ്ടായിരിക്കും. |
| വിധേർവിചേഷ്ടിതാനി | വിധിയുടെ സൃഷ്ടിവിശേഷങ്ങൾ |
| വിചിത്രാണി | വിചിത്രതരങ്ങൾതന്നെ. |

പരിഭാഷ:— കോമളപുരുഷന്റെ ഭാര്യ വിരൂപവതി ആകുന്നു. കോമളഗാത്രിയുടെ ഭർത്താവു് രൂപഹീനനും ആയിരിക്കും. ഉഭയകക്ഷികളും തുല്യമായിരിക്കുന്നെങ്കിൽ ക്ഷാമപീഡയും നേരിട്ടേക്കാം. എല്ലാംകൂടി ആലോചിച്ചാൽ വിധിയുടെ വി- അല്ലെങ്കിൽ കു-ചേഷ്ടിതങ്ങൾ വിചിത്രതരമാണെന്നു കാണാം.

മൂലം ൭.

ഉദ്യോഗഃ കലഹഃ കണ്ഡൂർദ്യൂതം മദ്യം പരസ്ത്രീയഃ
ആഹാരോ മൈഥുനം നിദ്രാ സേവനാത്തു വിവർദ്ധതേ.

| അന്വയം | അന്വയാർത്ഥം. |
|---|---|
| ഉദ്യോഗഃ | വ്യവസായം— സേവനവും |
| കലഹഃ | വഴക്കും |
| കണ്ഡൂഃ | ചൊറിച്ചിലും |
| ദ്യൂതം | ചൂതുകളിയും |
| മദ്യം | മദ്യപാനവും |
| പരസ്ത്രീയഃ | പരസ്ത്രീകളും |
| ആഹാരഃ | ഭക്ഷണവും |
| മൈഥുനം | സ്ത്രീസംഗവും |

| | |
|---|---|
| നിദ്രാ | ഉറക്കവും |
| സേവനാത്തു | സേവനത്താൽ |
| വിവർത്തേ | അധികമധികം വർദ്ധിക്കുന്നു. |

പരിഭാഷഃ— ഉദ്യോഗം, കലഹം, ചൊറിച്ചിൽ, ചൂതുകളി, മദ്യസേവ, പരസ്ത്രീഗമനം, ഭക്ഷണം, സ്ത്രീസംഗം, ഉറക്കം എന്നിവയിലുള്ള ആസക്തി സേവനത്തിൽ നിന്നു വർദ്ധിക്കയല്ലാതെ കുറയുന്നില്ല.

മൂലം ച

കാകഃ കൃഷ്ണഃ പികഃകൃഷ്ണഃ കോഭേദഃ പികകാകയോഃ
വസന്തകാലേ സംപ്രാപ്തേ കാകഃ കാകഃ പികഃ പികഃ

| അന്വയം. | അന്വയാർത്ഥം. |
|---|---|
| കാകഃകൃഷ്ണഃ | കാക്ക കറുത്തതാകുന്നു. |
| പികഃകൃഷ്ണഃ | കുയിലും കറുത്തതാകുന്നു. |
| പികകാകയോഃ | കാക്കയും കുയിലും തമ്മിൽ |
| കഃഭേദഃ | എന്താണു വ്യത്യാസം? |
| വസന്തകാലേസംപ്രാപ്തേ | വസന്തഋതുവിൽ |
| കാകഃകാകഃ | കാക്ക കാക്കയും |
| പികഃപികഃ | കുയിലു കുയിലുമായിരിക്കും. |

കുയിലും കാക്കയും കറുത്തിരിക്കുന്നതുകൊണ്ടു ബാഹ്യാവലോകനത്തിൽ ഇവയ്ക്കുതമ്മിൽ വലിയ ഭേദമൊന്നും കാണുന്നില്ല. എന്നാൽ വസന്തത്തിൽ കാക്കയേയും കുയിലിനെയും നിഷ്പ്രയാസം നമുക്കു തിരിച്ചറിയാം.

മൂലം ൾ.

നരത്വംദുർല്ലഭംലോകെ വിദ്യാതത്രസുദുർല്ലഭാ
കവിത്വംദുർല്ലഭംതത്രശക്തിതത്രസുദുർല്ലഭാ.

| അന്വയം. | അന്വയാർത്ഥം. |
|---|---|
| ലോകെ | ഭൂമണ്ഡലത്തിൽ |

| | |
|---|---|
| നരത്വം | മനുഷ്യജന്മം |
| ദുർല്ലഭം | താരതമ്യേനകുറഞ്ഞ ഭാഗമാകുന്നു |
| വിദ്യാ | ശാസ്ത്രജ്ഞാനം |
| തത്ര | അവിടെ—മനുഷ്യരിൽ |
| സുദുർല്ലഭാ | എത്രയും കുറഞ്ഞിരിക്കുന്ന |
| കവിത്വം | കവിതാവാസന |
| തത്രദുർല്ലഭം | അവിടെ=ഈ കുറഞ്ഞ ഭാഗത്തു തന്നെ– ദുർല്ലഭമാകുന്നു. |
| ശക്തിഃ | വാഗർത്ഥപ്രതിപത്തി |
| തത്രസുദുർല്ലഭാ | ചുരുങ്ങിയ ഭാഗത്തു അതിശയേന ദുർല്ലഭമാകുന്നു. |

പരിഭാഷ:— ഇതരാപേക്ഷയാ ലോകത്തിൽ മനുഷ്യരുടെ സംഖ്യകുറവാകുന്നു; ഈ കുറഞ്ഞ പക്ഷത്തിൽ തന്നെയും ജ്ഞാനമുള്ളവർ അധികമില്ല. ജ്ഞാനമുള്ളവരിൽപോലും കവിതാവാസനയുള്ളവർ അതിദുർല്ലഭമാകുന്നു. ഇവരിൽതന്നെ ശക്തിയുള്ളവർ സുദുർല്ലഭമാകുന്നു.

മൂലം ൧൦.

കിമപ്യസാദ്ധ്യംമഹതാംസിദ്ധിമെതിലഘീയസാം
പ്രദീപൊഭ്രമിഗേഹാന്തധ്വാന്തംഹന്തിനഭാനുമാൻ.

| അന്വയം. | അന്വയാർത്ഥം. |
|---|---|
| മഹതാം | മഹത്തുക്കൾക്കു് |
| കിമപിഅസാദ്ധ്യം | അസാദ്ധ്യമായിട്ടുള്ളതുപോലും |
| ലഘീയസാം | നിസ്സാരന്മാക്കു |
| സിദ്ധിം | സാദ്ധ്യമായി |
| ഏതി | തീരുന്നു. |
| പ്രദീപഃ | വിളക്കു് |
| ഭ്രമിഗേഹാന്തധ്വാന്തം | നിലഅറയിലുള്ള ഇരുട്ടിനെ |
| ഹന്തി | നശിപ്പിക്കുന്നു |
| നഭാനുമാൻ | സൂര്യൻ നശിപ്പിക്കുന്നില്ല |

പരിഭാഷ:— പ്രബലന്മാക്ക് സാദ്ധ്യമല്ലാത്ത കാ
യ്യങ്ങളും നിസ്സാരന്മാക്ക് സാദ്ധ്യമായിതീരുന്നുണ്ട്. നില
അറയിലുള്ള അന്ധകാരത്തെ സൂര്യൻ നീക്കുന്നില്ല. എ
ന്നാൽ വിളക്ക് അതിനെ നിഷ്പ്രയാസം നീക്കികളയുന്നു.

മൂലം ൧൭.

യയൊരെവസമംവിത്തംയയൊരെവസമംകുലം
തയൊർമ്മൈത്രിവിവാഹശ്ച നതുപുഷ്ടവിപുഷ്ടയൊഃ

| അന്വയം. | അന്വയാർത്ഥം. |
|---|---|
| യയൊഃഏവ | ഏതുരണ്ടുകക്ഷികൾക്ക് |
| സമംവിത്തം | തുല്യമായ സമ്പത്തും |
| യയൊഃഏവ | ഏതുരണ്ടുകക്ഷികൾക്ക് |
| സമംകുലം | തുല്യമായ കുലവും ഉണ്ടൊ |
| തയൊഃ | ആ കക്ഷികൾക്ക തമ്മിൽ |
| മൈത്രി | സ്നേഹവും |
| വിവാഹഃച | വിവാഹവും ഉണ്ടായിരിക്കും. |
| പുഷ്ടവിപുഷ്ടയൊഃതു | ഉൽകൃഷ്ടനികൃഷ്ടന്മാക്കുതമ്മിൽ |
| ന | വിവാഹവും ഉണ്ടാകുന്നില്ല. |
| | മൈത്രിയും |

പരിഭാഷ:— സംപത്തുകൊണ്ടും കുലംകൊണ്ടും
തുല്യരായിരിക്കുന്നവരാരൊ അവർ തങ്ങളിൽ വിവാഹ
വും മൈത്രിയും ഉണ്ടാകുന്നു. എന്നാൽ സമമല്ലാത്തവർ
തമ്മിൽ ഇതു രണ്ടും ഉണ്ടാകുന്നില്ല.

മൂലം. ൧൮.

സൌവർണ്ണാനി സരൊജാനിനിർമ്മാതും സന്തിശില്പിനഃ
തത്രസൌരഭനിർമ്മാണെ ചതുരശ്ചതുരാനനഃ

| അന്വയം. | അന്വയാർത്ഥം. |
|---|---|
| സൌവർണ്ണാനി | സ്വർണ്ണനിറമുള്ള |
| സരൊജാനി | താമരപൂക്കളെ |

| | |
|---|---|
| നിർമ്മാതും | പണിതുണ്ടാക്കുവാൻ. |
| ശില്പിനഃ | പണിക്കാർ |
| സന്തി | ഉണ്ടു |
| തത്ര | അതിൽ |
| സൌരഭനിർമ്മാണെ | സുഗന്ധമുണ്ടാക്കുന്നകാര്യത്തിൽ |
| ചതുരഃ | സമർത്ഥനായിട്ടുള്ളവൻ |
| ചതുരാനനഃ | ബ്രഹ്മാവുതന്നെ ആകുന്നു. |

പരിഭാഷ–ഃ സ്വർണ്ണവർണ്ണത്തിലുള്ള താമരപുഷ്പങ്ങളെ ഉണ്ടാക്കുവാൻ സാമർത്ഥ്യമുള്ള പണിക്കാർ പലരുമുണ്ടു്. എന്നാൽ ഇവയിൽ സൌരഭ്യം ജനിപ്പിക്കുന്നതിനു സ്രഷ്ടാവിനുമാത്രമെ സാധിക്കയുള്ളു.

മൂലം ക്ഷ.

ഉപാർജ്ജിതാനാം വിത്താനാംത്യാഗഏവഹിരക്ഷണം
തടാകോദരസംസ്ഥാനാംപരിവാഹാഇവാംഭസാം.

അന്വയാ. അന്വയാർത്ഥം.

| | |
|---|---|
| ഉപാർജ്ജിതാനാം | ആർജ്ജിക്കപ്പെട്ട |
| വിത്താനാം | സംപത്തുകളുടെ |
| രക്ഷണം | സംരക്ഷണം |
| ത്യാഗഃഏവഹി | ധർമ്മംതന്നെ ആകുന്നു. |
| തടാകോദരസംസ്ഥാനാം | കുളത്തിൽ കെട്ടിനില്ക്കുന്ന |
| അംഭസാം | വെള്ളങ്ങൾക്കു് |
| പരിവാഹാഃഇവ | ഓവെന്നതുപോലെ. |

പരിഭാഷഃ– തടാകത്തിൽ കെട്ടിനില്ക്കുന്ന വെള്ളങ്ങൾക്കു് ഓവെന്നവണ്ണം സംപാദിക്കപ്പെട്ടിട്ടുള്ള ധനത്തിന്റെ സംരക്ഷണവും ദാനധർമ്മാദികളാകുന്നു.

മൂലം ക്രമ.

ആരംഭഗ്രഹ്വീക്ഷയിണിക്രമേണ
ലഘ്വിപൂരോവൃദ്ധിമതീചപശ്ചാൽ
ദിനസ്യപൂർവ്വാർദ്ധപരാർദ്ധഭിന്നാ
ഛായേവമൈത്രീ ഖലസജ്ജനാനാം.

| അന്വയം. | അന്വയാർത്ഥം |
|---|---|
| ദിനസ്യ | പകലിന്റെ |
| ഛായാ | നിഴൽ |
| പൂർവ്വാർദ്ധപരാർദ്ധ- | ഉച്ചയ്ക്കു മുമ്പും പിമ്പും ഭിന്നമായി |
| ഭിന്നാഇവ | രിക്കുന്നതുപോലെ |
| ഖലസജ്ജനാനാം | ദുർജ്ജനസജ്ജനങ്ങളുടെ |
| മൈത്രി | സ്നേഹവും |
| ആരംഭഗ്രഹ്വീ | ആദ്യത്തിൽ വലുതായിരുന്നിട്ട |
| ക്ഷയിണീക്രമേണ | ക്രമത്തിൽ കുറഞ്ഞുപോകുന്നു. |
| പുരഃലഘ്വീച. | ആരംഭത്തിൽ ചെറുതായിരുന്നിട്ട |
| പശ്ചാൽവൃദ്ധിമതീ | പിന്നെ വലുതായുംതീരുന്നു. |

പരിഭാഷ:— പകൽസമയത്തു കാണുന്ന ഛായ ഉച്ചയ്ക്കു മുമ്പും പിമ്പും വ്യത്യസ്ഥമായിക്കാണുന്നതുപോലെ ദുർജ്ജനങ്ങളുടെ മൈത്രി ആദ്യം വലുതായിരുന്നിട്ട ക്രമത്തിൽ കുറഞ്ഞുപോകയും സജ്ജനങ്ങളുടെ മൈത്രി തുടക്കത്തിൽ ചെറുതായിരുന്നിട്ട പിന്നെ വലുതായിത്തീരുകയും ചെയ്യുന്നു.

മൂലം ക്രമ.

ശ്രുനഃപുരമിവാവ്യർത്ഥം ജിവിതം വിദ്യയാവിനാ
നഗ്രഹ്യഗോപനേശക്തം ന ചദംശനിവാരണേ

| അന്വയം. | അന്വയാർത്ഥം. |
|---|---|
| നഗ്രഹ്യഗോപനേച | ഗ്രഹ്യത്തെ ഗോപനംചെയ്യുന്നതിനും |

| | |
|---|---|
| ദംശനിവാരണേച | കടിക്കുന്ന ഈച്ചയെ തടയുന്നതിനും |
| നശകതം | അപയുക്തമായിരിക്കുന്ന |
| ശുനഃപുച്ഛം ഇവ | പട്ടിയുടെ വാലുപോലെ |
| വിദ്യയാവിനാ | പാണ്ഡിത്യംകൂടാതെയുള്ള |
| ജീവിതം | ജീവകാലം– ആയുഷ്കാലം |
| വ്യർത്ഥം | നിരർത്ഥകമാകുന്നു. |

പരിഭാഷ:– ഗൃഹസ്ഥലങ്ങളെ മറയ്ക്കുന്നതിനും കടിക്കുന്ന ഈച്ചകളേയുംമറ്റും തടയുന്നതിനും ഉപയുക്തമല്ലാത്ത പട്ടിയുടെ വാലുപോലെ വിദ്യ ഇല്ലാത്തവന്റെ ജീവിതം വ്യർത്ഥമാകുന്നു.

മൂലം ൬൩.

മാതേവരക്ഷതിപിതേവഹിതെനിയുങ്ക്തെ
കാന്തേവചാപിരമയത്യപനീയഖേദം
ലക്ഷ്മിംതനോതിവിതനോതിചദിക്ഷുകീർത്തിം
കിംകിണസാധയതികല്പലതെവവിദ്യാ.

| അനവയം. | അനവയാർത്ഥം. |
|---|---|
| മാതാഇവ | മാതാവിനെപോലെ |
| രക്ഷതി | രക്ഷിക്കുന്നു. |
| പിതാ ഇവ | പിതാവിനെപോലെ |
| ഹിതെ നിയുങ്ക്തെ | കർത്തവ്യകർമ്മത്തിൽ നിയമിക്കുന്നു. |
| കാന്താ ഇവ | ഭാര്യയെപ്പോലെ |
| ഖേദം അപനീയ | ആർത്തി തീർത്തിട്ട |
| രമയതി | സന്തോഷിപ്പിക്കുന്നു. |
| ലക്ഷ്മിം തനോതി | ധനത്തെ സമ്പാദിക്കുന്നു. |
| ദിക്ഷു | ദിഗന്തരങ്ങളിൽ |
| കീർത്തിം | കീർത്തിയെ |
| വിതനോതിച | പരത്തുകയും ചെയ്യുന്നു. |
| കല്പലതാ ഇവ | കല്പവല്ലിപോലെ |

| | |
|---|---|
| കിം കിം | എന്തെന്നിനെ |
| വിദ്യാ | പാണ്ഡിത്യം |
| നസാധയതി | സാധിപ്പിക്കുന്നില്ല. |

പരിഭാഷ:— വിദ്യ മാതാവിനെപ്പോലെ രക്ഷിക്കയും പിതാവിനെപ്പോലെ ഇതികർത്തവ്യതയിൽ നിയോഗിക്കയും കാന്തയെപ്പോലെ ആത്തിതീർത്തു രമിപ്പിക്കയും സംപത്തു വർദ്ധിപ്പിക്കയും ദിഗന്തരങ്ങളിൽ കീർത്തിയെ പരത്തുകയും ചെയ്യുന്നു. കല്പവല്ലിപോലെ വിദ്യ എന്തിനെ സാധിപ്പിക്കുന്നില്ല.

മൂലം ക്ഷ.

കവയഃപരിതുഷ്യന്തിനെതരെകവിസൂക്തിഭിഃ
നഹ്യകൂപാരവൽ കൂപാവർദ്ധന്തെവിധു കാന്തിഭിഃ

| അന്വയം. | അന്വയാർത്ഥം. |
|---|---|
| കവയഃ | കവികൾ. |
| കവിസൂക്തിഭിഃ | കവിവചനങ്ങൾകൊണ്ടു |
| പരിതുഷ്യന്തി | സന്തോഷിക്കുന്നു |
| നഇതരെ | അന്യന്മാർ അതുയും സന്തോഷിക്കുന്നില്ല. |
| അകൂപാരവൽ | സമുദ്രംപോലെ |
| കൂപാഃ | കിണറുകൾ |
| വിധുഃ കാന്തിഭിഃ | ചന്ദ്രോദയംകൊണ്ടു |
| നഹി വർദ്ധന്തെ | വർദ്ധിക്കുന്നില്ല. |

പരിഭാഷ:— കവി സൂക്തികൾകൊണ്ടു കവികൾ സന്തോഷിക്കുന്നെടത്തോളം ഇതരജനങ്ങൾ സന്തോഷിക്കുന്നില്ല. ചന്ദ്രോദയത്തിൽ സമുദ്രത്തിൽ ഏറ്റമുണ്ടാകുന്നതുപോലെ കിണറുകളിൽ ഏറ്റമുണ്ടാകുന്നില്ല.

മൂലം ക്വ.

കവിഃ കരോതി വത്സ്യാനി ലാളയന്ത്യുത്തമൊ ജനഃ
തരുപ്രസൂതെ പുഷ്പാണി മരുദ്വഹതി സൌരഭം

| അനുപദം | അനുപദാർത്ഥം |
|---|---|
| കവിഃ | കവി |
| പദ്യാനി | കവിതകൾ |
| കരോതി | നിർമ്മിക്കുന്നു |
| ഉത്തമഃ ജനഃ | ഉത്തമജനങ്ങൾ |
| ലാളയന്തി | ലാളിക്കുന്നു |
| തരുഃ പുഷ്പാണി | വൃക്ഷം പുഷ്പങ്ങളെ |
| പ്രസൂതേ | പുറപ്പെടുവിക്കുന്നു |
| മരുൽ | കാറ്റ് |
| സൌരഭം വഹതി | സൌരഭ്യത്തെ ദിക്കിലെല്ലാം പ |
| | രത്തുന്നു. |

പരിഭാഷ—: കവി കാവ്യമെഴുതുന്നു. പണ്ഡിത
ന്മാർ അതിനെ അഭിനന്ദിക്കുന്നു. വൃക്ഷലതാദികൾ പു
ഷ്പങ്ങളെ പുറപ്പെടുവിക്കുന്നു. ഗന്ധവാഹൻ സൌരഭ്യ
ത്തെ സർവ്വത്ര വ്യാപിപ്പിക്കുന്നു.

മൂലം ഫൻ.

കവിഃകരോതി പദ്യാനീ സ്വാദുജാനന്തീപണ്ഡിതാഃ:
സുന്ദര്യാഃഅപിലാവണ്യം പതിർജാനാതിനോപിതാഃ

| അനുപദം | അനുപദാർത്ഥം |
|---|---|
| കവിഃ | കവി |
| പദ്യാനിഃ | ശ്ലോകങ്ങളെ |
| കരോതി | നിർമ്മിക്കുന്നു. |
| പണ്ഡിതാഃ: | പണ്ഡിതന്മാർ |
| സ്വാദു | ചമൽകാരത്തെ |
| ജാനന്തി | അറിയുന്നു. |
| പതിഃഅപി | ഭർത്താവുതന്നെ |
| സുന്ദര്യാഃ | സുന്ദരിയുടെ. |
| ലാവണ്യം | ഗുണപൌഷ്കല്യത്തെ |
| ജാനാതി | അനുഭവിക്കുന്നില്ല. |

നഃഉഃപിതാ പിതാവു അറിയുന്നില്ലല്ലൊ.

പരിഭാഷഃ— കവി പദ്യനിർമ്മാണം ചെയ്യുന്നു. പണ്ഡിതന്മാർ ചമൽകാരത്തെ ആസ്വദിക്കുന്നു. സുന്ദരിയുടെ ലാവണ്യത്തെ ഭർത്താവു അനുഭവിക്കുന്നു. പിതാവു അറിയുന്നുണ്ടൊ?

മൂലം ൨൦

ലൌകികാനാന്തു സാധൂനാമർത്ഥം വാഗനുവർത്തതെ
ഋഷിണാം പുനരാദ്യാണം വാച മർത്ഥോനുധാവതി

അനുപദം. അനുപദാർത്ഥം.

ലൌകികാ നാം ലൌകികന്മാരുടെയും
സാധൂനാം വാക് തു സാധുക്കളുടെയും വാക്കാകട്ടെ
അർത്ഥം അനുവർത്തതെ അർത്ഥത്തെ അനുവർത്തിക്കുന്നു
ഋഷിണാം ഋഷികളുടേയും
ആദ്യാണാം വാചം ആദ്യന്മാരുടെ വാക്കിനെ
അർത്ഥം അനുധാവതി അർത്ഥം അനുധാവനം ചെയ്യുന്നു

പരിഭാഷഃ— ലൌകികന്മാക്കും ജനസാമാന്യത്തിനും അർത്ഥാനുരൂപമായിട്ടു വാക്ക് ജനിക്കുന്നു. ഋഷികളുടെയും ആദ്യന്മാരുടെയും വാക്കിനെ അർത്ഥം അനുധാവനം ചെയ്യുന്നു.

മൂലം ൨൧

സാഹിത്യ പാഥൊനിധി മന്ഥനോത്ഥം
കാവ്യാമൃതം രക്ഷത ഹെ കവീന്ദ്ര
യത്തസ്യ ദൈത്യാ ഇവലുണ്ഡനായ
കാവ്യാർത്ഥ ചോരാഃ പ്രഭവന്തി ഭവന്തി

അനുപദം. അനുപദാർത്ഥം.

സാഹിത്യപാഥൊനി ധി മന്ഥനോത്ഥം — സാഹിത്യസാഗര മഥനോത്ഭൂതമായിരിക്കുന്ന
കാവ്യാമൃതം കവിതാപീയൂഷത്തെ

| | |
|---|---|
| ഹെ കവീന്ദ്ര | അല്ലയോ കവീന്ദ്ര! |
| രക്ഷത | സംരക്ഷിച്ചാലും |
| യൽ | എന്തുകൊണ്ടെന്നാൽ |
| ദൈത്യാഇവ | അസുരന്മാരെപോലെ |
| തസ്യലുണ്ടനായ | അതിൻെറ മോഷണത്തിനായിട്ട |
| കാവ്യാത്ഥ ചോരാഃ | ശ്ലോകാത്ഥ തസ്കരന്മാർ |
| പ്രഭ്രണീ ഭവന്തി | വളരെ അധികമുണ്ടായിരിക്കുന്നു. |

പരിഭാഷഃ– സാഹിത്യപാഥോനിധി മന്ഥനൊത്ഥമായിരിക്കുന്ന കാവ്യാമൃതത്തെ അല്ലയോ കവീന്ദ്ര രക്ഷിച്ചാലും! അസുരന്മാരെപ്പോലെ ഇതിനെ മോഷ്ടിക്കുന്നതിനായിട്ട കാവ്യാത്ഥ ചോരന്മാർ വളരെ അധികമുണ്ട്.

മൂലം ൨൨.

യത്രവിദ്വജ്ജനൊനാസ്തി ശ്ലാഘ്യസ്തത്രാല്പധീരപി
നിരസ്തപാദപെദെശെ എരണ്ടൊപിദ്രുമായതെ.

| അന്വയം. | അന്വയാത്ഥം. |
|---|---|
| യത്ര | എവിടെ |
| വിദ്വജ്ജനഃ | പണ്ഡിതജനം |
| ന. അസ്തി | ഇല്ലാതിരിക്കുന്നുവൊ |
| തത്ര | അവിടെ |
| അല്പധിഃഅപി | സ്വല്പജ്ഞൻതന്നെയും |
| ശ്ലാഘ്യഃ | പൂജ്യനാകുന്നു. |
| നിരസ്തപാദപെദേശെ | വൃക്ഷമില്ലാത്തദേശത്തു |
| എരണ്ണഃ അപി | ആവണക്കുതന്നെയും |
| ദ്രുമായതെ | മരമാകുന്നു. |

പരിഭാഷഃ– പണ്ഡിതന്മാർ ഇല്ലാത്ത സ്ഥലത്തു അല്പജ്ഞന്മാർപോലും പൂജ്യന്മാരാകുന്നു. വൃക്ഷമില്ലാത്തടിക്കിൽ ആവണക്ക് മരമാകുന്നു.

മൂലം ൨൩.

പ്രാജ്ഞോപി ജല്പതാംപുംസാം ശ്രുത്വാ വാചഃ ശുഭാശുഭാഃ
ഗൃണവദ്വാക്യമാദത്തേ ഹംസഃ ക്ഷീരമിവാംഭസഃ

| അന്വയം | അന്വയാർത്ഥം |
|---|---|
| ഹംസഃ | അരയന്നം |
| അംഭസഃ | വെള്ളത്തിൽനിന്നു |
| ക്ഷീരം ഇവ | പാലിനെ എന്നപോലെ |
| പ്രാജ്ഞഃ അപി | വിശേഷജ്ഞൻ |
| ജല്പതാംപുംസാം | സംസാരിക്കുന്ന മനുഷ്യരുടെ |
| ശുഭാശുഭാഃ വാചഃ | സത്തും അസത്തുമായ വചനങ്ങ |
| ശ്രുത്വാ | കേട്ടിട്ട (ളെ |
| ഗൃണവദ്വാക്യം | സദ്വചനത്തെ |
| ആദത്തേ | സ്വീകരിക്കുന്നു |

പരിഭാഷ:— അരയന്നം വെള്ളത്തിൽ നിന്നു പാലെന്നപോലെ വിശേഷജ്ഞാനമുള്ളവൻ ശുഭാശുഭ വാക്കുകളെ കേട്ടിട്ടു ശുഭമായിട്ടുള്ളതിനെതന്നെ സ്വീകരിക്കുന്നു.

മൂലം ൨൪

അർത്ഥാപഹാരകൌശല്യം കിംസൂമഃ ശാസ്ത്രവംദിനാം
അവ്യയെഭ്യോപി യെ ചാർത്ഥാൻ നിഷ്കൃഷ്ന്തി സഹസ്രശഃ

| അന്വയം | അന്വയാർത്ഥം |
|---|---|
| യെ | യാവചിലർ |
| അവ്യയെഭ്യഃ അപി | അവ്യയങ്ങളിൽനിന്നുപോലും |
| അർത്ഥാൻ | അർത്ഥങ്ങളെ |
| സഹസ്രശഃ നിഷ്കൃഷ്ന്തി | ആയിരകണക്കായിട്ടു ആവശ്യ |
| (തെഷാം) | പ്പെടുന്നൊ |
| ശാസ്ത്രവാദി നാം | ആ ശാസ്ത്രവാദികളുടെ |
| അർത്ഥാപഹാര | അർത്ഥസമ്പാദനസൂത്രത്തെ. |
| കൌശല്യം | |

കിംസ്തുമഃ എങ്ങിനെ നാം പ്രശംസിക്കും.

പരിഭാഷഃ- ച- തു- ഹി- ഇത്യാദികളായി വിഭക്ത്യാ ഭൌഭേദമെന്യെ നില്ക്കുന്ന അവ്യയങ്ങളിൽ നിന്നുപോലും നിഷ്കഷ്ടിച്ചു ആയിരകണക്കിനു അർത്ഥമുണ്ടാക്കുന്നവരായ ശാസ്ത്രജ്ഞന്മാരുടെ അർത്ഥാപഹരണകൌശലത്തെ നാം എങ്ങിനെ പ്രശംസിക്കും.

അവ്യയെഭ്യഃ വലിയ ലുബ്ധന്മാരിൽനിന്നുപോലും ആയിരകണക്കിനു ധനാർജ്ജവം ചെയ്യുന്ന വിദ്വാന്മാരുടെ കൌശലത്തെ നാമെത്രതന്നെ പ്രശംസിച്ചാലും മതിയാവുക ഇല്ല.

മൂലം ൨൪.

വയൊവൃദ്ധാസുപൊവൃദ്ധായെചവൃദ്ധാബഹ്വശ്രുതാഃ
സവ്വെതെധനവൃദ്ധാനാംദ്വാരിതിഷ്ടന്തീകിംകരാഃ

| അന്വയം. | അന്വയാർത്ഥം. |
|---|---|
| യെ | യാവചിലർ |
| വയൊവൃദ്ധാഃ | വയൊവൃദ്ധന്മാരായിട്ടും |
| തപൊവൃദ്ധഃ | തപൊവൃദ്ധന്മാരായിട്ടും |
| വൃദ്ധഃ ച | വൃദ്ധന്മാരായിട്ടും |
| ബഹ്വശ്രുതാഃ | വളരെ കീർത്തിപെട്ടവരാകുന്നു |
| തെ സവ്വെ | അവരെല്ലാവരും |
| ധനവൃദ്ധാനാംദ്വാരി | ധനവൃദ്ധന്മാരുടെ പടിക്കൽ |
| കിംകരാഃ | കിംകരന്മാരായിട്ട |
| തിഷ്ഠന്തി | കാത്തുനില്ക്കുന്നു. |

പരിഭാഷഃ- വയൊവൃദ്ധന്മാരും തപൊവൃദ്ധന്മാരും ഇതരവൃദ്ധന്മാരും വളരെ കീർത്തിപെട്ടവരായിരുന്നാലും ഈ വൃദ്ധന്മാരെല്ലാം ധനവൃദ്ധന്റെ പടിക്കൽ കിംകരന്മാരായി കാത്തുനില്ക്കുന്നു.

മൂലം ൨൯.

ഇഭതുരഗശതൈഃ പ്രയാന്തുമൂഢാഃ
ധനരഹിതാവിബുധാഃ പ്രയാന്തുപദ്ഭ്യാം
ഗിരിശിഖരഗതാപികാകപക്തിഃ
പുളിനഗതൈർന സമാഹിരാജഹംസൈഃ

| അന്വയം. | അന്വയാർത്ഥം. |
|---|---|
| മൂഢാഃ | അപണ്ഡിതന്മാർ |
| ഇഭതുരഗശതൈഃ | നൂറ് ആനകുതിരകളോടുകൂടി |
| പ്രയാന്തു | യാത്രകഴിക്കയും |
| ധനരഹിതാഃ | നിർധനന്മാരായ |
| വിബുധാഃ | പണ്ഡിതന്മാർ |
| പദ്ഭ്യാം | കാല്കൊണ്ടു |
| പ്രയാന്തു | യാത്രകഴിക്കയും ചെയ്യുന്നു |
| ഗിരിശിഖരഗതാ അപി | പർവതാഗ്രത്തെ പ്രാപിച്ചതായാലും. |
| കാകപക്തിഃ | കാകസമൂഹം |
| പുളിനഗതൈഃ | ആറ്റുമണലിൽ ഇരിക്കുന്ന |
| രാജഹംസൈഃ | അരയന്നങ്ങളോട് |
| നഹി സമാ | സമമാകുന്നില്ല. |

പരിഭാഷ:— അപണ്ഡിതന്മാർ ആനകുതിരകളെ ഉപയോഗിച്ചു യാത്ര കഴിക്കയും ധനമില്ലാത്തവരായ പണ്ഡിതന്മാർ കാൽനടയായി യാത്രകഴിക്കയും ചെയ്യുന്നതായിരിക്കാം. ഗിരിശിഖരത്തിൽ ഇരിക്കുന്ന കാക്കകൂട്ടം നദിപുളിനത്തിൽ ഇരിക്കുന്ന അരയന്നങ്ങളോട് സമമാകുന്നില്ല.

മൂലം ൨൭.

യസ്യ നാസ്തിസ്വയം പ്രജ്ഞാ ശാസ്ത്രംതസ്യകരോതിക്ഷിം
ലൊചനാഭ്യാംവിഹീനസ്യ ദർപ്പണഃ കിംകരിഷ്യതി.

| അന്വയം | അന്വയാർത്ഥം. |
|---|---|
| യസ്യ | യാതൊരുവന്നു |

| | |
|---|---|
| പ്രജ്ഞാ | ബുദ്ധി (ന്നോ |
| സ്വയം നാസ്തി | ജന്മവാസനയായി ഇല്ലാതിരിക്ക |
| ശാസ്ത്രം തസ്യ | വിദ്യാഭ്യാസം അവന്ന |
| കിംകരോതി | എന്ത ചെയ്യുന്ന |
| ദുഷ്ടഃ | കണ്ണാടി |
| ലൊചനാഭ്യാം വിഹീ | |
| നസ്യ | കണ്ണരണ്ടുമില്ലാത്തവന്ന |
| കിംകരിഷ്യതി | എന്തുചെയ്യും. |

പരിഭാഷ:— പ്രകൃത്യാതന്നെ ബുദ്ധിയില്ലാത്തവന്ന വിദ്യാഭ്യാസംകൊണ്ട എന്ത പ്രയോജനം! കണ്ണരണ്ടുമില്ലാത്തവന കണ്ണാടികൊണ്ട എന്തഫലം?

മൂലം ൨൧

മൂർഖചിഹ്നാനിഷദ്ധിതി ഗർവ്വോ ദുർവ്വചനം മുഖെ
വിരോധി വിഷവാദീച കൃത്യാകൃത്യം നമന്യതെ.

| അന്വയം. | അന്വയാർത്ഥം. |
|---|---|
| ഗർവ്വഃ | അഹങ്കാരം |
| മുഖെ ദുർവ്വചനം | വായിൽ അസഭ്യവാക്ക് |
| വിരോധീ | വിരോധി ആയിരിക്ക |
| വിഷവാദീ | ആക്ഷേപം പറയുക |
| കൃത്യാകൃത്യം ച | ധർമ്മാധർമ്മങ്ങളെ |
| നമന്യതെ | വിചാരിക്കാതിരിക്കുക |
| ഇതിമൂഖ ചിഹ്നാ– | |
| നിഷർം | ഇങ്ങിനെ മൂഢന്റെ ലക്ഷണങ്ങ– |
| | ർം ആവു. |

പരിഭാഷ:— അഹങ്കാരം, ദുർഭാഷണം, വിരോധഭാവം, കുതർക്കം, കൃത്യാകൃത്യവിമൂഢത, എന്നിങ്ങനെ മൂർഖന്റെ ലക്ഷണങ്ങർം ആറെണ്ണമാകുന്ന.

മൂലം ൨൯.

മൂർഖോപിജല്പതാം പുംസാം ശ്രുത്വാവാചഃ ശുഭാശുഭാഃ
അശുഭംവാക്യമാദത്തെ പുരിഷമിവ സൂകരഃ

| അന്വയം. | അന്വയാർത്ഥം. |
|---|---|
| അപിമൂർഖഃ | പ്രായേണെ മൂർഖൻ |
| ജല്പതാംപുംസാം | സംസാരിക്കുന്ന മനുഷ്യരുടെ |
| ശുഭാശുഭാഃ വാചഃ | ശുഭാശുഭമായിരിക്കുന്നവാക്കുകളെ |
| ശ്രുത്വാ | കേട്ടിട്ട് |
| സൂകരഃ;പുരിഷം ഇവ | പന്നികൾം മലത്തെ എന്നപോലെ |
| അശുഭം വാക്യം | അശുഭമായ വാക്കിനെ |
| ആദത്തെ | സ്വീകരിക്കുന്നു. |

പരിഭാഷ:- ചിലമ്മാർ സംസാരിക്കുന്നവരുടെ ശുഭാശുഭ വാക്കുകളെ കേട്ടിട്ട്, പന്നികൾം അമേധ്യത്തെ എന്നപോലെ അശുഭമായിട്ടുള്ള വാക്കിനെ സ്വീകരിക്കുന്നു.

മൂലം ൩൦

മദോപശമനം ശാസ്ത്രം ചിലാനാം കുരുതെമദം
ചക്ഷുപ്രകാശകം തെജസുലൂകാനാമിവാന്ധതാം.

| അന്വയം. | അന്വയാർത്ഥം |
|---|---|
| മദോപശമനം | അഹംമതിയെ നശിപ്പിക്കുന്ന |
| ശാസ്ത്രം | ജ്ഞാനം |
| ചിലാനാംമദം | ദുർജ്ജനങ്ങൾക്ക് അഹംഭാവത്തെ |
| കുരുതെ | ഉണ്ടാക്കുന്നു |
| ചക്ഷുപ്രകാശകം | കണ്ണിനെ പ്രകാശിപ്പിക്കുന്നതായ |
| തെജഃ | ശോഭ |
| ഉലൂകാനാം | മൂങ്ങാകൾക്ക് |
| അന്ധതാം ഇവ | അന്ധകാരത്തെ എന്നപോലെ |

പരിഭാഷ:- ചക്ഷുപ്രകാശകമായിരിക്കുന്ന തേ ജസ്സു മൂങ്ങാകൾക്കു അന്ധകാരത്തെ ഉണ്ടാക്കുന്നതുപോ

ലെ അവിദ്യയെ നിഷ്കാസനം ചെയ്യുന്ന ശാസ്ത്രജ്ഞാനം ഖലന്മാക്ക് അഹംമതിയെ ജനിപ്പിക്കുന്നു.

മൂലം ൫൬

ജ്ഞാനവിദ്യാവിഹീനസ്യ വിദ്യാജാലം നിരർത്ഥകം
കണ്ഠസൂത്രം വിനാ നാരീഹ്യനേകാഭരണൈരിവ.

| അന്വയം | അന്വയാർത്ഥം. |
|---|---|
| ജ്ഞാനവിദ്യാവിഹീനസ്യ | അക്ഷരവിദ്യ ഇല്ലാത്തവന്റെ |
| വിദ്യാജാലം | ഇതരവിദ്യകളെല്ലാം |
| നിരർത്ഥകം | നിഷ്പ്രയോജനമാകുന്നു |
| കണ്ഠസൂത്രം വിനാ | വരസൂത്രമില്ലാതെ |
| അനേകാഭരണൈഃ | വിവിധാഭരണങ്ങളോട് |
| യുതാ നാരീ (ഇവ) | കൂടിയിരിക്കുന്നസ്ത്രീ എന്നപോലെ |
| പരിഭാഷഃ— | കണ്ഠസൂത്രമില്ലാതിരിക്കുന്ന സ്ത്രീക്ക് |

ഇതരാഭരണങ്ങൾ എന്നപോലെ അക്ഷരവിദ്യ ഇല്ലാത്തവന്റെ ഇതരവിദ്യകളെല്ലാം നിരർത്ഥകമാകുന്നു.

## അദ്ധ്യായം ൪.

മൂലം ൫൭

അജ്ഞഃ സുഖമാരാധ്യഃ സുഖതരമാരാധ്യതേ വിശേഷജ്ഞഃ
ജ്ഞാനലവദുർവ്വിദഗ്ധം ബ്രഹ്മാപിനരം നരഞ്ജയതി

| അന്വയം. | അന്വയാർത്ഥം. |
|---|---|
| അജ്ഞഃസുഖം | അറിവില്ലാത്തവൻ നിഷ്പ്രയാസം (ന്നു |
| ആരാധ്യഃ | സംമതിപ്പിക്കപ്പെടത്തക്കവനാകു |

| | |
|---|---|
| വിശേഷജ്ഞഃ | വിശേഷ അറിവുള്ളവൻ |
| സുഖതരം | ഏറ്റം എളുപ്പത്തിൽ |
| ആരാധ്യതെ | സംമതിപ്പിക്കപ്പെടുന്നു |
| ജ്ഞാനലവദുർവ്വീ | അല്പജ്ഞാനംകൊണ്ടു ദുസ്സാമ |
| ദഗ്ധം | ത്ഥ്യമുള്ള |
| നരം | മനുഷ്യനെ |
| ബ്രഹ്മാ അപി | ബ്രഹ്മാവുതന്നെയും |
| ന രഞ്ജയതി | രഞ്ജിപ്പിക്കുന്നില്ല |

പരിഭാഷഃ- അറിവു കുറഞ്ഞവനെ എളുപ്പത്തിൽ സംമതിപ്പിക്കാം. നല്ല അറിവുള്ളവൻ ഏറ്റം എളുപ്പത്തിൽ സംമതിക്കപ്പെടുന്നു. കുറഞ്ഞ അറിവുകൊണ്ടു അഹംമതിയുള്ള മനുഷ്യനെ ബ്രഹ്മാവു തന്നെയും രഞ്ജിപ്പിക്കുന്നില്ല.

മൂലം ൨.

(ഹിനഃ

സാഹിത്യസംഗീതകലാവിഹീനഃസാക്ഷാൽപശുഃപുച്ഛവിഷാണ-
തൃണംനഖാദന്നവിജീവമാനോ തൽഭാഗധേയം പരമംപശൂനാം.

അന്വയം. അന്വയാർത്ഥം.

| | |
|---|---|
| സാഹിത്യസംഗീത കലാ- | |
| വിഹീനഃ | സാഹിത്യസംഗീതവിദ്യകൾ അ- |
| | ഭ്യസിച്ചിട്ടില്ലാത്തവൻ |
| പുച്ഛവിഷാണഹിനഃ | കൊമ്പുംവാലുമില്ലാത്ത |
| സാക്ഷാൽപശുഃ | സാക്ഷാൽ പശുവാകുന്നു. |
| ജീവമാനഃ | ജീവിക്കുന്നവനായിട്ട |
| തൃണംനഖാദൻ അപി | പുല്ലുതിന്നുന്നില്ലെങ്കിലും |
| തൽഭാഗധേയം | അവന്റെ ഭാഗ്യം |
| പശൂനാം | മൃഗങ്ങൾക്കു |
| പരമം | ചേന്നതാകുന്നു. |

പരിഭാഷഃ— സാഹിത്യവും സംഗീതവും അഭ്യ

സിച്ചിട്ടില്ലാത്തവൻ വസ്തുതഃ കൊമ്പും വാലുമില്ലാത്ത ഒരു മൃഗമാകുന്നു. ജീവസംധാരണത്തിനായിട്ടു പുല്ലു തിന്നുന്നില്ലെങ്കിലും അവന്റെ ഭാഗ്യം പശുക്കൾക്ക് ഉള്ളതിൽ നിന്നും അധികം വ്യത്യസ്ഥമല്ല.

മൂലം ൩.

(നധമ്മ

യെഷാം നവിദ്യാ നതപോനദാനംജ്ഞാനംനശീലംനഗുണോ-
തെമർത്ത്യലോകേ ഭുവിഭാരഭൂതാ മനുഷ്യരൂപേണ മൃഗാശ്ചരന്തി.

| അന്വയം. | അന്വയാർത്ഥം. |
|---|---|
| യെഷാം | ആർക്ക് |
| നവിദ്യാ | ശാസ്ത്രജ്ഞാനം ഇല്ല |
| ന തപഃ | തപസ്സും ഇല്ല |
| ന ദാനം | ദാനവും ഇല്ല |
| ന ജ്ഞാനം | ജ്ഞാനവും ഇല്ല |
| ന ശീലം | സുശീലവും ഇല്ല |
| ന ഗുണഃ | ഗുണവും ഇല്ല |
| ന ധമ്മ | ധമ്മവും ഇല്ല |
| തെമർത്ത്യലോകേ | അവർ മനുഷ്യസമൂഹത്തിൽ |
| ഭുവിഭാരഭൂതാഃ | ഭൂമിയിൽ ഭാരഹേതുക്കളായിട്ടു |
| മനുഷ്യരൂപേണ | മനുഷ്യവേഷത്തോടുകൂടി |
| മൃഗാഃ | മൃഗങ്ങളായിട്ടു |
| ചരന്തി | ജീവിക്കുന്നു. |

പരിഭാഷ:— ശാസ്ത്രജ്ഞാനവും തപസ്സും ദാനവും ജ്ഞാനവും ശീലവും ഗുണവും ധമ്മവും ആർക്ക ഇല്ലാതെ ഇരിക്കുന്നുവോ അവർ മനുഷ്യലോകത്തിൽ ഭൂമിക്ക ഭാരഹേതുക്കളായിട്ടു മനുഷ്യരൂപത്തോടുകൂടി മൃഗങ്ങളായിട്ടു ജീവിക്കുന്നു.

മൂലം ൪.

ശക്യോഽവാരയിതും ജലേനഹുതഭുക്ഛത്രേണ സൂര്യാതപോ
നാഗേന്ദ്രോ നിശിതാംകുശേന സമദോദണ്ഡേനഗോഗർദ്ദഭൌ
വ്യാധിർഭേഷജസംഗ്രഹൈശ്ചവിവിധൈർമന്ത്രപ്രയോഗൈർവിഷം
സർവ്വസ്യൌഷധമസ്തി ശാസ്ത്രവിഹിതം മൂർഖസ്യനാസ്ത്യൌഷധം.

| അന്വയം | അന്വയാർത്ഥം |
|---|---|
| ജലേനഹുതഭുക | വെള്ളംകൊണ്ടു അഗ്നിയും |
| ഛത്രേണസൂര്യാതപഃ | കൊടകൊണ്ടു സൂര്യാതപവും |
| സമദഃ നാഗേന്ദ്രഃ | മദത്തോടുകൂടിയ ആന |
| നിശിതാംകുശേന | മൂർച്ചയുള്ള തോട്ടികൊണ്ടും |
| ദണ്ഡേനഗോഗർദ്ദഭൌ | വടികൊണ്ടു പശുവും കഴുതയും |
| വിവിധൈഃ | പലവിധത്തിലുള്ള |
| ഭേഷജസംഗ്രഹൈഃ | ഔഷധസംഗ്രഹങ്ങളെകൊണ്ടു |
| വ്യാധി | രോഗവും |
| മന്ത്രപ്രയോഗൈശ്ച | മന്ത്രപ്രയോഗങ്ങളെകൊണ്ടു |
| വിഷം | വിഷവും |
| വാരയിതും ശക്യം | തടയുന്നതിനു സാദ്ധ്യമാകുന്നു |
| സർവ്വസ്യ | സകലത്തിനും |
| ശാസ്ത്രവിഹിതം | ശാസ്ത്രസംമതമായ |
| ഔഷധം അസ്തി | പ്രതിവിധിയുണ്ടു് |
| മൂർഖസ്യ | മൂർഖനു |
| ഔഷധംനാസ്തി | ഔഷധമൊന്നുമില്ല. |

പരിഭാഷ:— വെള്ളംകൊണ്ടു അഗ്നിയേയും കൊടകൊണ്ടു സൂര്യാതപത്തേയും മൂർച്ചയുള്ള തോട്ടികൊണ്ടു മത്തഗജത്തേയും വടികൊണ്ടു കഴുത മുതലായ മൃഗങ്ങളെയും പലവിധമുള്ള ഔഷധസംഗ്രഹങ്ങളെകൊണ്ടു രോഗത്തെയും മന്ത്രവാദം കൊണ്ടു വിഷത്തെയും തടയുന്നതിനു സാദ്ധ്യമാകുന്നു. സകലത്തിനും ശാസ്ത്രസം

മതമായ പ്രതിവിധി ഉണ്ട്. മൂർഖനു മാത്രം പ്രതിവിധി ഒന്നുമില്ല.

മൂലം ൫.

വൈയ്യാകരണ കിരാതാദ്യവശബ്ദമൃഗാഃ കഥയന്തി സംത്രസ്യുഃ
ജ്യോതിർനടവിടഗായകഭിക്ഷഗാനന ഗഹ്വരാണിയദിനസ്യുഃ

| അന്വയം | അന്വയാർത്ഥം |
|---|---|
| വൈയ്യാകരകിരാതാൽ | ശബ്ദശോധകനാകുന്ന വേട്ടക്കാരനിൽനിന്നു |
| സംത്രസ്താഃ | ഭയപ്പെട്ടോടുന്ന |
| അവശബ്ദമൃഗാഃ | അവശബ്ദമൃഗങ്ങൾ |
| ജ്യോതിർനടവിടഗായകഭിക്ഷഗാനന— | ഗണകൻ, നടൻ, വിടൻ, ഗായകൻ, ഭിക്ഷക്കു് എന്നിവരുടെ |
| ഗഹ്വരാണി— | മുഖമാകുന്ന ഗുഹകൾ. |
| യദിനസ്യുഃ | ഇല്ലാതെ ഇരുന്നാൽ |
| കഥയന്തി. | എവിടേക്കു് പോകുന്നു. |

പരിഭാഷ— വൈയ്യാകരണനാകുന്ന കിരാതനെ ഭയപ്പെട്ടോടുന്ന അവശബ്ദങ്ങളാകുന്ന മൃഗങ്ങൾ ജ്യോതിഷക്കാരൻ, നടൻ, വിടൻ, ഗായകൻ, വൈദ്യൻ എന്നിവരുടെ മുഖമാകുന്ന ഗുഹകൾ ഇല്ലാതിരുന്നാൽ എവിടേക്കു പോകുന്നു.

മൂലം ൬.

വൈദ്യരാജനമസ്തുഭ്യം യമരാജസഹോദര
യമസ്തുഹരതീപ്രാണാൻ വൈദ്യഃപ്രാണാൻ ധനാനിച

| അന്വയം | അന്വയംഃ. |
|---|---|
| യമരാജസഹോദര | യമരാജസഹോദരനായിരിക്കുന്ന |
| വൈദ്യരാജ | വൈദ്യരാജാവേ! |
| തുഭ്യംനമഃ | അങ്ങേക്കു് നമസ്കാരം |

| | |
|---|---|
| യമഃതു | യമനാകട്ടെ |
| പ്രാണാൻ | ജീവനെ |
| ഹരതി | അപഹരിക്കുന്നു |
| വൈദ്യഃ | വൈദ്യൻ |
| പ്രാണാൻ | പ്രാണനേയും |
| ധനാനി ച | ധനത്തേയും അപഹരിക്കുന്നു. |

പരിഭാഷഃ— യമധർമ്മരാജാവിന്റെ സഹോദരനായിരിക്കുന്ന വൈദ്യരാജാവേ! അങ്ങേക്ക് നമസ്കാരം യമൻ ആയുസ്സിനെമാത്രം അപഹരിക്കുന്നു. കുവൈദ്യൻ ആയുസ്സിനേയും ധനത്തേയും അപഹരിക്കുന്നു.

മൂലം ൩.

ചിതാം പ്രജ്വലിതാം ദൃഷ്ട്വാ വൈദ്യോ വിസ്മയമാഗതഃ
നാഹം ഗതോ നമെഭ്രാതാ കസ്യേദം ഹസ്തലാഘവം.

| അന്വയം. | അന്വയാർത്ഥം. |
|---|---|
| വൈദ്യഃ | ഒരു വൈദ്യൻ |
| പ്രജ്വലിതാം | കാളികത്തുന്ന |
| ചിതാം ദൃഷ്ട്വാ | ചുടലയെ കണ്ടിട്ട് |
| വിസ്മയം ആഗതഃ | വിസ്മയപരവശനായിട്ട് |
| അഹം ന ഗതഃ | ഞാൻ പോയില്ല |
| മെ ഭ്രാതാന | എന്റെ സഹോദരനും പോയില്ല |
| ഇദം കസ്യ | ഇതു ആരുടെ |
| ഹസ്തലാഘവം | സാമർത്ഥ്യമാണ് എന്നു ചോദിച്ചു |

പരിഭാഷഃ— കത്തിക്കാളുന്ന ഒരു ചുടലയെ കണ്ടപ്പോൾ ഒരു വൈദ്യൻ വിസ്മയപരവശനായിട്ട് ഞാനോ എന്റെ സഹോദരനോ പോയില്ല. പിന്നെ ഇതാരുടെ സാമർത്ഥ്യമാണ് എന്നു ചോദിച്ചു.

മൂലം വ.

ഗവാദിനാം പയോന്യൈദ്യുഃ സദ്യോവാ ജായതെ ദധിഃ
ക്ഷീരോദധെസ്തു നാദ്യാപി മഹതാം വികൃതിഃ കുതഃ

| അന്വയം | അന്വയാർത്ഥം |
|---|---|
| ഗവാദിനാം | പശ്വാദി മൃഗങ്ങളുടെ |
| പയഃ | പാൽ |
| സദ്യഃവാ അന്യൈദ്യുഃ | ഇന്നോ നാളെയോ |
| ദധിഃ ജായതെ | തയിരായി തീരുന്നു. |
| ക്ഷീരോദധെഃ പയഃതു | ക്ഷീരസമുദ്രത്തിന്റെ പാൽ |
| അദ്യഃ അപി | ആകട്ടെ ഇന്നും |
| ദധിഃ നജായതെ | തയിരാകാതെ കിടക്കുന്നു. |
| മഹതാം | മഹാന്മാക്ക് |
| കുതഃ വികൃതിഃ | എങ്ങിനെ സ്വഭാവവ്യത്യാസം ഉണ്ടാകും |

പരിഭാഷ:- പശു മുതലായവയുടെ പാൽ ഇന്നോ അല്ലെങ്കിൽ നാളെയോ തയിരായി തീരുന്നു: ക്ഷീരസമുദ്രത്തിന്റെതു ഇന്നും തയിരാകാതെ കിടക്കുന്നു. മഹത്തുക്കൾക്ക് എങ്ങിനെയാണ് സ്വഭാവവ്യത്യാസം ഉണ്ടാകുന്നതു?

മൂലം ൻ

സംപദോ മഹതാമേവ മഹതാമേവ ചാപദഃ
വർദ്ധതെ ക്ഷിയതെ ചന്ദ്രോനതു താരഗണഃ ക്വചിൽ.

| അന്വയം | അന്വയാർത്ഥം. |
|---|---|
| മഹതാം എവ | മഹാന്മാക്കുതന്നെ |
| സംപദഃ | സംപത്തും |
| മഹതാം എവ | മഹാന്മാക്കുതന്നെ |
| വിപദഃ | വിപത്തും സംഭവിക്കുന്നു |

| | |
|---|---|
| ചന്ദ്രഃ | ചന്ദ്രൻ |
| വർദ്ധതെ | വർദ്ധിക്കയും |
| ക്ഷിയതെച | ക്ഷയിക്കയും ചെയ്യുന്ന |
| താരഗണഃതു | നക്ഷത്രഗണങ്ങൾ ആകട്ടെ |
| നകപചിൽ | ഒരിക്കലും അങ്ങിനെ ചെയ്യുന്നില്ല |

പരിഭാഷ:— സംപത്തും വിപത്തും മഹാന്മാ
ക്ക് മാത്രമെ ഉള്ള. ചന്ദ്രനല്ലാതെ നക്ഷത്രങ്ങൾക്ക് വൃ
ദ്ധിക്ഷയങ്ങൾ സംഭവിക്ക ഇല്ല.

മൂലം ൧൦.

വികൃതിംനൈവഗച്ഛന്തി സംഗദോഷേണ സാധവഃ
ആവേഷ്ടിതം മഹാസർപ്പൈശ്ചന്ദനം നവിഷായതെ.

| അന്വയം. | അന്വയാർത്ഥം. |
|---|---|
| സാധവഃ | സജ്ജനങ്ങൾ |
| സംഗദോഷേണ | സംസർഗ്ഗദോഷംകൊണ്ടു |
| വികൃതിം എവ | ദുസ്സ്വഭാവത്തെ |
| നഗച്ഛന്തി | പ്രാപിക്കുന്നില്ല. |
| മഹാസർപ്പൈഃ | മഹാ സർപ്പങ്ങളാൽ |
| ആവേഷ്ടിതം | ആവസിക്കപ്പെട്ടിട്ട |
| ചന്ദനം | ചന്ദനവൃക്ഷം |
| നവിഷായതെ | വിഷമായിതീരുന്നില്ല. |

പരിഭാഷ:— സംസർഗ്ഗദോഷംകൊണ്ടു സജ്ജ
നങ്ങൾക്ക് സ്വഭാവവ്യത്യാസം ഉണ്ടാകുന്നില്ല. മഹാസ
ർപ്പങ്ങളാൽ ആവസിക്കപ്പെട്ടിരുന്നാലും ചന്ദനം വിഷ
മയമായിതീരുന്നില്ല.

മൂലം ൧൧.

ഉദയെ സവിതാരക്തോ രക്തശ്ചാസ്തമയെതഥാ
സമ്പത്തൗച വിപത്തൗച മഹതാമേകരൂപതാ.

| അന്വയം. | അന്വയാർത്ഥം. |
|---|---|
| ഉദയേ | പ്രഭാതത്തിൽ |
| സവിതാരക്തഃ | സൂര്യൻ രക്തനിറമുള്ളതാകുന്നു. |
| തഥാ അസ്തമയേച | അപ്രകാരം അസ്തമയത്തിലും |
| രക്തഃ | രക്തവർണ്ണമുള്ളതാകുന്നു. |
| സമ്പത്തൌച | സംപത്തിലും |
| വിപത്തൌച | വിപത്തിലും |
| മഹതാം | മഹാന്മാക്ക (ക്കും |
| ഏകരൂപതാ | ഐകരൂപ്യം തന്നെ ഉണ്ടായിരി– |

പരിഭാഷ:— സൂര്യൻ ഉദിക്കുംപോഴും അസ്തമിക്കുംപോഴും രക്തവർണ്ണമുള്ളതാകുന്നു. സംപത്തുകാലത്തിലും വിപത്തുകാലത്തിലും മഹാന്മാക്ക പ്രകൃതിവ്യത്യാസമൊന്നും ഉണ്ടാകുന്നില്ല.

മൂലം ൧൨.

സദ്ഭിസ്സലീലയാപ്രോക്തം ശിലാലിഖിതമക്ഷരം
അസദ്ഭിസ്തൂപഥെനാപി ജലെലിഖിതമക്ഷരം

| അന്വയം | അന്വയാർത്ഥം. |
|---|---|
| സദ്ഭിഃ | സജ്ജനങ്ങളാൽ |
| ലീലയാ | കളിയായിട്ട (കളിയോടുകൂടി) |
| പ്രോക്തം | പറയപ്പെട്ടതു |
| ശിലാലിഖിതം | ശിലയിൽ എഴുതപ്പെട്ട |
| അക്ഷരം | എഴുത്ത് |
| അസദ്ഭി | ദുർജ്ജനങ്ങളാൽ |
| ശപഥേന അപി | ശപഥത്തോടുകൂടി പറയപ്പെട്ടതു പോലും |
| ജലെലിഖിതം | വെള്ളത്തിൽ എഴുതപ്പെട്ട |
| അക്ഷരം | എഴുത്ത് |

പരിഭാഷ:- സജ്ജനങ്ങളാൽ കളിയായിട്ട പ
റയപ്പെട്ടതു ശിലാലിഖിതമായിരിക്കുന്ന എഴുത്താകുന്നു.
ദുർജ്ജനങ്ങളാൽ ശപഥത്തോടുകൂടി പറയപ്പെട്ടതും വെ
ള്ളത്തിൽ വരക്കപ്പെട്ട എഴുത്താകുന്നു.

മൂലം ൯൮

പരോപദേശേ പാണ്ഡിത്യം സർവ്വേഷാം സുകരം നൃണാം
ധർമ്മേ സ്വീയമനുഷ്ഠാനം കസ്യചിൽ സുമഹാത്മനഃ

| അന്വയം. | അന്വയാർത്ഥം. |
|---|---|
| സർവ്വേഷാം നൃണാം | സകല മനുഷ്യർക്കും |
| പരോപദേശേ | പരോപദേശത്തിൽ |
| സുകരം | സുസാദ്ധ്യമായ |
| പാണ്ഡിത്യം | വിജ്ഞാനം ഉണ്ടു |
| കസ്യചിൽ സുമഹാത്മനഃ | ദുർല്ലഭം ചില മഹാത്മാവിനുമാത്രമേ |
| ധർമ്മേ | ധർമ്മത്തിൽ |
| സ്വീയം | സ്വകൃത്യ |
| അനുഷ്ഠാനം | നിർവ്വഹണം ഉള്ള |

പരിഭാഷ:- പരോപദേശം ചെയ്യുന്നതിൽ എ
ല്ലാവർക്കുംതന്നെ സുകരമായ ജ്ഞാനം ഉണ്ട്. എന്നാൽ
ധർമ്മത്തിൽ സ്വകൃത്യനിർവ്വഹണം ചെയ്യുന്നവർ അധിക
മില്ല.

മൂലം ൯൯.

കാകൈഃ സഹപ്രവൃദ്ധസ്യ കോകിലസ്യ കളാ ഗിരഃ
ഖലസംഗേപി നൈഷ്ഠുര്യം കല്യാണപ്രകൃതേഃ കൃതഃ

| അന്വയം | അന്വയാർത്ഥം |
|---|---|
| കാകൈഃ സഹ | കാക്കകളോടുകൂടി |
| പ്രവൃദ്ധസ്യ | വളർന്നിട്ടുള്ള |

| | |
|---|---|
| കൊകിലസ്യഗിരഃ | കുയിലിന്റെ നാദങ്ങൾ |
| കളാഃ | മധുരമുള്ളവ ആകുന്നു. |
| കല്യാണപ്രകൃതേഃ | മംഗലാത്മാവിനു |
| ഖലസംഗേ അപി | ദുർജ്ജനസഹവാസത്തിൽ തന്നെയും |
| കുതഃ നൈഷ്ഠുര്യം | എങ്ങിനെ ക്രൌര്യമാകും. |

പരിഭാഷഃ— കാക്കകൂട്ടത്തോടൊന്നിച്ചു വളർന്നവന കുയിലിന്റെ സ്വരം കളനാദമാകുന്നു. ദുർജ്ജനത്തോടുകൂടി സഹവസിച്ചാലും കല്യാണശീലമുള്ളവർക്കു നൈഷ്ഠുര്യം എങ്ങിനെ ഉണ്ടാകും.

മൂലം ൪൭.

യഥാ ചിത്തം തഥാ വാചഃ യഥാ വാചഃ തഥാ ക്രിയാഃ
ചിത്തേ വാചി ക്രിയായാംച സാധൂനാ മേക രൂപതാ.

അന്വയം.

| | |
|---|---|
| യഥാ ചിത്തം | മനസ്സു എപ്രകാരമൊ |
| തഥാ വാചഃ | അപ്രകാരം തന്നെ വാക്കുകളും |
| യഥാ വാചഃ | വാക്കുകൾ എപ്രകാരമൊ |
| തഥാ ക്രിയാഃ | അപ്രകാരം തന്നെ ക്രിയകളും |
| ചിത്തേ, വാചി | ചിത്തത്തിലും വാക്കിലും |
| ക്രിയായാംച | ക്രിയയിലും |
| സാധൂനാം | സജ്ജനങ്ങൾക്ക് |
| ഏകരൂപതാ | ഐകരൂപ്യം ഉണ്ടായിരിക്കും. |

പരിഭാഷഃ— സജ്ജനങ്ങൾ മനസ്സിലുള്ളതിനെ പറകയും പറയുന്നതുപോലെ പ്രവർത്തിക്കയും ചെയ്യുന്നു. വിചാരത്തിലും വാക്കിലും ക്രിയകളിലുമെല്ലാം സദ്വൃത്തന്മാർക്കു ഏകരൂപത കാണപ്പെടുന്നതാകുന്നു.

മൂലം ൪൮.

ഉപകാരിഷ്വയഃ സാധുഃ സാധുരേവ തസ്യ കോഽർണഃ
അപകാരിഷ്വയഃ സാധുഃ സഃ സാധുഃ സദ്ഭിരുച്യതെ.

| അന്വയം. | അന്വയാർത്ഥം. |
|---|---|
| യഃ | യാവനൊരുത്തൻ |
| ഉപകാരിഷു | ഉപകാരം ചെയ്യുന്നവരിൽ |
| സാധുഃ | സുകൃതി ആയിരിക്കുന്നവൊ |
| തസ്യ സാധുതാ | അവന്റെ സാധുത്വത്തിൽ |
| കഃ ഗുണഃ | എന്തു ഗുണമാണുള്ളതു. |
| യഃ | യാവനൊരുത്തൻ |
| അപകാരിഷു | ഉപദ്രവം ചെയ്യുന്നവരിൽ |
| സാധുഃ | സുകൃതി ആയിരിക്കുന്നവൊ |
| സഃ സാധുഃ | അവൻ തന്നെ സുകൃതി എന്ന് |
| സദ്ഭിഃ ഉച്യതെ. | സജ്ജനങ്ങളാൽ പറയപ്പെടുന്നു. |

പരിഭാഷഃ— തനിക്കുപകാരം ചെയ്യുന്നവനു പ്രത്യുപകാരം ചെയ്യുന്നതു് സുകൃതിയുടെ ലക്ഷണമല്ല. അപകാരികൾക്ക് ഉപകാരം ചെയ്യുന്നതു മാത്രമാണ് അതിശയേന സുകൃതമെന്നു് വിദ്വാന്മാരാൽ ഗണിക്കപ്പെട്ടിരിക്കുന്നതു്.

മൂലം ൬൭.

ഉത്തമഃ ക്ലേശവിക്ഷോഭം ക്ഷമഃ സൊഢുംന ഹീതരഃ
മണിരേവ മഹാശാണഘൃഷ്ണം നതു മൽകണഃ

| അന്വയം. | അന്വയാർത്ഥം. |
|---|---|
| ഉത്തമഃ | വിശിഷ്ടൻ |
| ക്ലേശവിക്ഷോഭം | ദുഃഖാതിരേകത്തെ |
| സൊഢുംക്ഷമഃ | സഹിപ്പാൻ ശക്തനാകുന്നു |
| നഹി ഇതരഃ | ഇതരൻ ശക്തനാകുന്നില്ല. |
| ശാണഘൃഷ്ണംസൊഢും | ശാണഘൃഷ്ണത്തെസഹിപ്പാൻ |
| മണിഃ ഏവ | മാണിക്യംതന്നെ |
| ക്ഷമഃ | സമർത്ഥമാകുന്നു. |
| മൽകണഃ നതു | മണ്ണാംകട്ടയാകട്ടെശക്തമാകുന്നില്ല |

പരിഭാഷ:- ക്ലേശവിക്ഷോഭത്തെ സഹിപ്പാൻ ഉത്തമന്മാക്കല്ലാതെ ഇതരന്മാക്ക് കഴികെ ഇല്ല; മാണിക്യത്തിനല്ലാതെ മണ്ണാം കട്ടയ്ക്ക് ശാണഘർഷണത്തെ സഹിപ്പാൻ ശക്തി ഇല്ല.

മൂലം ക്വ.

സ്വഭാവം നൈവമുഞ്ചന്തി സന്തഃ സംസർഗ്ഗതോ സതാം
നത്യജന്തിരുതം മഞ്ജുകാക സംപർക്കതഃ പികാഃ
അന്വയം. അന്വയാർത്ഥം.

അസതാം സംപർക്കതഃ അസത്തുക്കളുടെ സംപർക്കം നിമിത്തം
സന്തഃ സത്തുക്കൾ
സ്വഭാവം എവ സ്വഭാവത്തെ തന്നെ
നമുഞ്ചന്തി ഉപേക്ഷിക്കുന്നില്ല.
കാക സംപർക്കതഃ കാക്കകളുടെ സഹവാസംകൊണ്ടു
പികാഃ കുയിലുകൾ
മഞ്ജുരുതം കളനാദത്തെ
നമുഞ്ചന്തി ഉപേക്ഷിക്കുന്നില്ല.

പരിഭാഷ:- അസത്തുക്കളോടുകൂടിയുള്ള സംസർഗ്ഗം നിമിത്തമായിട്ട സ്വപ്രകൃതിയെ സത്തുകൾ ഉപേക്ഷിക്കുന്നില്ല. കാക സംപർക്കം കാരണമായിട്ട കുയിലുകൾ അവയുടെ മഞ്ജുളനാദത്തെ പരിത്യജിക്കുന്നില്ല.

മൂലം ക്ൻ.

സ്വഭാവം നജഹാത്യേവ സാധുരാപദ്ഗതോപിസൻ
കർപ്പൂരഃ പാവകസ്പൃഷ്ടഃ സൌരഭം ലഭതേ തരാം.
അന്വയം. അന്വയാർത്ഥം.

ആപദ്ഗതഃസൻഅപി ആപത്തിലകപ്പെട്ടാലും
സാധുഃ ഉത്തമൻ

| | |
|---|---|
| സ്വഭാവം എവ | പ്രകൃതിയെ |
| നജഹാതി | ഉപേക്ഷിക്കുന്നില്ല. |
| പാവകസ് പൃഷ്ടഃ | മഹിപ്പിക്കപ്പെട്ടിട്ട |
| കർപ്പൂരഃ | കർപ്പൂരം |
| സൌരഭം | സൌരഭ്യത്തെ |
| തരാം ലഭതെ. | അധികം പ്രാപിക്കുന്നു. |

പരിഭാഷഃ- ആപത്തിലകപ്പെട്ടാലും വിശിഷ്ടപുരുഷൻ സ്വഭാവത്തെ പരിത്യജിക്കുന്നില്ല. മഹിപ്പിക്കപ്പെട്ട കർപ്പൂരത്തിനു പൂർവ്വാധികം സൌരഭ്യം ഉണ്ടാകുതന്നെ ചെയ്യുന്നു.

മൂലം ൨൦.

തരുമൂലാദിഷു നിഹിതം ജലമാവിർഭവതി പല്ലവാഗ്രേഷു
നിഭൃതം യദുപക്രിയതെ തദപി മഹാന്തോ വഹന്ത്യുച്ചൈഃ

അന്വയം.

| | |
|---|---|
| തരുമൂലാദിഷു | വൃക്ഷത്തിൻെറ ചുവട്ടിലും മറ്റും |
| നിഹിതം ജലം | ഒഴിക്കപ്പെട്ട വെള്ളം |
| പല്ലവാഗ്രേഷു | തളിരുകളിൽ |
| ആവിർഭവതി. | വെളിപ്പെടുന്നു. |
| യൽ നിഭൃതം | യാതൊന്നു പരോക്ഷത്തിൽ |
| ഉപക്രിയതെ | ഉപകാരമായിചെയ്യപ്പെടുന്നുവോ |
| തൽ അപിഃ | അതിനെ തന്നെ |
| മഹാന്തഃ | മഹാന്മാർ |
| ഉച്ചൈഃ വഹന്തി. | പ്രത്യക്ഷത്തിൽ കൊണ്ടുവരുന്നു. |

പരിഭാഷഃ- വൃക്ഷമൂലങ്ങളിൽ ഒഴിച്ചിട്ടുള്ളവെള്ളം പല്ലവാഗ്രങ്ങളിൽ ആവിർഭവിക്കുന്നു. പരോക്ഷമായി ചെയ്യപ്പെടുന്ന ഉപക്രിയയെ മഹാന്മാർ പ്രത്യക്ഷത്തിൽ ഘോഷിക്കുന്നു.

മൂലം ൨൧.

അംഭോജനിവന വിലാസ നിവാസമേവ
ഹംസസ്യ ഹന്തി നിതരാം കുപിതോ വിധാതാ.
നഹ്യസ്യ ദുഗ്ധ ജലഭേദ വിധൗ പ്രസിദ്ധാം
വൈദഗ്ധ്യ കീർത്തിമപഹർത്തുമസൌ സമർത്ഥഃ

| അന്വയം. | അന്വയാർത്ഥം. |
|---|---|
| നിതരാം കുപിതഃ | ഏറ്റം കോപിച്ചവനായ |
| വിധാതാ | ബ്രഹ്മാവു |
| ഹംസസ്യ | അരയന്നത്തിന്റെ |
| അംഭോ ജനിവനവി- | താമരവനത്തിലുള്ള സുഖമായ |
| ലാസനിവാസം എവ | അധിവാസത്തെ തന്നെ |
| ഹന്തി | നിരോധിക്കുന്നു. |
| ദുഗ്ധജലഭേദവിധൌ | പാലും വെള്ളവും വേർ തിരിക്കുന്നതിൽ |
| പ്രസിദ്ധാം അസ്യ | പ്രത്യക്ഷപ്പെട്ടിരിക്കുന്ന ഇതിന്റെ |
| വൈദഗ്ധ്യകീർത്തിം | വിശിഷ്ടകീർത്തിയെ |
| അപഹർത്തും | നശിപ്പിക്കുന്നതിനു |
| അസൌ | ഈ ബ്രഹ്മാവു |
| ന സമർത്ഥഃ | ശക്തനാകുന്നില്ല. |

പരിഭാഷഃ— ബ്രഹ്മാവിനു വല്ല നീരസവും തോന്നിട്ടാൽ മാനസസരസ്സിലുള്ള അരയന്നത്തിന്റെ അധിവാസത്തിനു കുറെ തടസ്സമുണ്ടാക്കാൻ സാധിക്കും എന്നല്ലാതെ വെള്ളവും പാലും തിരിച്ചെടുക്കുന്നതിൽ ഇതിനുണ്ടായിരിക്കുന്ന കീർത്തിവിശേഷത്തെ ഇല്ലാതാക്കുന്നതിനു ഈ ബ്രഹ്മാവു അസമർത്ഥനാകുന്നു.

മൂലം ൨൨.

ദുർജ്ജനവചനാംഗാരൈർദഗ്ധോ പിന വിപ്രിയം വദത്യായുഃ
അഗ്രഥ രപിദഹ്യമാനഃ സ്വഭാവഗന്ധം പരിത്യജതികിന്നു.

അന്വയം. അന്വയാർത്ഥം.

ദുർജ്ജനവചനാംഗാരൈഃ ദുർജ്ജനങ്ങളുടെ ആക്ഷേപവചനങ്ങളായ കൊള്ളിവാക്കുകൾ കൊണ്ട്

| | |
|---|---|
| ദഗ്ദ്ധഃ അപി | ദഹിപ്പിക്കപ്പെട്ടന്നതായിരുന്നാലും |
| ആര്യ്യഃ | ഉൽകൃഷ്ട വംശജൻ |
| വിപ്രിയം | ഭീഷണിവാക്ക് |
| നവദതി | പറയുന്നില്ല. |
| ദഹ്യമാനഃ അപി | ദഹിപ്പിക്കപ്പെട്ടന്നതായാലും |
| അഗുരുഃ | അകിൽ വൃക്ഷം |
| സ്വഭാവഗന്ധം | സ്വഭാവവാസനയെ |
| കിംന പരിത്യജതി. | പരിത്യജിക്കുന്നില്ലല്ലൊ. |

പരിഭാഷഃ— ദുർജ്ജനങ്ങളുടെ കൊള്ളിവാക്കുകളാൽ ആര്യന്മാർ അപഹസിക്കപ്പെട്ടാലും ഭീഷണി പറയുന്നില്ല. അകിൽവൃക്ഷം മുതലായ സുഗന്ധവൃക്ഷങ്ങൾ ദഹിപ്പിക്കപ്പെട്ടന്നതായിരുന്നാലും സ്വഭാവവാസനയെ പരിത്യജിക്കുന്നുണ്ടോ?

മൂലം ൨൩.

പരിചരിതവ്യാഃ സന്തോ യദ്യപി കഥയന്തിനസദുപദേശം
യാ സൈഷാം സൈരകഥാ സ്യാ ഏവ ഭവന്തിശാസ്ത്രാണി.

അന്വയം. അന്വയാർത്ഥം.

| | |
|---|---|
| സദുപദേശം | നല്ല ഉപദേശത്തെ |
| യദിനകഥയന്തിഅപി | പറയുന്നില്ലെങ്കിലും |
| സന്തഃപരിചരിതവ്യാഃ | പണ്ഡിതന്മാർ ബഹുമാനിക്കപ്പെടേണ്ടവർ ആകുന്നു. |
| യാഃ തെഷാം | ഏവ അവരുടെ |
| സൈര കഥാഃ | സൈരസല്ലാപങ്ങളാകുന്നൊ |
| താഃ ഏവ | അവ തന്നെ |
| ശാസ്ത്രാണി | ശാസ്ത്രങ്ങളും |
| ഭവന്തി | ആയിതീരുന്നു. |

പരിഭാഷ:- പണ്ഡിതന്മാർ ഉപദേശ ലക്ഷണമായി ഒന്നും പറയുന്നില്ലെങ്കിലും അവർ പൂജ്യന്മാർതന്നെ. അവരുടെ സൈരകഥാ പ്രസംഗങ്ങൾ തന്നെ തത്പരങ്ങളായിരിക്കുന്ന ശാസ്ത്രങ്ങളാകുന്നു.

മൂലം ൨൪.

സുജനോനയാതിവികൃതിം പരഹിതനിരതൊവിനാശകാലെപി
ഛെദെപിചന്ദനതരുഃ സുരഭയതി മുഖം കുഠാരസ്യ.

| അനവയം. | അനവയാത്മം. |
|---|---|
| പരഹിതനിരതഃ | പരഹ്രണാസക്തിയുള്ള |
| സുജനഃ | സജ്ജനം |
| വിനാശകാലെ അപി | മരണം ആസന്നമാകുമ്പോൾ പോലും |
| വികൃതിം | വികാരത്തെ |
| ന യാതി | പ്രാപിക്കുന്നില്ല. |
| ചന്ദനതരുഃ | ചന്ദനവൃക്ഷം |
| ഛെദെ അപി | ഛേദനത്തിൽ തന്നെയും |
| കുഠാരസ്യ മുഖം | മഴുവിന്റെ മുഖത്തെ |
| സുരഭയതി | സുഗന്ധമുള്ളതാക്കിതീർക്കുന്നു. |

പരിഭാഷ:- പരഹ്രണാസക്തിയുള്ള സജ്ജനങ്ങൾ ദേഹവിയോഗകാലത്തു പോലും കലുഷമതികളായി തീരുന്നില്ല. ചന്ദനവൃക്ഷം മുറിക്കപ്പെടുമ്പോൾ കൂടെയും മഴുവിനെ സുഗന്ധമുള്ളതാക്കിതീർക്കുന്നു.

മൂലം ൨൫.

ഖലൊനസാധുതാം യാതി സദ്ഭിഃ സംബൊധിതൊപിസൻ
സരിൽ പൂരപ്രപൂർണ്ണൊപിക്ഷാരൊ നമധുരായതെ

| അനവയം. | അനവയാത്മം. |
|---|---|
| സദ്ഭിഃ | സജ്ജനങ്ങളാൽ |
| സംബോധിതഃ സൻ | ഉൽബോധിപ്പിക്കപ്പെട്ടവനായിരു |

| | |
|---|---|
| അപി | ന്നാലും |
| ഖലഃ | കുബുദ്ധി |
| സാധുതാം | സദ്വൃത്തിയെ |
| നയാതി. | പ്രാപിക്കുന്നില്ല. |
| സരിൽ പൂരപ്രപൂർണ്ണഃ | നദി പ്രവാഹങ്ങളാൽ പൂരിതമെ |
| അപി | ന്നിരുന്നാലും |
| ക്ഷാരഃ | ഉപ്പുവെള്ളം |
| ന മധുരായതെ. | മധുരമുള്ളതായി തീരുന്നില്ല. |

പരിഭാഷഃ— സജ്ജനങ്ങളാൽ ഉൽബോധിപ്പിക്കപ്പെട്ടുകൊണ്ടിരുന്നാലും കുബുദ്ധികൾ സദ്വൃത്തന്മാരായി തീരുന്നില്ല. കടൽ നിത്യവും നദിപ്രവാഹങ്ങളാൽ പൂരിപ്പിക്കപ്പെട്ടുണ്ടെങ്കിലും അതിലുള്ള ഉപ്പുവെള്ളം മധുരമുള്ളവായി തീരുന്നില്ല.

മൂലം ൨൩.

വജ്രീയൊ മതിമതാ ദുർജ്ജനഃ സഖ്യവൈരയൊഃ
ശ്വാഭവത്യുപകാരായലിഹന്നപി ദശന്നപി

| അന്വയം. | അന്വയാർത്ഥം. |
|---|---|
| സഖ്യ വൈരയൊഃ | സ്നേഹദ്വേഷങ്ങളിൽ |
| ദുർജ്ജനഃ | അധമൻ |
| മതി മതാ | ബുദ്ധിയുള്ളവനാൽ |
| വജ്രീയഃ | വജ്രിക്കപ്പെടേണ്ടവനാകുന്നു. |
| ലിഹൻഅപി. | നക്കുന്നതായിരുന്നാലും |
| ദശൻ അപി | കടിക്കുന്നതായിരുന്നാലും |
| ശ്വാ | പട്ടി |
| അപകാരായ | ഉപദ്രവത്തിനു |
| ഭവതി | കാരണമായിതീരുന്നു. |

പരിഭാഷഃ— ബുദ്ധിയുള്ളവർ ദുർജ്ജനത്തെ സ്നേഹിക്കയൊ ദ്വേഷിക്കയൊ ചെയ്യരുത്. കടിച്ചാലും ന

കടിയാലും പട്ടി ഉപദ്രവത്തിനുതന്നെ കാരണമായി തീരുന്നു.

മൂലം ൫൬.

അഹോ ഖലഭുജംഗസ്യ വിപരീതോ വധക്രമഃ
ഏകസ്യ ദംശതി ശ്രോത്രമന്യഃപ്രാണൈർവിമുച്യതെ.

| അന്വയം. | അന്വയാർത്ഥം. |
|---|---|
| അഹോ | വലിയ കഷ്ടം |
| ഖലഭുജംഗസ്യ | ദുർജ്ജനമാകുന്ന സർപ്പത്തിന്റെ |
| വധക്രമഃ | വധിപ്പാനുള്ള രീതി |
| വിപരീതഃ | പ്രകൃതിവിരുദ്ധമാകുന്നു. |
| ഏകസ്യ ശ്രോത്രം | ഒരുവന്റെ ചെവിയിന്മേൽ |
| ദംശന്തി | കടിക്കുന്നു. |
| അന്യഃ | മറെറാരുവൻ |

പ്രാണൈഃ വിമുച്യതെ കാലഗതിയെ പ്രാപിക്കുന്നു.

പരിഭാഷ:— ദുർജ്ജനമാകുന്ന സർപ്പത്തിന്റെ വധക്രമം അപ്രകൃതമാകുന്നു. ഒരുവന്റെ ചെവിയിൽ കടിക്കയും മറെറാരുവൻ മരിപ്പെടുകയും ചെയ്യുന്നു.

മൂലം ൫൭.

അപൂപ്പുരസനാവ്യാളാഃ ഖലാനനബിലേശയാഃ
കണ്ണ്മൂലെ സ്പൃശന്ത്യന്യം ഹരന്ത്യന്യസ്യ ജീവിതം.

| അന്വയം. | അന്വയാർത്ഥം. |
|---|---|
| ഖലാനനബിലേശയാഃ | ദുർബ്ബുദ്ധിയുടെ വായാകുന്ന മാളത്തിൽ കിടക്കുന്ന |
| രസനാവ്യാളാഃ | നാക്കാകുന്ന സർപ്പങ്ങൾ |
| അപൂപ്പുഃ | അപൂർവ്വതരങ്ങളാകുന്നു. |
| കണ്ണ്മൂലെ | ചെവിയുടെ അടുത്ത് |
| അന്യം | അന്യനെ |

| | |
|---|---|
| സ്പൃശതി | തൊടുന്നു |
| അന്യസ്യ ജീവിതം | മറെറാരുവന്റെ പ്രാണനെ |
| ഹരതി | നശിപ്പിക്കുന്നു. |

പരിഭാഷ:- ദുർജ്ജനവദനമാകുന്ന മാളത്തിൽ കിടക്കുന്ന നാക്കാകുന്ന സർപ്പങ്ങൾ അപൂർവ്വ തരങ്ങളാകുന്നു. ഇവ ഒരുവന്റെ കണ്ണുമൂലത്തിൽ തൊടുകയും മറെറാരുവന്റെ പ്രാണനെ അപഹരിക്കയും ചെയ്യുന്നു.

മൂലം പൻ.

യഥാ ദോഷോവിഭാത്യസ്യജനസ്യനതഥാ ഗുണഃ
പ്രായഃകളങ്ക ഏവൈന്ദോഃ പ്രസ്ഫുടോ നപ്രസന്നതാ.

| അന്വയം. | അന്വയാർത്ഥം. |
|---|---|
| അസ്യജനസ്യ | ഈ ജനത്തിന്റെ |
| ദോഷഃ | ദോഷം |
| യഥാ വിഭാതി | എപ്രകാരം പ്രകാശിക്കുന്നൊ |
| ഗുണഃ | ഗുണം |
| തഥാന. | അപ്രകാരം ശോഭിക്കുന്നില്ല. |
| പ്രായഃ | മിക്കവാറും |
| ഇന്ദോഃ | ചന്ദ്രന്റെ |
| കളങ്കഃ എവ | കളങ്കംതന്നെ |
| പ്രസ്ഫുടഃ | പ്രകർഷേണ സ്പഷ്ടമാകുന്നു |
| നപ്രസന്നതാ. | ശോഭ സ്പഷ്ടമാകുന്നില്ല. |

പരിഭാഷ:- ജനങ്ങളുടെ ഗുണത്തെക്കാൾ ദോഷമാകുന്നു അധികം പ്രത്യക്ഷപ്പെടുന്നതു. ചന്ദ്രന്റെ ശോഭയെക്കാൾ അധികം പ്രസിദ്ധി നേടിയിരിക്കുന്നതു അതിന്റെ കളങ്കമാകുന്നു.

മൂലം ൫൦.

ദുർജ്ജനദൂഷിതമനസാം സുജനെ പി നാസ്തിവിശ്വാസഃ
പാണൌപയസാദഗ്ദ്ധെ തക്രംഹൂൽകൃത്യ ബാലകഃപിബതി.

അന്വയം. അന്വയാർത്ഥം

ദുർജ്ജനദൂഷിതമനസാം ദുഷ്ടന്മാരാൽ ദൂഷിക്കപ്പെട്ട മ
നസ്സോട്ട കൂടിയവക്ക്
സുജനെ അപി സജ്ജനങ്ങളിൽ പോലും
നാസ്തിവിശ്വാസഃ വിശ്വാസം ഇല്ല
പയസാ കാച്ചിയ പാൽകൊണ്ടു
പാണൌദഗ്ദ്ധെ കൈ പൊള്ളീട്ടു
ഹൂൽകൃത്യ ഹൂ ഹൂ എന്നു ഊതിയശേഷം
ബാലകഃ കുട്ടി
തക്രം പിബതി. മോരുതന്നെയും കുടിക്കുന്നു.

പരിഭാഷ— ദുർജ്ജനദൂഷിതാശയന്മാരായ ആള
കൾക്കു സജ്ജനങ്ങളിൽപോലും വിശ്വാസം ജനിക്കുന്നി
ല്ല. കാച്ചിയപാൽകൊണ്ടു കൈവെന്തതിൽ പിന്നെ
ഹൂ ഹൂ എന്നു ഊതിയശേഷമെ കുടി മോരുപോലും കു
ടിക്കു ഉള്ളു.

## അദ്ധ്യായം ൩.

മൂലം ൧.

പരവാദെദശവദനഃ പരരന്ധ്രനിരീക്ഷണെ സഹസ്രാക്ഷഃ
സദ്വൃത്തവിത്ത ഹരണെ ബാഹുസഹസ്രാർജ്ജുനഃ പിശുനഃ

അന്വയം. അന്വയാർത്ഥം.

പിശുനഃ ദുർബുദ്ധിയുള്ളവൻ
പരവാദെ പരദൂഷണത്തിൽ

ദശവദനഃ പത്തു മുഖമുള്ളവനും
പരരന്ധ്രനിരീക്ഷണെ ഇതരദോഷ നിരീക്ഷണത്തിൽ
സഹസ്രാക്ഷഃ ആയിരം കണ്ണുള്ളവനും
സദ്ധനവിത്തഹരണെ സാധുജനവിത്താപഹരണത്തിൽ
ബാഹുസഹസ്രാർജ്ജുനഃ ആയിരം കൈയുള്ള അർജ്ജുനനും
മാകുന്നു.

പരിഭാഷ— ഖലനു പരദൂഷണം ചെയ്യുന്നതിൽ പത്തു നാക്കും അന്യന്മാരുടെ കുറവുകളെ നോക്കി കാണുന്നതിൽ ആയിരം കണ്ണുകളും സാധുക്കളുടെ ധനത്തെ അപഹരിക്കുന്നതിൽ അർജ്ജുനനെപ്പോലെ ആയിരം കൈകളും ഉണ്ടായിരിക്കുന്നു.

മൂലം ൨.

ശിരസിനിഹിതോപി നിത്യം യത്നാദപിസേവിതോ ബഹുസ്നേഹൈഃ
തരുണീകചഇവ നീചഃ കൌടില്യം നൈവവിജഹാതി.

| അന്വയം. | അന്വയാർത്ഥം. |
|---|---|
| ശിരസി | തലയിൽ |
| നിഹിതഃ അപി. | വെയ്ക്കപ്പെട്ടവനായും |
| യത്നാൽ | ശ്രമപ്പെട്ട |
| ബഹു സ്നേഹൈഃ | വളരെ സ്നേഹത്തോടുകൂടി |
| സേവിതഃ അപി. | സേവിക്കപ്പെട്ടവനായിരുന്നാലും |
| തരുണീകചഃ ഇവ | സ്ത്രീകളുടെ തലമുടിഎന്നപോലെ |
| നീചഃ | അസജ്ജനം |
| കൌടില്യം | കുടിലതയെ |
| നവിജഹാതി ഏവ | വിട്ടുകളയുന്നില്ല തന്നെ |

പരിഭാഷഃ— നിത്യവും തലയിൽവെച്ചു സ്നേഹപൂർവ്വം ശ്രമപ്പെട്ടു പരിചരിക്കപ്പെടുന്നതായിരുന്നാലും കുബുദ്ധി തന്റെ കൌടില്യത്തെ പരിത്യജിക്കുന്നില്ല.

മൂലം ൫.

പിശുനതപമെവ വിദ്യാപരദൂഷണമെവഭ്രഷണംയെഷാം
പരദുഃഖമെവ സൌഖ്യംശിവശിവതെ കെനവെധസാസൃഷ്ടാഃ

| അനവയം. | അനവയാർത്ഥം. |
|---|---|
| യെഷാം പിശുന | ആക്കകൌടില്യംതന്നെ |
| തപം എവ | |
| വിദ്യാ | വിദ്യയും |
| പരദൂഷണം എവ | പരപരിഹാസംതന്നെ |
| ഭ്രഷണം | അലംകാരവും |
| പരദുഃഖം എവ | പരപരിതാപംതന്നെ |
| സൌഖ്യം | സുഖവും ആയിരിക്കുന്നവൊ |
| ശിവശിവ | ശിവശിവ |
| തെ- | അവർ |
| കെനവെധസാ | ഏതു ബ്രാഹ്മാവിനാൽ |
| സൃഷ്ടാഃ | സൃഷ്ടിക്കപ്പെട്ടവരാകുന്നു. |

പരിഭാഷ:— ആരു കൌടില്യത്തെ വിദ്യയായിട്ടും പരദൂഷണത്തെ ഭ്രഷണമായിട്ടും പരദുഃഖത്തെ സൌഖ്യമായിട്ടും കരുതുന്നുവൊ ശിവശിവ! അവർ ഏതു ബ്രഹ്മാവിനാൽ സൃഷ്ടിക്കപ്പെട്ടവരാകുന്നു?

മൂലം ൬.

പരപരിതപനകൃതുകി ഗണയതിനാത്മീയമപിതാപം (തെ
പരഹതിഹെതൊഃ പിശുനഃസംദംശ ഇവ സ്വപീഡനം സഹ-

| അനവയം. | അനവയാർത്ഥം. |
|---|---|
| പരപരിതാപനകൃതുകീ | പരദുഃഖത്തിൽ സംതുഷ്ടനായ |
| പിശുനഃ | ഖലൻ |
| സംദംശഃ ഇവ | കത്തിക എന്നപോലെ |
| പരഹതിഹെതൊഃ | പരദ്രോഹം നിമിത്തം നേരിട്ടന്ന |

ആത്മീയംതാപംഅപി സ്വന്തദുഃഖത്തെപോലും
നഗണയതി വകവെക്കുന്നില്ല

പരിഭാഷ:— പരപരിതാപകാംക്ഷയുള്ള ഖല
ൻ കൃതിക എന്നപോലെ പരദ്രോഹം നിമിത്തം നേരി
ടുന്ന ആത്മീയതാപത്തെപോലും പരിഗണിക്കുന്നില്ല.

മൂലം ൩.

പ്രാക് പദയോഃപതതി ഖാദതി പുഷ്ടമാംസം
കണ്ണേകളം കിമപി രൌതിശനൈർപിചിത്രം
ചരിത്രംനിരൂപ്യ സഹസാപ്രവിശത്യ ശങ്കഃ
സർവ്വംഖലസ്യ ചരിതം മശകഃ കരോതി.

അന്വയം. അന്വയാർത്ഥം.

പ്രാക് ആദ്യം
പാദയോഃപതതി പാദങ്ങളിൽ വീഴുന്നു
പുഷ്ടമാംസം പുറമെ ഉള്ള മാംസത്തെ
ഖാദതി കടിക്കുന്നു.
കർണ്ണേ ചെവിയിൽ
കിമപിവിചിത്രാ കുറെ വിശേഷമായ
കളംരൌതി പാട്ടിനെ പാടുന്നു
ശനൈഃ ക്രമത്തിൽ
ചരിത്രം നിരൂപ്യ ധൈര്യം കണ്ടിട്ട
സഹസാ ഉടനെതന്നെ
അശങ്കഃ ശങ്കകൂടാതെ
പ്രവിശതി പ്രവേശിക്കുന്നു
ഖലസ്യ ദുർബുദ്ധിയുടെ
സർവ്വം ചരിതം സകല പ്രവൃത്തിയും
മശകഃ കരോതി കൊതുകു ചെയ്യുന്നു.

പരിഭാഷ— കൊതുകു് ആദ്യം പാദത്തിങ്കൽ
വീഴുകയും തൊലിപുറത്തു കടിക്കയും ചെവിയിൽ കുറെ
വിശേഷമായ ഒരു പാട്ടുപാടുകയും പിന്നെ ക്രമത്തിൽ

പരിശോധിച്ചിട്ട് വല്ല ദോഷവുമുണ്ടെന്നു കണ്ടാൽ സംശയമൊന്നും കൂടാതെ അതിൽ പ്രവേശിക്കയും ചെയ്യുന്നു. ഇങ്ങിനെ കൊതുകു ഖലന്റെ സകല പ്രവൃത്തികളെയും ചെയ്യുന്നു.

മൂലം ന്യ.

യാസപത്മനിപത്മെപി സന്ധ്യാവധി വിജൃംഭതെ
ഇന്ദിരാമന്ദിരെ ന്യേഷാംകഥംസ്ഥാസ്യതിനിശ്ചലാ

| അന്വയം | അന്വയാർത്ഥം |
|---|---|
| യാ | യാവളൊരുത്തി |
| സപത്മനി | സപത്ന ഭവനമാകുന്ന |
| പത്മെ അപി | താമരപൂവിൽ തന്നെയും |
| സന്ധ്യാവധി | അസ്തമനകാലം വരെ |
| വിജൃംഭതെ | പ്രസന്ന ആയിരിക്കുന്നു |
| (സാ) ഇന്ദിരാ | ആ ലക്ഷ്മി |
| അന്യേഷാം മന്ദിരെ | അന്യന്മാരുടെ ഭവനത്തിൽ |
| നിശ്ചലാ | ചഞ്ചലം കൂടാതെ |
| കഥംസ്ഥാസ്യതി | എങ്ങിനെ സ്ഥിരമായി പാർക്കും |

പരിഭാഷ— സപത്നഭവനമായിരിക്കുന്ന പത്മത്തിൽപോലും സന്ധ്യപയ്യന്തമെ ലക്ഷ്മി വിലസുന്നുള്ളു. പിന്നെ എങ്ങിനെ ആണ് ആ ലക്ഷ്മി അന്യ ഭവനത്തിൽ ചഞ്ചലംകൂടാതെ സ്ഥിരമായി പാർക്കുന്നതു്.

മൂലം ൟ.

ശൂരംത്യജാമി വൈധവ്യാദുദാരം ലജ്ജയാപുനഃ
സാപത്ന്യാൽ പണ്ഡിതമപി തന്മാൽകൃപണമാശ്രയെ.

| അന്വയം. | അന്വയാർത്ഥം. |
|---|---|
| വൈധവ്യാൽ | വൈധവ്യം നിമിത്തം |
| ശൂരം | ധൈര്യമുള്ളവനേയും |

| | |
|---|---|
| പുനഃലജ്ജയാ | പിന്നെലജ്ജയാൽ |
| ഉദാരം | ദാരശീലമുള്ളവനേയും |
| സാപത്ന്യാൽ | സഭാഷ്യത്വംകൊണ്ട് |
| പണ്ഡിതംഅപി | പണ്ഡിതനെതന്നെയും |
| ത്യജാമി | ലക്ഷ്മിആകുന്നഞാൻ ഉപേക്ഷിക്കയും |
| തസ്മാൽ കൃപണം | അങ്ങിനെ ലുബ്ധനെ |
| ആശ്രയെ | ആശ്രയിക്കയുംചെയ്യുന്നു. |

പരിഭാഷ— വൈധവ്യംകൊണ്ടു ശൂരനേയും ലജ്ജകൊണ്ടു ഉദാരശീലമുള്ളവനെയും സഭാഷ്യത്വംകൊണ്ടു പണ്ഡിതനേയും ഉപേക്ഷിച്ചിട്ടു ഞാനിപ്പോൾ ലുബ്ധനെതന്നെ ആശ്രയിക്കുന്നു.

മൂലം ൭

അത്യായ്മതിദാതാരമതിശൂരമതിവ്രതം
പ്രജ്ഞാഭിമാനിനം ചൈവശ്രീർഭയാന്നോപതിഷ്ഠതി.

| അന്വയം | അന്വയാർത്ഥം |
|---|---|
| അതിആയ്യം | അധികം ബഹുമതിക്കപ്പെട്ടവനേയും |
| അതിദാതാരം | യഥാശക്തിഅല്ലാതെ ദാനംചെയ്യുന്നവനേയും |
| അതിശൂരം | അധികംശൂരനായിട്ടുള്ളവനേയും |
| അതിവ്രതം | അധികം നിഷ്ഠയുള്ളവനേയും |
| പ്രജ്ഞാഭിമാനിനം ച എവ | ബുദ്ധിസാമർത്ഥ്യത്തിൽ അഭിമാനമുള്ളവനേയും |
| ശ്രീ | ലക്ഷ്മി |
| ഭയാൽ | ഭീതിനിമിത്തം |
| ന ഉപതിഷ്ഠതി | പരിചരിക്കുന്നില്ല. |

പരിഭാഷ— അധികം ബഹുമാനിക്കപ്പെട്ടവനേയും ശക്തിയിൽ കവിഞ്ഞു ദാനംചെയ്യുന്നവനേയും ക്ലേശത്തോടുകൂടി പ്രവർത്തിക്കുന്നവനേയും അതിമാത്രം നിഷ്ഠയുള്ളവനേയും പ്രജ്ഞകൊണ്ടു അഭിമാനമുള്ളവനേയും ലക്ഷ്മീഭയംകൊണ്ടു പരിചരിക്കുന്നില്ല.

മൂലം ൯.

അവ്യവസായിനമലസം ദൈവപരം സാഹസാച്ചപരിഹീനം
പ്രമദാപതിമിവവൃദ്ധംനെച്ഛതിലക്ഷ്മീരുപസ്ഥാതും

അന്വയം.

പ്രമദാ
വൃദ്ധംപതിംഇവ
അവ്യവസായിനം
അലസം
ദൈവപരം
സാഹസാൽ
പരിഹീനംച
ലക്ഷ്മീഃ
ഉപസ്ഥാതും
ന ഇച്ഛതി

അന്വയാർത്ഥം.

ഭാര്യ
വൃദ്ധനായഭർത്താവിനെഎന്നപോലെ
വ്യവസായംചെയ്യാത്തവനേയും
നിരുത്സാഹിയേയും
എല്ലാം ദൈവാധീനമെന്നുകരുതുന്നവനേയും
സാഹസകൃത്യങ്ങളിൽ നിന്നു
ഒഴിഞ്ഞിരിക്കുന്നവനേയും
കമല
പരിചരിക്കുന്നതിനു
ആഗ്രഹിക്കുന്നില്ല

പരിഭാഷ— യുവതി ആയഭാര്യ വൃദ്ധനായിരിക്കുന്ന ഭർത്താവിനെ എന്നപോലെ വ്യവസായമില്ലാത്തവനേയും അലസനേയും എല്ലാം ദൈവാധീനമെന്നു സങ്കല്പിച്ചിട്ടുള്ളവനേയും സാഹസം പ്രവർത്തിക്കാത്തവനേയും ലക്ഷ്മീപരിചരിക്കുന്നതിനു ഇഛിക്കുന്നില്ല.

മൂലം ൫൦

ഉത്സാഹസംപന്നമദീർഘസൂത്രം
ക്രിയാവിധിജ്ഞം വ്യസനേഷ്വസക്തം
ശൂരംകൃതജ്ഞംദൃഢസൌഹൃദഞ്ച
ലക്ഷ്മീഃസ്വയംയാതിനിവാസഹേതോഃ

| അന്വയം. | അന്വയാർത്ഥം. |
|---|---|
| ഉത്സാഹസംപന്നം | മടിഇല്ലാത്തവനായി |
| അദീർഘസൂത്രം | നാതിദീർഘസൂത്രനായി |
| ക്രിയാവിധിജ്ഞം | പ്രവൃത്തിമാർഗ്ഗത്തിന്റെ ജ്ഞാനമുള്ളവനായി |
| വ്യസനേഷ്വസക്തം | ശ്രമവൈമുഖ്യമില്ലാത്തവനായി |
| ശൂരം | ധൈര്യമുള്ളവനായി |
| കൃതജ്ഞം | കൃതജ്ഞനായി |
| ദൃഢസൌഹൃദംച | ദൃഢസുഹൃത്തായിരിക്കുന്നവനെ |
| നിവാസഹേതോഃ | അധിവാസത്തിനായികൊണ്ടു |
| ലക്ഷ്മി | കമല |
| സ്വയംയാതി | താനെതന്നെപ്രാപിക്കുന്നു. |

പരിഭാഷ— ഉത്സാഹമുള്ളവനുംദീർഘസൂത്രമില്ലാത്തവനും ക്രിയാവിധിജ്ഞനുംശ്രമവൈമുഖ്യമില്ലാത്തവനും ധൈര്യമുള്ളവനും കൃതജ്ഞനും ആയിരിക്കുന്ന ദൃഢസുഹൃത്തിനെ തന്നെ ലക്ഷ്മിനിവാസത്തിന്നായിട്ടു സ്വയമേവ പ്രാപിക്കുന്നു.

മൂലം ൫൧.

പതേമ! മൂഢജനൈർദ്ദാസി ദ്രവിണം വിദ്വൽസുകിംമത്സരേ
നാഹംമത്സരിണീ ഖപിച ചപലാനൈവാസ്മിമൂർഖേരതിഃ
മൂർഖേഭ്യോദ്രവിണംദദാമിനിതരാംതൽകാരണം ശ്രൂയതാം
വിദ്വാൻസപ്രഗ്രഹണെഷ്വപൂജിതതനുർമൂർഖസ്യനാന്യാഗതി.

| അന്വയം. | അന്വയാർത്ഥം. |
|---|---|
| പത്മേ! | കമലേ: |
| മൂഢജനേ | അതിക്ഷിതജനത്തിൽ |
| ദ്രവിണം | ധനത്തെ |
| ദദാസി | നീ കൊടുക്കുന്നു |
| കിംവിദ്വത്സു | എന്തുവിദ്വജ്ജനങ്ങളിൽ |
| മത്സര: | മത്സരമോ? |
| അഹം | ഞാൻ |
| നമത്സരണി | മത്സരബുദ്ധിയുള്ളവളല്ല |
| നചവലാചഅപി | ചവലയുമല്ല |
| മൂർഖേ | മൂഢനിൽ |
| രതിഃ | പ്രണയവും |
| ന അസ്തി | ഇല്ല |
| മൂർഖേഭ്യഃ | മൂഢന്മാക്ക |
| ദ്രവിണം | സംഘത്തിനെ |
| നിതരാംദദാമി | അധികമായിട്ട ഞാൻ കൊടുക്കുന്നുണ്ട |
| തൽകാരണം | അതിൻെറ കാരണം |
| ശ്രൂയതാം | കേട്ടാലും |
| വിദ്വാൻ | പണ്ഡിതൻ |
| സർവ്വഗുണേഷു | സകല ഗുണങ്ങളിൽ |
| പൂജിതതനു: | ബഹുമാനിക്കപ്പെട്ടിരിക്കുന്ന ദേഹമാകുന്നു. |
| മൂർഖസ്യ | മൂർഖനു |
| ന അന്യാഗതിഃ | മറു ഗതി ഒന്നുംതന്നെ ഇല്ല. |

പരിഭാഷ— കമലേ മൂഢജനങ്ങൾക്ക് നീധനത്തെ ധാരാളമായി കൊടുക്കുന്നു എന്താ പണ്ഡിതന്മാരെ കണ്ടുകൂടാ എന്നുണ്ടോ? ഞാൻ അവരോടുമത്സരബുദ്ധിയുള്ളവളോ ചവലയോ അല്ല. മൂർഖന്മാരിൽ എനിക്കുര

തിയുമില്ല. എങ്കിലുംമൂഢന്മാക്ക് ധാരാളം സ്വത്തിനെഞാൻ കൊടുത്തുവരുന്നുണ്ട്. ഇതിൻെറ കാരണം എന്താണെന്നു പറയാം വിദ്വാൻ സർവ്വഗുണങ്ങളാലും പൂജിക്കപ്പെട്ടവനാകുന്നു. മൂർഖനുധനമല്ലാതെ പരഗതി ഒന്നുമില്ല.

മൂലം ൫൨.

തിഷ്ഠക്തപംഭജതുപ്രതാരയതുവാ ധമ്മക്രിയാകോവിദം
ഹന്തുസ്വാംജനനീരപിബത്വപിസുരാംതുഷ്ടാംവധൂമുദ്ധതാം
ദെവാന്നിന്ദതുവാ ഹിനസ്തുജനതാം കിംവാനയാചിന്തയാ
ലക്ഷ്മീയ്സ്യഗൃഹെസഏവഭജതിപ്രായോജഗദ്വന്ദ്യതാം

അന്വയം. അന്വയാർത്ഥം.

| | |
|---|---|
| തിഷ്ഠക്തപം | മൂഢപ്രായത്തെ |
| ഭജതു | ഒരുത്തൻ അവലംബിക്കട്ടെ |
| ധമ്മക്രിയാകോവിദം | സദ്വൃത്തനെ |
| പ്രതാരയതുവാ | കീഴടക്കട്ടെ |
| സ്വാംജനനിം | സ്വന്തമാതാവിനെ |
| ഹന്തു | കൊല്ലട്ടെ |
| സുരാംഅപി | കള്ളുതന്നെയും |
| വിബതു | കുടിക്കട്ടെ |
| തുഷ്ടാംവധൂം | പതിപ്രതയായ ഭാര്യയെ |
| ഉദ്ധതാം | പരിത്യജിക്കട്ടെ |
| ദെവാൻ | ദെവന്മാരെ |
| നിന്ദതുവാ | ആക്ഷേപിക്കട്ടെ |
| ജനതാം | ജനസാമാന്യത്തെ |
| ഹിനസ്തുവാ | പീഡിപ്പിക്കട്ടെ |
| കിംഅനയാചിന്തയാ | ഈ ചിന്തകൊണ്ടു എന്തു ഫലം |
| യസ്യഗൃഹെ | യാവതൊരുത്തൻെറ ഗൃഹത്തിൽ |
| ലക്ഷ്മീഃ | കമല വസിക്കുന്നോ |
| സഃ എവ | അവൻതന്നെ. |

| | |
|---|---|
| ജഗദ്വന്ദ്യതാം | ജഗത്തിന്റെ പൂജ്യതയെ |
| പ്രായഃ ഭജതി. | പ്രായേണ അർഹിക്കുന്നു. |

പരിഭാഷ:- യാതൊരുത്തൻ മൂഗപ്രായനായിതീരുകയും സജ്ജനങ്ങളെ കീഴടക്കുകയും സ്വന്തമാതാവിനെ കൊല്ലുകയും കള്ളത്തന്നെ കൂടിക്കയും പതിവ്രതയായ ഭാര്യയെ പരിത്യജിക്കയും ദേവന്മാരെ അധിക്ഷേപിക്കയും ജനസാമാന്യത്തെ പീഡിപ്പിക്കയും ചെയ്യുന്നെ എന്നിരുന്നാലും അവന്റെ ഭവനത്തിൽ ലക്ഷ്മീ ഉല്ലസിക്കുന്നുണ്ടെങ്കിൽ അവൻ ജഗദഭിവന്ദ്യനാകുന്നു.

മൂലം ക്രമം.

ഹൈലക്ഷ്മീക്ഷണികേ സ്വഭാവചപലെമൂഢെചപാപെധമെ
നതപംചൊത്തമപാത്രമിഛസിഖലെ പ്രായേണദുശ്ചാരണീ
ദൈവാർച്ചനസത്യശൌച നിരതായെചാപിധമ്മ്മെരതാഃ
തെഭ്യോലജ്ജസിനിർദ്ദയെഹതമതിർന്നീചൊജനൊവല്ലഭഃ

| അന്വയം. | അന്വയാർത്ഥം. |
|---|---|
| ഹൈക്ഷണികെ | സ്ഥിരമില്ലാത്തവളും |
| സ്വഭാവചപലേ | പ്രകൃത്യാചാപല്യമുള്ളവളും |
| മൂഢെ | മൂഢയും |
| പാപെ | പാപിയും |
| ച അധമെ | അധമയുമായിരിക്കുന്ന |
| ലക്ഷ്മീ! | കമലേ! |
| ഖലേ | അസത്തും |
| ദുശ്ചരിണീ! ച | ദുർവൃത്തയുമായിരിക്കുന്നവളെ! |
| തപം ഉത്തമപാത്രം | നീ! സജ്ജനത്തെ |
| പ്രായേണ ന ഇഛസി | മിക്കവാറും ഇഛിക്കുന്നില്ല. |
| യെ | യാവ ചിലർ |
| ദൈവാർച്ചനസത്യശൌ- | |
| ചനിരതാഃ | ദൈവാരാധന സത്യംശൌചവിധി എന്നിവയിൽ നിഷ്ഠയുള്ളവരും |

| | |
|---|---|
| യെച | യാവചിലർ |
| ധമ്മേരതാഃ | ധമ്മകമ്മങ്ങളിൽ സന്തോഷമുള്ള വരും ആയിരക്കുന്നവോ |
| തെഭ്യഃ | അവരോട് |
| നിർദ്ദയെ | ദയ ഇല്ലാത്തവളെ |
| ലജ്ജസി | നീ ലജ്ജാവിക്കുന്നു |
| ഹതമതിഃ | ദുർബുദ്ധിയും |
| നീചഃജനഃ | നികൃഷ്ടനുമായിരിക്കുന്നജനം |
| വല്ലഭഃ | നിനക്കു പ്രിയതമനാകുന്നു. |

പരിഭാഷഃ:– സ്ഥിരമില്ലാത്തവളും സ്വഭാവചപലയും ദുർവൃത്തയും മൂഢയും അധമയുമായിരിക്കുന്ന ലക്ഷ്മി; അസത്തുംദുശ്ചരിണിയുമായിരിക്കുന്നവളെ നീ സജ്ജനത്തെ ഇഛിക്കുന്നില്ല. ആഢ്യ ദേവാർച്ചനം, സത്യം, ശൌചവിധി, എന്നതുകളിൽ ഔൽസുക്യവും ധമ്മകമ്മങ്ങളിൽ ആസക്തിയും ഉണ്ടോ അവരോട് ദയ ഇല്ലാത്തവളെ! നീ ലജ്ജാവിക്കുന്നു. ദുർബുദ്ധിയും നികൃഷ്ടനുമായിരിക്കുന്ന മനുഷ്യൻ നിനക്കു പ്രിയതമനാകുന്നു.

മൂലം ൭൪

നാഹംദുശ്ചരിണീനചാപിചപലാമൂർഖൊനമെരൊചതെ
നൊശൂരൊനചപണ്ഡിതൊനചശഠൊ ഹീനാക്ഷരൊനൈവച
പൂർവ്വസ്മിൻകൃതപുണ്യയൊഗവിഭവൊല്ലക്ഷം സമെസൽഫലം
ലൊകാനാം കിമസഹ്യതാം സഖിപുനർദ്ദൃഷ്ടാപരാംസംപദം.

| അന്വയം. | അന്വയാർത്ഥം. |
|---|---|
| അഹംനദുശ്ചരിണി | ഞാൻ ദുർവൃത്തയും |
| നചചപലാ അപി | ചപലയുമല്ല |
| നമൂർഖഃ | മൂർഖനും |
| നശൂരഃ | ശൂരനും |
| നചപണ്ഡിതഃ | പണ്ഡിതനും |

| | |
|---|---|
| നചശൂ | ശഠനും |
| നചഹീനാക്ഷരഃ | വിദ്യാവിഹീനനും |
| നമെരൊചതെ | എനിക്ക് രുചിക്കുന്നില്ല. |
| (യഃ) പൂർവ്വസ്മിൻ | യാവനൊരുത്തൻ പൂർവ്വജന്മത്തിൽ |
| കൃതപുണ്യയൊഗവി | ചെയ്യപ്പെട്ട പുണ്യസംപത്തിയൊ |
| ഭവഃ | ട്ടുകൂടെ ഇരിക്കുന്നവനാകുന്നൊ |
| സഃമെ സൽഫലം | അവൻ എനിക്ക് സൽഫലമാ |
| | കുന്ന |
| ഭുക്തം | ഭൊജനമാകുന്നു. |
| പുനഃകിംസഖി!! | പിന്നെ എന്താണ് സഖി! |
| പരാം | അന്യമായിരിക്കുന്ന |
| സംപദംദൃഷ്ട്വാ | സംപത്തിനെ കണ്ടിട്ട |
| ലൊകാനാം | മനുഷ്യർക്ക |
| അസഹ്യതാ | അസഹിഷ്ണത |

പരിഭാഷാ:– ഞാൻ ദുർവ്വൃത്തയും ചപലയുമല്ല. മൂർഖനും ശൂരനും പണ്ഡിതനും ശഠനും വിദ്യാവിഹീനനും എനിക്ക് തീരെ രുചിക്കാത്തവരാകുന്നു. പൂർവ്വജന്മകൃതപുണ്യയൊഗവിഭവനായിരിക്കുന്നവൻ എനിക്ക് സൽഫലമാകുന്ന ഭോജനമാകുന്നു. പിന്നെ എന്താണസഖീ! ജനങ്ങൾക്ക് അന്യസംപത്തിനെ കണ്ടിട്ടു, അത്രവലിയ അസഹിഷ്ണത.

മൂലം ൫൭.

യത്രാഭ്യാഗതദാനമാനചരണപ്രക്ഷാളനം ഭൊജനം
സൽസെവാ പിതൃദെവതാർച്ചനവിധിഃ സത്യംഗവാംപാലനം
ധാന്യാനാമപിസംഗ്രഹൊന കലഹശ്ചിത്താനുരൂപാപ്രിയാ
ദൃഷ്ടാപ്രാഹഹരീവസാമി കമലാതസ്മിൻഗൃഹെനിശ്ചലാ.

| അന്വയം. | അന്വയാർത്ഥം. |
|---|---|
| യത്ര | എവിടെ |
| അഭ്യാഗതദാനമാന | അതിഥികൾക്ക് |

| | |
|---|---|
| ചരണപ്രക്ഷാളനം | ഭാനപ്രക്ഷാളനാദി സൽകാര ങ്ങളും |
| ഭോജനം | ഭോജനവും |
| സൽസെവാ | സജ്ജനഭക്തിയും |
| പിതൃദെവാച്ചനവിധി | ദേവന്മാക്കും പിതൃക്കൾക്കും ഹോമപിണ്ഡാദികളും |
| സത്യം | സത്യവും |
| ഗവാംപാലനം | പശുപരിപാലനവും |
| ധാന്യാനാംസംഗ്രഹം അപി | ഭക്ഷ്യപദാർത്ഥങ്ങളുടെ സംഭരണവും |
| ചിത്താനുരൂപാ | ഇച്ഛാനുരൂപയായ |
| പ്രിയാ | ഭാര്യയും ഉണ്ടായിരിക്കയും |
| നകലഹഃ | അന്തച്ഛിദ്രമില്ലാതിരിക്കയും ചെയ്യുന്നവൊ |
| തസ്മിൻഗൃഹെ | ആ ഭവനത്തിൽ |
| ഹരിംദൃഷ്ട്വാ | വിഷ്ണുവിനെ കണ്ടിട്ട |
| അഹം നിശ്ചലാ | ഞാൻ ചഞ്ചലഹിന ആയിട്ട |
| വസാമി | പാക്കുന്നു |
| ഇതികമലാ പ്രാഹ | എന്നു ലക്ഷ്മി പറയുന്നു. |

പരിഭാഷ— എവിടെ അതിഥികൾക്ക് പ്രക്ഷാളനാദി സൽക്കാരങ്ങളും ഭോജനവും സൽസേവയും ദേവന്മാക്കും പിതൃക്കൾക്കും ഹോമപിണ്ഡാദികളും സത്യവും ഗോരക്ഷയും ധാന്യസംഗ്രവും ചിത്താനുരൂപയായിരിക്കുന്ന ഭാര്യയും ഉണ്ടായിരിക്കയും കലഹമില്ലാതിരിക്കയും ചെയ്യുന്നുവോ ആ ഗൃഹത്തിൽ ആത്മവല്ലഭനെ (ഹരിം) കണ്ടിട്ട ഞാൻ നിശ്ചല ആയിട്ട, പാക്കുന്നു എന്നു കമല പറയുന്നു.

മൂലം. ക്ഷ.

പിതോഽസ്യേന താതശ്ചരണതലഹതോവല്ലഭോന്യേനരോഷാൽ
ആബാല്യാ ദ്വിപ്രവക്ത്രൈർസ്വ വദന വിവരെ ധാരിതാ വൈരി ണീമെ
ഗേഹംമെ ഛേദയന്തി പ്രതിദിവസമുമാ കാന്ത പൂജാനിമിത്തം
തസ്മാൽ ഖിന്നാസദാഹം ദ്വിജകുലസദനം ചാഥനിം തൃജാമി.

| അന്വയം | അന്വയാർത്ഥം. |
|---|---|
| അഗസ്ത്യേന | അഗസ്ത്യമഹർഷിയാൽ |
| താതഃ | പിതാവു=സമുദ്രം |
| പീതഃ | പാനം ചെയ്യപ്പെട്ട. |
| രോഷാൽ | ദ്വേഷം കാരണത്താൽ |
| അന്യേന (1) | മറൊരുവനാൽ=ഭൃഗുവിനാൽ |
| വല്ലഭഃ | ഭർത്താവു=വിഷ്ണു. |
| ചരണതല ഹതഃ | കാലുകൊണ്ടു തൊഴിക്കപ്പെട്ട. |
| മെ വൈരിണീ | എനിക്കു വിരോധിയായിട്ടുള്ളവ–ൾ=സരസ്വതി |
| വിപ്രവക്ത്രൈഃ | ആദ്ധ്യബ്രാഹ്മണരാൽ |
| ആബാല്യാൽ | ബാല്യപ്രായം തുടങ്ങി |
| സ്വവദനവിവരെ | തങ്ങളുടെ വായിൽ |
| ധാരിതാ | ധരിക്കപ്പെട്ടിരിക്കുന്നു. |
| ഉമാകാന്തപൂജാ നിമി–ത്തം | ശിവപൂജക്കായിട്ട് |
| മെഗേഹം | എന്റെ ഭവനം=പത്മം=താ–മരപൂ |
| പ്രതിദിനം | എല്ലാ ദിവസവും |
| ഛേദയന്തി | നശിപ്പിക്കുന്നു=പറിക്കുന്നു. |
| തസ്മാൽ | അതിനാൽ |
| സദാ ഖിന്നാ | എല്ലാ സമയവും ആകുലചിത്ത–യായ |

| | |
|---|---|
| അഹം | ഞാൻ |
| ദ്വിജകുലസദനം | ബ്രാഹ്മണവംശജന്മാരുടെ ഗൃഹ– |
| നിത്യം | നിത്യവും (ത്തെ |
| അഥർത്വജാമി | അശേഷം തള്ളിക്കളയുന്നു. |

(1) ഭൃഗുമഹർഷി.

പരിഭാഷ— ഈ ലക്ഷ്മി വാരിധികന്യക ആകുന്നു. വാരിധിയെ അഗസ്ത്യമഹർഷി കുടിച്ചുവറ്റിച്ചതായി പുരാണമുണ്ട്. പിന്നെ മറ്റൊരു മഹർഷി ലക്ഷ്മീവല്ലഭനെ (ഹരിയെ തൊഴിച്ചു) നമസ്കാരത്രുപേണ സരസ്വതിയെ ബ്രാഹ്മണർ വദനത്തിൽ ധരിക്കുന്നുണ്ട്. സരസ്വതി ബ്രഹ്മാവിന്റെ ഭാര്യയും ലക്ഷ്മി വിഷ്ണുവിന്റെ ഭാര്യയും ആയിരിക്കകൊണ്ടു ഇവക്കുള്ള സ്ഥാനം അമ്മാവിയമ്മയുടെയും മരുമകളുടെയും തന്നെ ആകുന്നു. ഇവർ തങ്ങളിൽ സൌഹാർദ്ദമില്ലാതെ ഇരിക്കുന്നതിന്റെ കാരണമിതാകുന്നു. ശിവപൂജയ്ക്കായി താമരപ്പൂ ബ്രാഹ്മണർ പറിച്ചെടുക്കുന്നുമുണ്ട്. ഇങ്ങിനെ ഉള്ള കാരണങ്ങളാൽ ഞാൻ ഈ ബ്രാഹ്മണരുടെ ഭവനത്തിൽ കടന്നു ചെല്ലുകയോ എത്തി നോക്കുകയോ പോലും ചെയ്കയില്ല.

മൂലം ൬൭

നവിത്തം ദർശയേൽ പ്രാജ്ഞഃ കസ്യചിൽ സ്വല്പമപ്യഹോ
മുനേരപിയതസ്യൂസ്യ ദർശനാച്ചലതേ മനഃ

| അന്വയം | അന്വയാർത്ഥം. |
|---|---|
| കസ്യചിൽ | ആരുടെയെങ്കിലും |
| സ്വല്പം അപി | അല്പമായിരുന്നാലും |
| വിത്തം | പണത്തെ |
| പ്രാജ്ഞഃ | പണ്ഡിതനായിട്ടുള്ളവൻ |
| അഹോനദർശയേൽ | അഹൊ ദർശിക്കാതിരിക്കട്ടെ |
| യതഃ | എന്തുകൊണ്ടെന്നാൽ |

| | |
|---|---|
| തസ്യദർശനാൽ | അതിന്റെ കാഴ്ചനിമിത്തം |
| മുനേഃ മനഃ അപി | മുനിയുടെ മനസ്സുപോലും |
| ചലതെ | ഇളകിപ്പോകുന്നു |

പരിഭാഷഃ— അല്പമായിരുന്നാലും വല്ലവരുടെയും ധനത്തെ നാം ദർശിക്കുകിടി ചെയ്യരുതു്. അതിനെ കാണുന്നതുകൊണ്ടുതന്നെ യോഗികളുടെ മനസ്സും ഇളകിപ്പോകുന്നു.

മൂലം ൧൫

ബ്രഹ്മഘ്നോപി നരഃ പൂജ്യോയസ്യാസ്തി വിപുലം ധനം
ശശിനാതുല്യ വംശോപി നിർധനഃ പരിഭൂയതെ.

| അന്വയം. | അന്വയാർത്ഥം. |
|---|---|
| യസ്യ | യാവനൊരുത്തനു |
| വിപുലം ധനം | അധികമായ ധനസംപാദ്യം |
| അസ്തി | ഉണ്ടോ |
| ബ്രഹ്മഘ്നഃ അപി | ബ്രഹ്മഘാതകനായിരുന്നാലും |
| സഃ നരഃ പൂജ്യഃ | ആ മനുഷ്യൻ പൂജ്യനാകുന്നു |
| ശശിനാ | ചന്ദ്രനോടു |
| തുല്യവംശഃ അപി | സമമായ വംശത്തിൽ ജനിച്ചുവ— |
| നിർധനഃ | ധനമില്ലാത്തവൻ (നായാലും |
| പരിഭൂയതെ | അനാദരിക്കപ്പെടുന്നു |

പരിഭാഷഃ— ധാരാളം ധനസംപാദ്യമുള്ളവൻ എത്ര വലിയ ദുർവൃത്തനായിരുന്നാലും ബഹുമാന്യനാകുന്നു. സോമകുലത്തിൽ ജാതനായിരുന്നാലും ധനമില്ലാത്തവൻ ബഹുമാനിക്കപ്പെടുന്നില്ല.

മൂലം ൧൮

കുതഃ ആഗത്യഘടതെ വിഘട്ട്യകപനയാതിച.
നലക്ഷ്യതെഗതിശ്ചിത്രാഘനസ്യചധനസ്യച.

| അന്വയം. | അന്വയാർത്ഥം. |
|---|---|
| കുതഃ | എവിടെ നിന്നും |
| ആഗത്യഘടതേ | വന്നുചേരുന്നു. |
| വിഘട്ട്യകുത്ര | സംബന്ധംപിരിഞ്ഞു എവിടേയ്ക്ക |
| യാതിച | പോകുന്നു. |
| ഘനസ്യച | മേഘത്തിന്റെയും |
| ധനസ്യച | ധനത്തിന്റെയും |
| ചിത്രാഗതിഃ | വിചിത്രമായിരിക്കുന്ന ഗതി |
| ന ലക്ഷ്യതെ | നിരീക്ഷിക്കപ്പെടുന്നില്ല |

പരിഭാഷ:— മേഘങ്ങളുടേയും ധനത്തിന്റെയും ഗമനാഗമങ്ങൾ എവിടെനിന്നാണെന്നും എവിടേയ്ക്ക പോകുന്നു എന്നും അറിയപ്പെടുന്നില്ല. ഇവയ്ക്കുള്ള ഈ വിശേഷഗതി നമുക്ക് അജ്ഞാതവും അജ്ഞേയവുമാകുന്നു.

മൂലം ൬൦.

സ്ത്രീരൂപം മോഹകം പുംസോ യൂന എവ ഭവേൽക്ഷണം
കനകം സ്ത്രീബാലവൃദ്ധ ഷണ്ഡാനാമപി സർവ്വദാ.

| അന്വയം. | അന്വയാർത്ഥം. |
|---|---|
| സ്ത്രീരൂപം | സ്ത്രീയുടെ ആകൃതി |
| യൂനഃ പുംസഃ | യൌനപ്രായമുള്ള പുരുഷനു |
| ക്ഷണം മോഹകം | ക്ഷണത്തിൽ മോഹജനകമായിട്ട |
| ഭവേൽ | ഭവിക്കുന്നു |
| കനകം | കനകം = സ്വർണ്ണം |
| സ്ത്രീബാലവൃദ്ധ ഷണ്ഡാനാം അപി | സ്ത്രീ, ബാല, വൃദ്ധ, ഷണ്ഡന്മാർക്കു പോലും |
| സർവ്വദാ | നിരന്തരമായി മോഹത്തെ ജനിപ്പിക്കുന്നു. |

പരിഭാഷ:— യൌവനം വാർദ്ധക്യം എന്നിവയുടെ അന്തരാളത്തിൽ സ്ഥിതിചെയ്യുന്ന പുരുഷന്മാർക്കു മാ

ത്രമേ സ്ത്രീരൂപം മോഹജനകമായിരിക്കുന്നുള്ളു. കനകമാ
കട്ടെ സ്ത്രീകൾക്കും കുട്ടികൾക്കും വൃദ്ധന്മാക്കും എന്നുവേ
ണ്ടാ നപുംസകന്മാക്കുപോലും മോഹജനകമാകുന്നു.

മൂലം ൨൬.

യസ്യാസ്തിവിത്തം സനരഃ കുലീനഃ
സപണ്ഡിതഃ സശ്രുതവാൻ ഗുണജ്ഞഃ
സ ഏവ വക്താ സചദർശനീയഃ
സർവ്വേഗുണാഃ കാഞ്ചനമാശ്രയന്തെ.

| അന്വയം. | അന്വയാർത്ഥം. |
|---|---|
| യസ്യ | ആക്ക |
| വിത്തം അസ്തി | ധനമുണ്ടൊ |
| സഃനരഃ | ആ നരൻ |
| കുലീനഃ | ഉൽകൃഷ്ടവംശജനും |
| സഃ പണ്ഡിതഃ | അവൻ വിദ്വാനും |
| സഃശ്രുതവാൻഗുണജ്ഞഃ | അവൻ കീർത്തിപെട്ട വിവേകിയും |
| സഃ ഏവ വക്തൊ | അവൻ തന്നെ വാഗ്മിയും |
| സഃ ദർശനീയഃ ച | അവൻ കോമളഗാത്രനുമാകുന്നു. |
| സർവ്വെഗുണാഃ | സർവ്വ ഗുണങ്ങളും |
| കാഞ്ചനം. | സ്വർണ്ണത്തെ |
| ആശ്രയന്തെ. | ആശ്രയിക്കുന്നു. |

പരിഭാഷ— ധനമുള്ളവനാരോ അവൻ കുലീനനും പണ്ഡിതനും കീർത്തിപെട്ട ഗുണജ്ഞനും വാഗ്മിയും ഹൃദ്യാകാരനും ആകുന്നു. സർവ്വഗുണങ്ങളുടേയും ആശ്രയം ധനം (കാഞ്ചനം) ആകുന്നു.

മൂലം ൨൭.

ത്യജന്തിമിത്രാണിധനൈർവിഹീനം
പുത്രാശ്ചദാരാശ്ചസുഹൃജ്ജനാശ്ച
തമർത്ഥവന്തംപുനരാശ്രയന്തി
ഹ്യർത്ഥാഹിലോകെ പുരുഷസ്യബന്ധുഃ

| അന്വയം | അന്വയാർത്ഥം |
|---|---|
| ധനൈർവിഹീനം | ധനമില്ലാത്തവനെ |
| മിത്രാണി | ബന്ധുക്കളും |
| പുത്രാഃ ച | പുത്രന്മാരും |
| ദാരാഃ ച | ഭാര്യയും |
| സുഹൃജ്ജനാഃ ച | ചാർച്ചക്കാരും |
| ത്യജന്തി | ഉപേക്ഷിക്കുന്നു. |
| അർത്ഥവന്തം തം | ധനവാനായിരിക്കുന്നവനെ |
| പുനഃ ആശ്രയന്തി | പിന്നെ അവർ ആശ്രയിക്കുന്നു. |
| ഹി ലോകെ | എന്തെന്നാൽ ലോകത്തിൽ |
| പുരുഷസ്യബന്ധുഃ | മനുഷ്യന്റെ മിത്രം |
| അർത്ഥം അപി | ധനംതന്നെ ആകുന്നു |

പരിഭാഷ— ബന്ധുക്കളും പുത്രന്മാരും ഭാര്യയും മിത്രങ്ങളുമെല്ലാം ധനമില്ലാത്തവനെ ഉപേക്ഷിക്കയും പിന്നെ ധനവാനെ ചെന്നാശ്രയിക്കയും ചെയ്യുന്നു. ലോകത്തിൽ മനുഷ്യനു ധനത്തേക്കാൾ ഉത്തമമായ മിത്രം മറെറാന്നുമില്ല.

മൂലം ൨൯.

ബുഭുക്ഷിതൈർവ്യാകരണം ന ഭുജ്യതെ
പിപാസിതൈഃ കാവ്യരസം ന പീയതെ
ന ഛന്ദസാകേന ചിദുദ്ധൃതം കുലം
ഹിരണ്യമേവാർജ്ജയ നിഷ്ഫലാ ഗുണാഃ

| അന്വയം. | അന്വയാർത്ഥം. |
|---|---|
| ബുഭുക്ഷിതൈഃ | ബുഭുക്ഷയുള്ളവരാൽ |
| വ്യാകരണം | ശബ്ദശാസ്ത്രം |
| ന ഭുജ്യതെ | ഭുജിക്കപ്പെടുന്നില്ല. |
| പിപാസിതൈഃ | ജലാഭിലാഷികളാൽ |
| കാവ്യരസം | കാവ്യാമൃതം |
| ന പീയതെ | പാനം ചെയ്യപ്പെടുന്നതുമില്ല |

| | |
|---|---|
| ഛന്ദസാ | കാവ്യനിർമ്മാണംകൊണ്ടു |
| കെനചിൽ | ഏതൊരുത്തനാൽ |
| കുലം | വംശം |
| ഉദ്ധൃതം | ഉദ്ധരിക്കപ്പെട്ട |
| ഗുണാഃ നിഷ്ഫലാഃ | ഗുണങ്ങൾ വിഫലങ്ങളാകുന്ന |
| ഹിരണ്യം എവ | സ്വർണ്ണത്തെതന്നെ |
| ആഹർജ്ജയ | സംപാദിച്ചാലും. |

പരിഭാഷ— നമുക്ക് വ്യാകരണംകൊണ്ടു കുത്തിനെയും കാവ്യരസംകൊണ്ടു ഭാഷത്തെയും ശാന്തമാക്കുന്നതിനു സാധിക്കില്ല. കവിതാവാസനകൊണ്ടുതന്നെ ആരാണ് സ്വകുലോദ്ധരണം ചെയ്തിട്ടുള്ളതു്. ഗുണഗണങ്ങൾ സ്വയമേവ ഫലവത്തരങ്ങളാകുന്നില്ല. അതിനാൽ പുരുഷാർത്ഥങ്ങളിൽവെച്ചു ഒന്നായിരിക്കുന്ന ധനത്തെ സംപാദിച്ചാലും.

മൂലം ൨൪.

ദുന്ദുഭിസ്തുസുതരാമചേതന
സ്തൻമുഖാദപി ധനം ധനം ധനം
ഇത്ഥമേവനിനദഃ പ്രവർത്തതേ
കിംപുനർയദിജനഃ സചേതനഃ

| അന്വയം | അന്വയാർത്ഥം. |
|---|---|
| ദുന്ദുഭിഃ തു | മദ്ദളമാകട്ടെ (സ്വരൂപാകുന്നു. |
| സുതരാം അചേതനഃ | അശേഷം ചൈതന്യമില്ലാത്ത വ |
| തന്മുഖാൽ അപി | അതിന്റെ മുഖത്തുനിന്നു കൂടെയും |
| ധനം, ധനം, ധനം. | ധനം, ധനം, ധനം. |
| ഇത്ഥം എവ | എന്നിപ്രകാരം |
| നിനദഃ | ശബ്ദം |
| പ്രവർത്തതെയദി | പുറപ്പെട്ടുകൊണ്ടിരിക്കുന്നു എങ്കിൽ |
| ജനഃസചേതനഃ | ചൈതന്യമുള്ള മനുഷ്യൻ (രണ്ടാ? |
| കിംപുനഃ | പിന്നെ എന്തു പറയേണമെന്നു— |

പരിഭാഷ— ദുന്ദുഭിക്ക് അശേഷം ചൈതന്യമി ല്ലെങ്കിലും അതിന്റെ മുഖത്തു നിന്നുപോലും ധനം, ധ നം, ധനം എന്നിപ്രകാരമുള്ള ശബ്ദം കേൾക്കപ്പെടുന്നു. ചൈതന്യമുള്ള മനുഷ്യന്റെ കാര്യം പിന്നെ പറയേണ മെന്നുണ്ടോ?

മൂലം ഛ.

മാതാനിന്ദതി നാഭിനന്ദതി പിതാ ഭ്രാതാനസംഭാഷതെ
ഭൃത്യകുപ്യതി നാനുഗച്ഛതി സുതഃ കാന്താചനാലിംഗതെ
അത്ഥപ്രാത്ഥനശംകയാ നകുരുതെ സംഭാഷണം ചൈസുഹൃ
ത്തസ്മാൽ ദ്രവ്യമുപാജ്ജയസ്വ സുമതെ ദ്രവ്യേണ സർവ്വെവശാഃ

| അന്വയം | അന്വയാർത്ഥം. |
|---|---|
| മാതാ നിന്ദതി | മാതാവു പുച്ഛിക്കുന്നു. |
| പിതാന അഭിനന്ദതി | അച്ഛൻ അനുമ്മതി ഭാവിക്കുന്നു. |
| ഭ്രാതാന സംഭാഷതെ | സഹോദരൻ സംസാരിക്കുന്നില്ല. |
| ഭൃത്യഃ കുപ്യതി | പരിചാരകൻ കോപിക്കുന്നു |
| സുതഃനഅനുഗച്ഛതി | പുത്രൻ അനുഗമിക്കുന്നില്ല |
| കാന്താന ആലിംഗതെ | ഭാര്യ ആലിംഗനം ചെയ്യുന്നില്ല. |
| അത്ഥപ്രാത്ഥനശങ്കയാ | ദ്രവ്യാപേക്ഷയുടെ ശങ്കകൊണ്ടു |
| സുഹൃൽവൈ | മിത്രം= സ്നേഹിതൻ പോലും |
| സംഭാഷണം | സംസാരത്തെ |
| ന കുരുതെ ച | ചെയ്യുന്നതുമില്ല. |
| തസ്മാൽസുമതെ! | അതിനാൽ സൽബുദ്ധി ഉള്ളവനെ |
| ദ്രവ്യം ഉപാജ്ജയസ്വ | ധനത്തെ സംപാദിച്ചാലും |
| ദ്രവ്യേണ | ദ്രവ്യസംപാദ്യം കൊണ്ടു |
| സർവെ | എല്ലാവരും തന്നെ |
| വശാഃ | സ്വാധീനപ്പെട്ടവരായിത്തീരുന്നു. |

പരിഭാഷ— മാതാവു നിന്ദിക്കയും അച്ഛൻ അഭിനന്ദിക്കാതിരിക്കയും ചെയ്യുന്നു, സഹോദരൻ ഒന്നും സംസാരിക്കുന്നില്ല, എന്നു മാത്രമല്ല ഭൃത്യനും കോപിക്കു

ന്നു. പുത്രൻ അനുഗമിക്കുന്നില്ല, ഭാര്യ രതിയിൽ വൈമുഖ്യം പ്രദർശിപ്പിക്കയും ചെയ്യുന്നു. സ്നേഹിതൻ അർത്ഥപ്രാർത്ഥനശങ്കകൊണ്ടു ഒന്നുംതന്നെ സംസാരിക്കുന്നതുമില്ല. അതിനാൽ സുമതെ! ധനസമ്പാദ്യത്തിൽ പരിശ്രമിച്ചാലും ദ്രവ്യസമ്പത്തികൊണ്ടു സർവ്വരെയും സ്വാധീനപ്പെടുത്താം.

മൂലം ൨൯.

ലക്ഷ്മീവന്തോനജാനന്തി പ്രായേണ പരവേദനാം
ശേഷാധരാഭര ക്ലാന്തെ ശേതെ നാരായണഃ സുഖം.

| അന്വയം. | അന്വയാർത്ഥം. |
|---|---|
| ലക്ഷ്മീവന്തഃ | ധനാഢ്യന്മാർ |
| പരവേദനാം | അന്യന്മാരുടെ ദുഃഖത്തെ |
| പ്രായേണനജാനന്തി | മിക്കവാറും അറിയുന്നില്ല. |
| ശേഷാധരാഭരക്ലാന്തെ | ഭൂഭരണത്തിൽ അത്യന്തം ശ്രമപ്പെട്ടിരിക്കുന്ന ശേഷന്റെ മേൽ |
| നരായണഃ | വിഷ്ണു |
| സുഖംശേതെ. | സുഖമായി കിടന്നുറങ്ങുന്നു. |

പരിഭാഷ— സംപത്തുള്ളവർ ഇതരജനങ്ങളുടെ പരാധീനതയെ അശേഷം അറിയുന്നില്ല. ഭൂഭരണത്തിൽ ക്ലേശാവിഷ്ടനായിരിക്കുന്ന ശേഷന്റെമേൽ ഹരി സുഖമായിട്ടു കിടന്നുറങ്ങുന്നു.

മൂലം ൩൦.

ഹേതുപ്രമാണയുക്തം വാക്യം നശ്രുയതേദരിദ്രസ്യ
അപ്യതിപരുഷമ സത്യം പൂജ്യം വാക്യം സമൃദ്ധസ്യ.

| അന്വയം. | അന്വയാർത്ഥം. |
|---|---|
| ദരിദ്രസ്യ | സ്വത്തില്ലാത്തവന്റെ |
| ഹേതുപ്രമാണയുക്തം | കാരണത്തോടും പ്രമാണത്തോടും— |
| വാക്യം | വചനം=പ്രസ്താവന (ക്രിയ |

| | |
|---|---|
| നശ്രുയതെ | കേൾക്കപ്പെട്ടുന്നില്ല. |
| അതിപരുഷം | കണ്ണാരുന്നുവും |
| അസത്യം അപി | അസത്യവുമായിരുന്നാലും |
| സമൃദ്ധസ്യ വാക്യം | ധനവാന്റെ വചനം |
| പൂജ്യം | ആദരണീയമായിരിക്കുന്നു. |

"പ്രത്യക്ഷം ചാനുമാനംച
ശാസ്ത്രംച വിവിധാഗമം"

എന്നിങ്ങനെ നാലു ഭ്രമികകളാകുന്ന പരമാത്മജ്ഞാനല ബ്ധിക്കായിട്ടു തർക്കശാസ്ത്രത്തിൽ വ്യവസ്ഥാപിക്കപ്പെട്ടി രിക്കുന്നതു്.

പരിഭാഷ— ദരിദ്രന്റെ പ്രസ്താവന പ്രസ്തുത പ്രമാണങ്ങളോടു കൂടിയതായിരുന്നാലും അതിനെ ആരും തന്നെ വകവെക്കുകില്ല. എന്നാൽ അതിപരുഷവും അസത്യവും ആയിരുന്നാൽ തന്നെയും ധനവാന്റെ വാക്കിനെ എല്ലാവരുംതന്നെ ആദരണീയമായി കരുതിക്കൊള്ളുന്നു.

മൂലം ൧൨.

വാണീദരിദ്രസ്യ ശുഭാഹിതാപി
അർത്ഥേന ശബ്ദേന ചസംപ്രയുക്താ
നശോഭതേ വിത്തവതഃ സമീപെ
ഭേരീനിനാദോപഹതേവ വീണാ.

| അന്വയം | അന്വയാർത്ഥം |
|---|---|
| ശുഭാഹിതാ | ശുഭവും ഹിതവും |
| അർത്ഥനച ശബ്ദേന | ശബ്ദാർത്ഥങ്ങളെക്കൊണ്ടു |
| സംപ്രയുക്താ അപി | അലംകൃതവുമായിരുന്നാലും |
| ഭേരീനിനാദോപഹതാ | ചെണ്ടയുടെ മുഴക്കംകൊണ്ടു അ— ധീകരിക്കപ്പെട്ട |
| വീണാ ഇവ | വീണ എന്നപോലെ |
| ദരിദ്രസ്യവാണീ | നിർധനന്റെ വാക്ക് |

വിത്തവതഃ സമീപെ ധനവാന്റെ അടുക്കൽ
നശോഭതെ പ്രബലപ്പെടുന്നില്ല.

പരിഭാഷ:— ചെണ്ടയുടെ മുഴക്കം കൊണ്ടു അധഃകരിക്കപ്പെട്ട വീണ എന്നതുപോലെ ശ്രുഭവും ഹിതവും ശബ്ദാർത്ഥങ്ങളെക്കൊണ്ടു അലംകൃതവും ആയിരുന്നാലും ധനവാന്റെ സമീപത്തിൽ നിർധനന്റെ വാക്ക് ശോഭിക്കുന്നില്ല.

മൂലം ഫൻ.

നവിദ്യയാ നൈവകുലേനഗൌരവം
ജനാനുരാഗൊ ധനികേഷുസർവ്വദാ
കപാലിനാമൌലി ധൃതാപിജാഹ്നവി
പ്രയാതിരത്നാകര മേവസത്വരം.

| അന്വയം | അന്വയാർത്ഥം |
|---|---|
| ന വിദ്യയാ | പാണ്ഡിത്യംകൊണ്ടുമല്ല |
| ന കുലേനഏവ | കുലീനതകൊണ്ടുമല്ല |
| ഗൌരവം | മാഹാത്മ്യം സിദ്ധിക്കുന്നതു |
| ധനികേഷു | ധനികന്മാരിൽ |
| സർവ്വദാ | എപ്പോഴും |
| ജനാനുരാഗഃ | ജനങ്ങളുടെ മൈത്രി ഉണ്ടാകുന്നു |
| കപാലിനാ | ശിവനാൽ |
| മൌലിധൃതാ അപി | തലയിൽ ധരിക്കപ്പെട്ടതായിരുന്നാലും |
| ജാഹ്നവീ | ഗംഗാ |
| രത്നാകരം ഏവ | സമുദ്രത്തെതന്നെ |
| സത്വരം പ്രയാതി | വേഗത്തിൽ പ്രാപിക്കുന്നു. |

പരിഭാഷ:— വിദ്യകൊണ്ടും കുലീനതകൊണ്ടും ഒരുവനു ഗൌരവമുണ്ടായി എന്നു വരുന്നില്ല. ജനങ്ങൾക്കു നിരന്തരമായി മൈത്രി ഉണ്ടായിരിക്കുന്നതു് ധനികന്മാരിൽ മാത്രമാകുന്നു. ഗംഗയെ ശിവൻ തലയിൽതന്നെ

വെച്ചുകൊണ്ടിരുന്നിട്ടും അതു അതിവേഗത്തിൽ ഒഴുകി സമുദ്രത്തിൽ ചെന്നുചേരുന്നു.

മൂലം നാ൦.

ഗംഗാംചധാരയതി മൂർദ്ധ്നി സദാകപാലിഃ
സാതസ്യചുംബതിമുഖം നകദാചിദേവ
രത്നാകരം പ്രതിചുംബസഹസ്രവക്ത്രൈ-
ർഗംഗാദയോ യുവതയഃ സധനാനുകൂലാഃ

അന്വയം.

കപാലിഃ
ഗംഗാം
മൂർദ്ധ്നി
സദാധാരയതി
സാ
തസ്യമുഖം
കദാചിൽ ഏവ
നചുംബതി
സഹസ്രവക്ത്രൈഃ
പ്രതിരത്നാകരം
ചചുംബ
ഗംഗാദയഃ
യുവതയഃ
സധനാനുകൂലാഃ

അന്വയാർത്ഥം.

ശിവൻ
ഗംഗയെ
തലയിൽ
നിരന്തരമായി ചുമന്നുകൊണ്ടിരി-
ക്കുന്നു (ആ ഗംഗാ
അവന്റെ മുഖത്തെ
ഒരിക്കൽപോലും
ചുംബിക്കുന്നില്ല.
ആയിരം മുഖങ്ങളെക്കൊണ്ടു
ഓരോ രത്നാകരത്തെയും
ചുംബിച്ചുമുണ്ടു്.
ഗംഗതുടങ്ങിയുള്ള
യുവതികൾ
ധനവാന്മാർക്കു അനുകൂലകളായി-
രുന്നു.

പരിഭാഷ— ശിവൻ എപ്പോഴും ഗംഗയെ തലയിൽ കയറിവെച്ചുകൊണ്ടാണിരിക്കുന്നതു്. എങ്കിലും ഗംഗാ ഒരിക്കൽപോലും ഭഗവാന്റെ മുഖത്തു ചുംബിച്ചിട്ടില്ല. ആയിരം മുഖങ്ങളെക്കൊണ്ടു് ഓരോ രത്നാകരത്തെയും ചുംബനം ചെയ്യുന്നതുമുണ്ടു്. ഗംഗാ എന്നപോ

ലെ ഇതരയുവതികളും സ്വയമേവ ധനികന്മാക്ക് അനുകൂലകളായിതീരുന്നു.

മൂലം നടപ്പ

ദ്വാവിമാവംഭസിക്ഷേപ്യൗ ഗാഢം ബദ്ധ്വാഗളെ ശിലാം
ധനിനം ചാപ്രദാതാരം ദരിദ്രംച തപസ്വിനം

| അന്വയം. | അന്വയാർത്ഥം. |
|---|---|
| ഇമൌദ്വൌ | ഈരണ്ടുമനുഷ്യർ |
| ഗളേശിലാം | കഴുത്തിൽ കല്ലിനെ |
| ഗാഢം ബദ്ധ്വാ | മുറുക്കിബന്ധിച്ചിട്ട |
| അംഭസി | വെള്ളത്തിൽ=കടലിൽ |
| ക്ഷെപ്യൗ | എറിയപ്പെടേണ്ടവരാകുന്നു. |
| അപ്രദാതാരം | ധർമ്മംകൊടുക്കാത്ത |
| ധനിനംച | ധനികനെയും |
| അതപസ്വിനം | ഇന്ദ്രിയനിഗ്രഹം ചെയ്യാത്ത |
| ദരിദ്രംച (വിദ്ധി) | ദരിദ്രനെയും അറിഞ്ഞാലും |

പരിഭാഷ:— ധർമ്മംചെയ്യാത്ത ധനവാന്റെയും ഇന്ദ്രിയങ്ങളെ സ്വാധീനമാക്കാത്ത ദരിദ്രന്റെയും കഴുത്തിൽ കല്ലുകെട്ടി വെള്ളത്തിൽ ഇവർ രണ്ടുപേരെയും താഴ്ത്തണ്ടിയിരിക്കുന്നു.

# അദ്ധ്യായം ൩.

മൂലം. ക.

അനുകൂലേവിധൌ ദൈവം യതഃ പൂരയിതാഹരിഃ
പ്രതികൂലേ വിധൌ ദൈവം യതഃ സർവ്വം ഹരിഷ്യതി.

| അന്വയം | അന്വയാർത്ഥം. |
|---|---|
| അനുകൂലെവിധൌ | ദൈവം അനുകൂലമായിരിക്കുമ്പോൾ |
| ദൈയം | ധർമ്മം കൊടുക്കപ്പെടേണ്ടതാകുന്നു. |
| യതഃ | എന്തുകൊണ്ടെന്നാൽ |
| ഹരിഃ | ഭഗവാൻ |
| പൂരയിതാ | അഭിവൃദ്ധിപ്പെടുത്തും |
| പ്രതികൂലെ വിധൌ | ദൈവം പ്രതികൂലമായിരിക്കുമ്പോഴും |
| ദൈയം | ധർമ്മം ചെയ്യേണ്ടതാകുന്നു |
| യതഃസർവ്വം | എന്തുകൊണ്ടെന്നാൽ സമസ്തവും |
| ഹരിഷ്യതി | അദ്ദേഹം എടുത്തുകളയും |

പരിഭാഷഃ- ദൈവം സന്മുഖനായിരിക്കുമ്പോൾ ദാനം ചെയ്യേണ്ടതാകുന്നു. ഇതുകൊണ്ടു നേരിട്ട കുറവിനെ അദ്ദേഹം പരിഹരിക്കും. ദൈവം വിമുഖനായിരിക്കുമ്പോഴും ദാനം ചെയ്യേണ്ടതാകുന്നു. ഈ വൈമുഖ്യം ഹേതുവായിട്ടു സമസ്തവും അദ്ദേഹം എടുത്തുകളയും.

മൂലം ഖ.

യച്ചദാതി യദശ്നാതി തദൈവധനിനോധനം
അന്യേ മൃതസ്യ ക്രീഡന്തി ദാരൈ രപിധനൈരപി.

| അന്വയം | അന്വയാർത്ഥം |
|---|---|
| യൽപദാതി | യാതൊന്നിനെ കൊടുക്കയും |

| | |
|---|---|
| യൽ അശ്നാതി | യാതൊന്നിനെ ഭക്ഷിക്കയും ചെയ്യുന്നുവൊ |
| ധനിനഃ ധനം | ധനികന്റെ ധനം |
| തൽ എവ | അതുതന്നെ ആകുന്നു. |
| മൃതസ്യ | ദേഹവിയോഗം ചെയ്തവന്റെ |
| ഭാരൈഃ അപി | ഭാര്യയെക്കൊണ്ടും |
| ധനൈഃ അപി | സംപാദ്യങ്ങൾകൊണ്ടും |
| അന്യെ | മറ്റുള്ളവർ |
| ക്രീഡന്തി | സന്തോഷം അനുഭവിക്കുന്നു. |

പരിഭാഷ:– ധനികൻ ധർമ്മം കൊടുക്കയും ഭക്ഷിക്കയും ചെയ്യുന്നതു എന്തൊ അതുതന്നെ ആകുന്നു ധനം. കാലശേഷം അവന്റെ ഭാര്യയേയും സംപത്തിനേയും യഥേഷ്ടം ഉപയോഗിച്ചുകൊണ്ടു് അന്യന്മാർ സുഖമനുഭവിക്കുന്നു.

മൂലം ൩൰.

യദ്ദദാസി വിശിഷ്ടേഭ്യോ യച്ച ശ്നാസി ദിനെദിനെ
തത്തെ വിദ്ധ്യമഹംമന്യെ ശേഷമന്യസ്യ രക്ഷസി.

| അന്വയം | അന്വയംതർ. |
|---|---|
| യൽ വിശിഷ്ടേഭ്യഃ | യാതൊന്നിനെ വിശിഷ്ടന്മാർക്കു |
| ദദാസി | നീ പ്രദാനം ചെയ്കയും |
| യൽ ച | യാതൊന്നിനെ |
| ദിനെ ദിനെ | ദിവസംപ്രതി |
| അശ്നാസി | നീ ഭക്ഷിക്കയും ചെയ്യുന്നുവൊ |
| തൽ | അതു |
| തെ ധനം | നിന്റെ ധനമായിട്ടു |
| അഹംമന്യെ | ഞാൻ പരിഗണിക്കുന്നു. |
| ശേഷം | അവശിഷ്ടത്തെ |
| അന്യസ്യ | അന്യന്നു |
| രക്ഷസി. | നീ സൂക്ഷിക്കുന്നു. |

പരിഭാഷ:- സജ്ജനങ്ങൾക്കായിട്ട നീ ചെയ്യുന്ന ദാനവും ദിവസംതോറും നികുഴിക്കുന്ന ഭക്ഷണവും മാത്രമാണ് നിന്റെ സ്വത്തായിട്ട നിവ്വചിക്കപ്പെട്ടിരിക്കുന്നത്. ശേഷമെല്ലാം മറ്റുള്ളവക്കായി നീ സൂക്ഷിക്ക ആണ് ചെയ്യുന്നത്.

മൂലം ൪.

ത്യാഗ ഏകൊ ഗുണഃ ശ്ലാഘ്യഃ കിമന്യൈർഗ് ഗുണരാശിഭിഃ
ത്യാഗാജ്ജഗതി പൂജ്യന്തെ പശുപാഷാണ പാദപാഃ

| അനവയം. | അനവയാർത്ഥം. |
|---|---|
| ത്യാഗഃ | ദാനം എന്നുള്ള |
| ഏകഃ ഗുണഃ | ഒരു പ്രകൃതിവിശേഷംതന്നെ |
| ശ്ലാഘ്യഃ | പ്രശംസനീയമാകുന്നു. |
| അന്യൈഃ ഗുണരാശിഭിഃ | മറ്റുള്ള ഗുണസമൂഹികൊണ്ടു |
| കിം | എന്താണു ഫലം? |
| ത്യാഗാൽ | പ്രതിഫലേച്ഛ കൂടാതെ ഉള്ള ദാനം ഹേതുവായിട്ട് |
| ജഗതി | ലോകത്തിൽ |
| പശുപാഷാണ പാദപാഃ | മൃഗങ്ങളും കല്ലുകളും വൃക്ഷങ്ങളും |
| പൂജ്യന്തെ | ശ്ലാഘിക്കപ്പെടുന്നു. |

പരിഭാഷ:- പ്രതിഫലേച്ഛ കൂടാതെ ചെയ്യപ്പെടുന്ന ദാനം ഏറ്റവും ശ്ലാഘ്യമായിട്ടുള്ള ഒരു ഗുണമാകുന്നു. ഇതരഗുണസമൂഹികൊണ്ട് എന്തു പ്രയോജനമാണുള്ളതു? പശുപാഷാണ പാദപങ്ങളുടെ ത്യാഗം നിമിത്തം ലോകത്തിൽ അവ എല്ലാം ശ്ലാഘിക്കപ്പെടുന്നു.

മൂലം ൫.

ഗ്രാസാദപി തദർദ്ധേചകസ്മാന്നൊ ദിയതെത്മിഷു
ഇച്ഛാനുരൂപൊ വിഭവഃ കദാ കസ്യ ഭവിഷ്യതി.

| അന്വയം. | അന്വയാർത്ഥം. |
|---|---|
| കസ്മാൽ ഗ്രാസാൽ | ഏതു ഉരുളയിൽ നിന്നും |
| തദ്ദേയം അപിച | അതിൽ പകുതിതന്നെയും |
| അർത്ഥിഷു | ഭിക്ഷാർത്ഥികളിൽ |
| ന. ഉ. ദീയതെ | കൊടുക്കപ്പെടുന്നില്ലെ? |
| ഇച്ഛ് ചരാന്തരൂപഃ | ഇച്ഛ് ചരക്കൊത്തവിധത്തിൽ ഉള്ള |
| വിഭവഃ | സംപത്തു |
| കദാ കസ്യ | എപ്പോൾ ആക്ക |
| ഭവിഷ്യതി | ഉണ്ടാവാൻ പോകുന്നു? |

പരിഭാഷഃ-- ഏതു് ഉരുളയിൽ നിന്നും അതിൽ പകുതി ഭിക്ഷക്കാക്ക് ആരാൽ കൊടുക്കപ്പെടുന്നില്ല? ആക്ക്, എപ്പോഴാണ് ഇച്ഛ് ചരാന്തരൂപം സമ്പത്തുണ്ടാകുന്നതു്?

മൂലം ന.

ഗൌരവം പ്രാപ്യതെ ദാനാന്നതു വിത്തസ്യ സഞ്ചയാൽ
സ്ഥിതിരുച്ചൈഃ പയോദാനാം പയോധിനാമധഃസ്ഥിതിഃ

| അന്വയം. | അന്വയാർത്ഥം |
|---|---|
| വിത്തസ്യ ദാനാൽ | ധനത്തിന്റെ ത്യാഗം കാരണമായിട്ട |
| ഗൌരവം | മാഹാത്മ്യം |
| പ്രാപ്യതെ | പ്രാപിക്കപ്പെടുന്നു |
| സംചയാൽ തുന | ആജ്ജനംകൊണ്ടൊ എന്നാലതു- |
| | ണ്ടാകുന്നില്ല. |
| പയോദാനാം സ്ഥിതിഃ | മേഘങ്ങളുടെ നില |
| ഉച്ചൈഃ | ഉച്ചത്തിലും |
| പയോധിനാംസ്ഥിതിഃ | സമുദ്രങ്ങളുടെ കിടപ്പു |
| അധഃ | താണ തിക്കിലും ആകുന്നു. |

പരിഭാഷഃ- ദാനത്താൽ മാഹാത്മ്യം സിദ്ധിക്കുന്നു. ധനത്തിന്റെ സഞ്ചയംകൊണ്ടു ഗൌരവം ഉണ്ടാകു

ന്നില്ല. ജലത്തെ പ്രളാനംചെയ്യുന്ന മേഘങ്ങൾക്ക് ഉന്നത സ്ഥിതിയും ജലത്തെ സംരക്ഷണം ചെയ്യുന്ന സമുദ്രങ്ങൾക്ക് അധോഗതിയും ഉള്ളതായിട്ടത്രെ നാം കാണുന്നതു്.

മൂലം ൭.

ദാനം ഭോഗോനാശസ്തി സ്രോഗതയൊഭവന്തി വിത്തസ്യ
യൊനദദാതിന ഭുങ്ക്തെ തസ്യതൃതീയാഗതിർഭവതി.

| അന്വയം. | അന്വയാർത്ഥം. |
|---|---|
| വിത്തസ്യ | സംപാദ്യത്തിന്റെ |
| ദാനംഭോഗഃ | ധർമ്മം, സുഖാനുഭവം |
| നാശഃ തിസ്രഃ | നാശം എന്ന മൂന്നു |
| ഗതയഃ ഭവന്തി | ഗതികൾ ഉണ്ടായിരിക്കുന്നു. |
| യഃന ദദാതി | യാവനൊരുത്തൻ ധർമ്മം ചെയ്യുന്നില്ല. |
| ചനഭുങ്ക്തെ | അനുഭവിക്കയും ചെയ്യുന്നില്ല |
| തസ്യ | അവന്റെ |
| തൃതീയാഗതിഃ | മൂന്നാമത്തെ ഗതി |
| ഭവതി | സംഭവിക്കുന്നു. |

പരിഭാഷ— സംപത്തിന്റെ ദാനം, ഭോഗം, നാശം എന്നിങ്ങനെ മൂന്നു ഗതി ഉണ്ടായിരിക്കുന്നു. ദാനം ചെയ്യാതെയും ഭക്ഷിക്കാതെയും ഇരിക്കുന്നവന്റെ നാശമെന്ന മൂന്നാമത്തെ ഗതി ഉണ്ടാകുന്നു.

മൂലം ൮.

ദാതവ്യം ഭോക്തവ്യം സതിവിഭവെ
സംഗ്രഹൊ ന കർത്തവ്യഃ
പശ്യാമി മധുകരീണാം;
സഞ്ചിതമർത്ഥം ഹരന്ത്യന്യെ.

| അന്വയം. | അന്വയാർത്ഥം. |
|---|---|
| വിഭവെ സതി | ഐശ്വര്യമുള്ളപ്പോൾ |

| | |
|---|---|
| ദാതവ്യം | പ്രദാനം ചെയ്യപ്പെടേണ്ടതും |
| ഭോക്തവ്യം | ഭക്ഷിക്കപ്പെടേണ്ടതും ആകുന്ന |
| സംഗ്രഹഃ | സഞ്ചയം=സംഭാരം |
| നകർത്തവ്യഃ | ചെയ്യപ്പെടേണ്ടതല്ല. |
| മധുകരീണാം | തേനീച്ചകളുടെ |
| സഞ്ചിതം അർത്ഥം | സംരക്ഷിക്കപ്പെട്ട ദ്രവ്യത്തെ=മധുവിനെ |
| അന്യേ ഹരന്തി | അന്യന്മാർ അപഹരിക്കുന്ന എന്ന |
| (ഇതി) പശ്യാമി | ഞാൻ കാണുന്നു |

പരിഭാഷ— നമുക്ക് ഐശ്വര്യമുള്ളപ്പോൾ നാം അതിനെ അനുഭവിക്കയും ധർമ്മം കൊടുക്കയും ചെയ്യേണ്ടിയിരിക്കുന്നു. ലോഭംനിമിത്തം അതിനെ സംരക്ഷിക്കരുതു്. തേനീച്ചകളാൽ സംഗ്രഹിക്കപ്പെടുന്ന മധുവെല്ലാം അന്യന്മാർ കൊള്ളചെയ്തു കൊണ്ടുപോകുന്നതായി നാം കാണുന്നില്ലെ?

മൂലം ൯.

ദാനേനഭൂതാനി വശീഭവന്തി
ദാനേനവൈരാണ്യപിയാന്തിനാശം
പരോപിബന്ധുത്വമുപൈതി ദാനൈ–
ർദാനംഹിസർവ്വവ്യസനാനി ഹന്തി.

| അന്വയം. | അന്വയാർത്ഥം. |
|---|---|
| ദാനേന | ദാനംകൊണ്ടു |
| ഭൂതാനി | പ്രാണിവർഗ്ഗങ്ങൾ |
| വശീഭവന്തി | സ്വാധീനമാക്കപ്പെടുന്നു |
| ദാനേന | ദാനം കാരണമായിട്ടു |
| വൈരാണി അപി | ദ്വേഷവിചാരങ്ങൾതന്നെയും |
| നാശം യാന്തി | ഇല്ലാതായിപ്പോകുന്നു. |
| ദാനേന | ദാനത്താൽ |
| പരഃ അപി | സ്വജനമല്ലാത്തവൻപോലും |

| | |
|---|---|
| ബന്ധുത്വം | മിത്രഭാവത്തെ |
| ഉപൈതി | അവലംബിക്കുന്നു. |
| ഹി ദാനം | എന്തുകൊണ്ടെന്നാൽ ദാനം |
| സർവ്വവ്യസനാനി | സകല ആകുലചിന്തകളെയും |
| ഹന്തി | നിവർത്തിപ്പിക്കുന്നു. |

പരിഭാഷ:— ദാനംകൊണ്ടു പ്രാണികൾ വശീകരിക്കപ്പെടുന്നു. ദാനംകൊണ്ടു അമിത്രഭാവം ഇല്ലാതായിപ്പോകുന്നു. ദാനത്താൽ അന്യന്മാർപോലും മിത്രങ്ങളായിത്തീരുന്നു. ദാനം സർവ്വപ്രകാരേണയുള്ള വ്യസനത്തിനും പരിഹാരം ഉണ്ടാക്കുന്നു.

മൂലം ൫൦

ലോഭാൽ ക്രോധഃപ്രഭവതിക്രോധാദ് ദ്രോഹപ്രവർത്തതെ
ക്രോധേന നരകംയാതി ശാസ്ത്രജ്ഞോപിവിചക്ഷണഃ

| അന്വയം. | അന്വയാർത്ഥം. |
|---|---|
| ക്രോധഃ | അരിശം |
| ലോഭാൽ | ലുബ്ധിൽനിന്നു |
| പ്രഭവതി | പ്രകർഷേണ ഉത്ഭവിക്കുന്നു |
| ക്രോധാൽ | രാഗദ്വേഷംനിമിത്തം |
| ദ്രോഹഃ | ഉപദ്രവം |
| പ്രവർത്തതേ | ജനിക്കുന്നു |
| ദ്രോഹേണ | പരോപദ്രവം ഹേതുവായിട്ട് |
| ശാസ്ത്രജ്ഞഃ | തത്വജ്ഞനായിരിക്കുന്ന |
| വിചക്ഷണഃഅപി | പണ്ഡിതൻതന്നെയും |
| നരകംയാതി | ദുർഗ്ഗതിയെ പ്രാപിക്കുന്നു |

പരിഭാഷ:— ലോഭത്തിൽനിന്നു ക്രോധം ഉത്ഭവിക്കുന്നു. ക്രോധത്തിൽനിന്നു ദ്രോഹചിന്ത ഉളവാകുന്നു. ദ്രോഹപ്രവൃത്തി നിമിത്തമായിട്ടു ശാസ്ത്രജ്ഞനായിരിക്കുന്ന പണ്ഡിതൻപോലും ദുർഗ്ഗതിയെ പ്രാപിക്കുന്നു.

മൂലം ൬൦

മാതരം പിതരം പുത്രം ഭ്രാതരം വാസുഹൃത്തമം;
കോപാവിഷ്ടോ നരോഹന്തി സ്വാമിനം വാ സഹോദരം.

| അന്വയം | അന്വയാർത്ഥം |
|---|---|
| കോപാവിഷ്ടഃ | കോപാന്ധനായിരിക്കുന്ന |
| നരഃ | മനുഷ്യൻ |
| മാതരം | മാതാവിനെയോ |
| പിതരം | പിതാവിനെയോ |
| പുത്രം | പുത്രനെയോ |
| ഭ്രാതരം വാ | ബന്ധുവിനെയോ |
| സുഹൃത്തമം | എതുയും വലിയ സ്നേഹിതനെയോ |
| സ്വാമിനം വാ | യജമാനനെയോ |
| സഹോദരം | സഹോദരനെയോ |
| ഹന്തി | കൊല്ലുന്നു. |

പരിഭാഷ:— മാതാവു, പിതാവു, പുത്രൻ, ബന്ധു, എതുയും വലിയ സ്നേഹിതൻ, യജമാനൻ, സഹോദരൻ എന്നിവരിൽ ആരെയെങ്കിലും കോപാന്ധനായ മനുഷ്യൻ വധിക്കുന്നു.

മൂലം ൬൧.

ലോഭേനബുദ്ധിശ്ചലതി ലോഭോജനയതെ തൃഷാം
തൃഷാർത്തോദുഃഖമാപ്നോതി പരത്രേഹച മാനവഃ

| അന്വയം. | അന്വയാർത്ഥം. |
|---|---|
| ലോഭേന | ലുബ്ധുകൊണ്ട |
| ബുദ്ധിഃ | മനസ്സു |
| ചലതെ | ചലിക്കുന്നു |
| ലോഭഃ | ലുബ്ധു് |
| തൃഷാംജനയതെ | അനലംഭാവത്തെ ജനിപ്പിക്കുന്നു |
| തൃഷാർത്തഃ | തൃഷ്ണാതുരനായിരിക്കുന്ന |

| | |
|---|---|
| മാനവഃ | മനുഷ്യൻ |
| പരത്രചേഹ | ഐഹികപാരത്രികങ്ങളിൽ |
| ദുഃഖം ആപ്നോതി | ദുഃഖത്തെ പ്രാപിക്കുന്നു. |

പരിഭാഷഃ— ലോഭംകൊണ്ടു ബുദ്ധിഭ്രമം ഉണ്ടാകുന്നു. ലോഭം അനലംഭാവത്തെ ജനിപ്പിക്കുന്നു. തൃഷ്ണാതുരനായിരിക്കുന്ന മനുഷ്യൻ ഐഹികപാരത്രികങ്ങളിൽ അപരിഹാര്യമായ ദുഃഖത്തെ അനുഭവിക്കുന്നു.

മൂലം ൧൧.

ലോഭാവിഷ്ടോനരോവിത്തം വീക്ഷതെന സചാപദം
ദുഗ്ധം പശ്യതിമാർജ്ജാരോ യഥാനലഗുഡാഹതിം.

| അന്വയം. | അന്വയാർത്ഥം. |
|---|---|
| യഥാമാർജ്ജാരഃ | ഏതുപ്രകാരം പൂച്ച |
| ദുഗ്ധംപശ്യതി | പാലിനെ കാണുകയും |
| നലഗുഡാഹതിം | കടകോലുകൊണ്ടുള്ള അടി കണാതിരിക്കയും ചെയ്യുന്നുവൊ |
| തഥാലോഭാവിഷ്ടഃനരഃ | അപ്രകാരംതന്നെ ലോഭഗ്രസ്തനായിരിക്കുന്ന മനുഷ്യൻ |
| വിത്തംവീക്ഷതെ | ധനത്തെ കാണുന്നു |
| സഃ | അവനൊ എന്നാൽ |
| ന ച ആപദം | ആപത്തിനെ കാണുന്നില്ല. |

പരിഭാഷ— പൂച്ച ഏതുപ്രകാരം പാലിനെ കാണുകയും കടകോലുകൊണ്ടുള്ള താഡനത്തെ കാണാതിരിക്കയും ചെയ്യുന്നുവൊ അപ്രകാരം ലോഭാന്ധനായിരിക്കുന്ന മനുഷ്യനും ധനത്തെ കാണുന്നുണ്ടെങ്കിലും അതിനാൽ നേരിടുന്ന ആപത്തിനെ കാണുന്നില്ല.

മൂലം ൮൪.

പ്രായേണധനിനാമേ ച ധനലോഭോനിരന്തരഃ
പശ്യകോടിദ്വയോപേതം ലക്ഷായപ്രണതംധനുഃ

| അന്വയം. | അന്വയാർത്ഥം. |
|---|---|
| പ്രായേണ | മിക്കവാറും |
| ധനിനാം എവ | ധനികന്മാക്കുതന്നെ |
| നിരന്തരഃ | നിരന്തരമായിരിക്കുന്ന |
| ധനലോഭഃ | അർത്ഥാഗ്രഹം ഉണ്ടാകുന്ന |
| കൊടിദ്വയോപതം | രണ്ടു കൊടിയുള്ളതായ |
| ധനുഃ | വില്ല് |
| ലക്ഷായ | ലക്ഷത്തിന്നായിട്ട് |
| പ്രണതം | പ്രകൃഷ്ടണ നമിക്കുന്നതിനെ |
| പശ്യ | കണ്ടാലും. |

പരിഭാഷ:— ധനികന്മാക്കു തന്നെയാണ് അർത്ഥാഗ്രഹം പ്രായേണ നിരന്തരമായി ഉണ്ടായിരിക്കുന്നതു്. രണ്ടു കൊടി ഉള്ളതായ വില്ല പിന്നെയും ലക്ഷത്തിന്നായിക്കൊണ്ടു പ്രണമിക്കുന്നതിനെ കണ്ടാലും.

മൂലം ൮൫

ശതേഷുജായതേ ശൂരഃ സഹസ്രേഷു ച പണ്ഡിതഃ
വക്താദശസഹസ്രേഷു ദാതാ ഭവതി വാനവാ

| അന്വയം | അന്വയാർത്ഥം. |
|---|---|
| ശതേഷു | നൂറു പേരിൽവെച്ചു |
| ശൂരഃ | ശൂരനായിട്ട |
| ജായതെ | ഒരുവൻ ജനിക്കുന്നു. |
| സഹസ്രേഷു | ആയിരം പേരിൽ വെച്ചു |
| പണ്ഡിതഃ | വിദ്വാനായിട്ട |
| ജായതെ | ഒരുവൻ ജനിക്കുന്നു. |
| ദശസഹസ്രേഷു ച | പതിനായിരംപേരിൽ വച്ചു |

(ന്നു.

വക്തൃാജായതെ വാഗ്മിയായിട്ടൊരുവൻ ജനിക്ക–
ദാതാഭവതിവാനവാ ദാനംചെയ്യുന്നവനായിട്ട് ഒരുത്ത
നെങ്കിലും ജനിക്കുന്നുണ്ടോ ഇല്ല
യോ?

പരിഭാഷഃ— ന്യൂ പേരിൽവെച്ചു ശൂരനായിട്ട ഒരുവൻ ജനിക്കുകയും ആയിരം പേരിൽവച്ചു പണ്ഡി തനായിട്ട ഒരുവൻ ജനിക്കുകയും പതിനായിരംപേരിൽ വച്ചു ഒരുവൻ വാഗ്മിയായിട്ട ജനിക്കുകയും ചെയ്യുന്നു ണ്ടു്. എന്നാൽ ദാതാവായിട്ട ഒരുവനെങ്കിലും ജനിക്കു ന്നുണ്ടോ ഇല്ലയോ ആക്കിയാം?

മൂലം ഫന.

ദാതാരംകൃപണമാന്യേ മൃതോപ്യർത്ഥം നമുഞ്ചതി
അദാതാഹി ധനത്യാഗി ധനം ഹിത്വാഹി ഗച്ഛതി.

| അന്വയം | അന്വയാർത്ഥം |
|---|---|
| ദാതാരം | ദാതാവിനെ |
| കൃപണം | ലുബ്ധനെന്നു് |
| മന്യേ | ഞാൻ ഗണിക്കുന്നു. |
| മൃതഃ അപി | ദേഹവിയോഗംചെയ്തശേഷം |
| അർത്ഥം | ധനത്തെ |
| നമുഞ്ചതി | അവൻ ദാനം ചെയ്യുന്നില്ല. |
| അദാതാഹി | ലുബ്ധനോ എന്നാൽ |
| ധനംഹിത്വാ | ധനത്തെ പരിത്യജിച്ചിട്ട |
| ധനത്യാഗിഹി | ധനദാനസമുൽസുകനായി |
| ഗച്ഛതി. | മരിക്കുന്നു. |

പരിഭാഷഃ— ദാതാവിനെ ലുബ്ധനായിട്ട ഞാൻ പരിഗണിക്കുന്നു. മരണാനന്തരം അവൻ ധനത്തെ ഒട്ടുംതന്നെ ദാനംചെയ്യുന്നില്ല. ലുബ്ധനോ എന്നാൽ ധനത്തെ പരിത്യജിച്ചിട്ട മരണാനന്തരം ധനത്തെ പ്രദാ നംചെയ്യുന്നതിൽ സമുൽസുകനായിട്ട മരിക്കുന്നു.

മൂലം ൪൭.

കൃപണേനസമൊദാതാ നഭൂതൊന ഭവിഷ്യതി
അസ്പൃശന്നെവവിത്താനി യഃപരേഭ്യഃ പ്രയച്ഛതി.

| അന്വയം. | അന്വയാർത്ഥം. |
|---|---|
| യഃ | യാവനൊരുത്തൻ |
| വിത്താനി | സംപത്തുകളെ |
| അസ്പൃശൻ അപി | കൈകൊണ്ടു സ്പർശിക്കപോലും- |
| | ചെയ്യാതെ |
| പരെഭ്യഃ | അന്യന്മാക്കു |
| പ്രയച്ഛതി | പ്രദാനം ചെയ്യുന്നവൊ |
| തെനകൃപണേന | ആ ലുബ്ധനൊട്ടു |
| സമഃദാതാ | സമമായിട്ടു ഒരു ദാതാവു് |
| നഭൂതൊ | ഉണ്ടായിട്ടില്ല. |
| ന ഭവിഷ്യതി | ഇനി ഉണ്ടാകയുമില്ല. |

പരിഭാഷഃ— സ്വന്ത സംപാദ്യമെല്ലാം കൈകൊണ്ടുകൂടി തൊടാതെ അന്യന്മാക്കു കൊടുക്കുന്ന ലുബ്ധനൊടു സമമായിട്ടു മറെറാരു ദാതാവു് ഉണ്ടായിട്ടില്ല. ഇനി ഉണ്ടാകയുമില്ല.

മൂലം ൪൮.

നദാതുംനൊപഭൊക്തും ചശക്നൊതി കൃപണഃ ശ്രീയം
കിംതുസ്പൃശതിഹസ്തെന നപുംസകഃ ഇവസ്ത്രിയം.

| അന്വയം | അന്വയാർത്ഥം |
|---|---|
| കൃപണഃ | ലുബ്ധൻ |
| ശ്രീയം | സംപത്തിനെ |
| ദാതും | കൊടുക്കുന്നതിനും |
| ഉപഭൊക്തുംച | അനുഭവിക്കുന്നതിനും |
| ന ശക്നൊതി | ശക്തനാകുന്നില്ല |
| നപുംസകഃ | സ്ത്രീയും പുരുഷനുമല്ലാത്ത സൃഷ്ടി |

| | |
|---|---|
| സ്ത്രീയം ഇവ | സ്ത്രീയെ എന്നപോലെ |
| ഹസ്തേനതു | കൈകൊണ്ടാകട്ടെ |
| കിം സ്പൃശതി | എന്തിനു തൊടുന്നു. |

പരിഭാഷ:— ലുബ്ധൻ ധനത്തെ കൊടുക്കുന്നതിനും അനുഭവിക്കുന്നതിനും ശക്തനാകുന്നില്ല. പിന്നെ എന്തിനു നപുംസകൻ സ്ത്രീയെ എന്നപോലെ കൈകൊണ്ടു ധനത്തെ സ്പർശിക്കുന്നു?

മൂലം ൯൯.

കൃപണഃ സദ്വധൂസംഗം നകരോതിഭയാദിഹ
ഭവിതായദിമെപുത്രഃ സമെവിത്തം ഹരെദിതി.

| അന്വയം | അന്വയാർത്ഥം. |
|---|---|
| കൃപണഃ | ലുബ്ധൻ |
| മെ പുത്രഃ | എനിക്കു ഒരു പുത്രൻ |
| ഭവിതായദി | ഉണ്ടായാൽ |
| സഃ മെ വിത്തം | അവൻ എന്റെ ധനത്തെ |
| ഹരേൽ ഇതി | എടുത്തേക്കാം എന്നുള്ള |
| ഭയാൽ | ഭീതിനിമിത്തം |
| സദ്വധൂസംഗം | സദ്ഭാര്യാഗമനത്തെ |
| ഇഹ. | ജീവിതത്തിൽ |
| നകരോതി | ചെയ്യുന്നില്ല. |

പരിഭാഷ— തനിക്ക് പുത്രനുണ്ടായാൽ അവൻ തന്റെ ധനത്തെ വ്യയംചെയ്തു നശിപ്പിച്ചേക്കിലൊ എന്നുള്ള ഭയം ഹേതുവായിട്ടു ലുബ്ധൻ ജീവിതത്തിൽ സദ്വധൂസംഗം ചെയ്യുന്നതുമില്ല.

മൂലം ൧൦൦.

സതിദ്രാക്ഷാഫലെക്ഷീരെ മൂദാമാസ്വാദനം മുദെ
അഹൊമാതുരിയം രീതിഃ കൃപണെ ഗർഭവത്തിനീ

| അന്വയം | അന്വയാർത്ഥം. |
|---|---|
| ദ്രാക്ഷാഫലെ | മുന്തിരിങ്ങാപഴവും |
| ക്ഷീരെ സതി | പാലും ഉള്ളപ്പോൾ |
| മൂഢാം ആസ്പാദനം | മണ്ണിന്റെ ആസ്പാദനത്തെ |
| മൂഢെ | ഞാൻ കാംക്ഷിക്കുന്നു. |
| കൃപണെ ഗർഭവത്തിനി | ലുബ്ധൻ ഗർഭസ്ഥനായിരിക്കുന്ന– |
| | കാലത്തു |
| അഹൊമാതുഃ | കഷ്ടം! മാതാവിന്റെ |
| രീതിഃ ഇയം. | പ്രവൃത്തിമാർഗ്ഗം ഇതാകുന്നു. |

പരിഭാഷ— ഭക്ഷിക്കുന്നതിനു ദ്രാക്ഷാഫലവും കൂടിക്കുന്നതിനു ക്ഷീരവുംഉണ്ടു്. എന്നായിരുന്നാലും മണ്ണു തിന്നുന്നതിൽ എനിക്കു വളരെ കൊതി തോന്നുന്നു. ലുബ്ധൻ ഗർഭസ്ഥനായിരിക്കുമ്പോൾ മാതാവിന്റെ പ്രവൃത്തിമാർഗ്ഗം അതിശയേന ഇതാകുന്നു.

മൂലം ൨൬.

യദർജ്യതെ പരിക്ലൈശൈരജ്ജിതം യന്നഭുജ്യതെ
വിഭജ്യതെ യദന്യൈഃ കസ്യചിൽ മാസ്തുതദ്ധനം.

| അന്വയം. | അന്വയാർത്ഥം. |
|---|---|
| യൽ | യാതൊന്നു |
| പരിക്ലൈശൈഃ | അമിതശ്രമത്തോടുകൂടി |
| അർജ്യതെ | സംഭരിക്കപ്പെടുകയും |
| അജ്ജിതം യൽ | ശേഖരിക്കപ്പെട്ട യാതൊന്നു |
| ന ഭുജ്യതെ | ഭുജിക്കപ്പെടാതിരിക്കയും |
| യൽ അന്യൈഃ | യാതൊന്നു ഒടുവിൽ അന്യന്മാരാൽ (നുവൊ |
| വിഭജ്യതെ | വിഭാഗിക്കപ്പെടുകയും ചെയ്യു |
| തൽധനം | അങ്ങിനെയുള്ള ധനം |
| കസ്യചിൽ | യാതൊരുത്തനും |
| മാ അസ്തു. | ഉണ്ടാകാതിരിക്കട്ടെ. |

പരിഭാഷ— വളരെ പരിശ്രമം കഴിച്ചു സമ്പാദിക്കപ്പെട്ടകയും ഈ സമ്പാദ്യത്തിൽ ഒട്ടുംതന്നെ ഉപയോഗപ്പെട്ടത്താതെ കഴിച്ചുകൂട്ടകയും ഒടുവിൽ അന്യന്മാർ ഭാഗിച്ചുകൊണ്ടുപോകയും ചെയ്യപ്പെട്ടന്ന ധനസമ്പാദ്യം ആക്കുംതന്നെ ഉണ്ടാകാതിരിക്കട്ടെ.

മൂലം ൨൨.

കിംശുകെ കിംശുകഃ കുയ്യാൽ ഫലിതേപിബുഭുക്ഷിതഃ
അന്യാതരി സമുദ്ധേപി കിം കുയ്യുരുപജീവിനഃ

| അന്വയം | അന്വയാർത്ഥം. |
|---|---|
| ഫലിതെ അപി | പൂവുള്ളതാണെങ്കിലും |
| കിംശുകെ | കിംശുകവൃക്ഷത്തിൽ (മുരിക്ക്) |
| ബുഭുക്ഷിതഃ | ബുഭുക്ഷ ഉള്ള |
| ശുകഃ | കിളി |
| കിം കുയ്യാൽ | എന്തുചെയ്യുന്നു. |
| സമുദ്ധെ അപി | ധനാഢ്യൻ |
| അന്യാതരി | ലുബ്ധനായിരിക്കുമ്പോൾ |
| ഉപജീവിനഃ | ആശ്രിതവർഗ്ഗക്കാർ |
| കിം കുയ്യുഃ | എന്തു ചെയ്യും |

പരിഭാഷ:— കിംശുകവൃക്ഷത്തിൽ പൂക്കളുണ്ടെങ്കിലും കിളിക്ക് അതുകൊണ്ടു എന്താണു ഫലം? ലുബ്ധനായിരിക്കുന്ന ധനാഢ്യനെക്കൊണ്ടു ആശ്രിതജനങ്ങൾക്ക് എന്താണു ഉപകാരം?

മൂലം ൨൩.

ലുബ്ധോനവിസൃജത്യർത്ഥം നരൊദാരിദ്രശങ്കയാ
ദാതാപിവിസൃജത്യർത്ഥം തയൈവനനുശങ്കയാ.

| അന്വയം | അന്വയാർത്ഥം. |
|---|---|
| ലുബ്ധഃ നരഃ | ലുബ്ധനായിരിക്കുന്ന മനുഷ്യൻ |

| | |
|---|---|
| ദാരിദ്രശങ്കയാ | ക്ഷാമഭയം ഹേതുവായിട്ട |
| അർത്ഥം | ധനത്തെ |
| നവിസൃജതി | പ്രദാനം ചെയ്യുന്നില്ല. |
| ദാതാ അപി | ധർമ്മം ചെയ്യുന്നവനും |
| തയാശങ്കയാ എവ | ആശങ്കകൊണ്ടുതന്നെ |
| അർത്ഥം | ധനത്തെ |
| നനുവിസൃജതി | പ്രദാനം ചെയ്യുന്നില്ലെ? |

പരിഭാഷ:— ക്ഷാമബാധയുണ്ടായെങ്കിലോ എന്ന ഭയന്നിട്ടാണ ലുബ്ധൻ ധർമ്മം ചെയ്യാതെ ഇരിക്കുന്നതു്. ദയാലുവായിട്ടുള്ളവനും ആ ഭയംകൊണ്ടു തന്നെ ആണ് ധർമ്മം കൊടുക്കുന്നതു്.

മൂലം ഒരു.

ഉപഭോഗകാതരാണാം പുരുഷാണാ മർത്ഥസഞ്ചയപരാണാം
കന്യാമണിരിവസദനെ തിഷ്ഠത്യർത്ഥഃ പരാർത്ഥേ.

അന്വയം

ഉപഭോഗകാതരാണാം പുരുഷാണാം അർത്ഥഃ സഞ്ചയപരാണാം കന്യാമണിഃ ഇവ പരാർത്ഥേ സദനെ തിഷ്ഠതി

അന്വയാർത്ഥം.

| | |
|---|---|
| ഉപഭോഗകാതരാണാം | അനുഭവനിരാഗികളായി |
| അർത്ഥ സഞ്ചയ പരാ— | |
| ണാം | ദ്രവ്യ സമ്പാദനാസക്തന്മാരായി— |
| | രിക്കുന്ന |
| പുരുഷാണാം | മനുഷ്യരുടെ |
| അർത്ഥഃ | ധനശേഖരം |
| കന്യാമണിഃ ഇവ | കന്യകാരത്നം എന്നപോലെ |
| പരാർത്ഥേ | പരാർത്ഥമായിട്ടുതന്നെ |
| സദനെ | ഭവനത്തിൽ |
| തിഷ്ഠതി | സ്ഥിതിചെയ്യുന്നു. |

പരിഭാഷ— ഐശ്വര്യംകൊണ്ടുള്ള സുഖാനുഭവത്തിൽ വിമുഖന്മാരും എന്നാൽ ധനാർജ്ജനത്തിൽ തല്പരന്മാരും ആയിരിക്കുന്ന മനുഷ്യരുടെ ഐശ്വര്യം ക

ന്യായമണി എന്നപോലെ പരാർത്ഥമായിട്ടതന്നെ ഭവനത്തിൽ താമസിക്കുന്നു.

മൂലം ൨൪.

ജീയ്യന്തിജീയ്യതഃ കേശാദന്താ ജീയ്യന്തിജീയ്യതഃ
ജീവനാശാധനാശാച ജീയ്യതൊപിന ജീയ്യതെ.

| അന്വയം. | അന്വയാർത്ഥം. |
|---|---|
| ജീയ്യതഃ | വയോധികന്റെ |
| കേശാഃ ജീയ്യന്തി | തലമുടി നരയ്ക്കുന്നു. |
| ജീയ്യതഃ ദന്താഃ | വയോധികന്റെ പല്ലുകൾ |
| ജീയ്യന്തി | ഇളകുന്നു |
| ജീയ്യതഃ | വൃദ്ധന്റെ |
| ജീവനാശാച | ജീവിതഭ്രമവും |
| ധനാശാ | അർത്ഥാഗ്രഹവും |
| നജീയ്യതെ | ക്ഷയിച്ചുപോകുന്നില്ല. |

പരിഭാഷ:— വാർദ്ധക്യദശയിൽ എത്തിയിരിക്കുന്നവന്റെ തലമുടി നരയ്ക്കുകയും പല്ലുകൾ ഇളകുകയും ചെയ്യുന്നു, എന്നിരുന്നാലും ജീവിതത്തിലും അത്ഥലാഭത്തിലുമുള്ള വയോധികന്റെ ഭ്രമം അസ്തമിക്കുന്നില്ല.

മൂലം ൨൫.

കൃപണസ്യസമൃദ്ധീനാം ഭൊക്താരഃസന്തികെചിദതിനിപുണാഃ
ജലസംപദൊംബുരാശെർയാന്തിവശംശശദെൻവാഗൊഃ

| അന്വയ | അന്വയാർത്ഥം. |
|---|---|
| കൃപണസ്യ | ലുബ്ധന്റെ |
| സമൃദ്ധീനാം | ഐശ്വര്യങ്ങളുടെ |
| ഭൊക്താരഃ | അനുഭവസ്ഥന്മാരായിട്ട |
| കെചിൽ | ഏതാനും ചില |
| അതിനിപുണാഃ | അതിസമർത്ഥന്മാർ |

| | |
|---|---|
| സന്തി | ഭവിക്കുന്നു |
| അംബുരാശേഃ | സമുദ്രത്തിന്റെ |
| ജലസംപദഃ | ജലസംപാദ്യമെല്ലാം |
| ഔർവ്വാഗ്നേഃ | സമുദ്രാന്തർഗതമായിരിക്കുന്ന അഗ്നിയുടെ |
| വശം | അധീനതയിലേക്ക് |
| ശശ്വൽ | നിരന്തരമായി |
| യാന്തി | പൊയ്ക്കൊണ്ടിരിക്കുന്നു |

പരിഭാഷ— ലുബ്ധൻ ശേഖരിച്ചുവെച്ചിട്ടുള്ള നിധി എല്ലാം കൈവശപ്പെടുത്തി അനുഭവിക്കുന്നതു അതിസമർത്ഥന്മാരായിരിക്കുന്ന ചില ധൂർത്തന്മാരാകുന്നു. സമുദ്രത്തിന്റെ ജലസംപത്തിനെ എല്ലാം നശിപ്പിക്കുന്നതു അതിൽ അന്തർല്ലീനമായി കിടക്കുന്ന ബാഡവാഗ്നി തന്നെ ആകുന്നു.

മൂലം ൨൭.

പ്രാപ്യാനപിനലഭന്തെ ഭോഗാൻഭോക്തും സ്വകർമ്മഭിഃകൃപണാഃ
മുഖപാകഃ കിലഭവതി ദ്രാക്ഷാപാകെ ബലിഭുജാംഹി.

| അന്വയം | അന്വയാർത്ഥം. |
|---|---|
| പ്രാപ്താൻ അപി | സ്വായത്തമായിരുന്നാലും |
| ഭോഗാൻഭോക്തും | സുഖമനുഭിക്ക എന്നുള്ളതിനെ |
| സ്വകർമ്മഭിഃ | കർമ്മവാസന ഹേതുവായിട്ട |
| കൃപണാഃ | ലുബ്ധന്മാർ |
| നലഭന്തെ | പ്രാപിക്കുന്നില്ല. |
| ബലിഭുജാം | കാക്കൾക്ക് |
| ദ്രാക്ഷാപാകെ | മുന്തിരിങ്ങാ പഴുക്കുമ്പോൾ |
| മുഖപാകഃ | മുഖരോഗം=വായ്പുണ്ണ് |
| ഖലുഭവതി | നിശ്ചയമായിട്ട ഉണ്ടാകുന്നു. |

പരിഭാഷ— കരസ്ഥമായിരുന്നാലും ഭാഗ്യമനുഭവിക്കുന്നതിനു ജന്മവാസനകൊണ്ടു ലുബ്ധന്മാക്ക സാ

ധിക്കില്ല. മുന്തിരിങ്ങാ പഴുത്തു പാകമാകുമ്പോൾ കാക്ക കൊക്കിന് വാപ്പുണ്ണു ഉണ്ടാകുന്നു.

മൂലം ൨൨.

ജഹാതിസഹസാസനം ഝടിതിപൃച്ഛതിസ്വാഗതം
നമസ്യതികൃതാഞ്ജലിഃ ശ്രുതിമനോഹരം ഭാഷതെ
ദദാതികുസുമംഫലം ശിഥിലയത്യഭിഷ്ടാംക്രിയാ—
മഹൊനപരീചീയതെ കൃപണവഞ്ചനാചാതുരീ.

| അന്വയം | അന്വയാർത്ഥം. |
|---|---|
| ആസനം | പീഠം |
| സഹസാജഹാതി | ഉടനെ ഉപേക്ഷിക്കുന്നു |
| ഝടിതി | സംഭ്രമത്തോടുകൂടി |
| സ്വാഗതം | ശുഭത്തെ |
| പൃച്ഛതി | ആശംസിക്കുന്നു |
| കൃതാഞ്ജലിഃ | കൈക്കൂപ്പി നിന്നുകൊണ്ടു |
| നമസ്യതി | നമസ്കരിക്കുന്നു |
| ശ്രുതിമനോഹരം | കണ്ണാനന്ദകരമായി |
| ഭാഷതെ | സംസാരിക്കുന്നു. |
| കുസുമംദദാതി | പുഷ്പത്തെ തരുന്നു |
| അഭിഷ്ടാംക്രിയാംഫലം | അഭിലഷിത ചേഷ്ടയാകുന്ന ഫലത്തെ |
| ശിഥിലതി | നിരാകരിക്കുന്നു |
| അഹൊ കൃപണവഞ്ച— | |
| നാചാതുരീ | ലുബ്ധന്റെ കൌടില്യസാമർത്ഥ്യം |
| നപരിചീയതെ | കഷ്ടം! നിരൂപണം ചെയ്യപ്പെട്ടന്നില്ല. |

പരിഭാഷ— കൃപണൻ കണ്ടാൽ ഉടൻ തന്നെ സംഭ്രമത്തോടുകൂടി എണീറ്റുനിന്ന് കുശലപ്രശ്നം ചെയ്യുന്നു. പിന്നെ കൈക്കൂപ്പിപ്പിടിച്ചുകൊണ്ടു നമസ്കരി

ക്കയും ശ്രുതിമധുരമായി സംഭാഷിക്കയുംചെയ്യും. പുഷ്പത്തെ പ്രദാനം ചെയ്യുമെങ്കിലും അഭീഷ്ടക്രിയ ആകുന്ന ഫലത്തെ ശിഥിലമാക്കുന്നു. ഹാ! കഷ്ടം! ലുബ്ധന്റെ കൈതിലൃസാമർത്ഥ്യം ആരാലും നിരൂപണം ചെയ്യപ്പെട്ടുന്നില്ല.

മൂലം ൨൯.

ഏകേനതിഷ്ഠതാ ധസ്താദന്യേനൊ പരിതിഷ്ഠതാ
ദാതൃയാചകയൊർഭേദഃ കരാഭ്യാമെവ സൂചിതഃ

| അന്വയം | അന്വയാർത്ഥം. |
|---|---|
| അധസ്താൽ | താഴെ |
| തിഷ്ഠതാഏകെന | നില്ക്കുന്ന ഒന്നും |
| ഉപരിതിഷ്ഠതാ | മുകളിൽനില്ക്കുന്ന |
| അന്യെന | മറൊന്നും ആയിരിക്കുന്ന |
| കരെഭ്യാം എവ | രണ്ടു കൈകൾകൊണ്ടുതന്നെ |
| ദാതൃയാചകയൊഃ | ദാതാവും ഭിക്ഷുവും തമ്മിലുള്ള |
| ഭെദഃ | അന്തരം |
| സൂചിതഃ | ലക്ഷ്യമാക്കപ്പെട്ടുന്നു. |

പരിഭാഷ— ഒന്നു മേലെ ആയിട്ടും മറൊന്നു കീഴെ ആയിട്ടും കാണപ്പെട്ടുന്ന ഈ രണ്ടു കൈകൾകൊണ്ടു തന്നെ ദാതൃയാചകന്മാരുടെ അന്തരം പ്രത്യക്ഷപ്പെടുന്നുണ്ട്.

മൂലം ൩൦.

അനുസരതികരികപോലം ഭ്രമരഃ ശ്രവണെനതാഡ്യമനൊപി
ഗണയതിനൃതിരസ്കാരം ദാനാന്ധവിലൊചനൊ നീചഃ

| അന്വയം | അന്വയാർത്ഥം. |
|---|---|
| ശ്രവണെന | ചെവികൊണ്ടു (ണെങ്കിലും |
| താഡ്യമാന അപി | അടിക്കപ്പെട്ടുകൊണ്ടിരിക്കുന്നതാ— |

| | |
|---|---|
| ഭ്രമരഃ | വണ്ടു |
| കരികപോലം | ആനയുടെ മസ്തകത്തെ |
| അനുസരതി | അനുഗമിക്കുന്നു |
| ദാനാന്ധവിലോചനഃ | ഭിക്ഷാഭ്രമംകൊണ്ടു അന്ധനായിരിക്കുന്ന |
| നീചഃ | ഭിക്ഷാർത്ഥി |
| തിരസ്കാരം | അനാദരവിനെ |
| നഗണയതി | വകവെക്കുന്നില്ല. |

പരിഭാഷ— ആനയുടെ ചെവികൊണ്ടു നിരന്തരം താഡിക്കപ്പെടുന്നുണ്ടെങ്കിലും വണ്ടു ഈ ഉപദ്രവത്തെ വകവെയ്ക്കാതെ കരികപോലത്തെ തന്നെ പിൻചെല്ലുന്നു. ഭിക്ഷാഗ്രഹംകൊണ്ടു അന്ധനായിരിക്കുന്ന യാചകൻ തിരസ്കരണത്തെ അവഗണിച്ചുകളയുന്നു.

## അദ്ധ്യായം ൬.

മൂലം. ൬.

നീചതാമനവലംബ്യജനഃ കൊയാചനാദവചിനോതിഫലാനി
ഹന്ത യാമനപദം പ്രതിപെദെ ഭിക്ഷുതാമു പഗതൊജനാർദ്ദനഃ

| അന്വയം. | അന്വയാർത്ഥം. |
|---|---|
| നീചതാം | ലാഘവത്തെ |
| അനവലംബ്യ | പരിത്യജിച്ചിട്ടു |
| കഃ ജനഃ | ഏതു മനുഷ്യൻ |
| യാചനാൽ | പ്രാർത്ഥനയിൽ നിന്നു |
| ഫലാനി | അഭീഷ്ടഫലങ്ങളെ |
| അവചിനൊതി | അന്വേഷിച്ചു ശേഖരിക്കുന്നില്ലാ? |
| ഭിക്ഷുതാം | ഭിക്ഷാടനത്തെ |

| | |
|---|---|
| ഉപഗതഃ | അവലംബിച്ചിട്ട |
| ജനാർദ്ദനഃ | വിഷ്ണു |
| വാമനപദം | വാമനാകൃതിയെ |
| ഹന്ത! പ്രതിപെദെ | അഹൊ സ്ഥിരമായി ധരിച്ചു. |

പരിഭാഷ— ലാഘവത്തെ പരിത്യജിച്ചിട്ട് ഏതു മനുഷ്യൻ യാചനകൊണ്ടു അഭീഷ്ടഫലങ്ങളെ പ്രാപിക്കുന്നതിനു മടി വിചാരിക്കുന്നു? ഭിക്ഷാടനത്തെ അവലംബിച്ചിട്ട ജനാർദ്ദനൻ വാമനാകൃതിയെ സ്ഥിരമായി ധരിച്ചു.

മൂലം ൬.

രവിശ്ചന്ദ്രോഘനാവൃക്ഷാ നദിർഗാവഃപശ്ച സജ്ജനാഃ
എതെ പരോപകാരായയുഗെഷ്വെവ നിർമ്മിതാഃ

| അനവയം. | അനവയാർത്ഥം. |
|---|---|
| രവിഃ ചന്ദ്രഃ | സൂര്യൻ, ചന്ദ്രൻ |
| ഘനാഃ വൃക്ഷാഃ ച | മേഘങ്ങളും, വൃക്ഷങ്ങളും |
| നദിഃ ഗാവഃ ച | ആറ്, മൃഗങ്ങളും, |
| സജ്ജനാഃ എതെ | സജ്ജനങ്ങളും എന്നിതെല്ലാം |
| പരോപകാരായ | പരോപകാരത്തിനായിട്ട |
| യുഗെ | ഓരൊ യുഗത്തിൽ |
| ഷ്വെവ | ഈശ്വരനാൽ |
| നിർമ്മിതാഃ | സൃഷ്ടിക്കപ്പെട്ടവ ആകുന്നു. |

പരിഭാഷ:— ആദിത്യൻ, ചന്ദ്രൻ, മേഘങ്ങളും, വൃക്ഷങ്ങളും, നദികളും, മൃഗങ്ങളും, സുകൃതികളും എന്നിതെല്ലാം ഓരോ യുഗത്തിലും പരോപകാരത്തിനായിട്ട ഈശ്വരനാൽ സൃഷ്ടിക്കപ്പെട്ടുന്നു.

മൂലം ൭.

പരോപകരായ ഫലന്തി വൃക്ഷാഃ
പരോപകാരായ വഹന്തി നദ്യഃ

പരോപകാരായ ദുഹന്തി ഗാവഃ
പരോപകാരാർത്ഥമിദം ശരീരം.

| അന്വയം. | അന്വയാർത്ഥം. |
|---|---|
| വൃക്ഷാഃ | വൃക്ഷങ്ങൾ |
| പരോപകാരായ | പരോപകാരത്തിനായിട്ട |
| ഫലന്തി | ഫലങ്ങളെ പ്രദാനംചെയ്യുന്നു. |
| നദ്യഃ പരോപകാരായ | നദികൾപരോപകാരത്തിനായിട്ട |
| വഹന്തി | പ്രവഹിക്കുന്നു. |
| ഗാവഃ പരോപകാരാ– | |
| യ | മൃഗങ്ങൾപരോപകാരത്തിനായിട്ട |
| ദുഹന്തി | പാലിനെ പ്രദാനം ചെയ്യുന്നു. |
| ഇദംശരീരം | ഈ നമ്മുടെ ശരീരംതന്നെയും |
| പരോപകാരാർത്ഥം | പരോപകാരത്തിനായിട്ട സൃഷ്ടി– |
| | ക്കപ്പെട്ടതാകുന്നു. |

പരിഭാഷ— വൃക്ഷങ്ങൾ ഫലം പുറപ്പെടുവിക്കുന്നതും നദികൾ ഒഴുകിക്കൊണ്ടിരിക്കുന്നതും മൃഗങ്ങൾ പാലുതരുന്നതുമെല്ലാം പരോപകാരത്തിനായിട്ടു തന്നെ ആകുന്നു. പരോപകാരാർത്ഥമാകുന്ന ഈ നമ്മുടെ ശരീരവും സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്.

മൂലം ൪.

ഭവന്തിനമ്രാസ്തരവഃ ഫലോദ്ഗമൈർനവാം ബുഭിർഭ്രരി
വിളംബിനോഘനാഃ അനുദ്ധതാഃ സൽപുരുഷാഃ സമൃ
ദ്ധിഭിഃ സ്വഭാവ എഷൈവ പരോപകാരിണാം.

| അന്വയം. | അന്വയാർത്ഥം. |
|---|---|
| തരവഃ | വൃക്ഷങ്ങളുടെ ശാഖകൾ |
| ഫലോദ്ഗമൈഃ | ഫലസമൃദ്ധികൊണ്ടു |
| നമ്രാഃ | വളഞ്ഞുകിടക്കുന്നവയും |
| ഘനാഃ | മേഘങ്ങൾ |

| | |
|---|---|
| നവാംബുഭിഃ | വഷ്ജലംകൊണ്ട |
| ഭ്രരിവിളംബിനഃ | അധികം മന്ദഗതിയുള്ളവയും |
| സൽപുരുഷാഃ | സജ്ജനങ്ങൾ |
| സമൃദ്ധിഭിഃ | ഐശ്വര്യംകൊണ്ട |
| അനുദ്ധതാഃ ഭവന്തി | അനഹംകാരികളും ആയിതീരുന്നു |
| പരോപകാരിണാം | പരോപകാരികളുടെ |
| സ്വഭാവഃ | പ്രകൃതി |
| ഏഷഃ ഏവ | ഇതുതന്നെ ആകുന്നു |

പരിഭാഷഃ— ഫലസമൃദ്ധി ഉള്ളപ്പോൾ വൃക്ഷശാഖകൾ പൂവ്വാധികം താണു, താണു കിടക്കുന്നു. വഷ്ജലംകൊണ്ട കാർമ്മേഘങ്ങൾ അധികം മന്ദമായി ഓടുന്നു. ഐശ്വര്യംകൊണ്ട സജ്ജനങ്ങൾ അനഹംകാരികൾ ആകുന്നു. പരോപകാരികളുടെ പ്രകൃതി ഇതു തന്നെ ആകുന്നു.

മൂലം ൪.

ശ്രോത്രംശ്രുതെനൈവനകുണ്ഡലെന
ദാനേനപാണിർനതുകങ്കണേന;
വിഭാതികായഃ ഖലു സജ്ജനാനാം
പരോപകാരേണന ചന്ദനേന.

| അന്വയം | അന്വയാർത്ഥം |
|---|---|
| ശ്രോത്രം | കാതു |
| കുണ്ഡലെന ന | കടുക്കൻ കൊണ്ടല്ല. |
| ശ്രുതെന എവ | സൽകീർത്തികൊണ്ടും |
| പാണിഃ തു | കരമാകട്ടെ |
| കങ്കണേന ന | വീരചങ്ങല കൊണ്ടല്ല. |
| ദാനേന | ധർമ്മംകൊണ്ടും |
| സജ്ജനാനാം കായഃ | സദ്വൃത്തന്മാരുടെ ശരീരം |
| ചന്ദനേന ന | ചന്ദനംകൊണ്ടല്ല. |
| പരോപകാരേണ ച | പരോപകാരംകൊണ്ടും |

വിഭാതി ശോഭിക്കുന്നു.

പരിഭാഷ— കടുക്കൻ കൊണ്ടെന്നതിനേക്കാൾ സൽകീർത്തികൊണ്ടു കർണ്ണവും വീരശൃംഖല കൊണ്ടെന്നതിനേക്കാൾ ദാനംകൊണ്ടു കരവും ചന്ദനലേപനംകൊണ്ടെന്നതിനേക്കാൾ പരോപകാരംകൊണ്ടു സജ്ജനങ്ങളുടെ ശരീരവും ശോഭിക്കുന്നു.

മൂലം ൩൰.

ദാതുഃ പരോപകൃതിനിർഭരചിത്തവൃത്തേ
രാസന്നദൂരഗണനാനഹിസംശ്രിതേഷു
ഭാനുർവികാസയതി ഹന്ത സരോജഖണ്ഡം
പാണിസ്ഥപങ്കജസമം ഭുവനാന്തരേഷു

അന്വയം. അന്വയാർത്ഥം.

പരോപകൃതി നിർഭര—
ചിത്തവൃത്തേഃ ദാതുഃ പരോപകരണാസക്തനായിരിക്കുന്ന ദാതാവിനു
സംശ്രിതേഷു ഉപജീവികളിൽ
ആസന്നദൂരഗണനാ ദൂരസാമീപ്യചിന്ത
നഹി അശേഷമില്ല.
ഭുവനാന്തരേഷു ഭുവനാന്തരങ്ങളിൽ
പാണിസ്ഥപങ്കജസമം കൈയ്യിലിരിക്കുന്ന താമരയോടു തുല്യമായിട്ടു.
സരോജഖണ്ഡം താമരപൊതകത്തെ
ഭാനുഃ ആദിത്യൻ
ഹന്തവികാസയതി അഹോ വികസിപ്പിക്കുന്നു

പരിഭാഷഃ— അപരനുപകാരം ചെയ്യുന്നതിൽ ചിന്താഗ്രസ്ഥനായിരിക്കുന്ന ദാതാവു ഉപജീവികളിൽ ദൂരസാമീപ്യത്തെ ഒട്ടുംതന്നെ പരിഗണിക്കുന്നില്ല. ഭുവനാന്തരങ്ങളിൽ കരസ്ഥമായിരിക്കുന്ന താമരപൂവിനോടു സ

മമായിട്ട ഇവിടെയുള്ള താമരപൊതകത്തെയും കണ്ടാലും ആദിത്യൻ വികസിപ്പിക്കുന്നു.

മൂലം ൭.

ഉപകാരിണിവിശ്രബ്ധെ ശുദ്ധമതൌ- യഃ സമാചരതിപാപം
തംജനമസത്യസന്ധം ഭഗവതിവസുധെ കഥംവഹസി.

| അന്വയം. | അന്വയാർത്ഥം. |
|---|---|
| വിശ്രബ്ധെ | വിശ്വസ്തനായി |
| ശുദ്ധമതൌ | സുമതി ആയിരിക്കുന്ന |
| ഉപകാരിണി | ഉപകർത്താവിൽ |
| യഃ | യാവനൊരുത്തൻ |
| പാപം | കൃതഘ്നതയെ |
| സമാചരതി | ആലോചനാപൂർവ്വം പ്രവർത്തിക്കുന്നൊ |
| അസത്യസന്ധം | അസദ്വൃത്തനായ |
| തംജനം | ആ ജനത്തെ |
| വസുധെഭഗവതി | ഭൂമിദേവി! |
| കഥംവഹസി | എങ്ങിനെ ഭവതി ചുമന്നുകൊണ്ടിരിക്കുന്നു. |

പരിഭാഷഃ- വിശ്വസ്തനും ശുദ്ധമതിയും ആയിരിക്കുന്ന ഉപകർത്താവിനോട് യാവനൊരുത്തൻ കൃതഘ്നത പ്രദർശിപ്പിക്കുന്നൊ അസത്യസന്ധനായിരിക്കുന്ന ആ ജനത്തെ ഭൂമിദേവി! അങ്ങു എങ്ങിനെ വഹിച്ചു കൊള്ളുന്നു.

മൂലം ൮.

സന്തോഷാമൃതതൃപ്താനാംയൽസുഖം ശാന്തചെതസാം
കുതസ്തദ്ധനലുബ്ധാനാമിതശ്ചേതശ്ചധാവതാം.

| അന്വയം | അന്വയാർത്ഥം. |
|---|---|
| സന്തോഷാമൃതതൃപ്താനാം | അലംഭാവചിത്തന്മാരായിരിക്കുന്ന |
| ശാന്തചെതസാംസുഖംയത് | നിർവികാരാത്മാക്കൾക്കുടെ സുഖംയാതൊന്നൊ |
| ഇതഃചഇതഃച | ഇങ്ങോട്ടുമിങ്ങോട്ടും |
| ധാവതാം | ഓടിക്കൊണ്ടിരിക്കുന്ന |
| ധനലുബ്ധാനാം | അർത്ഥാഗ്രഹികൾക്ക് |
| തൽകുതഃ | അതു എങ്ങിനെ ഉണ്ടാകുന്നു. |

പരിഭാഷഃ– സന്തോഷതൃപ്തന്മാരായിരിക്കുന്നശാന്തശീലന്മാക്ക ഏതുവിധമുള്ള സുഖം ഉണ്ടായിരിക്കുന്നൊ അങ്ങിനെ ഉള്ളസുഖം അങ്ങോട്ടുമിങ്ങോട്ട ഓടിനടക്കുന്ന അർത്ഥാഗ്രഹികൾക്ക് എങ്ങിനെ ഉണ്ടാകും?

മൂലം ൯.

ഗന്ധാഢ്യാംവനമല്ലികാം മധുകരസ്ത്യക്ത്വാഗതോയൂഥികാം
താംദൃഷ്ട്വാപുരുഗന്ധഃ സചന്ദനവനം പശ്ചാത്സരൊജംഗതഃ
ബദ്ധസ്തത്രനിശാകരേണ സഹസാരൊദിത്യസൌമന്ദധീഃ
സന്തോഷേണവിനാപരാഭവപദം പ്രാപ്നോതി സർവൊജനഃ

| അന്വയം | അന്വയാർത്ഥം. |
|---|---|
| ഗന്ധാഢ്യാം | സൌഗന്ധിക ആയിരിക്കുന്ന |
| വനമല്ലികാം | വനമല്ലികയെ |
| ത്യക്ത്വാ | പരിത്യജിച്ചിട്ട |
| മധുകരഃ | തേനീച്ച |
| യൂഥികാംഗതഃ | മഗധീപുഷ്പത്തെ പ്രാപിച്ച |
| താംദൃഷ്ട്വാ | അതിനെ നോക്കിക്കണ്ടിട്ട |
| സഃചന്ദനവനം | അതു ചന്ദനവനത്തിൽ |
| പുരുഗതഃ | ഉടനെതന്നെ പ്രവേശിച്ചു |
| പശ്ചാൽ | അതിൻറെശേഷം |

| | |
|---|---|
| സരൊജം ഗതഃ | താമരപൂവിൽ കടന്നു |
| തതുനിശാകരെണ | അവിടെവെച്ചു ചന്ദ്രനാൽ |
| ബദ്ധഃ സഹസാ | തൽക്ഷണം ബന്ധനസ്ഥനാക്കപ്പെട്ടിട്ടു |
| അസൌ | ഈ തേനീച്ച |
| മന്ദധീഃ | ദുഃഖവിമൂഢനായിട്ടു |
| രൊദിതി | പ്രലപിക്കുന്നു |
| സന്തോഷ്ണെനവിനാ | അലംഭാവം ക്രുടാതെ |
| സർവഃ ജനഃ | സകലജനവും |
| പരാഭവപദം | ഗർഹണീയാവസ്ഥയെ |
| പ്രാപ്നൊതി | പ്രാപിക്കുന്നു |

പരിഭാഷ:— സുഗന്ധി ആയവനമല്ലികകൊണ്ടു അലംഭാവമുണ്ടാകാതെ തേനീച്ച അതിനെ ഉപേക്ഷിച്ചിട്ടു മാഗധിപൂവിൽ പറന്നെത്തി: അതിനെ സംശ്ലിച്ചതിൻെറശേഷം അതു ചന്ദനവനത്തിൽ പ്രവേശിച്ചു. അതുകൊണ്ടും തൃപ്തനാകാതെ അതുപിന്നെ താമരപ്പൂവിൽ കടന്നുക്രുടി. അവിടെവെച്ചു ചന്ദ്രനാൽ ഉടനെതന്നെ ബദ്ധനസ്ഥനാക്കപ്പെട്ടു. അപ്പോൾ അതു ആകുലചിന്തയോടുക്രുടി പ്രലപിക്കുന്നു. അലംഭാവമില്ലാത്തവരെല്ലാവരുംതന്നെ പരാഭവപദത്തെ പ്രാപിക്കുന്നു.

മൂലം ൫൦.

തുഷ്ണെ! ദേവി! നമസ്തുഭ്യം ധൈയ്യവിപ്ലവകാരിണി
വിഷ്ണുസ്രൈലോക്യ പൂജ്യോപിയതപയാവാമനീകൃതഃ

| അന്വയം. | അന്വയാർത്ഥം |
|---|---|
| ധൈയ്യവിപ്ലവകാരിണി | ധൈയ്യത്തെ കെടുത്തുന്നവളായിരിക്കുന്ന |
| തുഷ്ണെ! ദേവി! | ആശആകുന്നദേവി! |
| തുഭ്യം നമഃ | ഭവതിക്കു നമസ്ക്കാരം |

| | |
|---|---|
| യൽ | എന്തുകൊണ്ടെന്നാൽ |
| ത്രൈലോക്യപൂജ്യാഃഅപി | മൂന്നുലോകത്തിലുംപൂജ്യനായിരുന്നിട്ടും. |
| വിഷ്ണുഃ | മഹാവിഷ്ണു |
| ത്വയാ | ഭഗവതിയാൽ |
| വാമനീകൃതഃ | ഹ്രസ്വാകായനാക്കപ്പെട്ടു. |

പരിഭാഷഃ— തൃഷ്ണ ആകുന്ന ദേവി! ഭവതിക്ക് നമസ്കാരം ഭവതി ധൈര്യത്തെ വിപാടനംചെയ്യുന്നു. എന്തുകൊണ്ടെന്നാൽ ത്രൈലോക്യ പൂജ്യനായിരുന്നിട്ടും മഹാവിഷ്ണു ഭവതിയാൽ വാമനാകൃതി ആക്കപ്പെട്ടു.

മൂലം ക.ഫ.

തൃഷ്ണേ! കൃഷ്ണേപിതേ ശക്തിർദ്ദൃഷ്ടാമത്തൈഷൂകാകഥാ
ത്രൈലോക്യവ്യാപീ യദ്രൂപം തദ്രൂപം വാമനീകൃതം

| അന്വയം. | അന്വയാർത്ഥം. |
|---|---|
| തൃഷ്ണേ! | ലോഭമേ; |
| തേശക്തിഃ | നിന്റെ പ്രാഭവം |
| കൃഷ്ണേഅപി | ശ്രീകൃഷ്ണനിൽതന്നെയും |
| ദൃഷ്ടാ | പ്രത്യക്ഷപ്പെട്ട |
| മത്തൈഷൂ | മനുഷ്യരിൽപിന്നെ |
| കാ കഥാ | എന്താണ് കഥപറയാനുണ്ടോ? |
| യൽരൂപം | യാതൊരുരൂപം |
| ത്രൈലോക്യവ്യാപീ | ത്രൈലോക്യവ്യാപി ആകുന്നോ |
| തൽരൂപം | ആ രൂപം |
| വാമനീകൃതം. | ഹ്രസ്വാകൃതി ആക്കപ്പെട്ടു |

പരിഭാഷഃ— തൃഷ്ണേ! നിന്റെ ശക്തിവിശേഷം ശ്രീകൃഷ്ണനിൽപോലും പ്രത്യക്ഷപ്പെടുക ഉണ്ടായി. പിന്നെ മനുഷ്യരിൽ കഥ എന്താണെന്നു പറയേണമെന്നുണ്ടോ? യാതൊരുരൂപം ആകാശം, ഭൂമി, പാതാളം എന്ന മൂന്നു

ലോകത്തിലും വ്യാപിച്ചിരിക്കുന്നോ ആ രൂപം വാമനാകൃതിആക്കപ്പെട്ടു.

മൂലം ക്ഛ.

വലിഭിർമ്മുഖമാക്രാന്തം പലിതൈരങ്കിതം ശിരഃ
ഗാത്രിണിശിഥിലായന്തേ തൃഷ്ണൈകാതരുണായതേ.

| അന്വയം | അന്വയാർത്ഥം |
|---|---|
| പലിഭിഃ | ജരകൊണ്ടു |
| മുഖം | മുഖം |
| ആക്രാന്തം | ആക്രമിക്കപ്പെട്ടിരിക്കുന്നു. |
| പലിതൈഃ | നരകൊണ്ടു |
| ശിരഃ | തല |
| അങ്കിതം | അടയാളമിടപ്പെട്ടിരിക്കുന്നു. |
| ഗാത്രാണി | അവയവങ്ങൾ |
| ശിഥിലായന്തേ | ശിഥിലമാക്കപ്പെടുന്നു |
| തൃഷ്ണാ ഏകാ | ആശ ഒന്നുമാത്രം (യുന്നു. |
| തരുണായതേ | താരുണ്യാവസ്ഥയിൽ സ്ഥിതിചെ |

പരിഭാഷ.— വലികൊണ്ടു മുഖവും നരകൊണ്ടു തലയും രൂപമാക്കപ്പെട്ടിരിക്കുന്നു. അവയവങ്ങൾ നിരുപയോഗങ്ങളായും തീർന്നിരിക്കുന്നു. എങ്കിലും തൃഷ്ണ ഒന്നുമാത്രം താരുണ്യത്തിൽ സ്ഥിതിചെയ്യുന്നു.

മൂലം ക്ഞ.

ആശാ നാമ മനുഷ്യാണാം കാചിദാശ്ചര്യ്യശൃംഖലാ
യയാ ബദ്ധാഃപ്രധാവന്തി മുക്താസ്തിഷ്ഠന്തി പംഗുവൽ.

| അന്വയം. | അന്വയാർത്ഥം. |
|---|---|
| യയാ | യാതൊന്നുകൊണ്ടു |
| ബദ്ധാഃ | ബന്ധിക്കപ്പെട്ടവരായിട്ടു |
| പ്രധാവന്തി | പ്രകർഷേണ ഓടുകയും |

| | |
|---|---|
| മുകതാഃ | മുക്തന്മാരായിട്ട |
| പംഗ്രവൽ | മുടന്തനെപ്പോലെ |
| തിഷ്ഠന്തി | നില്ക്കുകയുംചെയ്യുന്നവോ |
| (തൽ) | അതു് |
| മനുഷ്യാണാം | മനുഷ്യരുടെ (ക്കുന |
| ആശാനാമ | തൃഷ്ണ എന്ന പ്രസിദ്ധമായിരി– |
| കാചിൽ ആശ്ചര്യ– | ഒരു വിസ്മയാവഹമായിരിക്കുന്ന |
| ശൃംഖലാ | തുടലാകുന്നു. |

പരിഭാഷഃ– യാതൊന്നിനാൽ ബന്ധിക്കപ്പെട്ട വരായിട്ട ഓടുന്നതിൽ മുന്നിട്ട പ്രവത്തിക്കയും മുക്തന്മാരായിട്ട മുടന്തനെപ്പോലെ നില്ക്കയും ചെയ്യുന്നവൊ അതു നമ്മുടെ തൃഷ്ണ എന്ന പ്രസിദ്ധമായിരിക്കുന്ന വിസ്മയജനകമായ ഒരു ശൃംഖല ആകുന്നു.

## 14.

ആശായായെദാസാസ്തെദാസാഃ സർവലോകസ്യ
ആശായെഷാംദാസീ തെഷാംദാസായതെലോകഃ

| അന്വയം | അന്വയാർത്ഥം. |
|---|---|
| യെ | യാവചിലർ |
| ആശായാഃ | ആശയുടെ |
| ദാസാഃ | ദാസന്മാരാകുന്നൊ |
| തെ സർവ്വലോകസ്യ | അവർ സകല ലോകത്തിന്റെയും |
| ദാസാഃ | ദാസന്മാരാകുന്നു. |
| ആശാ | തൃഷ്ണ |
| യെഷാം ദാസീ | യാവ ചിലരുടെ ദാസിയാകുന്നോ |
| ലോകഃ | ലോകം |
| തേഷാം ദാസായതെ | അവക്കു ദാസ്യവൃത്തിചെയ്യുന്നു. |

പരിഭാഷഃ— ആരു തൃഷ്ണയ്ക്കു് അധീനന്മാരായിതീരുന്നുവോ അവർ സകല ലോകത്തിനും വിധേയന്മാ

രായിത്തീരുന്നു. തൃഷ്ണ ആക്ക വശംവദയായിത്തീരുന്നവോ അവക്ക ലോകം വിധേയമായിത്തീരുന്നു.

മൂലം ൪൪.

യൌവനം ജരയാഗ്രസ്തമാരോഗ്യം വ്യാധിഭിർഹതം
ജീവിതം മൃത്യുരഭ്യേതി തൃഷ്ണൈകാ നിരുപദ്രവാ.

| അന്വയം. | അന്വയാർത്ഥം. |
|---|---|
| യൌവനം | താരുണ്യം |
| ജരയാ | ജരകൊണ്ടു |
| ഗ്രസ്തം | ബാധിക്കപ്പെട്ടിരിക്കുന്നു |
| ആരോഗ്യം | ശരീരശക്തി |
| വ്യാധിഭിഃ | രോഗങ്ങളാൽ |
| ഹതം | നശിപ്പിക്കപ്പെട്ടിരിക്കുന്നു |
| മൃത്യുഃ | മരണം |
| ജീവിതം | ജീവിതത്തെ |
| അഭ്യേതി | ആക്രമിക്കുന്നു |
| തൃഷ്ണാ ഏകാ | ആശ ഒന്നുമാത്രം |
| നിരുപദ്രവാ | സ്വസ്ഥമായിരിക്കുന്നു. |

പരിഭാഷ:— യൌവനം ജരയാൽ ബാധിക്കപ്പെടുകയും ആരോഗ്യം രോഗങ്ങളാൽ നശിപ്പിക്കപ്പെടുകയും ജീവിതത്തെ മരണം ആക്രമിക്കുകയും ചെയ്യുന്നു. തൃഷ്ണ ഒന്നുമാത്രം നിരുപദ്രവമായിരിക്കുന്നു.

മൂലം ൪൫.

അംഗം ഗളിതപലിതം മുണ്ഡം ദശനവിഹീനം ജാതം തുണ്ഡം
വൃദ്ധോയാതിഗൃഹീത്വാ ദണ്ഡം തദപിനമുഞ്ചത്യാശാപിണ്ഡം.

| അന്വയം | അന്വയാർത്ഥം. |
|---|---|
| അംഗം | അവയവം |
| ഗളിതം | അശക്തമായി തിന്നു |

| | |
|---|---|
| മുണ്ഡം | തല |
| പലിതം | നരയ്ക്കപ്പെട്ടിരിക്കുന്നു |
| തുണ്ഡം | വായിൽ |
| ദശനവിഹീനം | പല്ലുമില്ലാതെ |
| ജാതം | ആയിത്തീർന്നു |
| ദണ്ഡം ഗൃഹീത്വാ | വടികുത്തിയിട്ടു |
| വൃദ്ധഃയാതി | വയോധികൻ നടക്കുന്നു |
| തദപി | എങ്കിലും |
| ആശാ | തൃഷ്ണ |
| പിണ്ഡം | ശരീരത്തെ |
| നമുഞ്ചതി | വിട്ടുപോകുന്നില്ല. |

പരിഭാഷ:– അവയവങ്ങൾ തളർന്നുപോകയും തലയിൽ നര ധാരാളം കാണപ്പെടുകയും വായിൽ പല്ല അശേഷമില്ലാതിരിക്കയും ചെയ്യുന്നു. വൃദ്ധൻ വടികുത്തി നടക്കുന്നു. ഇതെല്ലാം ആയിട്ടും ആശ ശരീരത്തെ അശേഷം വിട്ടുമാറുന്നില്ല.

മൂലം ൧൭.

ഭിക്ഷാശനം തദപിനീരസമേകവാരം
ശയ്യാചഭൂഃ പരിജനോനിജദേഹമാത്രം
വസ്ത്രം സുജീർണ്ണശതഖണ്ഡമയീചകംഥാ
ഹാഹാതഥാപിവിഷയാന്നജഹാത്യചേതഃ

| അന്വയം. | അന്വയാർത്ഥം. |
|---|---|
| അശനംഭിക്ഷാ | ഭക്ഷണം ഭിക്ഷ ആകുന്നു |
| തൽഅപി | അതുതന്നെയും |
| നീരസം | രസമില്ലാത്തതും |
| ഏകവാരം | ദിവസത്തിൽ ഒരിക്കൽമാത്രമുള്ളതുമാകുന്നു |
| ശയ്യാഭൂഃച | കിടക്ക ഭൂമിയും ആകുന്നു |

| | |
|---|---|
| പരിജനഃ | ഭൃത്യവർഗ്ഗം |
| നീജദെഹമാത്രം | സ്വന്ത ശരീരാവയവങ്ങൾതന്നെ |
| വസ്ത്രംച | വസ്ത്രവും |
| സുജീർണ്ണശതഖണ്ഡമ യീ | പഴതായി ന്യൂഭിക്കിൽ ഖണ്ഡമി ട്ടതായിരിക്കുന്ന |
| കംഥാ | സന്യാസവസ്ത്രമാകുന്നു |
| തഥാ അപി | അപ്രകാരമിരുന്നിട്ടും |
| ചെതഃ | മനസ്സു |
| വിഷയാൻ | ഇന്ദ്രിയാർത്ഥങ്ങളെ |
| ഹാ ഹാ നജഹാതി | ഹാ ഹാ വിട്ടുപേക്ഷിക്കുന്നില്ല |

പരിഭാഷ:— ഭിക്ഷകൊണ്ടു ഭക്ഷണം കഴിക്കുന്നു. അതുതന്നെയും രസമില്ലാത്തതും ദിവസത്തിൽ ഒരിക്കൽ മാത്രമുള്ളതും ആകുന്നു. കിടക്ക ആയിട്ടു തറ അല്ലാതെ മറ്റൊന്നുമില്ല. പരിജനങ്ങൾ ശരീരാവയങ്ങൾ മാത്രമാകുന്നു. വസ്ത്രം നന്നാ കീറിഖണ്ഡമിട്ടിട്ടുള്ള സന്യാസാങ്കിയുമാകുന്നു. ഇത്രയൊക്കെ ആയിട്ടും മനസ്സു ഇന്ദ്രിയാർത്ഥങ്ങളെ വിട്ടുപേക്ഷിക്കുന്നില്ല.

മൂലം ഛാ.

നിസെവാവഷ്ടിശതംശതിർദ്ദശശതം ലക്ഷംസഹസ്രാധിപഃ
ലക്ഷേശഃക്ഷിതിരാജതാം ക്ഷിതിപതിശ്ചക്രെശതാംവാഞ്ഛതി
ചക്രെശഃ സുരരാജതാംസുരപതിർബ്രഹ്മാസ്പദം വാഞ്ഛതി
ബ്രഹ്മാവിഷ്ണുപദംഹരിഃശിവപദംതൃഷ്ണാവധിം കൊഗതഃ

| അന്വയം. | അന്വയാർത്ഥം. |
|---|---|
| നിസേവഃ | നിർദ്ധനനായിരിക്കുന്നവൻ |
| ശതം | ന്യൂനനാണയത്തെ |
| വഷ്ടി | ആഗ്രഹിക്കയും |
| ശതിഃ | ന്യൂനധനവാൻ |
| ദശശതം | ആയിരത്തെയും |

| | |
|---|---|
| സഹസ്രാധിപഃ | ആയിരമുള്ളവൻ |
| ലക്ഷം | ലക്ഷത്തേയും |
| ലക്ഷേശഃ | ലക്ഷമുള്ളവൻ |
| ക്ഷിതിരാജതാം | രാജത്വത്തേയും |
| ക്ഷിതിപതിഃ | രാജാവായിട്ട |
| ചക്രേശതാം | ചക്രവത്തിത്വത്തെയും |
| വാഞ്ഛതി | ഇച്ഛിക്കയും |
| ചക്രേശഃ | ചക്രവത്തിയായിട്ട |
| സുരരാജതാം | ഇന്ദ്രപദത്തെയും |
| സുരപതിഃ | ദേവേന്ദ്രനായിട്ട |
| ബ്രഹ്മാസ്പദം | ബ്രഹ്മാവസ്ഥയേയും |
| ബ്രഹ്മാ | ബ്രഹ്മാവായിട്ട |
| വിഷ്ണുപദം | വിഷ്ണുപദത്തെയും |
| ഹരിഃ | വിഷ്ണു |
| ശിവപദം | ശിവപദത്തെയും |
| വാഞ്ഛതി | കാംക്ഷിക്കയും ചെയ്യുന്ന |
| കഃതൃഷ്ണാവധിഃ | ആരു ആശയുടെ അറുത്തിയെ |
| ഗതഃ | കണ്ടിട്ടുണ്ട്. |

പരിഭാഷ.— നിർധനനായിരിക്കുന്നവൻ നൂറു രൂപാ കിട്ടണമെന്നും, നൂറു രൂപാ ഉള്ളവൻ ആയിരം ക്രൂടി കിട്ടണമെന്നും, ആയിരമുള്ളവൻ ഒരു ലക്ഷംക്രൂടി കിട്ടണമെന്നും, ഒരുലക്ഷമുള്ളവൻ രാജത്വം കിട്ടണമെന്നും, രാജാവായിട്ട പിന്നെ ചക്രവത്തി ആകണമെന്നും, ചക്രവത്തിയായിക്കഴിഞ്ഞാൽ പിന്നെ ദേവേന്ദ്രനാകണമെന്നും ദേവേന്ദ്രനായിട്ട് ബ്രഹ്മാവാകണമെന്നും ബ്രഹ്മാവായിട്ട, വിഷ്ണുവാകണമെന്നും, വിഷ്ണുവായിട്ട പിന്നെ ശിവനാകണമെന്നും ആഗ്രഹിക്കുന്നു; ആഗ്രഹാർത്തിയെ ആരാണ് കണ്ടിട്ടുള്ളത്.

മൂലം ഫൻ.

രത്നൈർമഹാബ്ധ്യേ സ്തുതുഷുർന ദേവാഃ
നഭേജിരെ ഭീമവിഷേണ ഭീതിം
സുധാം വിനാ നപ്രയയുർവിരാമം
ന നിശ്ചിതാർത്ഥാദ്വിരമന്തി ധീരാഃ

| അന്വയം. | അന്വയാർത്ഥം. |
|---|---|
| മഹാബ്ധ്യേഃ | പാലാഴിയുടെ |
| രത്നൈഃ | രത്നങ്ങാളക്കൊണ്ടു |
| ദേവാഃ | ദേവകൾ |
| നതുതുഷുഃ | സന്തോഷിച്ചില്ല |
| ഭീമവിഷേണ | വാസുകിയുടെ വിഷംകൊണ്ടു |
| ഭീതിം | ഭയത്തെ |
| നഭേജിരെ | അവർ പ്രാപിച്ചുമില്ല |
| സുധാംവിനാ | അമൃതിനെ ക്രുടാതെ |
| വിരാമം | വിശ്രമത്തെ |
| നപ്രയയുഃ | പ്രാപിച്ചുതുമില്ല |
| ധീരാഃ | ധീരന്മാരായിട്ടുള്ളവർ |
| നിശ്ചിതാർത്ഥാൽ | അഭീഷ്ടസിദ്ധിയിൽനിന്നും |
| നവിരമന്തി | പിൻമാറുന്നില്ല |

പരിഭാഷ:— ദുർവാസസ്സിന്റെ ശാപമോക്ഷത്തിനായി സുരാസുരന്മാർ ഒന്നുചേർന്നു പാലാഴിമഥനം ചെയ്തപ്പോൾ അതിൽനിന്നു ഉദ്ഭവിക്കപ്പെട്ട രത്നങ്ങളെക്കൊണ്ടു തൃപ്തിപ്പെടുകയൊ വാസുകി വമിച്ച വിഷംകൊണ്ടു അവർ ഭീതരാവുകയൊ ചെയ്തില്ലെന്നുമാത്രമല്ല അമൃതു കരസ്ഥമായതിൽപിന്നെമാത്രമെ അവർ മഥനത്തിൽനിന്നു വിരമിച്ചുള്ളു. ധീരോദാത്തന്മാർ യാതൊന്നുകൊണ്ടും നിശ്ചിതാർത്ഥത്തിൽനിന്നു പിൻമാറുകയില്ല.

മൂലം ൨൦.

കുസുമസുബകസ്യേവ ദ്വെവൃത്തിസ്സോമനസ്വിനഃ
മൂർദ്ധ്നിവാസർവലോകസ്യ വിശീര്യ്യെതവനേഥവാ

| അന്വയം. | അന്വയാർത്ഥം. |
|---|---|
| കുസുമസ്തബകസ്യേവ | പൂക്കുലക്ക എന്നപോലെ |
| മനസ്വിനഃ | വിശിഷ്ടമനുഷ്യനും |
| വൃത്തീ | പ്രവൃത്തിമാർഗ്ഗം |
| ദ്വെസ്തഃ | രണ്ടാകുന്നു |
| സർവലോകസ്യ | സകല മനുഷ്യരുടെയും |
| മൂർദ്ധ്നിവാ | മൂർദ്ധാവിൽ പരിലസിക്കയോ |
| അഥവാ | അല്ലാത്തപക്ഷം |
| വനെ | കാട്ടിൽ |
| വിശീര്യ്യെത | വീണഴകിപ്പോകയൊ ചെയ്യുന്നു |

പരിഭാഷ— പുഷ്പങ്ങൾക്കുള്ളപോലെ വിശിഷ്ട പുരുഷന്മാക്കും രണ്ടുവിധത്തിലുള്ള ജീവിതക്രമം ഉണ്ടായിരിക്കുന്നു. ഒന്നുകിൽ സകലരുടെയും അഗ്രത്തിൽ സ്ഥിതിചെയ്കയൊ അല്ലാത്തപക്ഷം വനത്തിൽ ചെന്നു സന്യസിക്കയൊ ചെയ്യുന്നു.

മൂലം ൨൧.

തെജസ്വിനിക്ഷമാസാരെ നാതികാർക്ശ്യമാചരേൽ
അതിനിർമ്മഥനാദഗ്നിശ്ചന്ദനാദപി ജായതെ.

| അന്വയം | അന്വയാർത്ഥം. |
|---|---|
| തെജസ്വിനി | കീർത്തിയുള്ള |
| ക്ഷമാസാരെ | ക്ഷമവാനിൽ |
| അതികാർക്ശ്യം | അതികാഠിന്യത്തെ |
| ന ആചരേൽ | ആരും പ്രവർത്തിക്കരുത് |
| അതിനിർമ്മഥനാൽ | അതിയായ ഉരസൽ നിമിത്തം |

| | |
|---|---|
| അഗ്നിഃ | അഗ്നി |
| ചന്ദനാൽ അപി | ചന്ദനത്തിൽ നിന്നുതന്നെയും |
| ജായതെ | പുറപ്പെടുന്നു |

പരിഭാഷ— ശാന്തശീലത്തിനു പ്രസിദ്ധി നേടിയിരിക്കുന്നവനിൽ പോലും അതിയായ കാഠിന്യത്തെ പ്രവർത്തിക്കരുതു്. അതിനിമ്മഥനംകൊണ്ടു ചന്ദനത്തിൽ നിന്നുപോലും അഗ്നി പുറപ്പെടുന്നുണ്ടു്.

മൂലം ൨൨.

ഗുണവജ്ജനസംസഗ്ഗാ ദ്യാതിസ്വല്പോപിഗൌരവം
പുഷ്പമാലാപ്രസംഗേന സൂത്രംശിരസി ധാര്യ്യതെ.

| അന്വയം | അന്വയാർത്ഥം. |
|---|---|
| ഗുണവജ്ജന സംസർ– | |
| ഗ്ഗാൽ | സജ്ജനസംപർക്കം നിമിത്തം |
| സ്വല്പഃ അപി | നീചനായിരിക്കുന്നവൻ പോലും |
| ഗൌരവം | വലിയ മാഹാത്മ്യത്തെ |
| യാതി | പ്രാപിക്കുന്നു. |
| പുഷ്പമാലാ പ്രസം– | |
| ഗേന | പുഷ്പങ്ങളോടുള്ള സംബന്ധം– |
| | കൊണ്ടു |
| സൂത്രം ശിരസി | ചരടു തലയിൽ |
| ധാര്യ്യതെ | ധരിക്കപ്പെടുന്നു. |

പരിഭാഷ— സജ്ജനസഹവാസം കൊണ്ടു നിസ്സാരന്മാരും ഗൌരവമുള്ളവരായി തീരുന്നു. പുഷ്പങ്ങളോടുള്ള ചേർച്ച നിമിത്തം ചരടുപോലും തലയിൽ വഹിക്കപ്പെടുന്നു.

മൂലം ൨൩.

ഗുണൈഃ സർവ്വജ്ഞകല്പോപി സീദത്യേകോ നിരാശ്രയഃ
അനർഘ്യമപി മാണിക്യം ഹേമാശ്രയമപേക്ഷതെ

| അന്വയം | അന്വയാർത്ഥം. |
|---|---|
| ഗുണൈഃ | വിവിധ ഗുണങ്ങളെക്കൊണ്ടു |
| സർവ്വജ്ഞകല്പഃ അപി | ശിവോപമൻ ആയിരുന്നാലും |
| നിരാശ്രയഃ | അന്യാശ്രയമില്ലാതിരിക്കുന്ന |
| ഏകഃ | ഏകനായിട്ടു |
| സീദതി | ദുഃഖിക്കുന്നു. |
| മാണിക്യം | മാണിക്കക്കല്ലു |
| അനർഘം അപി | വിലമതിക്കപ്പെട്ടവാൻ പാടില്ലാത്തതായിരുന്നിട്ടും. |
| ഹേമാശ്രയം | സ്വർണ്ണത്തിന്റെ സഹായത്തെ |
| അപേക്ഷതേ | അപേക്ഷിക്കുന്നു. |

പരിഭാഷ— ഒരുവൻ ഗുണപൂർണ്ണനായിരുന്നാലും അന്യാശ്രയമില്ലാതെ ഏകനായിട്ടു പ്രശോഭിക്കുന്നില്ല. മാണിക്യം അമൂല്യമാണെങ്കിലും ഹേമാശ്രയത്തെ അപേക്ഷിക്കുന്നു.

മൂലം കൂടി.

ഗുണേഷ്വക്രിയതാം യത്നഃ കിമാടംബരൈഃ പ്രയോജനം
വിക്രിയന്തേ ന ഘണ്ടാഭിർഗ്രാവഃ ക്ഷീരവിവർജ്ജിതാഃ

| അന്വയം. | അന്വയാർത്ഥം. |
|---|---|
| ഗുണേഷു | ഗുണങ്ങളിൽ |
| യത്നഃ | ശ്രമം |
| ക്രിയതാം | ചെയ്യപ്പെട്ടാലും |
| ആടോപൈഃ | ആഡംബരങ്ങൾകൊണ്ടു |
| കിം പ്രയോജനം | എന്തു പ്രയോജനം |
| ക്ഷീരവിവർജ്ജിതാഃ | പാലില്ലാത്തവയായ |
| ഗാവഃ | പശുക്കൾ |
| ഘണ്ടാഭിഃ | മണിനാദത്താൽ |
| ന വിക്രിയന്തേ | വിക്രിയം ചെയ്യപ്പെടുന്നില്ല |

പരിഭാഷ— ഗുണസമ്പാദനത്തിന്നായിട്ടു നാം പ്രയത്നിക്കേണ്ടതാകുന്നു. ആഡംബരങ്ങൾകൊണ്ടു എന്തു പ്രയോജനമാണുള്ളതു്? പാലില്ലാത്ത പശുക്കളെ ധനവാന്മാർ വിലക്കു വാങ്ങിക്കുന്നില്ല.

മൂലം ൨൪.

ഗുണൈഗൌരവമായാതി നമഹത്ത്വാപിസംപദാ
പൂർണ്ണേന്ദുർനതഥാ വന്ദ്യോ നിഷ്കളങ്കോ യഥാകൃശഃ

| അന്വയം | അന്വയാർത്ഥം. |
|---|---|
| ഗുണൈഃ | ഗുണങ്ങൾകൊണ്ടു |
| ഗൌരവം | മാഹാത്മ്യത്തെ |
| ആയാതി | പ്രാപിക്കുന്നു |
| മഹത്ത്വാ അപി | വലുതായിരുന്നാലും |
| സംപദാന | ഐശ്വര്യം കൊണ്ടു പ്രാപിക്കുന്നില്ല |
| കൃശഃ | അപൂർണ്ണനും |
| നിഷ്കളങ്കഃ യഥാ | കളങ്കരഹിതനുമായിട്ടു എപ്രകാരമൊ |
| തഥാ | അപ്രകാരം |
| പൂർണ്ണേന്ദുഃ | പൂർണ്ണചന്ദ്രൻ |
| നവന്ദ്യഃ | പൂജ്യനാകുന്നില്ല. |

പരിഭാഷ— കൃശനും നിഷ്കളങ്കനുമായിട്ടു എപ്രകാരമൊ പൂർണ്ണനായിട്ടു ചന്ദ്രൻ അപ്രകാരം വന്ദ്യനാകുന്നില്ല. ഗുണങ്ങൾകൊണ്ടല്ലാതെ ഐശ്വര്യം എത്ര വലുതായിരുന്നാലും അതുകൊണ്ടു മാഹാത്മ്യത്തെ പ്രാപിക്കുന്നതിന്നു ആക്കം കഴിയുന്നതല്ല.

മൂലം ൨൯

ഗുണവന്തഃ ക്ലിശ്യന്തെ പ്രായേണഭവന്തി നിർഗുണാഃ സുഖിനഃ
ബന്ധനമായാന്തി ശുകാഃ യത്രേഷ്ടസഞ്ചാരിണഃകാകാഃ

| അന്വയം. | അന്വയാർത്ഥം. |
|---|---|
| പ്രായേണ ഗുണവന്തഃ | മിക്കവാറും ഗുണമുള്ളവർ |
| ക്ലിശ്യന്തെ | ക്ലേശത്തെ സഹിക്കുന്നു. |
| നിർഗുണാഃ | ഗുണമില്ലാത്തവർ |
| സുഖിനഃ ഭവന്തി | സുഖമനുഭവിക്കുന്നവരാകുന്നു |
| ശുകാഃ | കിളികൾ |
| ബന്ധനം ആയാന്തി | ബന്ധനത്തെ പ്രാപിക്കുന്നു |
| കാകാഃ | കാക്കകൾ |
| യത്രേഷ്ടസഞ്ചാരിണഃ | ഇഷ്ടംപോലെ സഞ്ചരിക്കുന്നവ— ആകുന്നു. |

പരിഭാഷ— സത്തുക്കൾ ക്ലേശം സഹിച്ചുകൊണ്ടു ജീവിക്കുന്നു. അസത്തുക്കൾ സ്വതന്ത്രന്മാരായിട്ടു കാലം കഴിക്കുന്നു. കിളികൾ കൂട്ടകളിൽ അടക്കപ്പെട്ടുകയും കാക്കകൾ മോഷണം ഭ്രഷണമെന്നു കരുതികൊണ്ടു ഇഷ്ടംപോലെ സഞ്ചരിക്കയും ചെയ്യുന്നു.

മൂലം ൨൭.

ഗുണാഗുണജ്ഞേഷു ഗുണീഭവന്തി
തെനിർഗുണം പ്രാപ്യഭവന്തി ദോഷാഃ
സുസ്വാദുതോയാഃ പ്രവഹന്തിനദ്യഃ
സമുദ്രമാസാദ്യ ഭവന്ത്യപേയാഃ

| അന്വയം | അന്വയാർത്ഥം. |
|---|---|
| ഗുണാഃ | പ്രകൃതിവിശേഷങ്ങൾ |
| ഗുണജ്ഞേഷു | ഗുണത്തെ അറിയുന്നവരിൽ |

| | |
|---|---|
| ഗുണീഭവന്തി | വിശേഷാൽ ഗുണമുള്ളവ ആയിത്തീരുന്നു. |
| തെനിർഗുണം | അവതന്നെ ഉർജ്ജനത്തെ |
| പ്രാപ്യ | പ്രാപിച്ചിട്ട് |
| ദോഷാഃ ഭവന്തി | ദോഷങ്ങളായി പരണമിക്കുന്നു. |
| നദ്യഃ | നദികൾ |
| സുസ്വാദുതോയാഃ | മധുരജലത്തോടുകൂടിയവയായി |
| പ്രവഹന്തി | പ്രവഹിക്കുന്നു |
| സമുദ്രം ആസാദ്യ | സമുദ്രത്തെ പ്രാപിച്ചിട്ട് |
| അപേയാഃ | കുടിക്കാൻ കൊള്ളാത്തതായി |
| ഭവന്തി | തീരുന്നു |

പരിഭാഷഃ— വിശിഷ്ടസ്വഭാവം അതിനെ അറിയുന്നവരിൽ അധികം ഗുണമുള്ളതായിത്തീരുന്നു. അതുതന്നെ ഗുണമില്ലാത്തതിൽ ചേന്നാൽ ദോഷങ്ങളായിത്തീരുന്നു. ആറിൽക്കൂടി ഒഴുകുന്ന വെള്ളം മധുരമുള്ളതാകുന്നു. എന്നാൽ അതു സമുദ്രത്തിൽ ചെന്നുചേരുമ്പോൾ അപേയമായിത്തീരുന്നു.

മൂലം ൨൨.

ഉദ്യോഗഃ ഖലുകർത്തവ്യഃ ഫലംമാർജ്ജാരവൽഭവെൽ
ജന്മപ്രഭൃതിഗൌർനാസ്തിപയഃ ക്ഷിബതിനിത്യശഃ

| അന്വയം | അന്വയാർത്ഥം. |
|---|---|
| ഉദ്യോഗഃ | ശ്രമം |
| ഖലുകർത്തവ്യഃ | നിശ്ചയമായിട്ടുചെയ്യേണ്ടതാകുന്നു |
| മാർജ്ജാരവൽ | പൂച്ചക്കെന്നപോലെ |
| ഫലംഭവെൽ | കായ്സാദ്ധ്യം ഉണ്ടാകും |
| ജന്മപ്രഭൃതി | ജനനം തുടങ്ങി |
| ഗൌഃനാസ്തി | പശുവില്ല |
| ക്ഷീരം നിത്യശഃ | പാൽ നിത്യവും |

പിബതി അതുകുടിക്കുന്നു

പരിഭാഷ:-- നാമെല്ലാവരും യഥാശക്തി പരിശ്രമിക്കേണ്ടതാകുന്നു. പൂച്ചയെപ്പോലെ അതുകൊണ്ടു നമുക്ക് ഫലം അനുഭവിക്കാം. അതിനു ജന്മപ്രഭൃതി പഠുവില്ല. എങ്കിലും അതു നിത്യവും പാലുകുടിക്കുന്നുണ്ട്.

മൂലം ൨൯.

ഉദ്യമഃസാഹസം, ധൈര്യം ബുദ്ധിഃ ശക്തിഃ പരാക്രമഃ
ഷഡെതെയത്രവത്തന്തെതത്രദേവഃ സഹായകൃൽ

| അന്വയം | അന്വയാർത്ഥം |
|---|---|
| ഉദ്യമഃ | പരിശ്രമം |
| സാഹസം | നാതിചിന്തനം |
| ധൈര്യം | ധീരത |
| ബുദ്ധിഃ | ബുദ്ധിതന്നെ കാര്യകാര്യവിവേചനശക്തി |
| ശക്തിഃ | ബലം |
| പരാക്രമഃ | ബലാൽ പ്രവേശനം |
| എതെഷാം | എന്നിവ ആരും |
| യത്രവത്തന്തെ | എവിടെ ഉണ്ടായിരിക്കുമോ |
| തത്രദെവഃ | അവിടെ ദേവൻ |
| സഹായകൃൽ | സഹായം ചെയ്യുന്നവൻ ആകും |

പരിഭാഷ;- ഉദ്യമം, സാഹസം, ധൈര്യം, ബുദ്ധി, ശക്തി, പരാക്രമം എന്നിതെല്ലാം യോജിച്ചു പ്രവർത്തിക്കപ്പെടുന്നതു എവിടെയൊ അവിടെ ദേവനും സഹായകൃത്തായി സഹകരിക്കുന്നു.

മൂലം ൩൦.

ഉദ്യമേനഹിസിദ്ധ്യന്തികാര്യാണിനമനോരഥൈഃ
നഹിസുപ്തസ്യസിംഹസ്യപ്രവിശന്തിമുഖെമൃഗാഃ

| അന്വയം. | അന്വയാർത്ഥം. |
|---|---|
| നമനോരഥൈഃ | മനോരഥങ്ങൾകൊണ്ടല്ല |
| ഉദ്യമെന | ശ്രമംകൊണ്ടുതന്നെ |
| കാര്യാണി | സാധിക്കപ്പെടേണ്ടവ |
| സിദ്ധ്യന്തി | സിദ്ധിക്കുന്നു |
| സുപ്തസ്യസിംഹസ്യ | ഉറങ്ങിക്കിടക്കുന്ന സിംഹത്തിന്റെ |
| മുഖെ | വായിൽ |
| മൃഗാഃ | മൃഗങ്ങൾ |
| നഹിപ്രവിശന്തി | ചെന്നുകേറുന്നില്ല |

പരിഭാഷ:— ശ്രമംചെയ്യാതെ മനോരാജ്യംകൊണ്ടുതന്നെ ഒന്നും സാദ്ധിപ്പാൻ കഴിയുന്നില്ല. ഉറങ്ങിക്കിടക്കുന്ന സിംഹത്തിന്റെ വായിൽ മൃഗങ്ങൾ ചെന്നുകയറുന്നില്ല.

മൂലം നാല

നദൈവമിതിസംചിന്ത്യത്യജെദുദ്യോഗമാത്മനഃ
അനുദ്യമെനകസ്മൈലം തിലെഭ്യഃ പ്രാപ്തുമർഹതി

| അന്വയം. | അന്വയാർത്ഥം. |
|---|---|
| ദൈവം ഇതി | ദൈവം എന്നിങ്ങനെ |
| സംചിന്ത്യ | തത്പരമായി ആലോചിച്ചിട്ട് |
| ആത്മനഃ ഉദ്യോഗം | തന്റെ ശ്രമത്തെ |
| നത്യജെൽ | ആരും ഉപേക്ഷിക്കരുതു |
| അനുദ്യമെന | ശ്രമംകൂടാതെ |
| തിലെഭ്യഃ | എള്ളിൽനിന്നു |
| തൈലം | എണ്ണയെ |
| പ്രാപ്തും | എടുപ്പാൻ |
| കഃ അർഹതി | ആരു പാത്രമാകുന്നു? |

പരിഭാഷ:— എല്ലാം ദൈവാധീനത തന്നെ എന്നുവെച്ചു നാമൊരു ശ്രമവും കഴിക്കാതെ ഇരുന്നുകൊള്ളുന്നതു കുബുദ്ധിലക്ഷണമാകുന്നു. ശ്രമംചെയ്യാതെ എള്ളിൽനിന്നും എണ്ണയെടുപ്പാൻ ആർക്കു കഴിയും?

# അദ്ധ്യായം ൨.

മൂലം ൫.

പൂർവ്വജന്മകൃതംകർമ്മ തദ്ദൈവമിതി കഥ്യതെ
തസ്മാൽപുരുഷകാരെണ വിനാ ദൈവം ന സിദ്ധ്യതി.

| അന്വയം | അന്വയാർത്ഥം. |
|---|---|
| പൂർവ്വജന്മകൃതം | മുൻജന്മത്തിൽ ചെയ്യപ്പെട്ട |
| കർമ്മ യൽ | പ്രവൃത്തി യാതൊന്നൊ |
| തൽ ദൈവം | അതു ദൈവം |
| ഇതി കഥ്യതെ | എന്നു പറയപ്പെടുന്നു |
| തസ്മാൽ | അതിനാൽ |
| പുരുഷകാരെണവിനാ | പ്രവർത്തകനെ ക്രൂടാതെ |
| ദൈവം ന സിദ്ധ്യതി | ദൈവം സിദ്ധിക്കുന്നില്ല. |

പരിഭാഷ.— പൂർവ്വജന്മത്തിൽ പ്രവർത്തിക്കപ്പെട്ടതെന്തോ അതാണു ദൈവമെന്നു പറയപ്പെടുന്നതു്. അതിനാൽ അതിന്റെ പ്രവർത്തകനെക്കൂടാതെ ദൈവം സിദ്ധമാകുന്നില്ല.

മൂലം ൬.

യഥാഹ്യേകേന ചക്രേണനരഥസ്യ ഗതിർഭവേൽ
എവം പുരുഷകാരേണ വിനാദൈവം നസിദ്ധ്യതി

| അന്വയം. | അന്വയാർത്ഥം. |
|---|---|
| ഏകേന | ഏകമായിരിക്കുന്ന |
| ചക്രേണഹി | ചക്രംകൊണ്ടുതന്നെ |
| രഥസ്യഗതിഃ | രഥത്തിന്റെ ഓട്ടം |
| യഥാ നഭവേൽ | എപ്രകാരം ഉണ്ടാകുന്നില്ലയൊ |
| എവം | അപ്രകാരംതന്നെ |
| പുരുഷകാരെണവിനാ | മനുഷ്യപ്രയത്നം കൂടാതെ |

| | |
|---|---|
| ദൈവം | ദൈവം |
| ന സിദ്ധ്യതി | ഫലവത്താകുന്നില്ല. |

പരിഭാഷ.— രഥത്തിന്റെ ഗതിക്ക് ഒരു ചക്രം എങ്ങിനെ മതിയാകാതെ ഇരിക്കുന്നുവോ അങ്ങിനെതന്നെ പുരുഷകാരനെ കൂടാതെ ദൈവം ഫലപ്രദമാകുന്നില്ല.

മൂലം ൫.

ഉദ്യോഗിനഃകരാലംബം കരോതി കമലാത്മജാ
അനുദ്യോഗി കരാലംബം കരോതി കമലാഗ്രജാ.

| അന്വയം. | അന്വയാർത്ഥം. |
|---|---|
| കമലാത്മജാ | ലക്ഷ്മി |
| ഉദ്യോഗിനഃകരാലംബം | പരിശ്രമിയുടെ കരാലംബത്തെ |
| കരോതി | ചെയ്യുന്നു. |
| കമലാഗ്രജാ | മൂർധാ (ജ്യേഷ്ഠാ) |
| അനുദ്യോഗി കരാലം- | |
| ബം | നിരുത്സാഹിയുടെ കരാലംബത്തെ |
| | ചെയ്യുന്നു. |

പരിഭാഷ— ലക്ഷ്മി പരിശ്രമശീലന്റെ കരത്തിനും മൂർധാദേവിയാകുന്ന കമലാഗ്രജാ നിരുത്സാഹിയുടെ കരത്തിനും അവലംബമായിരിക്കുന്നു.

മൂലം ൬.

ആലസ്യം ഹിമനുഷ്യാണാം ശരീരസ്ഥോമഹാ രിപുഃ
നാസ്ത്യുദ്യമസമോബന്ധുഃ കൃത്വായംനാവസീദതി.

| അന്വയം | അന്വയാർത്ഥം. |
|---|---|
| ആലസ്യം | അലസത=മടി |
| മനുഷ്യാണാം | മനുഷ്യരുടെ |
| ശരീരസ്ഥഃ | ശരീരത്തിൽ സ്ഥിതിചെയ്യുന്ന |

| | |
|---|---|
| മഹാരിപുഃ | ഒരു വലിയ ശത്രുവാകുന്നു. |
| ഉദ്യമസമഃ | ശ്രമത്തോടു തുല്യമായിട്ടു |
| ബന്ധുഃ നാസ്തി | യാതൊരു മിത്രവുമില്ല. |
| കൃത്വാ അയം | ഇതു ചെയ്തിട്ടു |
| ന അവസീദതി | യാതൊരുവനും പശ്ചാൽതപിക്കുന്നില്ല. |

പരിഭാഷ— മനുഷ്യക്ക് ശരീരസ്ഥമായിട്ടു ആലസ്യം എന്നൊരു ശത്രുവുണ്ടു്. ഉദ്യമത്തോടു തുല്യമായിട്ടു നമുക്ക് മറൊരു ബന്ധുവുമില്ല, അതു ചെയ്തിട്ടു യാതൊരുത്തരും പശ്ചാൽതപിക്കുന്നുമില്ല.

മൂലം ൪.

നലഭന്തെ വിനൊദ്യോഗം ജന്തവഃസംപദാം പദം
സുരാഃ ക്ഷീരൊദവിക്ഷൊഭമനുഭ്രയാമൃതം പപുഃ

| അന്വയം. | അന്വയാർത്ഥം. |
|---|---|
| ജന്തവഃ | ജീവികൾ |
| വിനാ ഉദ്യോഗം | ശ്രമം കൂടാതെ |
| സംപദാം പദം | സംപത്തിസ്ഥാനത്തെ |
| ന ലഭന്തെ | പ്രാപിക്കുന്നില്ല. |
| ക്ഷീരൊ ദവിക്ഷോഭം | പാലാഴിയുടെ കോളിളക്കം |
| അനുഭ്രയ | സഹിച്ചിട്ടു |
| സുരാഃ അമൃതം | ദേവകൾ പീയൂഷത്തെ |
| പപു | പാനംചെയ്തു. |

പരിഭാഷഃ— ശ്രമം ചെയ്യാതെ നമുക്ക് വിഷയാനുഭ്രതി സിദ്ധിക്കുന്നതല്ല. ദേവകൾ അലസത നിമിത്തം പാലാഴിമഥനത്തിൽ ഉദ്യമിക്കാതെ ഇരുന്നെങ്കിൽ അമൃതിനെ പാനംചെയ്യുന്നതിനു അവക്ക് സിദ്ധിക്ക ഇല്ലായിരുന്നുതാനെ.

മൂലം ൸.

പൂവ്വജന്മജനിതം പുരാവിദഃ കമ്മദൈവമതി സംപ്രചക്ഷതെ
ഉദ്യമേനതദുപാർജ്ജിതം ചിരാദ്ദൈവമുദ്യമവശം നതൽകഥം

| അന്വയം | അന്വയാർത്ഥം |
|---|---|
| പൂവ്വജന്മകൃതം | പൂവ്വജന്മത്തിൽ ചെയ്യപ്പെട്ട |
| കമ്മയൽ | പ്രവൃത്തി യാതൊന്നൊ |
| തൽ ദൈവം ഇതി | അതു ദൈവം എന്ന |
| പുരാ വിദഃ സംപ്രച— | പൌരാണികൻ |
| ക്ഷതെ | സകാരണംപറയുന്നു |
| ഉദ്യമെന | ശ്രമംകൊണ്ടു |
| തൽ ഉപാർജ്ജിതം | അതു സംപാദിക്കപ്പെടുന്നു |
| ചിരാൽ | വളരെ കഴിഞ്ഞിട്ടും |
| ദൈവം | ദൈവം |
| ഉദ്യമവശംന | കമ്മാനുഗതമായില്ലാ |
| തൽകഥം | എന്നുള്ളതു് എങ്ങിനെ |

പരിഭാഷ:— ദൈവം പൂവ്വജന്മാർജ്ജിത കമ്മമാകുന്നു എന്നു പണ്ഡിതന്മാർ പറയുന്നു. ശ്രമംകൊണ്ടു കമ്മം ആർജ്ജിക്കപ്പെടുന്നു. വളരെ കഴിഞ്ഞിട്ടും ദൈവം എങ്ങിനെ കമ്മാനുഗതമാകുന്നില്ല?

മൂലം ൯.

സംഹതിഃശ്രേയസീ പുംസാം സ്വകുലൈരല്പകൈരപി
തുഷ്ണൊപി പരിത്യക്താ നപ്രരോഹന്തിതണ്ഡുലാഃ

| അന്വയം. | അന്വയാർത്ഥം. |
|---|---|
| അല്പകൈഃ അപി | നിസ്സാരന്മാരാണെന്നിരുന്നാലും |
| സ്വകുലൈഃ | സ്വവംശജന്മാരുമായിട്ടുള്ള |
| സംഹതിഃ | സംഘാതം |
| പുംസാം | മനുഷ്യൎക്കു |

| | |
|---|---|
| ശ്രേയസീ | അധികം ശ്രേയസ്കരമാകുന്നു. |
| തുഷൈണാ അപി | ഉമ്മിയാൽമാത്രം |
| പരിത്യക്താഃ | പരിത്യജിക്കപ്പെട്ടിട്ട |
| തണ്ഡുലാഃ | (ഉമ്മികളഞ്ഞ) ധാന്യങ്ങൾ |
| ന പ്രരോഹന്തി | മുളക്കുന്നില്ല. |

പരിഭാഷ— നിസ്സാരന്മാരാണെന്നിരുന്നാലും സ്വകുലജാതന്മാരുമായുള്ള സൌഹാർദ്ദം മനുഷ്യക്ക് അധികം ശ്രേയസ്കരമാകുന്നു. ഉമിയിൽനിന്നും വേർപ്പെട്ട പോയ ധാന്യം മുളക്കുന്നില്ല.

മൂലം ൫.

അല്പാനാമപി വസ്തൂനാം സംഹതിഃ കാര്യസാധികാ
തൃണൈർഗുണത്വമാപന്നൈർബധ്യന്തേ മത്തദന്തിനഃ

| അന്വയ | അന്വയാർത്ഥം. |
|---|---|
| അല്പാനാം അപി | അശക്തങ്ങളായിരുന്നാലും |
| വസ്തൂനാം സംഹതിഃ | വസ്തുക്കളുടെ സംഘാതം |
| കാര്യസാധികാ | ഉദ്ദേശസിദ്ധിക്ക് പര്യാപ്തമാകുന്നു. |
| ഗുണത്വം ആപന്നൈഃ | കയറായി പരിണമിച്ചിട്ടുള്ള |
| തൃണൈഃ | തൃണങ്ങളെക്കൊണ്ടു |
| മത്തദന്തിനഃ | മദഭ്രാന്തി ഉള്ള ആനകൾ |
| ബധ്യന്തേ | ബന്ധിക്കപ്പെടുന്നു. |

പരിഭാഷ— നിസ്സാരങ്ങളാണെന്നിരുന്നാലും വസ്തുക്കളുടെയും മനുഷ്യരുടെയും യോജിച്ചുള്ള പ്രവൃത്തി കാര്യനിർവ്വഹണത്തിനു ഉപയുക്തമാകുന്നു. കയറായി തൃപാന്തരപ്പെടുത്തപ്പെട്ട തൃണങ്ങളെക്കൊണ്ടു മത്തഗജങ്ങളും ബന്ധിക്കപ്പെടുന്നു.

മൂലം ൬.

ക്ഷമാശസ്ത്രം കരെയസ്യ ദുർജ്ജനഃ കിം കരിഷ്യതി
അതൃണേ പതിതോവഹ്നിഃ സ്വയമേവോപശാമ്യതി.

| അന്വയം. | അന്വയാർത്ഥം. |
|---|---|
| യസ്യ | യാവനൊരുത്തന്റെ |
| കരെ | കൈയിൽ |
| ക്ഷമാശസ്ത്രം | ക്ഷമ ആകുന്ന ആയുധമുണ്ടോ |
| ദുർജ്ജനഃ | ദുർജ്ജനം (അവനോട്ട) |
| കിം കരിഷ്യതി | എന്തുചെയ്യും |
| അത്രൈവ | വെറും ഭൂമിയിൽ |
| പതിതഃ | ഇടപ്പെട്ട |
| വഹ്നിഃ | അഗ്നി |
| സ്വയം എവ | താനെതന്നെ |
| ഉപശാമ്യതി | കെട്ടപോകുന്നു. |

പരിഭാഷ— ക്ഷമ ആകുന്ന ആയുധം ആരുടെ കൈയിൽ ഇരിക്കുന്നുവൊ ദുർജ്ജനങ്ങൾ അവനോട്ട എന്തു ചെയ്യും. വെറും തറയിൽ വെയ്ക്കപ്പെട്ട അഗ്നി സ്വയമായിട്ട തന്നെ കെട്ടപോകുന്നു.

മൂലം ൫൦.

നരസ്യാഭരണം രൂപം രൂപസ്യാഭരണം ഗുണഃ
ഗുണസ്യാഭരണം ജ്ഞാനം ജ്ഞാനസ്യാഭരണം ക്ഷമാ

| അന്വയം | അന്വയാർത്ഥം. |
|---|---|
| നരസ്യ ആഭരണം രൂപം | മനുഷ്യന്റെ ആഭരണം ആകൃതി— |
| രൂപസ്യ ആഭരണം ഗുണഃ | (ആകുന്നു. ആകൃതിയുടെ ആഭരണം ഗുണമാ— |
| ഗുണസ്യ ആഭരണം— | (കുന്നു. |
| ജ്ഞാനം | ഗുണത്തിന്റെ ആഭരണം ജ്ഞാ— |
| ജ്ഞാനസ്യ ആഭരണം— | (നമാകുന്നു |
| ക്ഷമാ | ജ്ഞാനത്തിന്റെ ആഭരണം ക്ഷ— |
| | മ ആകുന്നു. |

പരിഭാഷഃ— മനുഷ്യന് ആകൃതി വിശ്രേഷണ

വും, ആകൃതിക്ക് ഭൂഷണം ഗുണവും, ഗുണത്തിന്ന വിഭൂഷണം ജ്ഞാനവും, ജ്ഞാനത്തിന്ന് വിഭൂഷണം ക്ഷമയുമാകുന്നു.

മൂലം ൬൬.

ക്ഷമാബലമശക്താനാം ശക്താനാം ഭൂഷണം ക്ഷമാ
ക്ഷമാവശീകൃതിർലോകെ ക്ഷമയാകിന്നസിദ്ധ്യതി.

| അന്വയം. | അന്വയാർത്ഥം. |
|---|---|
| അശക്തനാനാം | അശക്തന്മാർക്ക |
| ക്ഷമാ ബലം | ക്ഷമ ബലമാകുന്നു. |
| ശക്തനാനാം | ശക്തന്മാർക്ക |
| ഭൂഷണം ക്ഷമാ | ഭൂഷണം ക്ഷമ ആകുന്നു. |
| ലോകെ | ലോകത്തിൽ |
| ക്ഷമാ | ക്ഷമാ |
| വശീകൃതി | വശീകരണമാകുന്നു. |
| ക്ഷമയാ | ക്ഷമകൊണ്ടു |
| കിംന സിദ്ധ്യതി | എന്തു സാധിക്കുന്നില്ല. |

പരിഭാഷ— അശക്തന്മാർക്ക ക്ഷമ ബലവും ശക്തന്മാർക്ക ക്ഷമ ഭൂഷണവും ആകുന്നു. ലോകത്തിൽ ക്ഷമ ഒരാകർഷണോപായം ആകുന്നു. ക്ഷമകൊണ്ടു എന്തും സാധിക്കാം.

മൂലം ൬൭.

പരൈഃ പ്രോക്താഗുണായസ്യ നിർഗുണോപിഗുണീഭവേൽ
ഇന്ദ്രോപിലഘുതാംയാതി സ്വയം പ്രഖ്യാപിതൈർഗുണൈഃ

| അന്വയം | അന്വയാർത്ഥം. |
|---|---|
| യസ്യഗുണാഃ | യാവനൊരുത്തന്റെ ഗുണങ്ങൾ |
| പരൈഃ | അന്യന്മാരാൽ |
| പ്രോക്താഃ | പറയപ്പെട്ടിരിക്കുന്നോ |

സഃ നിർഗുണഃ അപി — അവൻ ഗുണമില്ലാത്തവനായിരുന്നാലും
ഗുണീഭവെൽ — ഗുണമുള്ളവനായിതീരുന്നു.
സ്വയംപ്രഖ്യാപിതൈഃ — സ്വയമായിപ്രഖ്യാപനം ചെയ്ത
ഗുണൈഃ — ഗുണങ്ങൾകൊണ്ടു (പ്പെട്ട
ഇന്ദ്രഃ അപി — ദേവേന്ദ്രൻ തന്നെയും
ലഘുതാം യാതി — ലാഘവത്തെ പ്രാപിക്കുന്നു.

പരിഭാഷഃ— വിശേഷാൽ ഗുണമൊന്നുമില്ലാത്തവനും അന്യന്മാരുടെ പ്രശംസകൊണ്ടു ഗുണമുള്ളവനായിതീരുന്നു. ദേവേന്ദ്രൻ തന്നെ ആയിരുന്നാലും സ്വഗുണപ്രഖ്യാപനം ചെയ്യുന്നതായാൽ ആക്ഷേപം നേരിടുന്നതായിരിക്കാം.

മൂലം ക്നു.

സ്വയംതഥാ നകർത്തവ്യം സ്വഗുണാഖ്യാപനംപുനഃ
സ്വഗുണാഖ്യാപനം യുക്ത്യാ പരദ്വാരാ പ്രയോജയേൽ.

| അന്വയം. | അന്വയാർത്ഥം. |
|---|---|
| സ്വഗുണാഖ്യാപനം | ആത്മപ്രശംസ |
| തഥാസ്വയം | അങ്ങിനെ സ്വയമായി |
| ന കർത്തവ്യം | ചെയ്യപ്പെടേണ്ടതല്ല. |
| പുനഃ പരദ്വാരാ | പിന്നെ അന്യൻവഴി ആയിട്ടു |
| സ്വഗുണാഖ്യാപനം | ആത്മപ്രശംസയെ |
| യുക്ത്യാ | സംബന്ധാഭോഗഹേതുക്കളെ- |
| പ്രയോജയേൽ | സംബന്ധിപ്പിച്ചാലും (കൊണ്ടു |

പരിഭാഷഃ— സ്വയമായിട്ടു സ്വഗുണാഖ്യാപനം ചെയ്യേണ്ടതല്ല. പിന്നെ "യുക്തിപ്രാപ്തിക്രിയാചിഹ്നസംബന്ധാഭോഗഹേതുഭിഃ" ഇതരമാർഗ്ഗേണ അതിനെ പ്രയോഗിക്കണം.

മൂലം ക്രമ.

സർവ്വസ്യഹിപരീക്ഷ്യന്തെ സഭാവാനെതരെ ഗുണാഃ
അതീത്യഹിഗുണാൻ സർവ്വാൻ സഭാവൊ മൂർദ്ധ്നിവർത്തതെ.

| അന്വയം | അന്വയാർത്ഥം |
|---|---|
| സർവ്വസ്യ | സകലത്തിന്റെയും |
| സ്വഭാവാഃ ഹി | സ്വഭാവവിശേഷങ്ങൾതന്നെ |
| പരീക്ഷ്യന്തെ | പരീക്ഷിക്കപ്പെടുന്നു |
| ഇതരെ ഗുണാഃ | മറ്റു ഗുണങ്ങൾ |
| ന | പരീക്ഷിക്കപ്പെടുന്നില്ല. |
| സർവ്വാൻ ഗുണാൻ അതീത്യ | സർവ്വഗുണങ്ങളെയും അതിക്രമിച്ചിട്ട |
| സ്വഭാവഃ ഹി | സ്വഭാവം തന്നെ |
| മൂർദ്ധ്നി വർത്തതെ | ഉച്ചത്തിൽ കയറിനില്ക്കുന്നു. |

പരിഭാഷ— ഇതരഗുണങ്ങളെ വകവെയ്ക്കാതെ എല്ലാ വസ്തുക്കളുടെയും സ്വഭാവം പരിശോധിക്കപ്പെടുന്നു. മറ്റെല്ലാ ഗുണങ്ങളെയും അതിക്രമിച്ചിട്ട സ്വഭാവം ഉച്ചത്തിൽ സ്ഥിതിചെയ്യുന്നു.

മൂലം ക്രഠ.

പരൊപദേശകുശലാ ദൃശ്യന്തെ ബഹവൊജനാഃ
സ്വഭാവമതിവർത്തന്തഃ സഹസ്രെഷ്വപി ദുർല്ലഭാഃ

| അന്വയം. | അന്വയാർത്ഥം. |
|---|---|
| പരോപദേശകുശലാഃ | പരൊപദേശത്തിൽ സാമർത്ഥ്യമുള്ളവരായിട്ട |
| ബഹവഃജനാഃ | വളരെ മനുഷ്യർ |
| ദൃശ്യന്തെ | കാണപ്പെടുന്നുണ്ട് |
| സ്വഭാവം | സ്വഭാവത്തെ |

| | |
|---|---|
| അതിവർത്തന്തഃ | അതിലംഘിക്കുന്നവർ |
| സഹസ്രേഷ്വപി | ആയിരമാളുകളിൽപോലും |
| ദുർല്ലഭാഃ | അപൂർവമായിട്ടെ കാണപ്പെടുന്നുള്ള |

പരിഭാഷഃ— പരോപദേശം ചെയ്യുന്നതിൽ സാമർത്ഥ്യമുള്ളവരായി വളരെ ആളുകളെ നമുക്ക് കാണാം എന്നാൽ സ്വഭാവത്തെ അതിലംഘിച്ചു പ്രവർത്തിക്കുന്നവനായി ആയിരത്തിൽ ഒരുവനേപ്പോലും കാണുന്നതിനു നമുക്ക് ദുഷ്കരമായിരിക്കും.

മൂലം ൬൩.

കിംകുലെനവിശാലെനശീലമെവാത്രകാരണം
ക്രിമയഃ കിന്നജായന്തെ കുസുമെഷുസുഗന്ധിഷു

| അന്വയം. | അന്വയാർത്ഥം. |
|---|---|
| വിശാലെന | ഉൽകൃഷ്ടമായ |
| കുലെനകിം | വംശംകൊണ്ടു എന്തുഫലം |
| അത്ര | ഐഹികത്തിൽ |
| ശീലംഎവ | സ്വഭാവംതന്നെ |
| കാരണം | എല്ലാത്തിനും ഹേതുവാകുന്നു |
| സുഗന്ധിഷു | നല്ല വാസനയുള്ള |
| കുസുമെഷു | പുഷ്പങ്ങളിൽതന്നെയും |
| ക്രിമയഃ | ക്രിമികൾ |
| കിന്നജായന്തെ | ജനിക്കുന്നില്ലെ? |

പരിഭാഷ— വംശവിഖ്യാതികൊണ്ടു എന്താണ് ഫലം? ഈജീവിതത്തിൽ സകലത്തിനും കാരണം സ്വഭാവം ഒന്നുമാത്രമാകുന്നു. സുഗന്ധപുഷ്പങ്ങളിൽ പോലും ക്രിമികൾ ജനിക്കുന്നില്ലെ?

മൂലം ൫൭.

അല്പാക്ഷരരമണീയഃയഃ കഥയതിനിശ്ചിതം സഖല്വാഗ്മീഃ
ബഹ്വവചനമല്പസാരംയഃ കഥയതിവിപ്രലാപിസഃ

| അന്വയം. | അന്വയാർത്ഥം. |
|---|---|
| യഃ | യാവനൊരുത്തൻ |
| അല്പാക്ഷരരമണീയം | വൈലക്ഷ്യരീതിയിൽ ഹൃദയംഗമമായിട്ട |
| നിശ്ചിതം | ആശയത്തെ |
| കഥയതി | പ്രകാശിപ്പിക്കുന്നുവൊ |
| സഃ | അവൻ |
| ഖല്വാഗ്മീ | നിസ്സംശയംവാഗീശനാകുന്നു |
| യഃ | യാവനൊരുത്തൻ |
| അല്പസാരം | പദാർത്ഥഹീനമായിട്ട |
| ബഹ്വവചനം | അധികവാക്യത്തെ |
| കഥയതി | ഉച്ചരിക്കുന്നുവൊ |
| സഃ വിപ്രലാപീ | അവൻ പ്രതിക്രുലവാദി ആകുന്നു |

പരിഭാഷഃ— അല്പാക്ഷരരമണീയമായിട്ട നിശ്ചിതത്തെ ആരു പ്രസംഗിക്കുന്നുവൊ അവൻ വാഗ്മിയും ബഹുവചനമായിട്ട അല്പസാരത്തെ ആരു പ്രതിപാദിക്കുന്നുവൊ അവൻ വിപ്രലാപിയുമാകുന്നു.

മൂലം ൫൮.

ആത്മനൊമുഖദോഷെണ ബദ്ധ്യന്തെ ശുകശാരികാഃ
ബകസ്യുത്രനബദ്ധ്യന്തെ മൌനം സർവാർത്ഥസാധകം

| അന്വയം | അന്വയാർത്ഥം |
|---|---|
| ആത്മനഃ | തന്റെ |
| മുഖദോഷെണ | സംസാരദോഷംകൊണ്ടു |

| | |
|---|---|
| ശുകശാരികാഃ | കിളിവൈന്നാകം |
| ബദ്ധ്യന്തെ | ക്രൂട്ടിലടയ്ക്കപ്പെട്ടന്ന |
| തത്ര | അവിടെ മുഖദോഷത്താൽ |
| ബകാഃ | കൊക്കുകം |
| നബദ്ധ്യന്തെ | ബന്ധനസ്ഥരാക്കപ്പെട്ടന്നില്ല |
| മൈനം | മൂകത്വം |
| സർവാർത്ഥസാധകം | പുരുഷാർത്ഥമെല്ലാം സാധിപ്പിക്കുന്നതാകുന്ന |

പരിഭാഷ:— സംസാരവിശേഷംകൊണ്ടു കിളി മുതലായവ ബന്ധിക്കപ്പെട്ടന്ന. മുഖദോഷമില്ലാത്ത കൊക്കുകം ബന്ധിക്കപ്പെട്ടന്നില്ല. സർവാർത്ഥസാധകമായിട്ടുള്ളതു മൈനംതന്നെ എന്ന് ഇതിൽനിന്നും സിദ്ധിക്കുന്ന.

മൂലം ക്ഷ.

രൂപവാംശ്ചാപി മൂർഖോപിഗതശ്ചാപിപുലാംസഭാം
സംരക്ഷെച്ഛസചകാംജിഹ്വാംഭാഷ്യാംദുശ്ചരിണീംയഥാ

| അന്വയം. | അന്വയാർത്ഥം |
|---|---|
| രൂപവാൻച അപി | ഹൃദ്യാകൃതി ഉള്ളവനൊ |
| മൂർഖഃ ച അപി | അപണ്ഡിതനൊ ആരായിരുന്നാ |
| വിപുലാം | വലിയ (ല്ലും |
| സഭാംഗതശ്ചാ | സഭയിൽ പ്രവേശിച്ചിട്ട |
| ദുശ്ചരിണീം | ദുർവൃത്ത ആയിരിക്കുന്ന |
| ഭാഷ്യാംയഥാ | ഭാഷ്യയെപ്രകാരമൊ |
| തഥാസചകാം | അപ്രകാരംതന്നെ സചന്ത |
| ജിഹ്വാം | നാവിനെ |
| സംരക്ഷേൽ | നിയന്ത്രിച്ചുകൊള്ളണം |

പരിഭാഷ:— രൂപവാനൊ മൂർഖനൊ ആരുതന്നെ ആയിരുന്നാലും വിബുധബോധ ബുധസേവിത ആ

യിരിക്കുന്ന സദസ്സിൽ പ്രവേശിക്കുമ്പോൾ ഉർവ്വത്ത ആയിരിക്കുന്ന ഭാര്യയെ എന്നപോലെ തന്റെ നാവിനെ സംരക്ഷിച്ചുകൊള്ളണം.

മൂലം ൨൦.

പദസ്ഥിതസ്യപത്മസ്യ മിത്രെവരുണഭാസ്കരൌ
പദച്യുതസ്യതസ്യൈവക്ലേദമോഹകരാവുഭൌ

| അന്വയം. | അന്വയാർത്ഥം. |
|---|---|
| പദസ്ഥിതസ്യ | സ്വസ്ഥാനത്തിൽ നില്ക്കുന്ന |
| പത്മസ്യ | താമരപ്പൂവിനു |
| വരുണഭാസ്കരൌ | സമുദ്രാദിത്യന്മാർ രണ്ടുപേരും |
| മിത്രെ | ബന്ധുക്കളാകുന്നു |
| പദച്യുതസ്യ | സ്ഥാനത്യാഗം ചെയ്യപ്പെട്ടിട്ട |
| തസ്യഎവ | അതിനുതന്നെ |
| ഉഭൌ | ഈ രണ്ടുമിത്രങ്ങളും |
| ക്ലെദമോഹകരൌ | ക്ഷീണദാഹങ്ങളെ ജനിപ്പിക്കുന്നവ ആയിത്തീരുന്നു |

പരിഭാഷഃ– താമരയിൽതന്നെ നില്ക്കുന്ന താമരപ്പൂവിന്റെ മിത്രങ്ങളാകുന്ന വരുണഭാസ്കരന്മാർ സ്വസ്ഥാനത്തുനിന്നും വ്യതിയാനം ചെയ്യപ്പെട്ട താമരപ്പൂവിന് ക്ലെദമോഹകരങ്ങളായിത്തീരുന്നു.

മൂലം ൨൧.

അശ്വഃശസ്ത്രം ശാസ്ത്രംവീണാപാണിനരശ്ചനാരീച
പുരുഷവിശേഷം പ്രാപൂഃഭവന്തിയോഗ്യാ ഽയോഗ്യാശ്ച

| അന്വയം. | അന്വയാർത്ഥം. |
|---|---|
| അശ്വഃ | കുതിരയും |
| ശസ്ത്രം | ആയുധവും |

| | |
|---|---|
| ശാസ്ത്രം | ശാസ്ത്രവും |
| വീണാ | വീണയും |
| വാണീ | വാക്കും |
| നരഃച | നരനും |
| നാരീ | നാരിയും |
| പുരുഷവിശേഷം | സമർത്ഥപുരുഷനോട്ട |
| പ്രാപ്തഃ | ചേരുമ്പോൾ |
| യോഗ്യഃവാ | വിശേഷതരങ്ങളായിട്ടും |
| അയോഗ്യഃ | അല്ലെങ്കിൽ നിർവിശേഷങ്ങളായിട്ടും |
| ഭവന്തി | പരിണമിക്കുന്നു |

പരിഭാഷ:— കുതിര, ആയുധം, ശാസ്ത്രം, വീണ, വാണി, പുരുഷൻ, സ്ത്രീ എന്നിതെല്ലാം ഉപയോഗിക്കുന്ന ആളുകളുടെ ഗുണാഗുണങ്ങളെ ആശ്രയിച്ചു ഉത്തമാധമങ്ങളായി പരിണമിക്കുന്നു.

മൂലം ൨൨.

മഹാജനസ്യസംസർഗ്ഗഃകസ്യനോന്നതികാരകഃ
പത്മപത്രസ്ഥിതം വാരിധത്തെ മുക്താഫലശ്രിയം

| അന്വയം | അന്വയാർത്ഥം. |
|---|---|
| മഹാജനസ്യ | മഹാജനങ്ങളുടെ |
| സംസർഗ്ഗഃ | സംപർക്കം |
| കസ്യ | ആർക്ക |
| നഉന്നതികാരകഃ | ഉന്നതിക്ക് കാരണമാകുന്നില്ല |
| പത്മപത്രസ്ഥിതം | താമരഇലയിൽ നില്ക്കുന്ന |
| വാരി | വെള്ളത്തുള്ളി |
| മുക്താഫലശ്രിയം | മുത്തുമണിയുടെ ശോഭയെ |
| ധത്തെ | ധരിക്കുന്നു |

പരിഭാഷാ— മഹാജനങ്ങളോട്ടുകൂടിയുള്ള സഹവാസം എല്ലാവക്കും ഉന്നതിക്ക് കാരണമായിത്തീരുന്നു. താമര ഇലയിൽ നില്ക്കുന്ന വെള്ളത്തുള്ളി മുത്തുമണിപോലെ ശോഭിക്കുന്നു.

മൂലം ൨൯.

മലയാചലഗന്ധെനതചിന്ധനം ചന്ദനായതെ
തഥാസജ്ജനഃസംഗെനദുർജ്ജനസജ്ജനായതെ

| അന്വയം. | അന്വയാർത്ഥം. |
|---|---|
| മലയാചലഗന്ധെനതു | മലയപർവതത്തിന്റെ വാസന കൊണ്ടുതന്നെ |
| ഇന്ധനം | വിറകു— സാമാന്യവൃക്ഷം |
| ചന്ദനായതെ | ചന്ദനവൃക്ഷമായിത്തീരുന്നു |
| തഥാ | അപ്രകാരംതന്നെ |
| സജ്ജനസംഗെന | സജ്ജനസഹവാസംകൊണ്ടു |
| ദുർജ്ജനഃ | ദുർജ്ജനവും |
| സജ്ജനായതെ | സജ്ജനമായിത്തീരുന്നു |

പരിഭാഷഃ— മലയപർവതത്തിലെ വാസന തട്ടിട്ടു അതിലുള്ള ഇതര വൃക്ഷങ്ങളും ചന്ദന വൃക്ഷങ്ങളായി തീരുന്നു. അപ്രകാരംതന്നെ സജ്ജനസഹവാസം കൊണ്ടു ദുർജ്ജനങ്ങളും സജ്ജനങ്ങളായി തീരുന്നു.

മൂലം ൩൦.

സാധൂനാംദർശനം പുണ്യം തീർത്ഥഭൂതാഹി സാധവഃ
കാലെനഫലതെതീർത്ഥം സദ്യഃസാധുസമാഗമഃ

| അന്വയം. | അന്വയാർത്ഥം. |
|---|---|
| സാധൂനാം | വിശിഷ്ടന്മാരുടെ |
| ദർശനം | സന്ദർശനം |

| | |
|---|---|
| പുണ്യം | ലൊകൊത്തരസുഖമാകുന്നു |
| ഹിസാധവഃ | എന്തെന്നാൽ വിശിഷ്ടന്മാർതന്നെ |
| തീർത്ഥഭ്രതാഃ | വിശേഷതീർത്ഥങ്ങളാകുന്നു |
| സാധുസമാഗമഃ | വിശിഷ്ടസംദർശനം |
| സദ്യഃ | തൽക്ഷണവും |
| തീർത്ഥം | മറ്റുപുണ്യക്ഷേത്രം |
| കാലെന | കാലക്രമത്തിലും |
| ഫലതി | ഫലപ്രദമായിത്തീരുന്നു |

പരിഭാഷഃ— വിശിഷ്ടന്മാരുടെ ദർശനം പുണ്യമാകുന്നു. വിശിഷ്ടന്മാർ അസാധാരണ പുണ്യക്ഷേത്രങ്ങളാകുന്നു. എന്തുകൊണ്ടെന്നാൽ തീർത്ഥാടനംകൊണ്ടുള്ള ഫലം കാലക്രമത്തിലും സാധുസമാഗമംകൊണ്ടുള്ള ഫലം തൽക്ഷണംതന്നെയും അനുഭവയോഗ്യമായിത്തീരുന്നു.

മൂലം. ൨൭.

കരൊതിനിർമ്മലാധാരസ്തുച് ഛസ്യാപിമഹർഘതാം
അംബുനൊ വിന്ദുരല്പൊപി ശുക്തൌമുക്താഫലംഭവെൽ

| അന്വയം. | അന്വയാർത്ഥം. |
|---|---|
| നിർമ്മലാധാരഃ | സജ്ജനങ്ങളുടെ ആശ്രയം |
| തുച് ഛസ്യ അപി | നിസ്സാരവസ്തുവിന്നുപോലും |
| മഹർഘതാം | അസാധാരണവിലയെ |
| കരൊതി | ഉണ്ടാക്കുന്നു |
| ശുക്തൌ | മുത്തുചിപ്പിയിൽ |
| അംബുനഃവിന്ദുഃ | ജലകണം |
| അല്പഃഅപി | സ്വല്പമായിരുന്നാലും |
| മുക്താഫലം | അതു മുത്തുമണിആയി |
| ഭവെൽ | തീരുന്നു |

പരിഭാഷ:- മഹദാശ്രയംകൊണ്ടു നിസ്സാരവസ്തുക്കൾക്കും വലിയ വില ഉണ്ടായി എന്നു വരുന്നുണ്ടു മുത്തു ചിപ്പിയിൽ രണ്ടുമൂന്നുതുള്ളി വെള്ളംവീണാൽ അതുപിന്നെ മുത്തുമണിയായിത്തീരുന്നു.

മൂലം ൨൯.

കീടൊപിസുമനഃസംഗാദാരോഹതിസതാംശിരഃ
അശ്മാപിയാതിദൈവത്വംമഹദ്ഭിഃ സുപ്രതിഷ്ഠിതഃ

| അന്വയം. | അന്വയാർത്ഥം. |
|---|---|
| കീടഃഅപി | കീടവർഗ്ഗത്തിൽപെട്ടതായിരുന്നാലും |
| സുമനഃസംഗാൽ | മഹാത്മജിയുമായുള്ള എടപാടുനിമിത്തം |
| സതാംശിരഃ | സത്തുക്കളുടെ തലയിൽ |
| ആരൊഹതി | കയറുന്നു |
| മഹദ്ഭിഃ | മഹാന്മാരാൽ |
| സുപ്രതിഷ്ഠിതഃ | യഥാവിധി പ്രതിഷ്ഠിക്കപ്പെട്ടിട്ട |
| അശ്മാഅപി | കല്ലുതന്നെയും |
| ദൈവത്വം | ദൈവപ്രഭാവത്തെ |
| യാതി | പ്രാപിക്കുന്നു |

പരിഭാഷ:- നിസ്സാരവസ്തുവായിരുന്നാലും മഹാന്മാരുടെ സംബന്ധം കാരണത്താൽ സത്തുക്കളുടെ തലയിൽ കയറുന്നു. മഹാന്മാരാൽ യഥാവിധി പ്രതിഷ്ഠിക്കപ്പെട്ടിട്ട കല്ലുതന്നെയും ദൈവത്വത്തെ പ്രാപിക്കുന്നു.

മൂലം ൩൦.

കാചഃകാഞ്ചനസംസർഗ്ഗാദ്ധത്തെമാരകതീർദ്യുതിഃ
തഥാസത്സന്നിധാനെനമൂർഖൊയാതിപ്രവീണതാം

| അന്വയം | അന്വയാർത്ഥം. |
|---|---|
| കാചഃ (1) | കരികട്ട; ചാരം |
| കാഞ്ചനസംസർഗ്ഗാൽ | സൊണ്ണത്തിന്റെ സംബന്ധംകൊ |
| മാരകതിഃ | മരതകകല്ലിന്റെ (ണ്ടു |
| ദ്യുതിഃ | ശോഭയെ |
| ധത്തെ | പ്രകടിപ്പിക്കുന്നു |
| തഥാമൂർഖഃ | അപ്രകാരം ഖലനും |
| സജ്ജന്നിധാനെന | സജ്ജനസാന്നിദ്ധ്യംകൊണ്ടു |
| പ്രവീണതാം | സാമർത്ഥ്യത്തെ |
| യാതി | പ്രാപിക്കുന്നു |

പരിഭാഷഃ— കരികട്ട കാഞ്ചനസംസർഗ്ഗംകൊണ്ടു മരതകക്കല്ലിന്റെ ശോഭയെ പ്രകടിപ്പിക്കുന്നു. അപ്രകാരം മൂർഖനും സജ്ജനസാന്നിദ്ധ്യംകൊണ്ടു പ്രവീണതയെ പ്രാപിക്കുന്നു.

മൂലം ൫൭.

അണുരപ്യസതാം സംഗോ സദ്ഗുണം ഹന്തിവിസ്തൃതം
ഗുണത്വപാന്തരം യാതി തക്രയോഗാദ്യഥാ പയഃ

| അന്വയം. | അന്വയാർത്ഥം. |
|---|---|
| പയഃ | പാലു |
| തക്രയോഗാൽ | മോരിന്റെ സംയോഗത്താൽ |
| ഗുണത്വപാന്തരം | ഗുണാന്തരത്തെ |
| യഥാ യാതി | ഏതുപ്രകാരം പ്രാപിക്കുൻവോ, |
| തഥാ അണുഃ അപി | അപ്രകാരം സ്വല്പമായിരുന്നാലും |
| അസതാം സംഗഃ | അസത്തുക്കളുടെ സഹവാസം |
| വിസ്തൃതം | വിപുലമായിരിക്കുന്ന |
| സദ്ഗുണം | സൽസ്വഭാവത്തെ |
| ഹന്തി | നശിപ്പിക്കുന്നു. |

(1) Ashes alkaline having the properties of an alkali. Potash, Soda, and lime are alkalies and turn vegetable blues to green.

പരിഭാഷ:— മോരിന്റെ സംയോഗത്താൽ പാൽ എപ്പകാരം ഗുണാന്തരത്തെ പ്രാപിക്കുന്നുവോ അപ്പകാരം അസത്തുക്കളുടെ സഹവാസം സ്വല്പമായിരുന്നാലും അതു് വിപുലമായിരിക്കുന്ന സൽസ്വഭാവത്തെ നശിപ്പിക്കുന്നു.

മൂലം ൨൫.

പാത്രമപാത്രീകുരുതെ ദഹതിഗുണം സ്നേഹമാശു നാശയതി
അമലെമലം നിയച് ഛതി ദീപജ്വാലേവ ഖലമൈത്രീ.

| അന്വയം. | അന്വയാർത്ഥം. |
|---|---|
| ദീപജ്വാലാ ഇവ | വിളക്കിന്റെജ്വാലഎന്നപോലെ |
| ഖലമൈത്രീ | ദുർജ്ജനത്തിന്റെ സൌഹാർദ്ദ്യം |
| പാത്രം | പാത്രത്തെ (യോഗ്യതയെ) |
| അപാത്രീകുരുതെ | അപാത്രമാക്കിതീർ |
| ഗുണം | സ്വഭാവവിശേഷത്തെ (തീരെ) |
| ദഹതി | ഇല്ലാതാക്കുന്നു. |
| സ്നേഹം | സ്നേഹത്തെ (എണ്ണയെ) |
| ആശുനാശയതി | ഉടനെ വറ്റിക്കുന്നു. |
| അമലെ | വൃത്തി ഉള്ളേടത്തു |
| മലം | വൃത്തികേടു |
| നിയച് ഛതി | ഉളവാക്കുന്നു. |

പരിഭാഷ — ഖലമൈത്രീ ദീപജ്വാല എന്നപോലെ പാത്രത്തെ അപാത്രമാക്കുകയും ഗുണത്തെ ദഹിപ്പിക്കയും സ്നേഹത്തെ ക്ഷണത്തിൽ നശിപ്പിക്കയും ദോഷമില്ലാത്ത ഭിക്കിൽ ദോഷത്തെ ജനിപ്പിക്കയും ചെയ്യുന്നു.

മൂലം ൨൬.

ദുർവൃത്തസംഗതിരനർത്ഥ പരമ്പരായാ
ഹേതുഃ സതാം ഭവതി കിംവചനീയമത്ര
ലങ്കേശ്വരോ ഹരതി ദാശരഥേഃ കളത്രം
പ്രാപ്നോതി ബന്ധനമസൌകിലസിന്ധുരാജ.

| അന്വയം. | അന്വയാർത്ഥം. |
|---|---|
| ദുർവൃത്തസംഗതിഃ | അസദ്വൃത്തസമ്പർക്കം |
| സതാം | സജ്ജനങ്ങൾക്കു |
| അനർത്ഥപരമ്പരായാഃ | ഉത്തരോത്തരം അനർത്ഥത്തിനു |
| ഹേതുഃ ഭവതി | കാരണമായിത്തീരുന്നു |
| അത്രകിംവചനീയം | ഇവിടെ എന്താണു പറയേണ്ടതു |
| ലങ്കേശ്വരഃ | രാവണൻ |
| രാഘവസ്യ | ശ്രീരാമന്റെ |
| കളത്രം | ഭാര്യയെ (സീതയെ) |
| ഹരതി | മോഷ്ടിച്ചുകൊണ്ടുപോകുന്നു |
| അസൌ സിന്ധുരാജഃ | ഈ മഹാസമുദ്രം |
| ബന്ധനം | ബന്ധനത്തെ |
| കിലപ്രാപ്നോതി | യഥൈതിഹ്യം പ്രാപിക്കുന്നു. |

പരിഭാഷ:— ദുർവൃത്തസംഗതി സത്തുക്കൾക്ക് അനർത്ഥപരമ്പരയുടെ കാരണമായിതീരുന്നു. ഇതിനെപ്പറ്റി ഇവിടെ എന്താണ് പറയേണ്ടതു്? ലങ്കാധിപതി—രാവണൻ—ശ്രീരമന്റെ ധർമ്മദാരത്തെ മോഷ്ടിച്ചുകൊണ്ടുപോകുന്നു. പുരാണേതിഹാസങ്ങളിൽ പറയപ്പെട്ടന്നതുപോലെ മഹാസമുദ്രം ബന്ധനത്തെ പ്രാപിക്കുന്നു.

മൂലം. ൫൨.

കരാവിവശരീരസ്യ നേത്രയോരിവ പക്ഷ്മണി
അവിചാര്യപ്രിയം കർത്തുമിത്രം മിത്രമുച്യതേ

| അന്വയം. | അന്വയാർത്ഥം. |
|---|---|
| യൽമിത്രം | യാതൊരുമിത്രം |
| ശരീരസ്യ | ശരീരത്തിനു |
| കരൌ ഇവ | കരങ്ങൾ എന്നപോലെയും |
| നേത്രയോഃ | കണ്ണുകൾക്കു |
| പക്ഷ്മണീ ഇവ | കൺപോളകൾഎന്നപോലെയും |

| | |
|---|---|
| അവിചായ്യു | യാദൃശ്ചികമായി |
| പ്രിയം | ഇഷ്ടത്തെ |
| കയ്യാൽ | ചെയ്യുന്നുവൊ |
| തൽമിത്രം | ആ മിത്രംതന്നെ |
| മിത്രം | മിത്രമെന്നു |
| ഉച്യതെ | പറയപ്പെട്ടുന്നു. |

പരിഭാഷ:— ശരീരത്തിനു കരങ്ങൾ എന്നപോലെയും കണ്ണുകൾക്കു കൺപോളകൾ എന്നപോലെയും അനപേക്ഷിതമായിട്ടു ഏതുമിത്രം പ്രിയത്തെ ചെയ്യുന്നുവോ ആ മിത്രം തന്നെമിത്രമെന്നു പറയപ്പെട്ടുന്നു

മൂലം. ൫൮.

ദുഃഖാംഗാരകതിവ്വ: സംസാരെയം മഹാനസെ ഗഹന
ഇഹവിഷയാമൃത ലാലസമാനസ മാജ്ജാര! മാനിപത

| അനവയം | അനവയാർത്ഥം |
|---|---|
| ദുഖാംഗാരകതിവ്വ: | ദുഃഖാഗ്നിയെ ഉജ്ജ്വലിപ്പിക്കുന്ന |
| ഗഹനഃ | അനുപഗമ്യവുമായിരിക്കുന്ന (തും |
| മഹാനസഃ | ഒരു പാകഗൃഹമാകുന്നു |
| ഇയം സംസാരഃ | ഈ ഐഹികജീവിതം |
| വിഷയാമൃതലാലസ– | ഇന്ദ്രീയാർത്ഥത്തിൽ കൊതിയുള്ള |
| മാനസമാജ്ജാര! | മനസാകുന്ന പൂച്ചെ! |
| ഇഹ | ഇവിടെ |
| മാനിപത | നീ ചെന്നുചാടരുതു. |

പരിഭാഷ:— ദുഃഖാഗ്നിയെ പ്രജ്ജ്വലിപ്പിക്കുന്നതും ദുരുപഗമ്യവുമായിരിക്കുന്ന ഒരു അടുക്കളമുറി ആകുന്നു ഐഹികജീവിതമാകുന്ന ഈ സംസാരം. അതിനാൽ വിഷയാനുഭ്രതിയിൽ കൊതിയുള്ളമനസാകുന്നപൂച്ചെ! നീഇതിൽ ചെന്നുചാടാതെ സൂക്ഷിച്ചുകൊള്ളണം

# അദ്ധ്യായം ൻ.

മൂലം ക.

ന്യായാർജ്ജിത ധനസുതപ്രജ്ഞാനനിഷ്ഠോ തിഥിപ്രിയഃ
ശാസ്ത്രവിത്സത്യവാദീച ഗൃഹസ്ഥോപിവി മുച്യതെ.

| അന്വയം | അന്വയാർത്ഥം |
|---|---|
| ന്യായാർജ്ജിതധനഃ | ന്യായമായി ധനസമ്പാദ്യം ചെയ്തിട്ടുള്ളവനായി |
| തത്പ്രജ്ഞാനനിഷ്ഠഃ | തത്പ്രജ്ഞാനനിഷ്ഠ ഉള്ളവനായി |
| അതിഥിപ്രിയഃ | അതിഥിവ്യക്തിയെയിൽ പ്രീതിയുള്ളവനായി |
| ശാസ്ത്രവിൽച | ശാസ്ത്രജ്ഞനായി |
| സത്യവാദീ | സത്യവാദിയായിരിക്കുന്ന |
| ഗൃഹസ്ഥഃ അപി | ഗൃഹസ്ഥാശ്രമി |
| വിമുച്യതെ | വിമോചിക്കപ്പെടുന്നു. |

പരിഭാഷ:— ധനാർജ്ജനത്തിൽ അന്യായം പ്രവർത്തിക്കാത്തവനും തത്പ്രജ്ഞാനതല്പരനും അതിഥിപ്രിയനും ശാസ്ത്രജ്ഞനും സത്യവാദിയും ആയിരിക്കുന്ന ഗൃഹസ്ഥൻ (ഗൃഹസ്ഥാശ്രമത്തെ പ്രാപിച്ചവൻ) വിമുക്തനായിത്തീരുന്നു.

മൂലം. ഖ.

യദിരാമായദിചരമായദിതനയൊ വിനയധീഗ്രണൊപെത
തനയെതനയേല്പത്തി: സുരവര നഗരെ കിമാധിക്യം?

| അന്വയം | അന്വയാർത്ഥം |
|---|---|
| യദിരാമാ | ധർമ്മാരങ്ങളും |
| യദിചരമാ | സമ്പത്തും |
| യദിവിനയധീഗ്ര— | ആത്മസംയമനം, ബുദ്ധി എന്നിവ |

| | |
|---|---|
| ണൊപെതഃ | യോട്ടക്കൂടിയ |
| തനയഃ | പുത്രനും |
| തനയെ | പുത്രനിൽ |
| തനയൊല്പത്തിഃ | പുത്രോല്പാദനവുമുണ്ടെങ്കിൽ |
| സുരവരനഗരെ | ദേവേന്ദ്രപുരിയിൽ തന്നെയും |
| കിം ആധിക്യം | എന്തു അധികം |

പരിഭാഷ— സല്വൃത്തയായ ഗൃഹനായികയും, കാലയാപനത്തിനു വേണ്ടസമ്പത്തും, വിനീതനും, സുകൃതിയുമായ പുത്രനും, ഈ പുത്രനിൽ പൗത്രസമ്പത്തിയും ഉണ്ടെങ്കിൽ ദേവലോകത്തു തന്നെയും ഇതിൽപരം എന്താണ് ആഗ്രഹിപ്പാനുള്ളതു്.

മൂലം ൫.

സവിപ്രപാദൊ ദകകർദ്ദമാനി
സവേദശാസ്ത്ര ധ്വനിഗർജ്ജിതാനി
സ്വാഹാസ്വധാകാര നിരന്തരാണി
സാനന്ദതുല്യാനി ഗൃഹാണി താനി

| അന്വയം | അന്വയാർത്ഥം |
|---|---|
| സവിപ്രപാദൊ | ബ്രാഹ്മണപാദപ്രക്ഷാളനം കൊ |
| ദകകർദ്ദമാനി | ണ്ടുമലിനപ്പെട്ടവയും |
| സവേദശാസ്ത്ര— | വേദവേദാംഗങ്ങളുടെ പാരായണ |
| ധ്വനിഗർജ്ജിതാനി | പ്രതിധ്വനിയാൽ എങ്ങുംവ്യാപി |
| | ക്കപ്പെട്ടവയും |
| സ്വാഹാസ്വധാകാര— | നിരന്തരശ്രാദ്ധപൂജാലികളാട്ട |
| നിരന്തരാണി | ക്കൂടിയിരിക്കുന്നവയുമായിരിക്കുന്ന |
| താനിഗൃഹാണി | ആ ഗൃഹങ്ങൾ |
| സാനന്ദതുല്യാണി | സ്വർഗ്ഗസമാനങ്ങളാകുന്നു. |

പരിഭാഷ.— ബ്രാഹ്മണപാദപ്രക്ഷാളനം കൊണ്ടു മലിനപ്പെട്ടവയും വേദപാരായണ പ്രതിധ്വനിയാൽ

എങ്ങും വ്യാപിക്കപ്പെട്ടവയും നിരന്തരമായ ശ്രാദ്ധപൂജാദികളോട കൂടിയവയുമായിരിക്കുന്ന ഗൃഹങ്ങൾ സച്ഛാസ്ത്രശങ്ങൾ ആകുന്നു.

മൂലം. ൪.

സാനന്ദം സദനം സുതാശ്ചസുധയഃ കാന്താന ദുർഭാഷിണീ
സമ്മിത്രം സുധനം സ്വയൊഷിതി രതിർജ്ഞാപരാഃസെവകാഃ

| അന്വയം | അന്വയാർത്ഥം |
|---|---|
| യത്രസാനന്ദംസദനം | ഏവിടെ ആനന്ദത്തോടുകൂടിയ ഗൃഹവും |
| സുധയഃസുതാഃച | സുകൃതികളായ പുത്രന്മാരും |
| ന ദുർഭാഷിണി കാന്താ | ദുർഭാഷണിപറയാത്തവളായഭാര്യയും |
| സുധനം സന്മിത്രം | നല്ല ധനികനായ സ്നേഹിതനും |
| സ്വയോഷിതി രതിഃ | സ്വഭാര്യയിൽ രതിയും |
| ആജ്ഞാപരാഃ | വരുതിക്കൊത്തവിധം പ്രവർത്തിക്കുന്ന ഭൃത്യന്മാരും |
| സേവകാഃ | |
| ആതിഥ്യം | അതിഥി സൽക്കാരവും |
| ശിവപൂജനം | ശിവപൂജയും |
| ഗൃഹെ പ്രതിദിനം | ഭവനത്തിൽ നിത്യവും |
| മൃഷ്ടാന്നപാനം | തൃപ്തിയായിട്ടന്നപാനവും ഉണ്ടായിരിക്കയും |
| യഃ | യാതൊന്നു |
| സാധ്വൊഃസംഗം | സജ്ജനസഹവാസത്തെ |
| സതതംഉപാസതെഹി | സമാശ്രയിക്കയും ചെയ്യുന്നുവൊ |
| സഃ ഗൃഹസ്ഥാശ്രമഃ | ഗാർഹപത്യജീവിതം (ആ |
| ധന്യഃ | വന്ദ്യ മായിട്ടുള്ളതാകുന്നു. |

പരിഭാഷ.— സന്തുഷ്ടിസംപൂർണ്ണമായ ഭവനവും വിനീതന്മാരായ പുത്രന്മാരും സ്വച്ഛരാനുരൂപയായ ഭാര്യയും ധനികനായ മിത്രവും ഭാര്യയിൽ രതിയും ആജ്ഞാപരന്മാരായ സേവകന്മാരും ഉണ്ടായിരിക്കയും അതി

ഥിസല്ക്കാരവും ശിവപൂജയും നടത്തുകയും നിത്യവും ഗൃഹത്തിങ്കൽ മൃഷ്ടാന്നപാനം കഴിക്കയും സജ്ജനസഹവാസത്തെ സമാശ്രയിക്കയും ചെയ്യുന്ന ഗൃഹസ്ഥവൃത്തി ധന്യമായിട്ടുള്ളതാകുന്നു.

മൂലം ൪.

യത്ര നാസ്തി ദധിമന്ഥന ഘോഷൊ
യത്ര നൊ ലഘുലഘൂനി ശിശ്രുനി
യത്രനാസ്തി ഗുരുഗൌരവ പൂജാ
താ നികിം ഖത ഗൃഹാണി വനാനി.

| അന്വയം. | അന്വയാർത്ഥം. |
|---|---|
| യത്ര | എവിടെ |
| ദധിമന്ഥനഘോഷഃ | തയിരുകലക്കുന്ന ശബ്ദം |
| ന അസ്തി | ഇല്ലാതെയും |
| യത്ര ലഘുലഘൂനി | എവിടെ ചെറിയ ചെറിയ |
| ശിശ്രുനി ന ഉ | കുട്ടികൾ ഇല്ലാതെയും |
| യത്ര ഗുരുഗൌരവപൂജാ | എവിടെ ആചാര്യപൂജാദികൾ |
| ന അസ്തി | ഇല്ലാതിരിക്കയും ചെയ്യുന്നുവോ |
| താനി ഗൃഹാണി | ആ ഭവനങ്ങൾ |
| കിം ഖത വനാനി | എന്തു കഷ്ടം വനങ്ങൾതന്നെ— അല്ലെ? |

പരിഭാഷ.— ദധിമന്ഥനഘോഷവും ചെറിയ ചെറിയ കുട്ടികളും ഗുരുഗൌരവപൂജയും എതുഗൃഹത്തിൽ ഇല്ലാതിരിക്കുന്നുവോ ആ ഗൃഹങ്ങൾ എന്തു വനങ്ങൾതന്നെയല്ലെ?

മൂലം ൫.

ന വിപ്രപാദൊദക പങ്കിലാനി
ന വേദശാസ്ത്ര ധ്വനി ഗർജ്ജിതാനി
സ്വാഹാ സ്വധാകാര വിവർജ്ജിതാനി
ശ്മശാന തുല്യാനി ഗൃഹാണിതാനി.

| അന്വയം. | അന്വയാർത്ഥം. |
|---|---|
| ന വിപ്രപാദോദക പങ്കിലാനി | വിപ്രപാദപ്രക്ഷാളനം കൊണ്ടു മലിനപ്പെടാത്തവയും |
| ന വേദശാസ്ത്രധ്വനിഗർജ്ജിതാനി | വേദശാസ്ത്രപാരായണത്തിന്റെ ശബ്ദംകൊണ്ടു പ്രതിധ്വനിക്കപ്പെടാത്തവയും |
| സ്വാഹാസ്വധാകാരവിവർജ്ജിതാനി | പിതൃദേവതകൾക്കു ശ്രാദ്ധപൂജകൾ ചെയ്യപ്പെടാത്തവയുമായിരിക്കുന്ന |
| താനിഗൃഹാണി ശ്മശാനതുല്യാനി | ആ ഭവനങ്ങൾ ശ്മശാനതുല്യങ്ങളാകുന്നു. |

പരിഭാഷ.— വൈദികർക്ക് അഘ്ര്യപൂജാദികൾ ചെയ്യപ്പെടാതെയും വേദശാസ്ത്രധ്വനികൊണ്ടു് എങ്ങും വ്യാപിക്കപ്പെടാതെയും പിതൃക്കൾക്കും ദേവന്മാർക്കും ശ്രാദ്ധപൂജാദികൾ അനുഷ്ഠിക്കപ്പെടാതെയും ഇരിക്കുന്ന ഭവനങ്ങൾ ശ്മശാനഭൂമിക്കു തുല്യങ്ങളാകുന്നു.

മൂലം ൭.

ക്രോശന്തഃ ശിശവഃ സവാരിസദനം പങ്കാവൃതം ചാങ്കണം
ശയ്യാദംശവതീ ച രൂക്ഷശമനം ധൂമേനപൂർണ്ണം ഗൃഹം
ഭാര്യാനിഷ്ഠുരഭാഷിണീ പ്രഭുരപിക്രോധേന പൂർണ്ണഃ സദാ
സ്ഥാനം ശീതളവാരിണാഹി സതതം ധിഗ് ധിഗ് ഗൃഹസ്ഥാശ്രമം.

| അന്വയം. | അന്വയാർത്ഥം. |
|---|---|
| ക്രോശന്തഃ ശിശവഃ | കരയുന്ന കുട്ടികളും |
| സവാരി സദനം | നനഞ്ഞുതണുത്തുള്ള ഭവനവും |
| പങ്കാവൃതം അങ്കണം | ചെളിക്കുഴിപോലുള്ള മുറ്റവും |
| ദംശവതീ ശയ്യാ | മൂട്ടപിടിച്ച കിടക്കയും |
| രൂക്ഷം അശനം ച | നൈക്രാടുള്ള ഊണും |
| ധൂമേന | പുകകൊണ്ടു |
| പൂർണ്ണം ഗൃഹം | നിറഞ്ഞിരിക്കുന്ന ഗൃഹവും |
| നിഷ്ഠുരഭാഷിണീഭാര്യാ | ഭീഷണിപറയുന്ന ഭാര്യയും |

| | |
|---|---|
| സദാ ക്രോധേനപൂർണ്ണഃ | എപ്പോഴും ക്രോധസംപൂർണ്ണനാ- |
| പ്രഭുഃ അപി | യിരിക്കുന്ന ഗൃഹനായകനും |
| ശീതളവാരിണാ | തണുത്ത വെള്ളത്തിൽ |
| സതതം സ്നാനം ഹിച | ദിവസംതോറുമുള്ള കുളിയും |
| യത്ര | എവിടെയൊ |
| തം ഗൃഹസ്ഥാശ്രമം | ആ ഗൃഹസ്ഥവൃത്തിയെ |
| ധിക ധിക | ഉപേക്ഷിച്ചാലും ഉപേക്ഷിച്ചാലും |

പരിഭാഷഃ— ക്ഷാമം കൊണ്ടു കരയുന്ന കുട്ടികളും, ഈറംതട്ടിയ വീട്ടും, ചെളിയുള്ള മുറ്റവും, മൂട്ടയുള്ള കട്ടിലും, രൂക്ഷമായ ഊണും, ധൂമാവൃതമായിരിക്കുന്ന ഭവനവും, അവിനീതയായ ഭാര്യയും, കോപാവിഷ്ടനായ ഗൃഹനായകനും, പച്ചവെള്ളത്തിൽ കുളിയും, ഉള്ളതായ ഗൃഹസ്ഥാശ്രമത്തെ ഉപേക്ഷിച്ചാലും, ഉപേക്ഷിച്ചാലും.

മൂലം വ.

ഇദംതസ്നേഹസവ്വസ്വം സമമാഢ്യദരിദ്രയോഃ
അചന്ദനമനൗശീരം ഹൃദയസ്യാനുലേപനം.

| അന്വയം | അന്വയാർത്ഥം. |
|---|---|
| ആഢ്യദരിദ്രയോഃസമം | ആഢ്യദരിദ്രന്മാക്ക് സമമായി |
| തൽസ്നേഹസവ്വസ്വം | അവന്റെ സ്നേഹസവ്വസ്വമായി |
| ഇദം | ഇതു് — സന്താനം (രിക്കുന്ന |
| അചന്ദനം | ചന്ദനത്തോട്ടുകൂടാത്തതും രാമ |
| | ച്ചന്ദത്തോട്ടുകൂടാത്തതുമെങ്കിലും |
| അനൗശീരം | ശിരസാധിതമല്ലാത്തതായ |
| ഹൃദയസ്യ | ഹൃദയത്തിന്റെ (തണുപ്പിനുള്ള) |
| അനുലേപനം | ഒരു കുഴമ്പാകുന്നു. |

പരിഭാഷ.— ആഢ്യനെന്നും അനാഢ്യനെന്നുമുള്ള ഭേദംകൂടാതെ അവന്റെ സ്നേഹസവ്വസ്വമായിരിക്കുന്നതു് അവന്റെ സന്താനമാകുന്നു. ഈ സന്താനം അവ

ന്റെ ഹൃദയത്തിനു ചന്ദനാദിശീതസാധിതമല്ലാത്ത ഒരു അനുലേപനമാകുന്നു.

മൂലം ൻ.

ഗൃഹെജാനുചരഃ കേല്യാം മുഗ്ദ്ധസ്മിതമുഖാംബുജഃ
പുത്രഃ പുണ്യവതാമേവ പാത്രീഭവതി നേത്രയോഃ

| അന്വയം. | അന്വയാർത്ഥം. |
|---|---|
| ഗൃഹെജാനുചരഃ | അന്തഗൃഹത്തിൽ ക്രൂടി മുട്ടുൽ നടക്കുന്നവനും |
| കേല്യാംമുഗ്ധസ്മിത– | കളിയിൽ ഹൃദ്യമന്ദസ്മിത മുഖകമ– |
| മുഖാംബുജഃ | ലത്തോടുക്രൂടിയവനുമായിരിക്കുന്ന |
| പുത്രഃ | പുത്രൻ (ശിശു) |
| പുണ്യവതാം | പുണ്യശ്ലോകന്മാരുടെ |
| നേത്രയോഃ എവ | കണ്ണുകൾക്കുതന്നെ |
| പാത്രീഭവതി | പാത്രമായി തീരുന്നു. |

പരിഭാഷ.— വീട്ടിനകത്തുക്രൂടി മുട്ടുൽ നീന്തി നടക്കുന്നവനും കളിയിൽ മുഗ്ദ്ധസ്മിതമുഖകമലത്തോടുക്രൂടിയവനും ആയിരിക്കുന്ന പുത്രൻ സുകൃതികളുടെ കണ്ണുകൾക്കുമാത്രമേ ലക്ഷ്യമായിത്തീരുന്നുള്ളു.

മൂലം ക്ഠ.

നിന്ദ്യതെ പിതൃഭി സ്സുപ്തൈ നിരപത്യധനഃ പുമാൻ
അധ്വനീനൈരതിശ്രാന്തൈരവകേശീവ പാദപഃ

| അന്വയം | അന്വയാർത്ഥം. |
|---|---|
| തപ്തൈഃ | പരത്തിൽ തപിക്കപ്പെട്ടുന്ന |
| പിതൃഭിഃ | പിതൃക്കളാൽ |
| നിരപത്യധനഃ | പുത്രസമ്പത്തില്ലാത്ത |
| പുമാൻ | മനുഷ്യൻ |
| അതിശ്രാന്തൈഃ | അധികം ശ്രമപ്പെട്ടവരായ |

| | |
|---|---|
| അധ്വനീനൈഃ | പാന്ഥന്മാരാൽ |
| അവകെശീഃ | പുഷ്പഫലാദിവർജ്ജ്യമായിരിക്കുന്ന |
| പാദപഃ ഇവ | വൃക്ഷമെന്നപോലെ |
| നിന്ദ്യതെ | ത്യജിക്കപ്പെടുന്നു. |

പരിഭാഷ.— അധികം ക്ലാന്തരായ പാന്ഥന്മാരാൽ അവകെശി ആയിരിക്കുന്ന വൃക്ഷമെന്നപോലെ പുത്രസമ്പത്തില്ലാത്ത മനുഷ്യൻ പരത്തിൽ തപിപ്പിക്കപ്പെടുന്ന പിതൃക്കളാൽ നിന്ദിക്കപ്പെടുന്നു.

പിതൃപുത്രസംബന്ധത്തെപ്പറ്റി സാർത്ഥകതേവന സ്മൃതിയിൽ പറയപ്പെട്ടിരിക്കുന്നതിൽനിന്നും ഒരു ശ്ലോകത്തെ ഇവിടെ ഉദ്ധരിച്ചുകൊള്ളുന്നു.—

"പുന്നാമ്നൊ നാരകാദ്യ സ്മാത്ത്രായതെ പിതരം സുതഃ
തസ്മാൽ പുത്ര ഇതിപ്രോക്തഃ സ്വയമെവസ്വയംഭുവാ".

| അന്വയം | അന്വയാർത്ഥം. |
|---|---|
| പുന്നാമ്നൊഃ | പുന്നാമമാകുന്ന |
| യസ്മാൽ | യാതൊരു |
| നരകാൽ | നരകത്തിൽനിന്നു |
| സുതഃ | പുത്രൻ |
| പിതരം | പിതാവിനെ |
| ത്രായതെ | ത്രാണനം ചെയ്യുന്നു |
| തസ്മാൽ | അതുകൊണ്ടു |
| സ്വയം എവ | സ്വയമായിട്ടതന്നെ |
| സ്വയംഭുവാ | ബ്രഹ്മാവിനാൽ |
| പുത്രഃഇതിപ്രോക്തഃ | പുത്രൻ എന്നു പറയപ്പെട്ടു. |

പരിഭാഷ;— പുരാണപ്രസിദ്ധമായി അധൊലൊകവനത്തിൽ ഉണ്ടായിരിക്കുന്ന ഇരുപത്തൊന്നു നരകത്തിൽ ഒന്നാകുന്നു ഈ പുന്നാമമാകുന്ന നരകം. ഇതിൽനിന്നും പിതൃപ്രേതികളെ ത്രാണനം ചെയ്യുന്നതു് പുത്ര

നാകുന്നു. അതുകൊണ്ടു സ്വയംഭുവിനാൽ സ്വയമായിട്ടു തന്നെ പുത്രൻ എന്ന് പറയപ്പെട്ടു.

മൂലം ൬൨.

കിംമൂഷ്ടം സുതവചനം മൂഷ്ടതരം കിം തദൈവസുതവചനം
മൂഷ്ടാൽമൂഷ്ടതമം കിംശ്രുതി പരിപകടം തദൈവസുതവചനം

| അന്വയം. | അന്വയാർത്ഥം. |
|---|---|
| കിം മൂഷ്ടം | പക്ഷമായിട്ടുള്ളതു എന്തു് |
| സുതവചനം | പുത്രന്റെ സംസാരമാകുന്നു |
| കിം മൂഷ്ടതരം | അധികം ഇഷ്ടമായിട്ടുള്ളതു എന്തു് |
| തൽ എവ | അതും (ണമാകുന്നു |
| സുതവചനം | ബാലനായ പുത്രന്റെ സംഭാഷ– |
| മൂഷ്ടാൽമൂഷ്ടതമം | ണത്തെയും പക്ഷമുള്ളതായി |
| ശ്രുതിപരിപകടം | കണ്ണാനന്ദകരമായിരിക്കുന്നതു |
| കിം | എന്തു് |
| തൽ എവ | അതും ആകുന്നു.) |
| സുതവചനം | പുത്രന്റെ സംഭാഷണംതന്നെ– |

പരിഭാഷ:— ഒരുവന്നു് പക്ഷമുള്ളതെന്താകുന്നു? ബാലനായ പുത്രന്റെ സംഭാഷണമാകുന്നു. അധികം പക്ഷമുള്ളതെന്തു്? അതും സുതവചനംതന്നെ. മൂഷ്ടാൽ മൂഷ്ടതമമായി ശ്രുതിപരിപകടമായിരിക്കുന്നതെന്തു്? അതും സുതവചനംതന്നെ ആകുന്നു.

മൂലം ൬൩.

ജാതേതികന്യാ മഹതീതി ചിന്താ
കന്യൈപ്രജേയേതിമഹാൻ വിതർക്കഃ
ദത്താസുഖം യാസ്മൃതി പൂർവമേതി
കന്യാപിതൃത്വം ഖലുനാമ കഷ്ടം.

| അന്വയം. | അന്വയാർത്ഥം. |
|---|---|
| കന്യാ | പുത്രി |
| ജാതാ ഇതി | ജനിച്ചിരിക്കുന്നു എന്നുള്ള |
| ചിന്താ | ആകുലീഭാവം |
| മഹതീ | വലുതായിട്ടുള്ളതാകുന്നു |
| കസ്മൈചിത്പ്രദേയാഇതി | ആർക്കൊടുക്കപ്പെടേണ്ടവൾഎ- |
| വിതർക്കഃ മഹാൻ | കുന്നു എന്നുള്ള സംശയവും നി- |
| | സ്സാരമായിട്ടുള്ളതല്ല. |
| ഉത്താസുഖം | കൊടുക്കപ്പെട്ടിട്ടു സുഖമായി |
| യാസ്യതി വാനവാ | കാലം കഴിക്കുമൊ ഇല്ലയൊ |
| ഇതി കന്യാപിതൃത്വം | എന്നിങ്ങനെ കന്യാപിതൃത്വം |
| ഖലുനാമകഷ്ടം. | പ്രസിദ്ധിയുള്ള ഉഭ്രസ്ഥാനമാകുന്നു |

പരിഭാഷ:— തനിക്കൊരു പുത്രി ജനിച്ചുവെന്നുള്ളതിൽ ഒരുവന്നു നേരിടുന്ന ആകുലചിന്ത എത്രയും വലുതാകുന്നു. ഇവളെ ആർക്കാണ് കൊടുക്കേണ്ടതു എന്നുള്ള തർക്കവും നിസ്സാരമായിട്ടുള്ളതല്ല. വിവാഹാനന്തരം സുഖമായി കാലയാപനം കഴിക്കുമൊ ഇല്ലയൊ എന്നിങ്ങനെ കന്യാപിതൃത്വം അതിഗഹനമായ ഒരു സ്ഥാനമാകുന്നു.

മൂലം ഫസ.

ഏകോപിഗുണവാൻ പുത്രോ നിർഗുണൈഃ കിംശതൈരപി=ഏകശ്ചന്ദ്രോ ജഗച്ചക്ഷുർനക്ഷത്രൈഃ കിം പ്രയോജനം.

| അന്വയം. | അന്വയാർത്ഥം. |
|---|---|
| ഏകഃ അപി | ഒരുവനായിരുന്നാലും |
| ഗുണവാൻ | സദ്ഭാവവിശേഷമുള്ളവൻ തന്നെ |
| പുത്രഃ | പുത്രൻ |
| ശതൈഃ അപി | നൂറുപേരുണ്ടെങ്കിലും |
| കിം നിർഗുണൈഃ | ഗുണമില്ലാത്തവരെക്കൊണ്ടു എ- |
| | ന്തുഫലം |

| | |
|---|---|
| ഏകഃ ച | ഏകനായിരുന്നാലും |
| ചന്ദ്രഃ | ചന്ദ്രൻ തന്നെ |
| ജഗച്ചക്ഷുഃ | ലോകത്തിന്റെ കണ്ണാകുന്ന |
| നക്ഷത്രൈഃ | നക്ഷത്രങ്ങളെക്കൊണ്ട് |
| കിം പ്രയോജനം | എന്തു പ്രയോജനം |

പരിഭാഷ:— ഉവ്വിനിതന്മാരായ അനേകം പുത്രന്മാർ ഉണ്ടായിരിക്കുന്നതിനേക്കാൾ വിനീതനായിരിക്കുന്ന ഒരു പുത്രൻ ഉണ്ടായിരിക്കുന്നതു അധികം നല്ലതാകുന്നു. ഏകമായിരുന്നാലും ലോകത്തിന്റെ കണ്ണു ചന്ദ്രൻ തന്നെ ആകുന്നു. നക്ഷത്രങ്ങളെക്കൊണ്ടു അതുതന്നെ പ്രയോജനമില്ല.

മൂലം ൪൪.

എകേനഹി സുവൃക്ഷേണ പുഷ്പിതേനസുഗന്ധിനാ
വാസിതം തദ്വനംസർവ്വം സുപുത്രേണകുലം യഥാ.

| അന്വയം | അന്വയാർത്ഥം |
|---|---|
| സുപുത്രേണ | നല്ല പുത്രനെക്കൊണ്ടു |
| കുലംയഥാ | വംശം എപ്രകാരമൊ |
| എകേന അപി | ഒന്നു മാത്രമായിരുന്നാലും |
| പുഷ്പിതേന | പൂത്തു നില്ക്കുന്നതും |
| സുഗന്ധിനാ | സൌരഭ്യമുള്ളതുമായിരിക്കുന്ന |
| സുവൃക്ഷേണ | നല്ല വൃക്ഷംകൊണ്ടു |
| തദ്വനം സർവ്വം | ആ വനം മുഴുവനും തന്നെ |
| തഥാവാസിതം | അപ്രകാരം സൌഗന്ധികമാക്കി— ചെയ്യപ്പെടുന്നു |

പരിഭാഷ:— ഒരു ഉത്തമനായ പുത്രനെ കൊണ്ടു അവന്റെ കുലം എപ്രകാരമൊ അപ്രകാരം തന്നെ ഒന്നു മാത്രമായിരുന്നാലും പൂത്തു നില്ക്കുന്നതും സുഗന്ധമുള്ളതും ആയിരിക്കുന്ന ഏക വൃക്ഷംകൊണ്ടു ആ

വനം മുഴുവനും തന്നെ സൌഗന്ധികമാക്കി ചെയ്യപ്പെടുന്നു.

മൂലം ൪൭.

പ്രജ്ഞയാവാ വിസാരിണ്യായൊ ബലേനധനേനവാ
ധുരം വഹതി ഗോത്രസ്യ ജനനിതെനപുത്രിണീ.

| അനുവയം | അനുവയാർത്ഥം |
|---|---|
| വിസാരിണ്യാ | വികസിച്ചുകൊണ്ടിരിക്കുന്ന |
| പ്രജ്ഞയാവാ | ബുദ്ധിവിശേഷംകൊണ്ടോ |
| ബലെന | ബലംകൊണ്ടോ |
| ധനേനവാ | ധനംകൊണ്ടോ |
| യഃ | യാവനൊരുത്തൻ |
| ഗോത്രസ്യ | വംശത്തിന്റെ |
| ധുരം | ഭാരത്തെ |
| വഹതി | വഹിക്കുന്നുവൊ |
| ജനനീ | മാതാവു |
| തെന | അവൻ കാരണമായിട്ട |
| പുത്രിണീ | പുത്രനുള്ളവളായി തീരുന്നു. |

പരിഭാഷ— ബുദ്ധിസാമർത്ഥ്യംകൊണ്ടോ സംപത്തുകൊണ്ടോ സ്വാധീനശക്തികൊണ്ടോ യാതൊരുരുത്തൻ കുടുംബഭാരത്തെ വഹിക്കുന്നുവൊ അവനെക്കൊണ്ടു അവന്റെ മാതാവു പുത്രനുള്ളവളായിതീരുന്നു.

മൂലം ൪൮.

എകെനാപിസുപുത്രേണ വിദ്യായുക്തെന ഭാസതെ
കുലം പുരുഷസിംഹേന ചന്ദ്രെണെവഹിശർവ്വരീ.

| അനുവയം. | അനുവയാർത്ഥം. |
|---|---|
| ചന്ദ്രേണ ഹി | ചന്ദ്രനെക്കൊണ്ടു |
| ശർവ്വരീ ഇവ | രാത്രി എന്നപോലെ |

| | |
|---|---|
| എകെന അപി | ഒരുവൻ മാത്രമായിരുന്നാലും |
| വിദ്വായുക്തെന | ജ്ഞാനമുള്ളവനായി |
| പുരുഷസിംഹേന | പുരുഷകേസരി ആയിരിക്കുന്ന |
| സുപുത്രേണ | ഉത്തമനായ പുത്രനെക്കൊണ്ടു |
| കുലം ഭാസതെ | വംശം ശോഭിക്കുന്നു |

പരിഭാഷ.— ചന്ദ്രനെക്കൊണ്ടു രാത്രി എന്നപോലെ ഏകനായിരുന്നാലും പണ്ഡിതനും പുരുഷകേസരിയും ആയിരിക്കുന്ന സുപുത്രനെക്കൊണ്ടു കുലം പ്രശോഭിക്കുന്നു.

മൂലം ൭൭.

വരമെകൊ ഗുണിപുത്രൊ നചമൂർഖ ശതാന്യപി
എകശ്ചന്ദ്രസ്തമോഹന്തി നച താരഗണോപിച.

| അന്വയം. | അന്വയാർത്ഥം. |
|---|---|
| ഗുണീ | ഗുണവാനായിരിക്കുന്ന |
| എകഃ പുത്രഃ | ഏകപുത്രൻ ഉണ്ടായിരിക്കുന്നതു. |
| മൂർഖശതാനി അപി | മൂർഖന്മാരായിട്ടു നൂറുപേർ ഉണ്ടാ |
| ച ന | യിരിക്കുന്നതിനെക്കാൾ |
| വരം | നല്ലതാകുന്നു |
| ചന്ദ്രഃ എകഃ | ചന്ദ്രൻ ഏകനായിട്ടു |
| തമഃ ഹന്തി | അന്ധകാരത്തെ നീക്കിക്കളയുന്നു |
| താരഗണഃ അപി | നക്ഷത്രവൃന്ദംതന്നെയും |
| ച ന | ഇതു ചെയ്യുന്നില്ല. |

പരിഭാഷ.— മൂക്കന്മാരായിട്ടു നൂറു പുത്രന്മാർ ഉണ്ടായിരിക്കുന്നതിനേക്കാൾ ഗുണവാനായിട്ടു ഒരു പുത്രൻമാത്രമുണ്ടായിരിക്കുന്നതു് ശ്രേയസ്കരമാകുന്നു. ചന്ദ്രൻ ഏകനായിട്ടു് അന്ധകാരത്തെ നീക്കിക്കളയുന്നു. നക്ഷത്രങ്ങൾ ഇങ്ങിനെ ചെയ്യുന്നില്ല.

മൂലം ഛവ.

ഏകെനാപി സുപുത്രെണ സിംഹീ സ്വപിതി നിർഭയം
സഹൈവ ദശഭിഃ പുത്രൈർഭാരം വഹതി രാസഭീ.

| അന്വയം. | അന്വയാർത്ഥം. |
|---|---|
| ഏകെന അപി | ഏകനായിരുന്നിട്ടും |
| സുപുത്രെണ | ഗുണവാനായ പുത്രനോടുകൂടി |
| സിംഹീ | പെൺസിംഹം |
| നിർഭയം സ്വപിതി | ഭീതികൂടാതെ കിടന്നുറങ്ങുന്നു |
| ദശഭിഃപുത്രൈഃ സഹ | പത്തു പുത്രന്മാരോടു കൂടി– |
| ഏവ | തന്നെ |
| രാസഭീ | പെൺകഴുത |
| ഭാരം | ചുമട്ട |
| വഹതി | വഹിക്കുന്നു |

പരിഭാഷ.— ഏകനായിരുന്നാലും പെൺസിംഹം ഗുണവാനായ പുത്രനോടുകൂടി കിടന്നു നിർഭയം ഉറങ്ങുന്നു. പെൺകഴുതയാകട്ടെ പത്തു പുത്രന്മാരോടുകൂടി ചുമട്ടു ചുമക്കുന്നു.

മൂലം ഝൻ.

കുംഭഃപരിമിതമഭഃ പിബത്യ സൌകുംഭസംഭവൊംഭോധിം
അതിരിച്യതെ സുജന്മാകശ്ചിജ്ജനകം നിജേനചരിതെന.

| അന്വയം | അന്വയാർത്ഥം. |
|---|---|
| അസൌകുംഭഃ | ഈ കുടം |
| പരിമിതം അംഭഃ | കുറച്ചു വെള്ളം |
| പിബതി | കുടിക്കുന്നു |
| കുംഭസംഭവഃ | കുംഭസംഭവൻ |
| അംഭോധിം | സമുദ്രത്തെ |
| പിബതി | കുടിച്ചുവറ്റിക്കുന്നു |
| സുജന്മാ കശ്ചിൽ | ജന്മവാസനയുള്ള ഒരുത്തൻ |

| | |
|---|---|
| നിജേന ചരിതേന | സ്വന്ത പ്രവൃത്തികൊണ്ടു |
| ജനകം | പിതാവിനെ |
| അതിരിച്യതെ | അതിശയിക്കുന്നു. |

പരിഭാഷ.— കുടം പരിമിതമായ വെള്ളം കൂടിക്കുന്നു. കുംഭസംഭവൻ സമുദ്രത്തെതന്നെ കുടിച്ചു വറ്റിച്ചു. നല്ല പുത്രനായിരിക്കുന്ന ഒരുവൻ സ്വപ്രവൃത്തികൊണ്ടു പിതാവിനെ അതിശയിക്കുന്നു.

മൂലം ൨൦.

വിദ്യാവിഹീനാ ബഹവൊപി പുത്രാഃ
കല്പായുഷഃ സന്തു പിതുഃ കിമേതൈഃ
ക്ഷയിഷ്ണുനാ വാപി കലാവതാവാ
തസ്യപ്രമോദശ്ശശി നൈവ സിന്ധോഃ

| അന്വയം | അന്വയാർത്ഥം. |
|---|---|
| വിദ്യാവിഹീനാഃ | വിദ്യയില്ലാത്തവരായി |
| ബഹവഃ | ബഹുക്കളായി |
| കല്പായുഷഃ | കല്പകാലത്തോളം ജീവിക്കുന്നവ- |
| പുത്രാഃ | രായിരിക്കുന്ന പുത്രന്മാർ |
| സന്തു അപി | ഉണ്ടെന്നിരുന്നാലും |
| പിതുഃ | പിതാവിനു |
| കിം ഏതൈഃ | ഇവരെക്കൊണ്ടു എന്തുഫലം |
| ശശിനാ | ചന്ദ്രനെക്കൊണ്ടു |
| സിന്ധോഃ ഇവ | സമുദ്രത്തിനെന്നപോലെ |
| ക്ഷയിഷ്ണുനാവാ | അല്പായുസ്സുള്ളവനൊ |
| കലാവതാവാ | കലയുള്ളവനൊ ആയ ഒരുവനെ- |
| തസ്യ | അവന്നു (ക്കൊണ്ടു |
| പ്രമോദഃ | സന്തോഷമുണ്ടാകുന്നു. |

പരിഭാഷ.— വിദ്യയില്ലാത്തവരും ദീർഘായുസ്സുള്ളവരും ആയിരിക്കുന്ന പല പുത്രന്മാർ ഉണ്ടെന്നിരു

ന്നാലും ഇവരെക്കൊണ്ടു പിതാവിന് എന്തുപകാരമാ
ണുള്ളതു്? ചന്ദ്രനെക്കൊണ്ടു സമുദ്രത്തിനെന്നപോലെ
അല്പായുഷ്മാനെങ്കിലും കുലയുള്ള ഒരുവനെക്കൊണ്ടു് ആ
വന്ന സന്തോഷം ഉണ്ടാകുന്ന

മൂലം ൨൯.

പാത്രം നതാപയതി നൈവമലംപ്രസൂതെ
സ്നേഹം ന സംഹരതി നൈവഗുണാൻ ക്ഷിണൊതി
ദ്രവ്യാവസാനസമയെ ചലതാം നധത്തെ
പുൽപുത്രഎഷഃ കുലസത്മനി കൊപി ദീപഃ

| അന്വയം | അന്വയാർത്ഥം. |
|---|---|
| പാത്രം | പാത്രത്തെ |
| ന താപയതി | തപിപ്പിക്കുന്നില്ല |
| മലം ഏവ | മലത്തെ |
| ന പ്രസൂതെ | ജനിപ്പിക്കുന്നതുമില്ല. |
| സ്നേഹം | സ്നേഹത്തെ |
| ന സംഹരതി | നശിപ്പിക്കുന്നുമില്ല |
| ഗുണാൻ ഏവ | ഗുണങ്ങളെത്തന്നെ |
| ന ക്ഷിണൊതി | ക്ഷയിപ്പിക്കുന്നില്ല |
| ദ്രവ്യാവസാനസമയെ | ദ്രവ്യമില്ലാതെ വരുന്നകാലത്തു |
| ചലതാം | നിർവ്വാണത്തെ |
| നധത്തെ | പ്രാപിക്കുന്നില്ല |
| എഷഃ സൽപുത്രഃ | ഇങ്ങിനെയുള്ള സൽപുത്രൻ |
| കുലസത്മനി | കുലമാകുന്ന ഭവനത്തിൽ |
| കഃ ദീപഃ | എന്തു വിളക്കാകുന്നു. |

പരിഭാഷ.— സൽപുത്രൻ പാത്രത്തെ തപിപ്പി
ക്കുന്നില്ല. അധമ്മം പ്രവത്തിക്കുന്നതുമില്ല. സ്നേഹത്തെ ന
ശിപ്പിക്കുന്നില്ല. ഗുണങ്ങളെ ക്ഷയിപ്പിക്കുന്നില്ല. ദ്രവ്യാവ
സാനത്തിൽ നിർവ്വാണത്തെ പ്രാപിക്കുന്നില്ല. ഇങ്ങിനെ

ഉള്ള പുത്രൻ കുലമാകുന്ന ഭവനത്തിൽ എന്തു വിളക്കാകുന്നു?

മൂലം ൨൨.

കിംതേനജാതു ജാതേന മാതുരൈവന ഹാരിണാ
ആരൊഹതി നയഃ സ്വസ്യവംശസ്യാഗ്രേ ധ്വജോയഥാ.

| അന്വയം. | അന്വയാർത്ഥം. |
|---|---|
| യഥാ ധ്വജഃ | കൊടി എപ്രകാരമൊ |
| യഃ | അപ്രകാരം യാവനൊരുത്തൻ |
| സ്വസ്യവംശസ്യ | സ്വവംശത്തിന്റെ |
| അഗ്രേ | ഉച്ചത്തിൽ |
| ന ആരൊഹതി | കയറുന്നില്ലയൊ |
| മാതുരൈവനഹാരിണാ | മാതുരൈവനഹാരിയായിരി- |
| തേന | ആ (ക്കുന്ന |
| ജാതുജാതേന | പുത്രനെക്കൊണ്ടു |
| കിം | എന്തു ഫലം? |

പരിഭാഷ.— കൊടി എപ്രകാരമൊ അപ്രകാരം സ്വന്തവംശത്തിന്റെ അഗ്രത്തിൽ യാവനൊരുത്തൻ കയറുന്നില്ലയൊ. മാതുരൈവനഹരി ആയിരിക്കുന്ന ആ പുത്രനെക്കൊണ്ടു് എന്താണ പ്രയോജനം?

മൂലം ൨൩.

കിം തയാക്രിയതേ ധേനുഃയാന ദൊഗ്ധ്രീ ന ഗർഭിണി
കൊർത്ഥഃപുത്രേണജാതേനയൊ ന വിദ്വാന്ന ധാർമ്മികഃ.

| അന്വയം | അന്വയാർത്ഥം. |
|---|---|
| യാ | യാതൊന്നാകട്ടെ |
| നദൊഗ്ധ്രീ | കറപ്പിക്കാത്തതും |
| ന ഗർഭിണി | ഗർഭം ധരിക്കാത്തതും ആകുന്നൊ |
| തയാ ധേനുഃ | ആ പശുവിനെക്കൊണ്ടു |

| | |
|---|---|
| കിം ക്രിയതെ | എന്തു ചെയ്യപ്പെട്ടന്നു |
| യഃ | യാവനൊരുത്തൻ |
| ന വിദ്വാൻ | വിദ്വാനും |
| ന ധാമ്മികഃ | സദ്വൃത്തനും അല്ലയൊ |
| ജാതേന | ജനിച്ചിട്ടുള്ള |
| തെ ന | ആ |
| പുത്രെണ | പുത്രനെക്കൊണ്ടു |
| കഃ അർത്ഥഃ | എന്താണു പ്രയോജനം? |

പരിഭാഷ.— ഗർഭം ധരിക്കാത്തതും കറപ്പിക്കാത്തതും ആയിരിക്കുന്ന പശുവിനെക്കൊണ്ടു നമുക്ക് എന്തു പകാരം? വിദ്വാനും ധാമ്മികനും അല്ലാത്ത പുത്രനെക്കൊണ്ടും എന്തു പ്രയോജനം?

മൂലം കൂ.

എകെന ശുഷ്കവൃക്ഷേണ ദഹ്യമാനെന വഹ്നിനാ
ദഹ്യതെ തദ്വനംസർവ്വം ദുഷ്പുത്രെണ കുലം യഥാ.

| അന്വയം | അന്വയാർത്ഥം. |
|---|---|
| ദുഷ്പുത്രെണ | ദുഷ്പുത്രനെക്കൊണ്ടു |
| കുലം യഥാ | വംശം എപ്രകാരമൊ |
| തഥാ വഹ്നിനാ | അപ്രകാരംതന്നെ അഗ്നികൊണ്ടു |
| ദഹ്യമാനെന | ദഹിക്കപ്പെട്ടന്നതായ |
| എകെന | ഏക മായിരിക്കുന്ന |
| ശുഷ്കവൃക്ഷേണ | ഉണങ്ങിയ വൃക്ഷംകൊണ്ടു |
| തദ്വനം സർവ്വം | ആ വനം മുഴുവനും |
| ദഹ്യതെ | ദഹിക്കപ്പെട്ടന്നു |

പരിഭാഷ.— ദുഷ്പുത്രനാൽ തറവാട്ട് എപ്രകാരമൊ അപ്രകാരംതന്നെ അഗ്നിയാൽ ദഹിപ്പിക്കപ്പെടുന്നതായ ഒരു ശുഷ്കവൃക്ഷംകൊണ്ടു ആ വനം മുഴുവനും ദഹിപ്പിക്കപ്പെടുന്നു.

മൂലം ൫൭.

അജാതമൃത മൂർഖാണാം വരമാദ്യോ ന ചാന്തിമഃ
സകൃദ്ദുഃഖകരോവാദ്യാ വന്തിമസ്തു പദെ പദെ.

| അന്വയം. | അന്വയാർത്ഥം. |
|---|---|
| അജാതമൃതമൂർഖാണാം | അജാതമൃതമൂർഖന്മാരിൽ വെച്ചു |
| വരം ആദ്യോ | ആദ്യം പറയപ്പെട്ടവർ നല്ലവരാകുന്നു |
| നച അന്തിമഃ | ഒടുവിൽ പറയപ്പെട്ടവനല്ല |
| ആദ്യോ | ആദ്യംപറയപ്പെട്ട രണ്ടുപേരും |
| സകൃൽ ദുഃഖകരോ | ഒരിക്കൽ ദുഃഖത്തിനു ഹേതുക്കളാകുന്നു. |
| അന്തിമഃ തു | ഒടുവിൽ പറയപ്പെടുന്നവനാകട്ടെ |
| പദെപദെ | അടിക്കടി ദുഃഖകാരണമാകുന്നു |

പരിഭാഷ:— ജനിച്ചിട്ടില്ലാത്തവൻ, മരിച്ചുപോയവൻ, മൂർഖൻ എന്നിവരിൽവെച്ചു മൂർഖനെക്കാൾ ആദ്യത്തവർതന്നെയാകുന്നു നല്ലവർ. ആദ്യം പറയപ്പെട്ടവർ ഒരിക്കൽ സന്താപഹേതുക്കളാകുന്നു. ഒടുവിൽ പറയപ്പെട്ടവനാകട്ടെ അടിക്കടി ദുഃഖകാരണമാകുന്നു.

മൂലം ൫൮.

യസ്യപുത്രോ ന വൈവിദ്വാന്ന ശൂരോ നച ധാർമ്മികഃ
അപ്രകാശം കുലതസ്യ നഷ്ടചന്ദ്രെവ ശർവ്വരീ.

| അന്വയം | അന്വയാർത്ഥം. |
|---|---|
| നഷ്ടചന്ദ്രാ | ചന്ദ്രനില്ലാത്ത |
| ശർവ്വരീ ഇവ | രാത്രി എന്നപോലെ |
| യസ്യപുത്രഃ | യാവനൊരുത്തന്റെ പുത്രൻ |
| ന വൈവിദ്വാൻ | വിദ്വാനൊ |
| ന ശൂരഃ | ശൂരനൊ |

| | |
|---|---|
| നച ധാമ്മികഃ | സുകൃതിയൊ ആകുന്നില്ലയൊ |
| തസ്യകുലം | അവന്റെ വംശം |
| അപ്രകാശം | അപ്രസിദ്ധമായി തീരുന്നു |

പരിഭാഷ.— യാവനൊരുത്തന്റെ പുത്രൻ വിദ്വാനും ശൂരനും സുകൃതിയും ആകുന്നില്ലയൊ കൃഷ്ണപക്ഷത്തിലെ രാത്രി എന്നപോലെ അവന്റെ കുലം അപ്രകാശമായിത്തീരുന്നു.

മൂലം ൨൭.

നിരുത്സാഹം നിരാനന്ദം നിർവീയ്യ്മരിനന്ദനം
മാസ്മ സീമന്തിനീകാചിജ്ജനയേൽ പുത്രമീദ്രശം.

| അനവയം | അനവയാർത്ഥം. |
|---|---|
| നിരുത്സാഹം | ഉത്സാഹമില്ലാത്തവനായി |
| നിരാനന്ദം | സന്തോഷമില്ലാത്തവനായി |
| നിർവീയ്യ്ം | വീയ്യ്മില്ലാത്തവനായി |
| അരിനന്ദനം | ശത്രുപുത്രനായിരിക്കുന്ന |
| ഈദ്രശം പുത്രം | ഈവിധമുള്ളപുത്രനെ |
| കാചിൽ സീമന്തിനീ | യാതൊരു സ്ത്രീയും |
| മാസ്മജനയെൽ | പ്രസവിക്കാതിരിക്കട്ടെ. |

പരിഭാഷ.— ഉത്സാഹവും ആനന്ദവും വീയ്യ്വും ഇല്ലെന്ന മാത്രമല്ല അരിനന്ദനനായിരിക്ക ക്രൂടിചെയ്യുന്നവനായിരിക്കുന്ന ഈവിധമുള്ള പുത്രനെ യാതൊരു കന്യകയും പ്രസവിക്കാതിരിക്കട്ടെ!

മൂലം ൨൮.

ദൈവമല്ലംഘ്യമല്ലായ്യം ക്രിയതെ ഫലവന്നതൽ
സരൊംഭശ്ചാതകെനാത്തം ഗളരന്ധ്രേണഗച്ഛതി.

| അനവയം. | അനവയാർത്ഥം. |
|---|---|
| ദൈവം | ദൈവത്തെ |

| | |
|---|---|
| ഉല്ലംഘ്യ | അവഗണിച്ചു |
| യൽ കായ്യം | യാതൊരു കായ്യം |
| ക്രിയതെ | ചെയ്യപ്പെട്ടന്നുവൊ |
| നതൽ ഫലവൽ | അതു ഫലപ്രദമാകുന്നില്ല. |
| ചാതകെന | വേഴാമ്പലിനാൽ |
| ആത്തം | പാനംചെയ്യപ്പെട്ട |
| സരഃ അംഭഃ | കുളത്തിലെ വെള്ളം |
| ഗളരന്ധ്രെണ | കണ്ണാത്തിലുള്ള ദ്വാരത്തിൽക്കൂടി |
| ഗച്ഛതി | പുറത്തേക്കു പോകുന്നു. |

പരിഭാഷ.— ഈശ്വരേച്ഛയെ അതിലംഘിച്ചു ചെയ്യപ്പെട്ടന്ന യാതൊരു പ്രവൃത്തിയും ഫലവത്തായി പരിണമിക്കുന്നില്ല. വേഴാമ്പൽ കുളത്തിൽനിന്നും കുടിക്കുന്ന വെള്ളം ഗളരന്ധ്രത്തിൽക്കൂടി വെളിയിലേക്കു പോകുന്നു.

മൂലം ൨൯.

ഭാഗ്യവന്തം പ്രസൂയെഥാ മാശൂരം മാച പണ്ഡിതം
ശൂരാശ്ച കൃത വിദ്യശ്ച വനെസീദന്തി പാണ്ഡവാഃ

| അന്വയം. | അന്വയാർത്ഥം. |
|---|---|
| ഭാഗ്യവന്തം | ഭാഗ്യവാനെതന്നെ |
| പ്രസൂയെഥാഃ | നീ പ്രസവിച്ചാലും |
| മാശൂരം | ശൂരനേയും |
| മാചപണ്ഡിതം | പണ്ഡിതനെയും നീ പ്രസവിക്കേണ്ട |
| ശൂരാഃച | ശൂരന്മാരും |
| കൃത വിദ്യാഃച | പണ്ഡിതന്മാരും ആയിരുന്ന |
| പാണ്ഡവാഃ | പാണ്ഡവന്മാർ |
| വനെ | വനത്തിൽ |
| സീദന്തി | ദുഃഖത്തോടുകൂടി വസിക്കുന്നു. |

പരിഭാഷഃ— സ്ത്രീയെ! നീ ഭാഗ്യവാനായ പുത്രനെ തന്നെ പ്രസവിച്ചാലും! ശൂരനെയും പണ്ഡിതനെയും

പ്രസവിക്കേണ്ട. ശൂരന്മാരും പണ്ഡിതന്മാരും ആയിരുന്നിട്ടും പാണ്ഡവന്മാർ വനത്തിൽ കിടന്നു ദുഃഖം അനുഭവിച്ചു.

മൂലം ന-ം.

സച് ഛരിദ്രോമധ്യകുടിലഃ കണ്ണ: സപണ്ണസ്യ ഭാജനം
ധിദൈവം നിർമ്മലം ചക്ഷു:പാത്രം കജ്ജലഭസ്മനഃ

| അന്വയം | അന്വയാർത്ഥം |
|---|---|
| സച് ഛരിദ്രഃ | ദ്വാരമുള്ളതും |
| മധ്യകുടിലഃ | മധ്യേ കോടി ഇരിക്കുന്നതുമായ |
| കണ്ണഃ | കാതു |
| സപണ്ണസ്യ | സപണ്ണത്തിന്റെ |
| ഭാജനം | ഇരിപ്പിടമാകുന്നു |
| ധിദൈവം | ദൈവഹതമായിട്ടു |
| നിർമ്മലം | നിർമ്മലമായിരിക്കുന്ന |
| ചക്ഷുഃ | കണ്ണു |
| കജ്ജലഭസ്മനഃ | കറുത്തഭസ്മത്തിന്റെ |
| പാത്രം | ആവാസസ്ഥാനവുമാകുന്നു |

പരിഭാഷ:— ദ്വാരമുള്ളതും നടുവിൽവെച്ചു കോട്ടമുള്ളതും ആയിരിക്കുന്ന കണ്ണം സപണ്ണത്തിന്റെ ഇരിപ്പിടമാകുന്നു. ദൈവഹതമായിട്ടു നിർമ്മലമായിരിക്കുന്ന കണ്ണു കറുത്തമഷിയുടെ ആവാസസ്ഥാനവും ആകുന്നു.

# അദ്ധ്യായം ൫൦.

മൂലം ൧.

ഭഗവന്തൌ ജഗന്നേത്രെ സൂയ്യ്ചന്ദ്രമസാവപി
പശ്യഗച്ഛത ഏവാന്തം നിയതിഃ കെനലംഘ്യതെ

| അന്വയം | അന്വയാർത്ഥം |
|---|---|
| ജഗന്നെത്രെ | ലോകത്തിന്റെ കണ്ണുകളായി |
| ഭഗവെന്തൌ | ഭഗവാന്മാരായിരിക്കുന്ന |
| സൂയ്യ്ചന്ദ്രമസെ അപി | സൂയ്യ്ചന്ദ്രന്മാർ തന്നെയും |
| അന്തം ഏവഗച്ഛ | അവസാനത്തെ തന്നെപ്രാപിക്കു |
| തഃഇതി | ന്നുവെന്നു |
| പശ്യ | കണ്ടാലും |
| നിയതിഃ | ദൈവം |
| കെന | ആരാൽ |
| ലംഘ്യതെ. | ലംഘിക്കപ്പെട്ടുന്നു. |

പരിഭാഷഃ— ലോകത്തിന്റെ കണ്ണുകളായി ഭഗവാന്മാരായിരിക്കുന്ന സൂയ്യ്ചന്ദ്രന്മാർ പോലും അസ്തമിക്കുന്നതുകണ്ടാലും! ദൈവേച്ഛയെ ലംഘിക്കുന്നതിനു ആർക്കും സാധിക്കുന്നതല്ല.

മൂലം ൨.

കിംകരോതി നരഃ പ്രാജ്ഞഃ ശൂരോവാപ്യഥപണ്ഡിതഃ
ദൈവം യസ്യഫലാൻ വൈഷ്ടികരോതി വിഫലഃ ക്രിയാഃ

| അന്വയം | അന്വയാർത്ഥം |
|---|---|
| യസ്യ | യാവനൊരുത്തന്റെ |
| ഫലാൻ | ക്രിയാഫലങ്ങളെ |

| | |
|---|---|
| ദൈവം | ദൈവം |
| വെഷ്ടഃ | തടയുന്നവനാകുന്നൊ |
| സഃ നരഃ | ആ മനുഷ്യൻ |
| പ്രാജ്ഞഃ | ജ്ഞാനമുള്ളവനൊ |
| ശൂരഃ | ശൂരനൊ |
| പണ്ഡിതഃവാആപി | വിവേകിയൊ ആയിരുന്നാലും |
| കിം കരോതി | എന്തുചെയ്യുന്നു? |
| വിഫലാഃക്രിയാഃ | വിഫലമായരിക്കുന്നക്രിയകളെ |
| കരോതി | ചെയ്യുന്നു. |

പരിഭാഷഃ— യാവനൊരുത്തന്റെ ശ്രമത്തിനു ദൈവം പ്രതികൂലമായിരിക്കുന്നുവൊ ആമനുഷ്യൻ പ്രാജ്ഞനൊ ശൂരനൊ പണ്ഡിതനൊ ആരായിരുന്നാലും എന്തുചെയ്യുന്നു. വിഫലക്രിയകളെതന്നെചെയ്യുന്നു.

മൂലം ൨.

ദൈവെ വിമുഖതാം യാതെനകോപ്യസ്തിസഹായവാൻ
പിതാമാതാ തഥാഭ്രാതാ ഭാര്യാവാഥ സഹോദരഃ

| അന്വയം | അന്വയാർത്ഥം |
|---|---|
| ദൈവെ | ദൈവം |
| വിമുഖതാം | വൈമുഖ്യത്തെ |
| യാതെ | പ്രാപിച്ചിരിക്കുമ്പോൾ |
| പിതാ | പിതാവൊ |
| മാതാ | മാതാവൊ |
| തഥാഭ്രാതാ | അപ്രകാരം തന്നെഭ്രാതാവൊ |
| ഭാര്യാ വാ | ഭാര്യയൊ |
| തഥാ സഹോദരഃ | അപ്രകാരം സഹോദരനൊ |
| കഃ അപി | ആരുംതന്നെ |
| സഹായവാൻ | സഹായിആയി |
| നഅസ്തി | തീരുന്നില്ല. |

പരിഭാഷ:— ദൈവംപ്രതികൂലമായിരിക്കുമ്പോൾ മാതാവൊ പിതാവൊ ഭ്രാതാവൊ ഭാൎയ്യയൊ അപ്രകാരംതന്നെ സഹോദരനൊ ആരുംതന്നെ സഹായത്തിനായി ഉണ്ടായിരിക്കയില്ല.

മൂലം ൮.

കരോതുനാമനീതിജ്ഞോ വ്യവസായമിതസ്തതഃ
ഫലംപുനസ്തുദേവാസ്യ യദ്വിധെർമ്മനസിസ്ഥിതം

| അന്വയം | അന്വയംതൎജ്ജമം |
|---|---|
| നാമനീതിജ്ഞ | പ്രസിദ്ധനായഅകൊവിദൻ |
| ഇതഃ തതഃ | ഇവിടെയും അവിടെയും |
| വ്യവസായം | തൊഴിൽ |
| കരോതു | ചെയ്തുകൊള്ളട്ടെ |
| യൽ | യാതൊന്നു |
| വിധെഃ | ദൈവത്തിന്റെ |
| മനസി | ചിത്തത്തിൽ |
| സ്ഥിതം | സ്ഥിതിചെയ്യുന്നുവൊ |
| തസ്യ | അവനു |
| തൽഫ്ഉവ | അതുതന്നെ |
| ഫലം. | ഫലംസിദ്ധിക്കുന്നു |

പരിഭാഷ:— പ്രസിദ്ധ നയജ്ഞനായിരിക്കുന്ന ഒരുത്തൻ എല്ലാസ്ഥലത്തുംപോയി ഓരോതൊഴിൽചെയ്തെന്നിരുന്നാലും ദൈവത്തിന്റെ ചിത്തത്തിൽ എന്തുസ്ഥിതിചെയ്യുന്നുവൊ അവനുകിട്ടുന്നഫലവും അതുതന്നെ.

മൂലം ൯.

ദൈവം ഫലതി സർവത്രനവിദ്യാനച പൌരുഷം
സമുദ്രമഥനാല്ലെഭെ ഹരിർലക്ഷ്മിം ഹരൊവിഷം

| അന്വയം | അന്വയാർത്ഥം |
|---|---|
| ദൈവം | ദൈവം |
| സർവ്വഫലതി | എല്ലാടിക്കിലുംഫലംതരുന്ന |
| നവിദ്യാ | വിദ്യയും |
| നചപൌരുഷം | പരാക്രമവും ഫലിക്കുന്നില്ല |
| സമുദ്രമഥനാൽ | പാലാഴിമഥനത്തിൽനിന്ന |
| ഹരിഃലക്ഷ്മീം | വിഷ്ണുലക്ഷ്മിയേയും |
| ഹരഃവിഷം | ശിവൻകാളകൂടത്തെയും |
| ലെഭെ | പ്രാപിച്ചു |

പരിഭാഷ:— എല്ലാടിക്കിലും ഫലംതരുന്നതു് ദൈവമാകുന്നു. വിദ്യയും പൌരുഷവുമല്ല. പാലാഴിമഥനം ചെയ്തപ്പോൾ വിഷ്ണുവിനു ലക്ഷ്മിയും ശിവനുകാളകൂടവും കിട്ടി.

മൂലം ന.

യഥാധേനുസഹസ്രേഷു വത്സോവിന്ദതിമാതരം
തഥാപൂർവ്വകൃതംകർമ്മ കർത്താരമനുഗച്ഛതി

| അന്വയം | അന്വയാർത്ഥം |
|---|---|
| യഥാധെനുസഹസ്രേഷു | എങ്ങിനെ സഹസ്രധേനുക്കളിൽ വെച്ചു |
| വത്സഃ | കുട്ടി |
| മാതരം | തള്ളയെ |
| വിന്ദതി | അറിയുന്നുവൊ |
| തഥാ | അപ്രകാരംതന്നെ |
| പൂർവ്വകൃതംകർമ്മ | ജന്മാന്തരവാസന |
| കർത്താരം | തൽകർത്താവിനെ |
| അനുഗച്ഛതി | അനുഗമിക്കുന്നു |

പരിഭാഷ:— ആയിരംപശുക്കളിൽവെച്ചു കുട്ടി അതിന്റെ തള്ളയെഎങ്ങിനെതിരിച്ചറിയുന്നുവൊ അങ്ങി

നെതന്നെ മുമ്പെ ചെയ്തിട്ടുള്ള പ്രവൃത്തിയും തൽകർത്താവി
നെ അനുഗമിക്കുന്നു.

മൂലം ൫.

അചോദ്യമാനാനിയഥാ പുഷ്പാണിചഫലാനിച
സ്വകാലംനാതിവർത്തന്തെ തഥാകർമ്മപുരാകൃതം

| അന്വയം | അന്വയാർത്ഥം |
|---|---|
| പുഷ്പാണിച | പുഷ്പങ്ങളും |
| ഫലാനിച | ഫലങ്ങളും |
| യഥാ അചോദ്യമാനാനി | എപ്രകാരം നിഷ്പ്രേരിതങ്ങളായിട്ട |
| സ്വംകാലം | തത്തൽകാലത്തെ |
| നഅതിവർത്തെ | ഉല്ലംഘിക്കാതിരിക്കുന്നുവൊ |
| തഥാ പുരാ കൃതം | അപ്രകാരംതന്നെമുമ്പെ ചെയ്യപ്പെട്ട |
| കർമ്മ | പ്രവൃത്തിയും യഥാകാലംഫലിക്കുന്നു |

പരിഭാഷ:— പുഷ്പങ്ങളും ഫലങ്ങളും പ്രേരിപ്പിക്കപ്പെടാതെ അതാതിന്റെ കാലത്തെ എപ്രകാരം അതിവർത്തിക്കാതിരിക്കുന്നുവൊ അപ്രകാരം തന്നെ മുമ്പെ ചെയ്യപ്പെട്ട കർമ്മവും സ്വകാലത്തെ അതിലംഘിക്കുന്നില്ല.

മൂലം ൬.

വിപത്തൌകിം വിഷാദേനസമ്പത്തൌഹർഷ്ണേനകിം
ഭവിതവ്യംഭവത്യെവ കർമ്മണാമീദൃശീഗതിഃ

| അന്വയം | അന്വയാർത്ഥം |
|---|---|
| വിപത്തൌ | വിപത്തിങ്കൽ |
| വിഷാദെന | വിഷാദംകൊണ്ടു |
| കിം | എന്തുഫലം |
| സംപത്തൌ | സമ്പത്തിങ്കൽ |

| | |
|---|---|
| ഹർഷേണ | സന്തോഷംകൊണ്ടു |
| കിം | എന്തുഫലം |
| ഭവിതവ്യം | സംഭവിക്കാനുള്ളത് |
| ഭവതിഏവ | സംഭവിക്കതന്നെചെയ്യും |
| കർമ്മണാംഗതിഃ | കർമ്മങ്ങളുടെഗതിയും |
| ഈദൃശി | ഇപ്രകാരമുള്ളതാകുന്നു. |

പരിഭാഷഃ- ആപത്തുകാലത്തു ദുഃഖിക്കുന്നതുകൊണ്ടും സമ്പത്തുകാലത്തു സന്തോഷിക്കുന്നതുകൊണ്ടും എന്താണുഫലമുള്ളത് സംഭവിപ്പാനുള്ളതു സംഭവിക്കതന്നെചെയ്യുന്നു. കർമ്മങ്ങളുടെഗതിയും ഈവിധമുള്ളതാകുന്നു.

മൂലം ൯.

ഹരിണാപിഹരേണാപി ബ്രഹ്മണാത്രിദശൈരപി
ലലാടലിഖിതാ രേഖാ നശക്യാ പരിമാർജ്ജിതും

| അന്വയം | അന്വയാർത്ഥം |
|---|---|
| ഹരിണാ അപി | വിഷ്ണുവിനാലൊ |
| ഹരേണാ അപി | ശിവനാലൊ |
| ബ്രഹ്മണാ | ബ്രഹ്മാവിനാലൊ |
| ത്രിദശൈഃഅപി | ദേവകളാലൊ |
| ലലാടലിഖിതാ | ലലാടലിഖിതമായിരിക്കുന്ന |
| രേഖൊ | അക്ഷരമാലയെ |
| പരിമാർജ്ജിതും | നിർമ്മാർജ്ജനം ചെയ്യുന്നതിനു |
| ന ശക്യാ | സാദ്ധ്യമാകുന്നില്ലാ. |

പരിഭാഷഃ— തലയിൽ എഴുതപ്പെട്ടിരിക്കുന്ന അക്ഷരങ്ങളെ തുത്തുകളയുന്നതിനു ദേവകളാലൊ ബ്രഹ്മാവിനാലൊ, ശിവനാലൊ, വിഷ്ണുവിനാലൊ, സാദ്ധ്യമാകുന്നതല്ല.

മൂലം ൫൦.

അയാചിതഃ സുഖംദത്തെ യാചിതസ്സുനയച്ഛതി
സർവസ്വംചാപിഹരതെ വിധിരുച്ഛൃംഖലൊന്നണാം

| അന്വയം | അന്വയാർത്ഥം |
|---|---|
| വിധിഃ | ദൈവം |
| അയാചിതഃ | അനപേക്ഷിതമായിട്ട |
| സുഖം | സുഖത്തെ |
| ദത്തെ | പ്രദാനം ചെയ്യുന്നു |
| യാചിതഃ തു | അപേക്ഷിക്കപ്പെട്ടവനായിട്ട |
| നയച്ഛതി | അതിനെ കൊടുക്കുന്നില്ല. |
| ഉച്ഛൃംഖലഃ | സ്വതന്ത്രനായിട്ട വിധി |
| ന്നാംസർവ്വസ്വംഅപി | മനുഷ്യരുടെ സർവ്വസ്വത്തിനേയും |
| ചഹരതെ | അപഹരിക്കയും ചെയ്യുന്നു. |

പരിഭാഷഃ— അനപേക്ഷിതനായിട്ട വിധി മനുഷ്യക്ക സുഖത്തെ പ്രദാനം ചെയ്കയും അപേക്ഷിതനായിട്ട അതിനെ കൊടുക്കാതിരിക്കയും ചെയ്യുന്നുവെന്ന മാത്രമല്ല. വിധി സ്വതന്ത്രനായിട്ട മനുഷ്യരുടെ സർവ്വത്തെയും അപഹരിക്കുകകൂടി ചെയ്യുന്നു.

മൂലം ൫൧.

കമ്മണാബാദ്ധ്യതെ ബുദ്ധിർനബുദ്ധ്യാ കമ്മബാദ്ധ്യതെ
സുബുദ്ധിരപിയദ്രാമൊ ഹൈമം ഹരിണമന്വഗാൽ.

| അന്വയം | അന്വയാർത്ഥം |
|---|---|
| ബുദ്ധിഃ | ബുദ്ധി |
| കമ്മണാ | പ്രവൃത്തികൊണ്ടു |
| ബാദ്ധ്യതെ | ബാധിക്കപ്പെടുന്നു |
| കമ്മ | കമ്മം |
| ബുദ്ധ്യാ | ബുദ്ധികൊണ്ടു |

| | |
|---|---|
| ന ബാഭ്യതെ | ബാധിക്കപ്പെട്ടുന്നില്ല. |
| യൽ | എന്തുകൊണ്ടെന്നാൽ |
| സുബുദ്ധിഃ അപി | വിശേഷബുദ്ധി ഉള്ളവൻ ആയിരുന്നിട്ടും |
| രാമഃ | ശ്രീരാമൻ |
| ഹൈമം | സ്വർണ്ണമയമായ |
| ഹരിണം | ഹരിണത്തെ |
| അന്വഗാൽ | അനുഗമിച്ചു. |

പരിഭാഷഃ— പ്രവൃത്തി ബുദ്ധിക്ക് ബാധകമാകുന്നു. ബുദ്ധി കർമ്മത്തിനു ബാധകമാകുന്നില്ല. എന്തെന്നാൽ വിശേഷബുദ്ധി ഉള്ളവനായിരുന്നിട്ടും ശ്രീരാമൻ സ്വർണ്ണമൃഗത്തെ അനുധാവനം ചെയ്തു.

മൂലം ൫൨.

അവശ്യം ഭാവിനോ ഭാവാ ഭവന്തി മഹതാമപി
നഗ്നത്വം നീലകണ്ഠസ്യ മഹാഹിശയനം ഹരേഃ

| അന്വയം. | അന്വയാർത്ഥം. |
|---|---|
| ഭാവിനഃ | സംഭവിപ്പാനുള്ളതിന്റെ |
| ഭാവാഃ | സംഭവങ്ങൾ |
| മഹതാം അപി | മഹാന്മാർക്കുകൂടി |
| അവശ്യം ഭവന്തി | ഒഴിവില്ലാത്ത വിധം സംഭവിക്കുന്നു. |
| നീലകണ്ഠസ്യ | പരമേശ്വരനു |
| നഗ്നത്വം | അരയിൽ തോലെന്യേ തുണി ഇല്ലായ്കയും |
| ഹരേഃ | മഹാവിഷ്ണുവിനു |
| മഹാഹിശയനം | ശേഷശായിത്വവും ഉണ്ടായിരിക്കുന്നു. |

പരിഭാഷ— ഭാവിഗർഭിതമായ കാര്യങ്ങളുടെ സംഭവം അതിദിവ്യന്മാർക്കുപോലും സംഭവിക്കുന്നുണ്ട്. പരമേശ്വരനു "തോലെന്യേ തുണിയില്ല തെല്ലുമരയിൽ"

എന്നുള്ളതും മഹാവിഷ്ണുവിനെ "ശേഷശായിത്വ"വുമാണല്ലൊ ഇപ്പോൾ സംഭവിച്ചിരിക്കുന്നതു്.

മൂലം ൧൩.

ഗുണോപി ദോഷതാം യാതി വക്രീഭൂതെ വിധാതരി
സാനുകൂലെ പുനസ്തസ്മിൻ ദോഷോപിച ഗുണായതെ.

| അന്വയം | അന്വയാർത്ഥം |
|---|---|
| വിധാതരി | സൃഷ്ടാവു് |
| വക്രീഭൂതെ | പ്രതികൂലമായിരിക്കുമ്പോൾ |
| ഗുണഃ അപി | ഗുണംതന്നെയും |
| ദോഷതാം | ദോഷമായി |
| യാതി | തീരുന്നു. |
| പുനഃതസ്മിൻ | പിന്നെ അദ്ദേഹം |
| സാനുകൂലെ | അനുകൂലമായിരിക്കുമ്പോൾ |
| ദോഷഃ അപി | ദോഷം തന്നെയും |
| ചഗുണായതെ | ഗുണമായി തീരുകയും ചെയ്യുന്നു. |

പരിഭാഷ— സൃഷ്ടാവു പ്രതികൂലമായിരിക്കുമ്പോൾ ഗുണപ്രത്യയം തന്നെയും ദോഷഭാക്കായിതീരുന്നു. പിന്നെ ഈ സൃഷ്ടാവുതന്നെ അനുകൂലമായിരിക്കുമ്പോൾ ദോഷംതന്നെയും ഗുണമായി പരിണമിക്കയും ചെയ്യുന്നു.

മൂലം ൧൪.

ലിഖിതാചിത്രഗുപ്തേന ലലാടെ ക്ഷരമാലികാ
താംഭോഗോപിന ശക്നോതി ഉല്ലംഘ്യലിഖിതും പുനഃ

| അന്വയം | അന്വയാർത്ഥം |
|---|---|
| ചിത്രഗുപ്തെന | ചിത്രഗുപ്തനാൽ |
| ലലാടെ | നെറ്റിത്തടത്തിൽ |
| അക്ഷരമാലികാ | അക്ഷരമാല |

| | |
|---|---|
| ലിഖിതാ | എഴുതപ്പെട്ടിരിക്കുന്ന |
| താം ഉല്ലംഘ്യ | അതിനെ ലുത്തുകളഞ്ഞിട്ട |
| പുനഃ ലിഖിതും | വീണ്ടും എഴുതുന്നതിന |
| ദേവഃ അപി | ദേവൻ തന്നെയും |
| ന ശക്നൊതി | ശക്തനാകുന്നില്ല |

പരിഭാഷ:— തലയിലെഴുത്തായി ഓരോ മനുഷ്യരുടെയും ലലാടത്തിങ്കൽ ചിത്രഗുപ്തനാൽ-ബ്രഹ്മാവിന്റെ സിക്രട്ടറി-എഴുതപ്പെട്ടിരിക്കുന്ന അക്ഷരക്രട്ടത്തെ ചുരണ്ടികളഞ്ഞിട്ട പിന്നെമറു വിധം എഴുതുന്നതിന ദേവന്മാക്കുപോലും അസാദ്ധ്യമാകുന്നു.

മൂലം. ൬൭.

യേനയത്രൈവ ഭോക്തവ്യം സുഖംവാ ദുഃഖമേവവാ
സതത്രഗച്ഛത്യരെജ്ജൂവ ബല്ലാദ്ദേവനനീയതെ

| അന്വയം | അന്വയാർത്ഥം. |
|---|---|
| സുഖംവാ | സുഖമൊ |
| ദുഃഖംവാ | ദുഃഖമൊ |
| യെന | യാവനൊരുത്തനാൽ |
| യത്ര | എവിടെ |
| ഭൊക്തവ്യം | അനുഭവിക്കപ്പെടേണ്ടിയിരിക്കുന്നൊ |
| സഃ | അവൻ |
| തത്ര | അവിടേയ്ക്ക |
| രജ്ജും ബദ്ധ്വാഇവ | കയറുകെട്ടീട്ടെന്നപോലെ |
| ബലാൽ | നിർബ്ബന്ധപൂർവ്വം |
| ദേവേന | ദേവനാൽ |
| നീയതെ | നയിക്കപ്പെടുന്നു; |

പരിഭാഷ:— സുഖമെങ്കിലും ദുഃഖമെങ്കിലും യാതൊരുത്തൻ എവിടെവച്ച അനുഭവിക്കേണ്ടി ഇരിക്കുന്നു

വൊ അവൻ അവിടേയ്ക്ക് ബലാൽകാരേണ ദേവനാൽ നയിക്കപ്പെട്ടന്നു.

മൂലം ൧൯.

അഘടിതഘടിതം ഘടയതി സുഘടിതഘടിതാനി ദുർഘടീകുരുതെ
വിധിരേവതാനി ഘടയതിയാനി പുമാനൈവ ചിന്തയതി.

| അന്വയം. | അന്വയാർത്ഥം. |
|---|---|
| വിധിഃഏവ | ദൈവംതന്നെ |
| അഘടിതഘടിതം | തങ്ങളിൽ ചേരാത്തതിനെ |
| ഘടയതി | സംബന്ധിപ്പിക്കുന്നു |
| സുഘടിതഘടിതാനി | നല്ലവണ്ണം സംബന്ധിക്കപ്പെട്ടിരിക്കുന്നവയെ |
| ദുർഘടീകുരുതെ | സംബന്ധമില്ലാതാക്കുന്നു. |
| പുമാൻ | മനുഷ്യൻ |
| യാനി | ഏവകളെ |
| ന ചിന്തയതി | ചിന്തിക്കുന്നില്ലയൊ |
| താനി | അവകളെ |
| ഘടയതി | സംബന്ധിപ്പിക്കുന്നു. |

പരിഭാഷ:— വിധി തങ്ങളിൽ ചേരാത്തതിനെ കൂട്ടിച്ചേർക്കുന്നു. സുഘടിതമായിരിക്കുന്നവയെ വേർതിരിച്ചുകളയുന്നു. മനുഷ്യൻ ഏവയെ ചിന്തിക്കുന്നില്ലയൊ അവയെ സംഘടിപ്പിക്കയും ചെയ്യുന്നു.

മൂലം ൨൦.

അനുകൂലെ സതിവിധാതരി ഭവത്യനിഷ്ടാദപീഷ്ടമവിളംബം
പീതപാപിഷമപിശംഭു മൂർദ്ധ്നുംജയതാമവാപതൽകാലം

| അന്വയം. | അന്വയാർത്ഥം. |
|---|---|
| വിധാതരി | വിധാതാവു |
| അനുകൂലെ | അനുകൂലമായിരിക്കുന്നകാലത്തു |

| | |
|---|---|
| അനിഷ്ടാൽഅപി | അനിഷ്ടമായിട്ടുള്ളതിൽനിന്നുപോ |
| ഇഷ്ടം | ഇഷ്ടമായിട്ടുള്ളതു് (ലും |
| അവിളംബം | കാലതാമസംക്കൂടാതെ |
| ഭവതി | ഉണ്ടാകുന്നു |
| ശംഭുഃ | ശിവൻ |
| വിഷംഅപി | വിഷത്തെതന്നെ |
| പീത്വാ | കുടിച്ചിട്ടു |
| മൃത്യുംജയതാം | മരണവിജയത്തെ |
| തൽകാലം അവാപ | ഉടനടിപ്രാപിച്ചു |

പരിഭാഷ: ദൈവാനുകൂലമുള്ളപ്പോൾ ഇഷ്ടമില്ലാത്തതിൽ നിന്നുതന്നെയും ഇഷ്ടമുള്ളതു കാലതാമസംക്കൂടാതെസംഭവിക്കുന്നു. വിഷംതന്നെയും പാനംചെയ്തിട്ടു ശിവൻ ഉടനടി മൃത്യുംജയനായിട്ടു തീർന്നു.

മൂലം ക്വ

അനുചിതമേവാചരിതം വത്സപതിനായദ്വിധേഃ ശിരശ്ചരിന്നം
ചരിന്നേനതസ്യഹസ്തോയെനായമുദ്വിധിംലിഖിതി.

| അന്വയം. | അന്വയാർത്ഥം. |
|---|---|
| പത്സപതിനാ | ശിവനാൽ |
| വിധെഃ | ബ്രഹ്മാവിന്റെ |
| ശിരഃചരിന്നം | ഒരു തല ഛേദിക്കപ്പെട്ടു |
| യൽ | എന്നതു |
| അനുചിതം | ഉചിതമല്ലാത്ത |
| ആചരിതം എവ | പ്രവൃത്തിതന്നെ ആകുന്നു. |
| യെനാ അയം | യാതൊന്നുകൊണ്ടു ഇദ്ദേഹം |
| ഉദ്വിധിം ലിഖതി | ഉദ്വിധിയെ എഴുതുന്നുവൊ |
| തസ്യ | അദ്ദേഹത്തിന്റെ |
| സഃ ഹസ്തഃ | ആ കരം |
| നഛിന്നഃ | തകർക്കപ്പെട്ടില്ല. |

പരിഭാഷ:— ഉർവിധിയെ എഴുതിവിട്ടനു ബ്രഹ്മാവിൻെറ കരം ഒടിക്കാതെ ശിവൻ അദ്ദേഹത്തിൻെറ ഒരു തല നുള്ളികളഞ്ഞതു തിരെ അനുചിതമായ ഒരു പ്രവൃത്തി ആയിരിക്കുനു.

മൂലം ഫൻ.

നഹി ഭവതിയെന്നഭാവ്യം ഭവതിചഭാവ്യം വിനാപിയത്നേന
കരതലഗതമപി നശ്യതി യസ്യഹി ഭവിതവ്യതാനാസ്തി.

| അന്വയം. | അന്വയാർത്ഥം. |
|---|---|
| യൽ | യാതൊന്നു |
| നഭാവ്യം | സംഭവിക്കത്തക്കതല്ലയൊ |
| (തൽ) നഹിഭവതി | അതു സംഭവിക്കുന്നില്ല |
| ഭാവ്യം | സംഭവിക്കത്തക്കതു |
| വിനായത്നേന അപി | പ്രയത്നം ക്രൂടാതെതന്നെ |
| ച ഭവതി | സംഭവിക്കയും ചെയ്യുന്നു. |
| ഹി | എന്തുകൊണ്ടെന്നാൽ |
| യസ്യ ഭവിതവ്യതാ | സാംഭവ്യാവസ്ഥ യാതൊന്നിനു |
| നാസ്തി | ഇല്ലാതിരിക്കുന്നൊ |
| കരതലഗതം അപി | കരസ്ഥമായിരുന്നാലും |
| (തൽ) നശ്യതി | അതു നശിക്കുന്നു. |

പരിഭാഷ:— യാതൊന്നു സംഭവിക്കത്തക്കതല്ലയൊ അതു സംഭവിക്കാതിരിക്കയും സംഭവിക്കത്തക്കതു പ്രയത്നംക്രൂടാതെ സംഭവിക്കയും ചെയ്യുന്നു. എന്തെന്നാൽ യാതൊന്നിനു ഭവിതവ്യത ഇല്ലാതിരിക്കുന്നൊ കരതലഗതമായിരുന്നാലും അതു നശിക്കുന്നു.

മൂലം ൨൮.

അരക്ഷിതം തിഷ്ഠതി ദൈവരക്ഷിതം
സുരക്ഷിതം ദൈവഹതം വിനശ്യതി
ജീവത്യനാഥോ വിപിനെപ്യ രക്ഷിത:
കൃതപ്രയത്നൊപി ഗൃഹെനജീവതി.

| അന്വയം | അന്വയാർത്ഥം |
|---|---|
| അരക്ഷിതം | രക്ഷിക്കപ്പെടാത്തതു |
| ദൈവരക്ഷിതം | ദൈവത്താൽ രക്ഷിക്കപ്പെട്ടതാ– |
| തിഷ്ഠതി | സ്ഥിതി ചെയ്യുന്നു. (യിട്ടു |
| സുരക്ഷിതം | പ്രകൃഷ്ടണ രക്ഷിക്കപ്പെട്ടതു |
| ദൈവഹതം | ദൈവഹതമായിട്ടു |
| വിനശ്യതി | നശിച്ചുപോകുന്നു |
| അരക്ഷിതഃ | രക്ഷിക്കപ്പെടാത്തവൻ |
| വിപിനെ അപി | കാട്ടിൽ തന്നെയും |
| അനാഥഃ | അനാഥനായിട്ടു |
| ജീവതി | ജീവിക്കുന്നു. |
| കൃതപ്രയത്നഃ അപി | പരിചരിക്കപ്പെട്ടവനായിട്ടും |
| ഗൃഹെ | സ്വഭവനത്തിൽ |
| നജീവതി | ജീവിക്കുന്നില്ല. |

പരിഭാഷ:— രക്ഷിക്കപ്പെടാത്തതു ദൈവത്താൽ രക്ഷിക്കപ്പെട്ടതായിട്ടു സ്ഥിതിചെയ്യുന്നു. വിശേഷവിധം രക്ഷിക്കപ്പെട്ടതു ദൈവഹതമായിട്ടു നശിച്ചുപോകുന്നു. രക്ഷിക്കപ്പെടാത്തവൻ കാട്ടിൽ തന്നെയും അനാഥനായിട്ടു ജീവിക്കുന്നു. സ്വഭവനത്തിൽ കൃതപ്രയത്നനായിട്ടു പോലും ജീവിച്ചിരിക്കുന്നില്ല.

മൂലം ൨൯.

പ്രാപ്യവ്യമർത്ഥം ലഭതെ മനുഷ്യോ
ദൈവൊപിതം ലംഘയിതുംനശക്തഃ

തസ്മാന്നശൊചാമി നവിസ്മയോമെ
യദസ്മദീയം നഹിതൽ പരേഷാം,

| അന്വയം. | അന്വയാർത്ഥം. |
|---|---|
| മനുഷ്യഃ | മനുഷ്യൻ |
| പ്രാപ്തവ്യം അർത്ഥം | പ്രാപിക്കത്തക്ക അർത്ഥത്തെ |
| ലഭതെ | പ്രാപിക്കുന്നു. |
| ദെവഃ അപി | ദേവൻതന്നെയും |
| തം ലംഘയിതും | അതിനെ ലംഘിപ്പാൻ |
| ന ശകതഃ | ശക്തനാകുന്നില്ല |
| തസ്മാൽ | അതിനാൽ |
| ന ശൊചാമി | ഞാൻ ദുഃഖിക്കുന്നില്ല |
| മെന വിസ്മയഃ | എനിക്കൊരാശ്ചര്യവുമില്ല |
| യൽ അസ്മദീയം | യാതൊന്നുനമ്മുടെതാകുന്നൊ |
| തൽ പരേഷാം | അതു അന്യന്മാരുടേതു |
| നഹി | ആകുന്നില്ല. |

പരിഭാഷ.— പ്രാപിപ്പാൻ അർഹത ഉള്ള അർത്ഥത്തെ ഓരോ മനുഷ്യൻ പ്രാപിക്കുന്നു. അതിനെ ഭേദപ്പെടുത്തുവാൻ ദേവന്മാക്ക പോലും ശക്തി ഇല്ല. അതിനാൽ എനിക്ക ദുഃഖമൊ വിസ്മയമൊ ഇല്ല. നമ്മുടെതായിരിക്കേണ്ടതു ഏതോ അതു അന്യന്മാരുടേതായിരിക്കയില്ല.

മൂലം ൨൨

മാധാവമാധാവ വിനൈവദൈവം നൊ
ധാവനംസാധനമസ്തിലക്ഷ്യൈഃ—
ചെദ്ധാവനം സാധനമസ്തിലക്ഷ്യൈഃ
ശാധാപമാനോപിലഭെത ലക്ഷ്മീം.

| അന്വയം. | അന്വയാർത്ഥം. |
|---|---|
| മാധാവമാധാവ | ഓടാതിരിക്കൂ; ഓടാതിരിക്കൂ. |
| ദൈവം വിനാ | ദൈവത്തെ കൂടാതെ |

| | |
|---|---|
| ധാവനം | ഓട്ടം |
| ലക്ഷ്മ്യാഃ സാധനം | ലക്ഷ്മിയുടെ സാധനം |
| ന ഉ | ആകുന്നില്ല |
| ധാവനം | ഓട്ടം |
| ലക്ഷ്മ്യാഃ സാധനം | ലക്ഷ്മിയുടെ സാധനം |
| ചെൽ അസ്തി | ആകുന്നെങ്കിൽ |
| ധാവമാനഃ ശ്വാ | ഓടിക്കൊണ്ടിരിക്കുന്ന പട്ടി |
| ലക്ഷ്മീം ലഭേത | സംപത്തിനെ പ്രാപിച്ചുവനെ |

പരിഭാഷ.— ഹെ! ഓടാതിരിക്കൂ; ഓടാതിരിക്കൂ, ഓട്ടം ലക്ഷ്മിയെ സ്വാധീനപ്പെട്ടുത്തുന്നതിനു പയ്യാപ്തമായിരിക്കുന്ന ഉപായമാകുന്നില്ല. ഓട്ടം ലക്ഷ്മിയെ സ്വാധീനപ്പെട്ടുത്തുന്നതിനുള്ള സാധനമായിരുന്നെങ്കിൽ ഓടിക്കൊണ്ടിരിക്കുന്ന പട്ടി ലക്ഷ്മിയെ പ്രാപിക്കുമായിരുന്നേനെ.

മൂലം.൬൫.

ഈശഃ കരസ്ഥികൃതകാഞ്ചനാദ്രിഃ കുബേരമിത്രംരജതാചലസ്ഥഃ
തഥാ ഭിക്ഷാടനമസ്യജാതംവിധൌ ശിരസ്ഥകുടിലെകുതഃശ്രീ

| അന്വയം | അന്വയാർത്ഥം |
|---|---|
| ഈശഃ | ശിവൻ |
| കരസ്ഥികൃത കാഞ്ച | കാഞ്ചനാദ്രിയെ കരസ്ഥമാക്കിട്ടു |
| നാദ്രിഃ | ള്ളഒരാളാകുന്നു |
| കുബേരമിത്രം | മിത്രമായിരിക്കുന്ന കുബേരനൊ |
| രജതാ ചലസ്ഥഃ | വെള്ളിമലയിൽ സ്ഥിതനാകുന്നു |
| തഥാ അപി | അപ്രകാരമെല്ലാം ആയിരുന്നിട്ടും |
| അസ്യ | ഈശിവനു |
| ജാതം | സിദ്ധിച്ചിട്ടുള്ളതു |
| ഭിക്ഷാടനം | ഭിക്ഷാടനമാകുന്നു |
| കുടിലെ വിധൌ | കുടിലനായിരിക്കുന്ന വിധി |

| | |
|---|---|
| ശിരസ്ഥ | തലയിൽ കയറി ഇരിക്കുമ്പോൾ |
| കൃത ശ്രീ | ഭാഗ്യം എവിടെ നിന്നുണ്ടാകുന്നു |

പരിഭാഷ:— ശിവൻ കാഞ്ചനാദ്രിയെ കൈവശപ്പെടുത്തിയിട്ടുള്ള ഒരാളാകുന്നു. വെള്ളിമലയിൽ താമസമുറപ്പിച്ചിട്ടുള്ള കുബേരനാകുന്നു ശിവന്റെ മിത്രം. അപ്രകാരമെല്ലാംഇരുന്നിട്ടും ശിവന്നു സിദ്ധിച്ചിട്ടുള്ളതു ഭിക്ഷാടനം തന്നെ ആകുന്നു. കുടിലനായ വിധി തലയിൽ കയറിയിരിക്കുമ്പോൾ ഭാഗ്യം എവിടെനിന്നുണ്ടാകുന്നു?

മൂലം വരി

സ്വയംമഹേശഃ ശ്വശുരോനഗേശഃ
സഖാധനേശസ്തനയോഗണേശഃ
തഥാപി ഭിക്ഷാടനമേവശംഭോ-
ർബ്ബലീയസീ കേവലമീശ്വരേച്ഛാ

| അന്വയം | അന്വയാർത്ഥം |
|---|---|
| സ്വയംമഹേശഃ | താൻതന്നെ മഹേശ്വരനാകുന്നു |
| ശ്വശുരഃ | ഭാര്യയുടെ അച്ഛൻ |
| നഗേശഃ | ഹിമവാനാകുന്നു |
| സഖാ | മിത്രം |
| ധനേശ | ധനേശനാകുന്നു |
| തനയഃ | പുത്രൻ |
| ഗണേശഃ | ഗണപതിആകുന്നു |
| തഥാ അപി | അപ്രകാരമായിരുന്നിട്ടും |
| ശംഭോഃ | ശിവന് |
| ഭിക്ഷാടനം എവ | ഭിക്ഷാടനം തന്നെ |
| കേവലം ഈശ്വരേച്ഛാ | പ്രകൃഷ്ടേന ദൈവേഷ്ടം |
| ബലീയസീ | ബലവത്തരമാകുന്നു. |

പരിഭാഷ.— താൻതന്നെ മഹേശനാകുന്നു. ഭാ

യ്യുടെ അച്ഛൻ ഹിമവാനാകുന്നു. മിത്രം കുബേരനാകുന്നു. പുത്രൻ ഗണേശനാകുന്നു. അപ്രകാരമെല്ലാം ആയിരുന്നിട്ടും ശിവനു ഭിക്ഷാടനംതന്നെ. എല്ലാത്തിലുംവെച്ച് ഈശ്വരേച്ഛ ബലിഷ്ഠമാകുന്നു.

മൂലം ൨൭.

അസംഭവം ഹേമമൃഗസ്യ ജന്മ
തഥാപി രാമോ ലുലുഭേ മൃഗായ
പ്രായഃസമാപന്നവിപത്തികാലെ
ധിയോപി പുംസാം മലിനീഭവന്തി

| അന്വയം. | അന്വയാർത്ഥം. |
|---|---|
| ഹേമമൃഗസ്യ | സ്വർണ്ണമൃഗത്തിന്റെ |
| ജന്മ | ജനനം |
| അസംഭവം | സാംഭവ്യമല്ല |
| തഥാഅപി | അപ്രകാരമായിട്ടും |
| രാമഃ | ശ്രീരാമൻ |
| മൃഗായ | സ്വർണ്ണഹരിണത്തിന്നായിക്കൊണ്ടു |
| ലുലുഭേ | മോഹിച്ചു |
| പ്രായഃസമാപന്ന വിപത്തികാലെ | മിക്കവാറും ആപൽകാലം പ്രാപ്തമായിരിക്കുമ്പോൾ |
| പുംസാംധിയഃഅപി | മനുഷ്യരുടെ ആശയങ്ങൾതന്നെയും |
| മലിനീഭവന്തി | ദൂഷിതങ്ങളായി തീരുന്നു. |

പരിഭാഷ:— ഹേമമൃഗത്തിന്റെ ജന്മം അസംഭവമായിരുന്നിട്ടും ശ്രീരാമൻ അതിന്നായിട്ടുഭ്രമിച്ചു പുറപ്പെട്ടു. വിപത്തുകാലം ആസന്നമായിരിക്കുമ്പോൾ മനുഷ്യരുടെ ആശയങ്ങൾ ദൂഷിതങ്ങളായിതീരുന്നു.

മൂലം ൫൯.

ധനാനിഭ്രമെഴ പശവശ്ച ഗോഷ്ഠെ
ഭാഴ്യാഗൃഹാദ്വാരി ജനഃശ്മശാനെ
ദേഹശ്ചിതായാം പരലോകമാഗ്ഗെ
കമ്മാനുഗൊ ഗച്ഛതി ജീവഎകഃ

| അനവയം. | അനവയാർത്ഥം |
|---|---|
| ധനാനിഭ്രമെഴ | നിക്ഷേപങ്ങൾഭ്രഗർഭത്തിലും |
| പശവഃഗോഷ്ഠെ | മൃഗങ്ങൾ തൊഴുത്തിലും |
| ഭാഴ്യാ ഗൃഹദ്വാരി | ധർമ്മദാരങ്ങൾ പുരവാതുക്കലും |
| ജനഃ ശ്മശാനെ | ബന്ധുവർഗ്ഗങ്ങൾ ചുടലഭ്രമിയിലും |
| ദേഹഃ ചിതായാം | ദേഹംചിതയിലും സ്ഥിതിചെയ്യു വെ |
| കമ്മാനുഗഃ | കമ്മത്താൽഅനുഗതനായിരിക്ക |
| ജീവഃഎകഃ | ആത്മാവു ഏകനായിട്ടു (ന്ന |
| പരലോകമാഗ്ഗെ | പരലോകമാർഗ്ഗത്തിൽക്രൂടി |
| ച ഗച്ഛതി | ഗമിക്കയും ചെയ്യുന്നു |

പരിഭാഷഃ— സമ്പാദ്യമെല്ലാം ഭ്രമിയിലും മൃഗാദികൾ തൊഴുത്തിലും ഭാഴ്യ പുരവാതുക്കലും ബന്ധുമിത്രാദികൾ ശ്മശാനഭ്രമിയിലും മൃതശരീരം ചിതയിലും സ്ഥിതിചെയ്യുമ്പോൾ കമ്മത്താൽ അനുഗതനായിരിക്കുന്ന ആത്മാവു് ഏകനായിട്ടു പരലോകമാർഗ്ഗത്തിൽക്രൂടി പ്രയാണംചെയ്യുന്നു.

മൂലം ൬൦.

സുഖസ്യദുഃഖസ്യ നകോപിദാതാ
പരൊദദാതീതി കുബുദ്ധിരേഷാ
അഹംകരൊമീതി വൃഥാഭിമാനഃ
സ്വകമ്മസൂത്രഗ്രഥിതോഹിലോകഃ

| അന്വയം | അന്വയാർത്ഥം |
|---|---|
| സുഖസ്യ | സുഖത്തിന്റെയും |
| ദുഃഖസ്യ | ദുഃഖത്തിന്റെയും |
| ദാതാ | ദാതാവ് |
| നകഃ അപി | മറ്റാരുംതന്നെഅല്ല |
| പരഃ ദദാതി ഇതി | അന്യൻതരുന്നുഎന്ന |
| ഏഷാ (ചിന്താ) | ഈ ചിന്ത |
| കുബുദ്ധിഃ | അവിദ്യആകുന്നു |
| അഹംകരോമി ഇതി | ഞാൻചെയ്യുന്നു എന്നിതു |
| വൃഥാഭിമാനഃ | നിരർത്ഥകമായ അഭിമാനമാകുന്നു |
| ഹിലോക | എന്തുകൊണ്ടെന്നാൽ ലോകം |
| സ്വകർമ്മസൂത്രഗ്രഥിതഃ | സ്വകർമ്മസൂത്രം കൊണ്ടു ഗ്രഥിതമാകുന്നു |

പരിഭാഷ:—സുഖദുഃഖങ്ങളുടെ ദാതാവു മറ്റൊരാളുതന്നെയല്ല. അന്യൻ തരുന്നു എന്നുള്ള ഈ ചിന്ത കുബുദ്ധിആകുന്നു. ഞാൻ പ്രവർത്തിക്കുന്നു എന്നുള്ളതു നിരർത്ഥകമായ അഭിമാനമാകുന്നു. എന്തുകൊണ്ടെന്നാൽ മനുഷ്യർ സ്വകർമ്മസൂത്രംകൊണ്ടു ഗ്രഥിതന്മാരാകുന്നു.

മൂലം ൨൨.

യസ്സുന്ദരഃതദ്വനിതാ കുരൂപാ
യാസുന്ദരീ സാപത രൂപഹീനാ
യത്രോഭയം തത്രദരിദ്രതാച
വിധൈർവിചിത്രാണിവിചേഷ്ടിതാനി

| അന്വയം | അന്വയാർത്ഥം |
|---|---|
| യഃ | യാവനൊരുത്തൻ |
| സുന്ദരഃ | സുന്ദരനൊ |
| തദ്വനിതാ | അവന്റെ ഭാര്യ |
| കുരൂപാ, | വിരൂപവതി ആകുന്നു |

| | |
|---|---|
| യാ | യാവളൊരുത്തി |
| സുന്ദരി | കോമളാംഗിആകുന്നൊ |
| സാ | അവൾ |
| പതിവ്രതാപഹീനാ | പതിവ്രതാപഹീനആകുന്നു |
| യത്ര | എവിടെ |
| ഉഭയം | ഇരുകക്ഷികളും തുല്യമൊ |
| തത്ര | അവിടെ |
| ദരിദ്രതാച | ദുർഭിക്ഷവും നേരിട്ടുന്നു |
| വിധേഃവിചേഷ്ടിതാനി | വിധിയുടെ പ്രവൃത്തികൾ |
| വിചിത്രാണി | വിചിത്രമായിട്ടുള്ളവആകുന്നു. |

പരിഭാഷ:— സൌന്ദര്യമുള്ളവൻെറ ഭാര്യവിവ്രതപിണി ആകുന്നു. ദ്രുപവതിയുടെ ഭർത്താവു ദ്രുപവാൻ ആകുന്നു. ദംപതിമാക്കു തുല്യത ഉള്ളെടത്തു ദരിദ്രതയും വന്നുകൂടുന്നു. വിധിയുടെ പ്രവൃത്തിമാർഗ്ഗം വിചിത്രതരംതന്നെ.

മൂലം ഫൻ.

ഭ്രമൻ വനാന്തേ നവമഞ്ജരീഷു
നഷ്ടൊപഭോഗന്ധ ഫലിനജീഷ്രുൽ
സാകിനാമ്യാ സചകിംനരന്താ
ബലീയസിൈകല മിശ്വരേഛാ.

| അനവയം. | അനവയാർത്ഥം. |
|---|---|
| വനാന്തേ | കാട്ടിൽ |
| നവമഞ്ജരീഷു | പുതുതായി വിരിഞ്ഞിട്ടുള്ള പുഷ്പങ്ങളിൽ |
| ഭ്രമൻ | ചുറ്റിനടക്കുന്ന |
| ഷൽപദഃ | വണ്ടു |
| ഗന്ധഫലീം | ചെമ്പകപൂവിനെ |
| ന അജീഷ്രുൽ | ഘ്രാണിച്ചില്ല. |

| | |
|---|---|
| കിംസാ | എന്തു അതു |
| നരമ്യാ | രമ്യമായിട്ടുള്ളതല്ലേ? |
| കിംസഃച | എന്തു ആ വണ്ടും |
| നരന്താ | രമണനല്ലയോ? |
| ഈശ്വരേച്ഛ ഹാ | ഈശ്വരേഷ്ടം |
| കേവലം ബലീയസീ | പ്രായേണബലവത്തരമാകുന്നു. |

പരിഭാഷ:— വനത്തിലുള്ള ഓരോ പുഷ്പങ്ങൾം തോറും ചുറ്റിനടക്കുന്ന വണ്ടു ചെമ്പകപൂവിനെ ശ്രോണിക്കപതിവില്ല. എന്താ അതു രമ്യമായിട്ടുള്ളതല്ലേ? വണ്ടു രമണനമല്ലേ? ഈശ്വരേച്ഛ ബലവത്തരം തന്നെ ആകുന്നു.

മൂലം ൩൦.

നൈവാകൃതി ഫലതി നൈവകുലം നശീലം
വിദ്യാപിനൈവനചയത്ന കൃതാപിസേവാ
ഭാഗ്യാനി പൂർവ്വതപ സാകില സഞ്ചിതാനി
കാലേഫലന്തി പുരുഷസ്യയഥൈവ വൃക്ഷാ.

| അന്വയം | അന്വയാർത്ഥം. |
|---|---|
| ആകൃതി എവ | ആകൃതിതന്നെ |
| നഫലതി | ഫലപ്രദമാകുന്നില്ല |
| നകുലം എവ | കുലം തന്നെയും |
| നശീലം | പ്രകൃതിയും |
| ന വിദ്യാ അപി | പാണ്ഡിത്യംതന്നെയും |
| നചയത്നകൃതാ | പ്രയത്നംചെയ്തു സമ്പാദിച്ച |
| സേവാ അപി | സേവതന്നെയും ഫലിക്കുന്നില്ല |
| യഥാ വൃക്ഷാഃ എവ | വൃക്ഷങ്ങൾം എപ്രകാരമോ |
| പുരുഷസ്യ | അപ്രകാരം പുരുഷന്റെ |
| പൂർവ്വതപസാ | മുമ്പേചെയ്തിട്ടുള്ള സുകൃതംകൊണ്ടു |
| സഞ്ചിതാനീ | സംപാദിച്ചിട്ടുള്ള |

| | |
|---|---|
| ഭാഗ്യാനി | ഭാഗ്യങ്ങൾ |
| കിലകാലേ | നിസ്സംശയം കാലത്തിൽ |
| ഫലന്തി | ഫലപ്രദമായിതീരുന്നു |

പരിഭാഷ:— ആകൃതിയും കുലവും ശീലവും വിദ്യയും സേവയാ വൃത്തിയും ഒന്നുമല്ല നമുക്ക് ഭാഗ്യത്തിനു കാരണമായിരിക്കുന്നതു. വൃക്ഷങ്ങൾ ഏതു പ്രകാരമോ അപ്രകാരം പുരുഷന്റെ മുൻസുകൃതങ്ങളാൽ ആജ്ജിക്കപ്പെട്ടിട്ടുള്ള ഭാഗ്യാതിരേകം തന്നെ നിസ്സംശയം യഥാകാലം ഫലപ്രദമായിതീരുന്നു.

മൂലം ൩൰.

പ്രതിക്രുലതാമുപഗതെ ഹിവിധൌ
വിഫലത്വമേതി ബഹുസാധനതാ-
അവലംബനായ ഭിനഭർതുരഭ്രന
പതിഷ്യതഃ കര സഹസ്രമപി.

| അന്വയം | അന്വയാർത്ഥം |
|---|---|
| വിധൌപ്രതിക്രുലതാം ഉപഹതേ | വിധിപ്രതിക്രുലമായിരിക്കുമ്പോൾ. |
| ബഹുസാധനതാ | വസ്തുക്കളുടെ പൂർണ്ണത |
| വിഫലത്വം | വിഫലത്വത്തെ |
| ഏതി | പ്രാപിക്കുന്നു |
| ഹി | എന്തുകൊണ്ടെന്നാൽ |
| പതിഷ്യതഃ | പതിക്കുവാൻപോകുന്ന |
| ഭിനഭർതുഃ | ആദിത്യന്റെ |
| കരസഹസ്രം അപി | ആയിരം കരങ്ങൾതന്നെയും |
| അവലംബനായ | അവലംബനത്തിനായിട്ട |
| ന അഭ്രൽ | മതിയായില്ല. |

പരിഭാഷ:— വിധിവിപരീതമായിരിക്കുമ്പോൾ വളരെ വസ്തുക്കൾ ഒക്കെ ഉണ്ടെന്നിരുന്നാലും അതുകൊ

ണ്ടു ഫലമൊന്നും സിദ്ധിക്കില്ല. ഭ്രമണംചെയ്യുന്ന സൂര്യ
ന്റെ അവലംബനത്തിനായിട്ടു കരസഹസ്രം തന്നെയും
മതിയാകുന്നില്ല.

## അദ്ധ്യായം ൬൬.

മൂലം ൬.

നമസ്യാമൊദേവന്നനഹതവിധെസ്സോപിവശഗാഃ
വിധിർവ്വന്ദ്യഃസൊപിപ്രതിനിയതകർമ്മൈകഫലദഃ
ഫലംകർമ്മായത്തംയദികി? മമരൈഃകിംചവിധിനാ
നമസ്സൽകർമ്മെഭ്യോവിധിരപിനതെഭ്യഃ പ്രഭവതി

| അന്വയം | അന്വയാർത്ഥം. |
|---|---|
| ദെവാൻ | ദേവന്മാരെ |
| നമസ്യാമഃ | നാം വണങ്ങും |
| തെ അപി | അവർ തന്നെയും |
| ഹതവിധെഃ | മുട്ടാളനായകമലോതഭവനു |
| നനു വശഗാഃ | അധീനന്മാരല്ലെ? |
| വിധിഃ വന്ദ്യഃ | ബ്രഹ്മാവു വന്ദ്യനാകുന്നു |
| സഃ അപി (കഫലദഃ | അദ്ദേഹംപോല്യം |
| പ്രതിനിയതകർമ്മൈ | നിയതകർമ്മഫലദായകനാകുന്നു |
| ഫലം | ഫലം |
| യദികർമ്മായത്തം | കർമ്മായത്തമാകുന്നെങ്കിൽ |
| കിം അമരൈ | അമരന്മാരെക്കൊണ്ടും (ലം |
| കിം ചവിധിനാ | ബ്രഹ്മാവിനെകൊണ്ടും എന്തുഫ |
| നമഃ തൽകർമ്മെഭ്യഃ | ആകർമ്മങ്ങൾക്ക് നമസ്കാരം |
| വിധിഃഅഭി | വിധിതന്നെയും |
| തെഭ്യഃപ്രഭവതി | അവയ്ക്ക് അധീശനാകുന്നില്ല. |

പരിഭാഷ:— നാം ദേവന്മാരെവണങ്ങണം. അവർതന്നെയും താന്തോന്നി ആയവിധിക്ക് അധീനന്മാരാകുന്നു. ബ്രഹ്മാവു വിശിഷ്ടനാകുന്നു. നിയതകർമ്മഫലത്തെ പ്രദാനം ചെയ്യുന്നു. ഫലം കർമ്മായത്തമെങ്കിൽ അമരന്മാരെക്കൊണ്ടും ബ്രഹ്മാവിനെക്കൊണ്ടും എന്താണു ഫലം? ആ കർമ്മങ്ങൾക്ക് തന്നെ നമസ്കാരം ചെയ്യേണ്ടതാകുന്നു വിധിതന്നെയും അവയ്ക്ക് അധികൃതനാകുന്നില്ല.

മൂലം ൨:

പത്രം നൈവയദി കരീരവിടപെ ദോഷോവസന്തസ്യകിം
നൊലൂകേന വിലൊക്യതെ യദിദിവാസൂയ്യസകിംദൂഷണം
ധാരാനൈവ പതന്തി ചാതകമുഖെ മേഘസ്യകിംദൂഷണം
യദ്ധാത്രാ നിജഫാലപട്ടലിഖിതം തന്മാർജ്ജിതും കഃക്ഷമഃ?

| അന്വയം | അന്വയാർത്ഥം |
|---|---|
| കരീരവിടപെ | കരീരവല്ലിയിൽ |
| പത്രം ഏവ | ഇലപോലും |
| നയദി | ഇല്ലെങ്കിൽ |
| വസന്തസ്യ | വസന്തകാലത്തിനു |
| കിം ദോഷഃ | എന്താണുദോഷം |
| ദിവാ ഉലൂകേന | പകൽസമയത്തുമൂങ്ങായാൽ |
| യദിന വിലൊക്യതെ | കാണപ്പെടുന്നില്ലെങ്കിൽ |
| സൂയ്യസ്യകിം ദൂഷണം | സൂയ്യനു എന്തുദൂഷണം? |
| ചാതകമുഖെ | വേഴാമ്പലിന്റെ മുഖത്തു |
| ധാരാ എവ | മഴത്തുള്ളികൾ |
| നയദി പതന്തി | വീഴുന്നില്ലെങ്കിൽ |
| മേഘസ്യകിം ദൂഷണം | മേഘത്തിനു എന്തുദൂഷണം? |
| യൽധാത്രാ | യാതൊന്നു ധാതാവിനാൽ |
| നിജഫാലപട്ടലിഖിതം | തലയിൽ എഴുതപ്പെട്ടോ |
| തൽമാർജ്ജിതും | അതിനെ നീക്കംചെയ്വാൻ |
| കഃ ക്ഷമഃ? | ആരു സമർത്ഥനാകുന്നു? |

പരിഭാഷ— കരീരവിടപിയിൽ വസന്തകാലത്തിൽ ഇലപോലും ഇല്ലാത്തതുകൊണ്ടു വസന്തത്തിനു എന്താണു ദോഷം? ഉലൂകങ്ങൾക്കു പകൽ സമയത്തു കാഴ്ച ഇല്ലാത്തതുകൊണ്ടു സൂര്യനു വല്ല ദൂഷണവുമുണ്ടോ? ചാതകമുഖത്തു മഴത്തുള്ളികൾ വീഴ്ന്നില്ലെങ്കിൽ അതുകൊണ്ടു മേഘത്തിനു എന്തൊരാക്ഷേപമാണുള്ളതു? യാതൊന്നു ബ്രഹ്മാവിനാൽ തലയിൽ എഴുതപ്പെട്ടോ അതിനെ വിഫലമാക്കാൻ ആർ ശക്തനാകും?

മൂലം ൩.

തുല്യംഭ്രൂതിജന്മതുല്യമുഭയോർമൂല്യംചതുല്യംവപു
സ്തുല്യംദാർഢ്യമുഗ്രം കടകനംതുല്യംചപാഷാണയോഃ
ഏകസ്യാഖിലവന്ദനായവിധിനാദൈവതമാരോപിതം
തദപരസ്യതുപദാഘാതാസ്പദംദൈഹളി

| അന്വയം | അന്വയാർത്ഥം |
|---|---|
| ഉഭയോഃ പാഷാണയോഃ | രണ്ടു കല്ലുകൾക്കും |
| ഭ്രൂതി | മലയിൽ |
| ജന്മതുല്യം | ജനനം തുല്യമാകുന്നു |
| മൂല്യം തുല്യം | വിലയും തുല്യമാകുന്നു |
| വപുഃതുല്യം | ആകൃതിയും തുല്യമാകുന്നു. |
| ദാർഢ്യംതുല്യം | ഉറപ്പും തുല്യമാകുന്നു. |
| ഉഗ്രംകടകനം തുല്യം | കഠിനവും തുല്യമാകുന്നു |
| ഏകസ്യ | ഒന്നിനു |
| അഖിലവന്ദനായ | സർവ്വാരാധനയ്ക്കായിട്ടു |
| വിധിനാ | വിധിയാൽ |
| ദേവതാഭാവം | ദേവതാഭാവം |
| ആരോപിതം | ആരോപിക്കപ്പെട്ടിരിക്കുന്നു |
| അപരസ്യതു | മറ്റൊന്നിനാകട്ടെ |
| പാദാഘാതാസ്പദം | പാദതാഡനപാത്രതയും വിധിക്കപ്പെട്ടിട്ടു |

| | |
|---|---|
| തദാരെ | അതിന്റെ വാതുക്കൽ |
| ദേഹളി | പാലതിരി ആയി |
| വിഹിതാ | പണതിണക്കപ്പെട്ടമിരിക്കുന്നു. |

പരിഭാഷ:— രണ്ടു കല്പകൾക്കും മലയിൽ ജന്മവും വിലയും വപുസ്സും ദാർഢ്യവും കാഠിന്യവും തുല്യമാകുന്നു. എന്നിരുന്നിട്ടും ഒന്നിന് അഖിലവന്ദനയ്ക്കായിട്ട ബ്രഹ്മാവിനാൽ ദേവത്വവും മറ്റൊന്നിന് പാദാഘാതാസ്പദവും ആരോപിക്കപ്പെട്ടിട്ട് അതിന്റെ വാതിൽ പട്ടി ആയി സ്ഥാപിക്കപ്പെട്ടിരിക്കയും ചെയ്യുന്നു.

മൂലം ൪.

ഖലപാടൊദിവസേശ്വരസ്യകിരണൈഃ സന്താപിതൊമസ്തകെ
വാഞ്ഛൻദേശമനാതപംവിധിവശാത്താലസ്യമൂലം ഗതഃ
തത്രാപ്യസ്യമഹാഫലൈലനപതിതഭഗ്നംസശബ്ദംശിരഃ
പ്രായൊഗച്ഛതിയത്ര ഭാഗ്യരഹിതസ്തത്രാപദാംഭാജനം.

| അന്വയം. | അന്വയാർത്ഥം. |
|---|---|
| ദിവസേശ്വരസ്യ | ആദിത്യന്റെ |
| കിരണൈഃ | കിരണങ്ങളെക്കൊണ്ടു |
| മസ്തകെ | തലയിൽ |
| സംതാപിതഃ | സംതപ്തനായിട്ട് |
| ഖലപാടഃ | കഷണ്ടിതലയൻ |
| അനാതപംദേശം | വെയിലില്ലാത്തസ്ഥലം |
| വാഞ്ഛൻ | അന്വേഷിച്ചുകൊണ്ട് |
| താലസ്യമൂലം | കരിമ്പനയുടെ ചുവട്ടിൽ |
| ഗതഃ | ചെന്നിരുന്നു. |
| തത്ര അസ്യ | അവിടെവച്ചു ഇതിന്റെ |
| സശബ്ദംപതതാ | ശബ്ദത്തോടുകൂടി വീഴുന്നതായ |
| മഹാഫലെന അപി | വലിയ തേങ്ങാകൊണ്ടു |
| ശിരഃഭിന്നം | തലപൊട്ടിപോയി. |

| | |
|---|---|
| പ്രായഃഭാഗ്യരഹിതഃ | പ്രായേണ ഭാഗ്യഹീനൻ |
| യത്ര ഗച്ഛതി | എവിടെ പോകുമോ |
| തത്ര ആപദാം | അവിടെ അവൻ ആപത്തു |
| ഭാജനം | പാത്രമാകുന്നു. (കഴിക്ക് |

പരിഭാഷ– തലയിൽ തട്ടിയ വെയിൽകൊണ്ടു സംതപ്തനായിട്ട ഒരു കഷണ്ടിതലയൻ മാഗ്ഗമദ്ധ്യേ ഒരു കരിമ്പനയുടെ ചുവട്ടിൽ ചെന്നിരുന്ന് വിശ്രമിക്കുമ്പോൾ അതിന്റെ തേങ്ങാ വീണ് തലപൊട്ടിപ്പോയി. ഭാഗ്യമില്ലാത്തവൻ എവിടെ പോകുമോ അവിടെ അവൻ ആപത്തുകൾക്ക് പാത്രമായി തീരുന്നു.

മൂലം ൭.

ആഹാരെശുചിതാധപനൈമധുരതാവാചാലതാമാധവെ
ബന്ധൌ നിമ്മമതാജനെഷുനിരതാ നീഡെപരാധിനതാ
എതെതെഗുണൈർയുതാഃപരഭൃതാസ്ത്യക്ത്വാകിമെതെജനാ
വന്ദന്തെഖലുചഞ്ജനംകൃമിഭുജം ചിത്രാഗതിഃകമ്മണാം.

| അന്വയം | അന്വയാർത്ഥം |
|---|---|
| ആഹാരെ ശുചിതാ | ഭക്ഷണത്തിൽ ശുചിത്വം |
| ധനൈമധുരതാ | സ്വരത്തിൽ മാധുര്യം |
| മാധവെ വാചാലതാ | വസന്തത്തിൽ വാഗ്മിത്വം |
| ബന്ധൌനിമ്മമതാ | ബന്ധുവർഗ്ഗത്തിൽനിസ്സ്വാർത്ഥത |
| ജനെഷ്വനിരതാ | സ്വജനങ്ങളിൽ രഞ്ജന, |
| നീഡെപരാധീനതാ | ഗൃഹത്തിൽ ആതിത്ഥ്യം |
| എതൈഃഗുണൈഃ | ഈ വക ഗുണങ്ങളോട് |
| യുതാഃ എവ | കൂടിയവ ആയിരുന്നിട്ടും |
| ത്യക്ത്വാപരഭൃതാഃ | കുയിലുകളെ പരിത്യജിച്ചിട്ട |
| എതെജനാഃ | ഈ ജനങ്ങൾ |
| കൃമിഭുജം | കൃമിഭുക്കായിരിക്കുന്ന |

| | |
|---|---|
| ഖഞ്ജം | ചട്ടനെ (കാക്കയെ) |
| കിംവന്ദന്തെ | എന്തുകൊണ്ടു വന്ദിക്കുന്നു? |
| കമ്മണാംഗതി | കമ്മങ്ങളുടെ ഗതി |
| ചിത്രാ | വിചിത്രമായിട്ടുള്ളതാകുന്നു |

പരിഭാഷ:— കുയിലുകൾക്കു ഭക്ഷണത്തിൽ ശുചിത്വവും സ്വരത്തിൽ വാസനയും വസന്തത്തിൽ പൂർവ്വാധികം ഗാനാസക്തിയും ബന്ധുമിത്രങ്ങളിൽ നിസ്സ്വാർത്ഥതയും ഗൃഹാഗതന്മാരിൽ ആതിഥ്യവും സ്വജനങ്ങളിൽ രഞ്ജനയും ഉണ്ട്. ഇതു എല്ലാം വിശേഷമുണ്ടായിരുന്നിട്ടും ജനങ്ങൾ ഈ കുയിലുകളെ അവഗണിച്ചു കുമിബുട്ടക്ഷു ആയിരുന്ന ചട്ടനെ (കാക്കയെ) വണങ്ങുന്നതെന്തു? കമ്മങ്ങളുടെ ഗതി വിചിത്രംതന്നെ.

മൂലം നാ.

ഗീതം കോകിലതെ മുദാരസവിദഃ ശൃണ്വന്തികർണ്ണാമൃതം
നോകിഞ്ചിൽദ്വിതരന്തിതെ തരുഗണൈരേവ സ്വയം ജീവസി
കർണ്ണാസ്യൂർഹരമുദ്ഗരന്തി വിരുതം കാകാസ്യതെഭ്രോഞ്ചലിം
പ്രാജ്ഞോഏവദിശന്തി ഹന്ത! ധിഗിദം വക്രംവിധേഃ ക്രീഡിതം.

| അന്വയം | അന്വയാർത്ഥം. |
|---|---|
| ഹെകോകില! | അല്ലയോ കുയിലേ |
| തെ കർണ്ണാമൃതം | നിന്റെ കർണ്ണാമൃതമായിരിക്കുന്ന |
| ഗീതം | പാട്ടിനെ |
| രസവിദഃ | രസജ്ഞന്മാർ |
| മുദാശൃണ്വന്തി | സസന്തോഷം ശ്രവിക്കുന്നു |
| തരുഗണൈഃ | വൃക്ഷപത്രങ്ങളേക്കൊണ്ടു |
| തെകിഞ്ചിൽ എവ | നിനക്ക് അല്പംപോലും |
| നതു വിതരന്തി | അവർ വിതരണംചെയ്യുന്നില്ലല്ലോ |
| സ്വയം ജീവസി | നീ സ്വയമായി ജീവിക്കുന്നു |
| കാകാഃതു | കാക്കകൾ ആകട്ടെ |

| | |
|---|---|
| കണ്ണായുർഹരം | കണ്ണുകഠോരമായ |
| വിരുതം | ക്രോംകാരത്തെ |
| ഉല്ഗരന്തി | ഉച്ചത്തിൽ ശബ്ദിക്കുന്നു |
| പ്രാജ്ഞാഃഏവ തെഭ്യ: | പണ്ഡിതന്മാർതന്നെയും അവയ്ക്കു |
| ബലിം | ബലിയേ |
| ദിശന്തി | സമർപ്പിക്കുന്നു |
| ധിക് | കഷ്ടം! |
| ഇദം വിധേഃ | ഇതു വിധിയുടെ |
| വക്രം ക്രീഡിതം | വികൃതമായ ക്രീഡ ആകുന്നു. |

പരിഭാഷഃ— അല്ലയോ കുയിലേ! കണ്ണാമൂതമായിരിക്കുന്ന നിന്റെ ഗാനത്തെ രസജ്ഞന്മാർ സന്തോഷമായി കേൾക്കുന്നു. തരുണകളങ്കളെക്കൊണ്ടു നിനക്ക് അല്പമെങ്കിലും വിതരണം അവർ ചെയ്യുന്നില്ലല്ലോ. നീ പരസഹായം കൂടാതെ ജീവിച്ചുപോരുന്നു. കാക്കകൾ ആകട്ടെ കണ്ണുപുടഭേദകമായിരിക്കുന്ന ക്രോംകാരത്തെ ഉച്ചത്തിൽ ധ്വനിപ്പിക്കുന്നു. പണ്ഡിതന്മാർ തന്നെയും അവയ്ക്കു പിണ്ഡംമുതലായവയെ സമർപ്പിക്കുന്നു. ഹാ കഷ്ടം! ഇതു വിധിയുടെ വക്രീഭൂതമായിരിക്കുന്ന ക്രീഡ ആകുന്നു.

മൂലം ൬.

നഭ്രൂതപൂർവ്വോ നചകേനദൃഷ്ടോ
ഹെമ്നഃകുരം ഗോനകദാപിചാത്താ
തഥാപിതൃഷ്ണാ രഘുനന്ദനസ്യ
വിനാശകാലെ വിപരീതബുദ്ധിഃ

| അന്വയം. | അന്വയാർത്ഥം. |
|---|---|
| ഹെമ്നഃകുരംഗഃ | സ്വർണ്ണംകൊണ്ടുള്ളമാൻ |
| നഭ്രൂതപൂർവ്വഃ | മുമ്പുണ്ടായിട്ടില്ല |
| നചകേനദൃഷ്ടഃ | യാതൊരുത്തനാലും കാണപ്പെട്ടിട്ടില്ല |

| | |
|---|---|
| നകളാ അപിവാത്ത | ഒരിക്കലും ഒരു വൃത്താന്തവുമുണ്ടായിട്ടില്ല |
| തഥാഅപി | അപ്രകാരമിരുന്നിട്ടും |
| രഘുനന്ദനസ്യ | ശ്രീരാമനു |
| തൃഷ്ണാ | മോഹം ഉണ്ടായി |
| വിനാശകാലെ | നാശകാലത്തിൽ |
| വിപരീതബുദ്ധി | പ്രതികൂലബുദ്ധി ഉണ്ടാകുന്നു |

പരിഭാഷ:— സ്വർണ്ണഹരിണം ഒരിക്കലും ഉണ്ടായിട്ടില്ല. അതിനെ ആരും കണ്ടിട്ടില്ല. അതിനെപ്പറ്റി ഒരു വർത്തമാനം പോലും കേട്ടിട്ടില്ല. എങ്കിലും ശ്രീരാമൻ സ്വർണ്ണഹരിണത്തെ അനുധാവനംചെയ്തു. വിനാശകാലത്തിൽ വിശിഷ്ടന്മാക്ക് വിപരീതബുദ്ധി ജനിക്കുന്നു.

മൂലം വ.

മലിനൈരളകൈരെതൈഃ ശ്രുക്തപാംപ്രകടീകൃതം
തദ്രോഷാദപി നിഷ്പാതാ വദനാദ്രദനാവലിഃ

| അന്വയം | അന്വയാർത്ഥം. |
|---|---|
| മലിനൈഃ | മലിനീകൃതങ്ങളായ |
| എതൈഃ അളകൈഃ | ഈ കുറുനിരകളാൽ |
| ശ്രുക്തപാംപ്രകടീകൃതം | ശ്രുത പ്രദർശിപ്പിക്കപ്പെട്ട |
| തദ്രോഷാൽ അപി | ആ അതൃപ്തിയാൽതന്നെ |
| വദനാൽ | വായിൽനിന്നു |
| രദനാവലി | പല്ലിൻെറനിരയും |
| നിഷ്പാതാ | നിർഗ്ഗമിച്ചുകളഞ്ഞു. |

പരിഭാഷ:—മലിനങ്ങളായ ഈ തലമുടികളാൽ ശ്രുക്തപാം പ്രകടിപ്പിക്കപ്പെട്ട. അതിനാലുള്ള അതൃപ്തി നിമിത്തം വായിൽനിന്നു പല്ലുകളും നിർഗ്ഗമിച്ചുകളഞ്ഞു.

മൂലം ൻ.

വീക്ഷ്യതെപലിതശ്രേണി നൈവവൃദ്ധസ്യമൂർദ്ധ്നി
മൃഷൈവനീതാ ജന്മേതികിംനുഭസ്മവിധിന്യധാൽ

| അന്വയം | അന്വയാർത്ഥം |
|---|---|
| വൃദ്ധസ്യ | വൃദ്ധന്റെ |
| മൂർദ്ധ്നി | തലയിലെ |
| ഫലിതശ്രേണിഃഏവ | നരകളുടെ ശ്രേഢരംതന്നെ |
| നവീക്ഷ്യതെ | വൃദ്ധനാൽകാണപ്പെട്ടുന്നില്ല |
| ജന്മ | ജീവിതം |
| മൃഷാഏവ | വ്യർത്ഥമായിതന്നെ |
| നീതം ഇനി | കഴിച്ചുകൂട്ടിഎന്നിങ്ങനെ |
| വിധിഃകിംതു | ബ്രഹ്മാവുഎന്തു |
| ഭസ്മ | ചാരം |
| ന്യധാൽ | വാരിയിട്ടതാകുമോ? |

പരിഭാഷഃ— തലമുടിയെല്ലാം നരച്ചിരിക്കുന്നതു വൃദ്ധനു കാണാൻ പാടില്ല. വ്യർത്ഥമായി ജന്മം കഴിച്ചുകൂട്ടി എന്നുവെച്ചു ബ്രഹ്മാവു തലയിലെല്ലാം ചാരം വാരിയിട്ടതാകുമോ?

മൂലം ക്ഠ.

ഇയത്യാമപിസാമഗ്ര്യാംസുകൃതം നകൃതംത്വയാഃ
ഇതീവകുപിതൊഽന്താനന്ത കഃപാതയദ്ധ്യുലം

| അന്വയം | അന്വയാർത്ഥം. |
|---|---|
| ഇയത്യാം | ഇത്ര അധികമായിരിക്കുന്ന |
| സാമഗ്ര്യാം അപി | സാധനത്തിൽതന്നെയും |
| ത്വയാസുകൃതം | നിന്നാൽ സുകൃതമൊന്നും |
| നകൃതം | ചെയ്യപ്പെട്ടില്ല |
| ഇതി | എന്നിങ്ങനെ |

| | |
|---|---|
| കുപിതഃ ഇവ | കുപിതനായിട്ടെന്നപോലെ |
| അന്തകഃ | യമൻ |
| മന്താൻ | പല്ലുകളെ |
| അലംപാതയതി | അശേഷം പറിച്ചുകളയുന്നു. |

ഭാഷാന്തരം:— ഇത്ര വളരെ സാമഗ്രികളെകൊണ്ടു നീ ഒരു സുകൃതവും ചെയ്തിട്ടില്ലല്ലൊ എന്നിങ്ങനെ കുപിതനായിട്ടു യമൻ പല്ലെല്ലാം പറിച്ചുകളയുന്നു.

മൂലം ൧൫.

യമമിവകരധൃതദണ്ഡംഹരിമിവസഗദംശശാങ്കമിവവക്ത്രം
ശിവമിവിത്രുപാക്ഷം ജരാകരൊത്യകൃതപുണ്യമപി

| അന്വയം | അന്വയാർത്ഥം |
|---|---|
| യമം ഇവ | അന്തകനെപ്പോലെ |
| കരധൃതദണ്ഡം | കയ്യിൽവടിധരിച്ചവനായിട്ടും |
| ഹരിം ഇവ | വിഷ്ണുവിനെപ്പോലെ |
| സഗദം | രോഗമുള്ളവനായിട്ടും |
| ശശാങ്കം ഇവ | ചന്ദ്രനെപ്പോലെ |
| വക്ത്രം | ക്ഷീണമുള്ളവനായിട്ടും |
| ശിവം ഇവ | ശിവനെപ്പോലെ |
| ത്രിനേത്രപാക്ഷം | ത്രിനേത്രപാക്ഷനായിട്ടും |
| ജരാ അപി | വാർദ്ധക്യം |
| അകൃതപുണ്യം | സുകൃതംചെയ്തിട്ടില്ലാത്തവനെ |
| കരൊതി | ആക്കിതീർക്കുന്നു |

ഭാഷാന്തരം:— ജര സുകൃതം ചെയ്തിട്ടില്ലാത്തവനെ അന്തകനെപ്പോലെ കയ്യിൽ വടിധരിച്ചവനായിട്ടും ഹരിയെപ്പോലെ രോഗമുള്ളവനായിട്ടും ചന്ദ്രനെപ്പോലെ ക്ഷീണമുള്ളവനായിട്ടും ശിവനെപ്പോലെ ത്രിനേത്രപാക്ഷനായിട്ടും ആക്കിതീർക്കുന്നു.

മൂലം ൧൨.

വദനംദശനവിഹീനംവാചോനപരിസ്ഫുടാഗതാശക്തി
അവ്യക്തേന്ദ്രിയശക്തിഃപുനരപികൃതംബാല്യംജരയാ.

| അന്വയം | അന്വയാർത്ഥം. |
|---|---|
| വദനം | വക്ത്രം |
| ദശനവിഹീനം | പല്ലില്ലാത്തതായിരിക്കുന്നു |
| വാചഃ | വാക്കുകൾ |
| ന പരിസ്ഫുടാഃ | അസ്പുടങ്ങളാകുന്നു |
| ശക്തിഃഗതാ | ആരോഗ്യം നശിച്ചിരിക്കുന്നു |
| ഇന്ദ്രിയശക്തി | പഞ്ചേന്ദ്രയങ്ങൾ |
| അവ്യക്താ | അശക്തങ്ങളാകുന്നു |
| ജരയാ | വാർദ്ധ്യംകൊണ്ട് |
| പുനഃഅപി | വീണ്ടും |
| ബാല്യംകൃതം | ബാല്യം അനുഭവപ്പെട്ടിരിക്കുന്നു |

ഭാഷാന്തരം:— വദനം ദശനവിഹീനവും വാക്ക് അസ്പുടവും ആരോഗ്യം നശിച്ചതും ഇന്ദ്രിയശക്തി വ്യക്തമല്ലാത്തതും ആയിരിക്കുന്നു. ഇങ്ങിനെ ജരകൊണ്ടുവീണ്ടും ബാല്യം ആഗതമായിരിക്കുന്നു.

മൂലം ൧൩.

കൃതാന്തസ്യദൂതീജരാകണ്ണമൂലെ
സമാഗത്യവക്ഷീതിലൊകഃശ്രുണുധ്വാ
പരസ്ത്രീപരദ്രവ്യവാഞ്ഛാംത്യജധ്വം
ഭജധ്വം രമാനാഥപാദാരവിന്ദം

| അന്വയം. | അന്വയാർത്ഥം. |
|---|---|
| കൃതാന്തസ്യ | യമന്റെ |
| ദൂതീജരാ | സന്ദേശവാഹിനിആയിരിക്കുന്നജര |
| കണ്ണമൂലെസമാഗത്യ | കണ്ണമൂലത്തിങ്കൽ സമാഗമിച്ചിട്ട |

| | |
|---|---|
| ലൊകാഃശ്രുണ്വന്തു | മനുഷ്യരെനിങ്ങൾകേട്ടാലും |
| പരസ്ത്രീപരദ്രവ്യവാഞ്ഛാം | പരസ്ത്രീ,പരദ്രവ്യമോഹത്തെ |
| ത്യജന്തു | ഉപേക്ഷിച്ചാലും |
| രമാനാഥപാദാരവിന്ദം | വിഷ്ണുഭഗവാന്റെപാദകമലത്തെ |
| ഭജന്തു | സേവിച്ചാലും |
| ഇതി വക്തി | എന്നു ഉപദേശിക്കുന്നു |

പരിഭാഷ:— അന്തകന്റെ ദൂതി ആയിരിക്കുന്ന ജര കണ്ണുമൂലത്തിങ്കൽ വന്നിരുന്നിട്ട ലോകരെ! നിങ്ങൾ കേട്ടാലും പരസ്ത്രീ, പരദ്രവ്യം എന്നിപ്രകാരമുള്ള മോഹഹങ്ങളെ പരിത്യജിച്ചാലും, രമാനാഥപാദാരവിന്ദത്തെ സേവിച്ചാലും എന്നു ഉപദേശിക്കുന്നു.

മൂലം ൪൮.

പട്ടരടതിപലിതദൂതോമസ്തകമാസാദ്യസർവ്വലൊകസ്യ—
പരിഭവതിജരാ മരണം കുരുധർമ്മം, വിരമപാപെഭ്യഃ

| അന്വയം | അന്വയാർത്ഥം. |
|---|---|
| സർവ്വലോകസ്യ | സർവ്വലോകത്തിന്റെയും |
| മസ്തകം ആസാദ്യ | തലയിൽ വന്നിരുന്നിട്ട |
| പലിതദൂതഃ | നര ആകുന്ന ദൂതൻ |
| ജരാമരണം | ജരാമരണത്തെ |
| പരിഭവതി | ആനയിക്കുന്ന |
| കുരുധർമ്മം | പുണ്യംചെയ്താലും |
| പാപേഭ്യഃവിരമ | അധർമ്മങ്ങളിൽ നിന്നു നിവർത്തിച്ചാലും |
| ഇതിപട്ടരടതി | എന്നിങ്ങനെ ഉച്ചത്തിൽ വിളിച്ചു പറയുന്നു. |

പരിഭാഷ:— നര ആകുന്ന ഭ്രതൻ സകല മനുഷ്യരുടേയും തലയിൽ ആവിർഭവിച്ചിട്ട്, വഞ്ചകനായിട്ട

ജര മരണത്തെ കൊണ്ടുവരുന്നു. ധർമ്മംചെയ്യാലും! അധർമ്മങ്ങളിൽ നിന്നു വിരമിച്ചാലും! എന്നു ഉച്ചത്തിൽ വിളിച്ചു പറയുന്നു.

മൂലം ൪൭.

ഗാത്രംസങ്കുചിതം ഗതിർവിഗളിതാഭ്രഷ്ടാ ച ദന്താവലിഃ
ദൃഷ്ടിർനശ്യതി വർദ്ധതേ ബധിരതാ വക്ത്രം ചലാലായതേ
വാക്യംനാദ്രിയതേ സ്വബാന്ധവജനൈർഭ്യോപ്യന ശുശ്രൂഷതേ
ഹാകഷ്ടം പുരുഷസ്യജീർണ്ണവയസഃ പുത്രോപ്യമിത്രായതേ.

| അന്വയം | അന്വയാർത്ഥം. |
|---|---|
| ഗാത്രം സങ്കുചിതം | ശരീരം ക്രുന്നുള്ളതായിരിക്കയും |
| ഗതിഃ വിഗളിതാ | ഗതിവിഗളിതമായിരിക്കയും |
| ദന്താവലിഃ ഭ്രഷ്ടാ | പല്ലുകളെല്ലാം പൊഴിഞ്ഞുപോയിരിക്കയും |
| ദൃഷ്ടി നശ്യതി | കണ്ണുകാണാതിരിക്കയും |
| ബധിരതാ വർദ്ധതേ | കേൾവികുറവു വർദ്ധിക്കയും |
| വക്ത്രം ചലാലായതേ | വദനം ഈത്താവാറുകയും |
| ബാന്ധവജനൈഃ | ബന്ധുക്കളാൽ |
| വാക്യംന ആദ്രിയതെ | വാക്ക് ആദരിക്കപ്പെടാതിരിക്കയും |
| ഭാര്യാ | ഭാര്യ |
| നശുശ്രൂഷതെ | ശുശ്രൂഷിക്കാതിരിക്കയും |
| ഹാകഷ്ടം | ഹാകഷ്ടം! |
| ജീർണ്ണവയസഃ | വൃദ്ധനായിരിക്കുന്ന |
| പുരുഷസ്യ | മനുഷ്യന്റെ |
| പുത്രഃ അപി | പുത്രൻതന്നെയും |
| ച അമിത്രായതെ | അമിത്രമായിതീരുകയും ചെയ്യുന്നു |

പരിഭാഷഃ— ക്രുന്നുപിടിച്ചുചുക്രുടാതെ ഗതിയും വൈകല്യപ്പെട്ടിരിക്കുന്നു. പല്ലെല്ലാം പൊഴിഞ്ഞുപോയിരിക്കുന്നു. കണ്ണിനുമൂടലായി. ബധിരതയും വർദ്ധിച്ചുവരുന്നു. ഈത്താവാറാനും തുടങ്ങിയിരിക്കുന്നു. ബന്ധുവർഗ്ഗങ്ങളാൽ

വാക്ക അനാദരിക്കപ്പെടുകയും ഭായ് ശുശ്രൂഷിക്കാതിരിക്കയുംചെയ്യുന്നു. വലിയകഷ്ടംതന്നെ. വൃദ്ധനായപുരുഷന്റെ പുത്രൻതന്നെയും അമിത്രമായിതീരുന്നു.

മൂലം ൬൯.

ഉഡുഗണപരിവാരോ നായകോപ്യൗഷധീനാ
മമൃതമയശരീരഃ കാന്തിയുക്തോപചന്ദ്രഃ
ഭവതിവിഗതരശ്മിർമ്മണ്ഡലം പ്രാപ്യഭാനോഃ
പരസദനനിവിഷ്ടഃ കോലഘുത്വംനയാതി?

| അന്വയം | അന്വയാർത്ഥം. |
|---|---|
| ഉഡുഗണപരിവാരഃ | നക്ഷത്രങ്ങളാൽ പരിവൃഢനായി |
| ഓഷധീനാംഅപി | ഔഷധികൾക്ക് പോലും |
| നായകഃ | നായകനായി |
| അമൃതമയശരീരഃ | അമൃതമയശരീരനായി |
| കാന്തിയുക്തഃ | കാന്തിയുക്തനായിരിക്കുന്ന |
| ചന്ദ്രഃ അപി | ചന്ദ്രൻ തന്നെയും |
| ഭാനോഃമണ്ഡലം | സൂര്യന്റെ മണ്ഡലത്തെ |
| പ്രാപ്യ | പ്രാപിച്ചിട്ട |
| വിഗത രസ്മിഃ | നിഷ്പ്രകാശനായിട്ട |
| ഭവതി | തീരുന്നു. |
| പരസദന നിവിഷ്ടഃ | പരഗൃഹവാസം ചെയ്തിട്ട |
| കഃ ലഘുത്വം | ആർ ലാഘവത്തെ |
| നയാതി | പ്രാപിക്കുന്നില്ല? |

പരിഭാഷഃ- നക്ഷത്രങ്ങളാൽ പരിവൃഢനായി, സസ്യാദികൾക്ക് നാഥനായി അമൃത ശരീരനായി ശോഭയുള്ളവനായിരിക്കുന്ന ചന്ദ്രൻതന്നെയും ആദിത്യ മണ്ഡലത്തെ പ്രാപിക്കുമ്പോൾ പ്രകാശമില്ലാത്തവനായി തീരുന്നു. പരഗൃഹവാസം നിമിത്തം ആർക്കാണ് ലാഘവം സംഭവിയ്ക്കാത്തത്?

മൂലം ൬൯.

വിനാ കായ്യേണ യെ മൂഢാ ഗച്ഛന്തി പര മന്ദിരം
അവശ്യം ലഘ്വതാം യാ തി കൃഷ്ണപക്ഷെ യഥാ ശശീ

| അന്വയം | അന്വയാർത്ഥം |
|---|---|
| കൃഷ്ണപക്ഷെ | കറുത്തപക്ഷത്തിൽ |
| ശശീ യഥാ | ചന്ദ്രൻ എപ്രകാരമൊ |
| തഥാവിനാകായ്യേണ | അപ്രകാരംതന്നെ കായ്ംക്രുടാതെ |
| യെ പരമന്ദിരം | യാവചിലർ അന്യഗ്രഹത്തെ |
| ഗച്ഛന്തി | ഗമിയ്ക്കുന്നുവൊ |
| തെ മൂഢാഃ | ആ മൂഢന്മാർ |
| അവശ്യം | നിസ്സംശയം |
| ലഘ്വതാം യാതി | ലാഘവത്തെ പ്രാപിക്കുന്നു. |

പരിഭാഷ:— കായ്മൊന്നും ക്രുടാതെ അന്യഗ്രഹത്തിങ്കൽ ചെന്നിരിക്കുന്നവർ ആരായിരുന്നാലും ആ മൂഢന്മാർ കൃഷ്ണപക്ഷത്തിൽ ചന്ദ്രനെന്നപോലെ അവശ്യം ലാഘവത്തെ പ്രാപിക്കുന്നു.

മൂലം ൬൰.

അസ്യദഗ്ദ്ധോദരസ്യാർത്ഥെ കിന്നകുർവ്വന്തി പണ്ഡിതാഃ
വാനരീമിവ വാശ്വെവിം നർത്തയന്തി ഗൃഹെഗൃഹെ.

| അന്വയം | അന്വയാർത്ഥം |
|---|---|
| അസ്യദഗ്ദ്ധോദരസ്യ | ഈ ഭക്ഷണാക്തിയുള്ള ഉദരത്തി |
| അർത്ഥ | പൂരണാർത്ഥം ൻെറ |
| പണ്ഡിതാഃ | പണ്ഡിതന്മാർ |
| കിംന കുർവ്വന്തി | എന്തിനെ ചെയ്യുന്നില്ല |
| വാനരീം ഇവ | കുരങ്ങിനെ എന്നപോലെ |
| വാശ്വെവിം | സരസ്വതിയെ |

| | |
|---|---|
| ഗൃഹഗൃഹെ | വീടുതോറും |
| നർത്തയന്തി | കളിപ്പിക്കുന്നു. |

പരിഭാഷ:— ഉദരപൂരണത്തിനായി പണ്ഡിതന്മാർപോലും എന്തു ചെയ്യുന്നില്ല? കുരങ്ങിനെ എന്നപോലെ അവർ വാശ്യവിയെ വീടുതോറും കളിപ്പിച്ചും കൊണ്ടു നടക്കുന്നു.

മൂലം ഫൻ

സേചാശ്വവൃത്തിർയൈരുക്താനതൈഃ സമ്യഗുദാഹൃതാ
സ്വച് ഛന്ദചാരീ കുത്രശ്വാ ക്രീതാസുഃ ക്വസേവകഃ

| അന്വയം | അന്വയാർത്ഥം. |
|---|---|
| യൈഃസേവാ | യാവ ചിലരാൽ സേവ |
| ശ്വവൃത്തിഃ ഉക്താ | പട്ടിയുടെ ജീവനോപായം എന്നു പറയപ്പെട്ടുവോ |
| തൈഃ സമ്യക് | അവരാൽ അതുസമ്യക്കാകുംവണ്ണം |
| ന ഉദാഹൃതം | ഉദാഹരിക്കപ്പെട്ടില്ല |
| കുത്രസ്വച് ഛന്ദചാരീ | യഥേഷ്ടം സഞ്ചരിക്കുന്ന |
| ശ്വാ | പട്ടി എവിടെ? |
| ക്വ വിക്രീതാസുഃ | വിക്രീതാത്മനായിരിക്കുന്ന |
| സേവകഃ | സേവകൻ എവിടെ? |

പരിഭാഷ:— ചിലർ സേവാവൃത്തിയെ പട്ടിയുടെ ജീവിതത്തോടുപമിച്ചിട്ടുണ്ട്. ഈ ഉപമാവാചകത്തിൽ ഉപമാനോപമേയങ്ങൾക്ക് വേണ്ടതായ സാധാരണ ധർമ്മം ഉണ്ടോ എന്നു സംശയിക്കേണ്ടിയിരിക്കുന്നു. യഥേഷ്ടം സഞ്ചരിക്കുന്ന പട്ടിയും വിക്രീതാത്മനായിരിക്കുന്ന സേവകനും തമ്മിൽ ഉണ്ടായിരിക്കുന്ന അന്തരം അത്ര വലുതായിരിക്കുന്നു.

മൂലം ൨൦.

ചലംവിത്തം ചലംചിത്തം ചലെ ജീവിതയൌവനെ
ചലാചലമിദംസർവ്വം കീർത്തിർയസ്യസജീവതി.

| അന്വയം | അന്വയാർത്ഥം |
|---|---|
| ചലംവിത്തം | സമ്പത്തു നിശ്ചലമല്ലാ. |
| ചലംചിത്തം | മനസ്സു ചഞ്ചലമുള്ളതാകുന്നു. |
| ജീവിതയൌവനെ | ജീവിതയൌവനങ്ങൾ |
| ചലെ | അസ്ഥിരങ്ങളായിരിക്കുന്നു. |
| ഇദം സർവ്വം | ഈ ലോകമെല്ലാം |
| ചലാചലം | ചലാചലമാകുന്നു |
| യസ്യകീർത്തിഃ | ആക്ക കീർത്തി ഉണ്ടൊ |
| സഃ ജീവതി. | അവൻ ജീവിക്കുന്നു. |

പരിഭാഷ— ധനവും മനസ്സും ജീവിതയൌവനങ്ങളും എന്നുവേണ്ടാ ഈ ലോകം തന്നെയും നശ്വരവും അസ്ഥിരവുമാകുന്നു. ഇവിടെ ആക്ക ശ്രേയസ്സുണ്ടൊ അവൻ മാത്രം ജീവിക്കുന്നു.

മൂലം ൨൧.

സജാതോയെന ജാതേന യാതിവംശഃ സമുന്നതിം
പരിവർത്തിനി സംസാരെ മൃതഃ കൊവാനജായതെ.

| അന്വയം. | അന്വയാർത്ഥം. |
|---|---|
| യെന ജാതെന | യാതൊരു പുത്രനെക്കൊണ്ടു |
| വംശഃ സമുന്നതിം | കുലം പ്രകർഷേണ ഉന്നതിയെ |
| യാതി | പ്രാപിക്കുന്നുവോ |
| സഃ ജാതഃ | അവൻതന്നെ പുത്രൻ |
| പരിവർത്തിനി | പരിവർത്തനം ചെയ്യുന്ന |
| സംസാരെ | ഐഹികത്തിൽ |
| കഃ നമൃതഃ വാ | ആരു മരിക്കാതെയും |

ന ജായതെ ജനിക്കാതെയും ഇരിക്കുന്നു.

പരിഭാഷ:— യാതൊരു പുത്രനെക്കൊണ്ടു കുലം കീർത്തിയെ നേടുന്നുവൊ അവൻ തന്നെ പുത്രൻ. ഭൂമണം ചെയ്യുന്ന സംസാരത്തിൽ ആരു ജനിക്കയും മരിക്കയും ചെയ്യുന്നില്ല.

മൂലം ൫൨.

യൊനാത്മജെ നചഗുരൌ നചഭൃത്യവർഗ്ഗെ;
ദീനെദയാം നകുരുതെ നചബന്ധുവർഗ്ഗെ;
കിംതസ്യ ജീവിതഫലം ഹിമനുഷ്യലോകെ
കാകോപിജീവതിചിരായ ബലിംചഭുങ്ക്തെ.

| അന്വയം | അന്വയാർത്ഥം. |
|---|---|
| യഃ ന ആത്മജെ | യാവനൊരുത്തൻ പുത്രനിലും |
| ന ഗുരൌ | ഗുരുവിലും |
| ച ദീനെ | സാധുക്കളായ |
| ഭൃത്യവർഗ്ഗെ | ഭൃത്യവർഗ്ഗത്തിലും |
| നച ബന്ധുവർഗ്ഗെ | ബന്ധുവർഗ്ഗത്തിലും |
| ദയാം | ദാക്ഷിണ്യത്തെ |
| നകുരുതെ | ചെയ്യുന്നില്ലയൊ |
| കിം തസ്യ | അവന്നു |
| മനുഷ്യലോകെ | മനുഷ്യവർഗ്ഗത്തിൽ |
| ജീവിതഫലം | ജീവിതഫലം എന്തു? |
| ഹി | എന്തുകൊണ്ടെന്നാൽ |
| കാകഃ അപി | കാക്കതന്നെയും |
| ചിരായ ജീവതി | വളരെക്കാലത്തേക്ക് ജീവിക്കയും |
| ബലിം ചഭുങ്ക്തെ | പിണ്ഡത്തെ ഭുജിക്കയും ചെയ്യുന്നു. |

പരിഭാഷ:— യാതൊരുത്തൻ പുത്രന്നാകട്ടെ ഗുരുവിന്നാകട്ടെ ആശ്രിതന്മാക്കാകട്ടെ, ബന്ധുമിത്രാദികൾക്കാകട്ടെ യാതൊരനുഗ്രഹവും ചെയ്യുകൊടുക്കുന്നില്ല

യൊ മനുഷ്യലോകത്തിൽ അവനു എന്തു ജന്മസാഫല്യമാണുള്ളതു? കാക്ക ജീവിക്കയും പിണ്ഡമുണ്ണുകയും ചെയ്യുന്നു.

മൂലം ൨൬.

യസ്യജീവന്തി ധർമ്മേണ പുത്രാ മിത്രാണി ബാന്ധവാഃ
സഫലം ജീവിതം തസ്യ നാത്മാർത്ഥേ കോപിജീവതി

| അന്വയം. | അന്വയാർത്ഥം |
|---|---|
| യസ്യപുത്രാഃ | യാവനൊരുത്തന്റെ പുത്രന്മാരും |
| മിത്രാണി | മിത്രങ്ങളും |
| ച്ചബാന്ധവാഃ | ബന്ധുക്കളും |
| ധർമ്മേണ | ധർമ്മം കൊണ്ടു |
| ജീവന്തി | കാലം കഴിക്കുന്നുവൊ |
| തസ്യജീവിതം | അവന്റെ ആയുഷ്കാലം |
| സഫലം | ഫലപ്രദമാകുന്നു. |
| ആത്മാർത്ഥേ | ആത്മാർത്ഥത്തിൽ |
| കഃ അപി | ആരു തന്നെ |
| ന ജീവതി | ജീവിക്കുന്നില്ല. |

പരിഭാഷ:— യാവനൊരുത്തന്റെ പുത്രന്മാരും ബന്ധുവർഗ്ഗവും മിത്രങ്ങളും ധർമ്മം കൊണ്ടു കാലയാപനം ചെയ്യുന്നുവൊ അവന്റെ ജീവിതം നിഷ്ഫലമാകുന്നില്ല. ആത്മാർത്ഥത്തിനായിട്ടു ആരുതന്നെ ജീവിക്കുന്നില്ല?

മൂലം ൨൭.

വാണീരസവതീ യസ്യഭാര്യ്യാ പുത്രവതീ സതീ
ലക്ഷ്മീർദ്ദാനവതീ സഫലം തസ്യജീവിതം

| അന്വയം | അന്വയാർത്ഥം |
|---|---|
| യസ്യ | യാവനൊരുത്തനു |
| രസവതീ | ഹൃദയംഗമമായ |

| | |
|---|---|
| വാണി | വാക്കും |
| സതീ | ധാമ്മികയായി |
| പുത്രവതീ | പുത്രവതിയായിരിക്കുന്ന |
| ഭാര്യാ | ഭാര്യയും |
| മാനവതീ | മാനശീലമുള്ള |
| ലക്ഷ്മീഃ | കമലയും ഉണ്ടോ |
| തസ്യജീവിതം | അവന്റെ ജന്മം |
| സഫലം | നിഷ്ഫലമാകുന്നില്ല. |

പരിഭാഷ:— ആക്ക മാധുര്യമായിരിക്കുന്ന വാക്കും ധമ്മാചരിണിയും പുത്രവതിയും ആയിരിക്കുന്ന ഭാര്യയും മാനശീലമുള്ള ലക്ഷ്മിയും ഉണ്ടായിരിക്കുന്നോ അവന്റെ ജീവിതം സഫലമാകും.

മൂലം ൨൭.

നവിഷം വിഷമിത്യാ ഹുർദേവസ്വം വിഷമുച്യതെ
വിഷമേകാകിനം ഹന്തി ദേവസ്വം പുത്രപൌത്രികം

| അന്വയം | അന്വയാർത്ഥം |
|---|---|
| വിഷം | വിഷം |
| ന വിഷം | വിഷമല്ല |
| ഇതി ആഹുഃ | എന്നു ലോകർ പറയുന്നു |
| ദേവസ്വം | ദേവസ്വം |
| വിഷം ഉച്യതെ | വിഷമെന്നു പറയപ്പെടുന്നു |
| വിഷം ഏകാകിനം | വിഷം ഒരുവനെ മാത്രം |
| ഹന്തി | ഹനിക്കുന്നു |
| ദേവസ്വം | ദേവസ്വം |
| പുത്രപൌത്രീകം | പുത്രപൌത്രാദി സന്താനത്തെ |
| ഹന്തി | നശിപ്പിക്കുന്നു. |

പരിഭാഷഃ— താരതമ്യേന വിഷം വിഷമല്ലെന്നും ദേവസ്വംതന്നെ വിഷമെന്നും പറയപ്പെടുന്നു. വി

ഷം ഒരുവനെമാത്രം ഹനിക്കുന്നു. ദേവസ്വമാകട്ടെ സന്തതിനാശത്തിനു കാരണമായിതീരുന്നു.

മൂലം ൨൯.

പാപംകൃത്വാധനംകൃത്വാ മന്യന്തെമാനവാഃ സുഖം
പരിണാമേതിഗഹനെ മഹതാമപി നാശകൃൽ

| അന്വയം | അന്വയാർത്ഥം. |
|---|---|
| പാപം കൃത്വാ | പാപം ചെയ്യുന്നതും |
| ധനം കൃത്വാ | കടം വാങ്ങുന്നതും |
| സുഖം മാനവാഃ | സുഖകരമെന്നു മനുഷ്യർ |
| മന്യന്തെ | വിചാരിക്കുന്നു. |
| പരിണാമഃ | അവസാനം |
| അതിഗഹനഃ | അതിഗഹനമാകുന്നു. |
| മഹതാം അപി | മഹത്തുക്കൾക്കുപോലും |
| നാശകൃൽ | നാശഹേതുകമാകുന്നു. |

പരിഭാഷ:— അധർമ്മം പ്രവർത്തിക്കുന്നതും കടം വാങ്ങുന്നതും സുഖമെന്നു ജനസാമാന്യം ചിന്തിക്കുന്നു. പരിണാമം അതിഗഹനമായിട്ടുള്ളതാകുന്നു. മഹത്തുക്കൾക്ക് പോലും അതു നാശകാരണമായിതീരുന്നു.

മൂലം ൨൭.

യൊനസഞ്ചരതെ ദേശാൽ യൊനസേവേതപണ്ഡിതാൻ
തസ്യസംകുചിതാബുദ്ധിഃ പ്ലവമിന്ദുരിവാംഭസി.

| അന്വയം. | അന്വയാർത്ഥം. |
|---|---|
| യഃ ദേശാൽ | യാവനൊരുത്തൻ ദേശ |
| ന സഞ്ചരതെ | സഞ്ചാരം ചെയ്യാതെയും |
| യഃ പണ്ഡിതാൻ | വിദ്വജ്ജനങ്ങളോടു് |

| | |
|---|---|
| ന സേവെത | സംപക്കം ചെയ്യാതെയും ഇരിക്കുന്നവൊ |
| തസ്യബുദ്ധിഃ | അവന്റെ ബുദ്ധി |
| അംഭസി | വെള്ളത്തിൽ |
| ഇവ ഘ്ൃതവിന്ദുഃ | നെയ്തുള്ളി എന്നപോലെ |
| സംകുചിതാ | അവിസ്താരിതമാകുന്നു. |

പരിഭാഷഃ— ദേശാടനം ചെയ്യാതെയും വിദ്വജ്ജനങ്ങളുമായി സഹവസിക്കാതെയും ഇരിക്കുന്നവന്റെ ബുദ്ധി വെള്ളത്തിൽ ഘ്ൃതവിന്ദു എന്നപോലെ സംകുചിതമായിതീരുന്നു

മൂലം ൨൫.

യസ്യസഞ്ചരതെ ദേശാൻ യസ്യസേവേതപണ്ഡിതാൻ
തസ്യവിസ്തൃതാബുദ്ധിഃ തൈലവിന്ദുരിവാംഭസി:

| അന്വയം | അന്വയാർത്ഥം |
|---|---|
| യഃ തു | യാതൊരുത്തനാകട്ടെ |
| ദേശാൻ സംചാരതെ | ദേശ സഞ്ചാരം ചെയ്കയും |
| യഃ തു പണ്ഡിതാൻ സേവെത | യാതൊരുത്തനാകട്ടെ പണ്ഡിത സഹവാസം ചെയ്യുകയും ചെയ്യുന്നൊ |
| തസ്യബുദ്ധിഃ | അവന്റെ ബുദ്ധി |
| അംഭസി | വെള്ളത്തിൽ |
| ഇവതൈലവിന്ദുഃ | എണ്ണത്തുള്ളി എന്നപോലെ |
| വിസ്താരിതാ | അഭിവൃദ്ധിതമായിരുന്നു. |

പരിഭാഷഃ— ദേശസഞ്ചാരം ചെയ്കയും പണ്ഡിതന്മാരുമായി സഹകരിയ്കയും ചെയ്യുന്നവന്റെ ആശയം വെള്ളത്തിൽ എണ്ണ എന്നപോലെ വിശാലമായിതീരുന്നു.

മൂലം. ൬൯.

വ്യാപാരാന്തരമുൽസൃജ്യ വീക്ഷ്യമാണോ വധൂമുഖം
യോഗൃഹേഷ്വേവ നിദ്രാതി ദരിദ്രാതി സ ദുർമ്മതിഃ

| അന്വയം. | അന്വയാർത്ഥം. |
|---|---|
| വ്യപാരാന്തരം | ഇതരവ്യാപാരത്തെ |
| ഉൽസൃജ്യ | ഉപേക്ഷിച്ചിട്ട |
| വധൂമുഖം | ഭാര്യാമുഖത്തെ |
| വീക്ഷ്യമാണഃ | കണ്ടുംകൊണ്ട |
| യഃ ഗൃഹേഷ്വേവ | യാവനൊരുത്തൻ വീടുകളിൽ തന്നെ |
| നിദ്രാതി | ഉറങ്ങികൊണ്ടിരിക്കുന്നവൊ |
| സഃ ദുർമ്മതിഃ | ആ ദുർബുദ്ധി |
| ദരിദ്രാതി | ദരിദ്രനായിതീരുന്നു. |

പരിഭാഷഃ— യാതൊരുത്തൻ ഇതരവ്യാപാരമെല്ലാം ഉപേക്ഷിച്ചിട്ട വധൂമുഖത്തെ വീക്ഷിച്ചുംകൊണ്ട വീട്ടിൽ തന്നെ ഉറങ്ങിക്കൊണ്ടിരുന്ന കാലം കഴിക്കുന്നവൊ ആ ദുർബുദ്ധി ദരിദ്രനായിതീരുന്നു.

മൂലം ൯൰.

കൃതെചരേണുകാകൃത്യാ ത്രേതായാം ജാനകീ തഥാ
ദ്വാപരേ ദ്രൌപതീകൃത്യാ കലൌകൃത്യാ ഗൃഹെഗൃഹെ.

| അന്വയം | അന്വയാർത്ഥം |
|---|---|
| കൃതെ | കൃതയുഗത്തിൽ |
| രേണുകാ | ജമദഗ്നിയുടെ ഭാര്യ ആയിരുന്ന രേണുക |
| കൃത്യാ | വ്യഭിചാരിണി ആയിരുന്നു. |
| തഥാത്രെതായാം | അപ്രകാരം തന്നെ ത്രേതായുഗത്തിൽ |

| | |
|---|---|
| ജാനകീ | സീതയും ആയിരുന്നു. |
| ദ്വാപരെ | ദ്വാപരയുഗത്തിൽ |
| ദ്രൌപദീ | ദ്രൌപദിയും |
| കൃത്യാ | വ്യഭിചാരിണി ആയിരുന്നു. |
| കലൌ | കലിയുഗത്തിൽ |
| ച ഗൃഹെഗൃഹെ | വീടുതോറും |
| കൃത്യാ | വ്യഭിചാരിണി ഉണ്ടായിരിക്കുന്നു. |

പരിഭാഷ:— കൃ,വെ,൦൦൦ സംവത്സരമുണ്ടായിരുന്ന കൃതയുഗത്തിൽ രേണുക വ്യഭിചാരിണി ആയിരുന്നു. കൃ,ത്രേ,൧൦൦ സംവത്സരമുണ്ടായിരുന്ന ത്രേതായുഗത്തിലും സീത വ്യഭിചാരിണി ആയിരുന്നു. ദ്വാ,൮൦൦൦; സംവത്സരമുണ്ടായിരുന്ന ദ്വാപരയുഗത്തിലും ദ്രൌപതി വ്യഭിചാരിണി ആയിരുന്നു. ക,ലി,൪൩൨൦൦൦; സംവത്സരമുള്ള കലിയുഗത്തിലാകട്ടെ വീടുതോറും വ്യഭിചാരിണികൾ ഉണ്ടായിരിക്കുന്നു.

രേണുക— ജമദഗ്നിയുടെ ഭാര്യയും പരശുരാമൻ തുടങ്ങി ഉള്ള പുത്രന്മാരുടെ മാതാവും ആയിരുന്നു. വ്യഭിചാരം നിമിത്തം ഇവളുടെ ശിരഛേദം ചെയ്യണമെന്നു പിതാവു പുത്രന്മാരോടാജ്ഞാപിച്ചു. പരശുരാമനെ ഒഴിച്ചുള്ള പുത്രന്മാർ ഈ ആജ്ഞയെ ധിക്കരിച്ചുകളഞ്ഞു. എന്നാൽ പരശുരാമൻ പിതൃഭക്തി നിമിത്തം മാതാവിന്റെ ശിരഛേദംചെയ്കയും, പിന്നെ പിതാവിനോട് ഒരു വരം യാചിക്കയും, ഈ വരം ഹേതുവായിട്ട പിതാവിനെക്കൊണ്ടു മാതാവിനെ പുനർജ്ജീവിപ്പിക്കയും ചെയ്തു.

സീത— മിഥിലാരാജാവായിരുന്ന ജനകന്റെ പുത്രി ആയിരുന്നു. ഇവളെ വേളികഴിച്ചതു് ശ്രീരാമനായിരുന്നു. ഈ ജനകരാജാവു് സന്തതിലാഭത്തിനായിട്ട ഒരു യജ്ഞം നടത്തുന്നതിനു നിശ്ചയിച്ചു. ഇതിലേക്കായി ഒരു സ്ഥലം ഉഴുതു തയാറാക്കിക്കൊണ്ടിരിക്കുമ്പോൾ

അതിൽനിന്നും ഈ സീതാ ആവിർഭവിച്ചു എന്നാണ് പുരാണങ്ങൾ ഘോഷിക്കുന്നതു്. അയോനിജാ, ധരാപുത്രീ എന്നീ പേരുകളും സീതയെപറ്റി പറയപ്പെടാവുള്ളതു ഈ പൌരാണികകഥ പരാമർശിക്കതന്നെ ചെയ്യുന്നു. പതിന്നാലു സംവത്സരത്തോളം ദീർഘിച്ചതായ വനാന്തരവാസത്തിൽ വെച്ചു് ലങ്കാധിപതി ആയിരുന്ന രാവണൻ വേഷച്ഛന്നനായി വന്നു ഈ സീതയെ അപഹരിച്ചുകൊണ്ടുപോയി. തന്റെ ഭാര്യയെ വീണ്ടെടുക്കുന്നതിന്നായി ശ്രീരാമൻ വാനരസൈന്യത്തോടുകൂടി ലങ്കയിൽ കടന്നു രാവണനെ സകുലം കുലചെയ്തു. പിന്നെ സീതയോടൊരുമിച്ചു അയോദ്ധ്യയിലേക്ക് മടങ്ങിപോന്നു. എങ്കിലും ദോഷശങ്കനിമിത്തം ശ്രീരാമൻ തന്റെ ധർമ്മപത്നിയെ പരിത്യജിച്ചു.

ദ്രൌപതി— പാഞ്ചാലരാജാവായിരുന്ന ദ്രുപദന്റെ പുത്രി ആയിരുന്നു. ഇവളുടെ സ്വയംവരത്തിൽ അർജ്ജുനൻ ഇവളുടെ ഭർത്താവായിതീർന്നശേഷം പാണ്ഡവന്മാർ സ്വഗൃഹത്തിൽ വന്നുചേർന്നപ്പോൾ തങ്ങൾക്കുള്ള ഒരു വിശേഷസമ്പാദ്യം സിദ്ധിക്കയുണ്ടായി എന്നു ഇവരുടെ മാതാവിനോടറിയിച്ചു. കൊള്ളാം നന്നായി. എന്നാൽ ഇതു നിങ്ങൾ എല്ലാവരും ഒന്നുപോലെ അനുഭവിച്ചുകൊള്ളണം എന്നു മാതാവു ആജ്ഞാപിച്ചു. ഇവളുടെ ആജ്ഞ ഏതുകാര്യത്തിലും അലംഘ്യമായിതന്നെ ഇരിക്ക അല്ലാതെ മറ്റുവിധം സംഭവിക്ക ഇല്ല. അഞ്ചു ഭർത്താക്കന്മാർക്കു ദ്രൌപതി ഭാര്യ ആയിതീർന്നതിന്റെ കാരണം ഇതാകുന്നു. പിന്നെ യുധിഷ്ഠിരമഹാരാജാവു കളിയിൽ പരാജിതനായി തീർന്നതുകൊണ്ടു താനും രാജ്യവും ഭാര്യയുമെല്ലാം വിജയികൾക്ക് അധീനമായിത്തീർന്നു. ഈവിധം സേവാവൃത്തിയിൽ കാലം കഴിക്കുമ്പോൾ ദുര്യോധനന്റെ ഭാര്യയാലും മറ്റും പല അവസരങ്ങളിലും അവർ ആക്ഷേപിക്കപ്പെടുക ഉണ്ടായിട്ടുണ്ട്. ഒട്ട

വിൽ ഈ ആക്ഷേപങ്ങൾ അതിദുസ്സഹമായിതീർന്നിട്ട് ദ്രൌപദി പാണ്ഡവന്മാരെ അവസരോചിതമായി ഉ ദ്യോധനാദികളോട് പ്രതികാരം ചെയ്യുന്നതിന്നായി പ്രേരിപ്പിച്ചു. ഇതാണ് ഭാരതയുദ്ധത്തിനു കാരണമായി പരിണമിച്ചതു്.

പ്രഭാതത്തിൽ ഇവരുടെയും മറ്റു ചില സ്ത്രീകളുടെയും നാമം ജപിച്ചാൽ സംസാരമലമോചനം ഉണ്ടാകുന്നതാണെന്നും പറയപ്പെടുന്നു.

അഹല്യാ, ദ്രൌപദീ, സീതാ, താരാ,മണ്ഡോദരീതഥാ
പഞ്ചകന്യാഃ സ്മരേന്നിത്യം മഹാപാതകനാശിനീഃ

ഇതാണ് മേൽ പറയപ്പെട്ടതിലേക്ക് ഉണ്ടായിരിക്കുന്ന പുരാണപ്രമാണം. അതീതയുഗങ്ങളിലെ കൃത്യകളായിരുന്ന സ്ത്രീകളുടെ നാമകീർത്തനം തന്നെയും പാപഹരമായിരിക്കുന്ന സ്ഥിതിക്ക് ൪൩൨൦൦൦ സംവത്സരമുള്ളതും ഇപ്പോൾ നടക്കുന്നതുമായിരിക്കുന്ന കലിയുഗത്തിൽ വീടതോറും ഉണ്ടായിരിക്കുന്ന കൃത്യകളെക്കുറിച്ചും അഭിമാനം വിചാരിക്കയല്ലാതെ ശോചിക്കുന്നതു അസ്ഥാനത്തിലാണെന്നു പ്രത്യേകം പറയണമെന്നുണ്ടോ?

## അദ്ധ്യായം ൧൨.

മൂലം ൯.

സിദന്തിസന്തോ വിലസന്ത്യസന്തഃ
പുത്രാത്രിയന്തേ ജനകശ്ചിരായുഃ
പരേഷുമൈത്രീ സ്വജനേഷ്വൈരം
പശ്യന്തുലോകാഃ കലികൌതുകാനി.

| അന്വയം. | അന്വയാർത്ഥം. |
|---|---|
| സന്തഃ സിദന്തി | സജ്ജനങ്ങൾ ദുഃഖിക്കുന്നു. |
| അസന്തഃ വിലസന്തി | ദുർജ്ജനങ്ങൾ സന്തോഷിക്കുന്നു. |
| പുത്രാഃ മ്രിയന്തെ | പുത്രന്മാർ മരിക്കുന്നു. |
| ജനകഃ ചിരായുഃ | പിതാവു ദീർഘായുഷ്മാനാകുന്നു |
| പരേഷു മൈത്രീ | അന്യന്മാരിൽ സ്നേഹം |
| സ്വജനേഷുവൈരം | സ്വജനങ്ങളിൽ വൈരം |
| ലോകാഃ | മനുഷ്യർ |
| കലികൌതുകാനി | കലി കൌതുകങ്ങളെ |
| പശ്യന്തു | കാണട്ടെ. |

പരിഭാഷ:— സജ്ജനങ്ങൾ വിലപിക്കയും ദുർജ്ജനം സന്തോഷിക്കയും പിതാവു ചിരകാലം ജീവിക്കയും പുത്രന്മാർ അകാലമരണം പ്രാപിക്കയും ചെയ്യുന്നു. അന്യന്മാരിൽ മൈത്രിയും സ്വജനങ്ങളിൽ വൈരവും വർദ്ധിക്കുന്നു. ഈ വിധമുള്ള കലികൌതുകങ്ങളെ ലോകർ ദർശിക്കട്ടെ.

മൂലം ൨.

ന ദേവെ ദേവത്വം കപടപടവസ്സാപസജനാഃ
ജനോമിഥ്യാ വാദീ വിരളതരവൃഷ്ടിർജ്ജലധരഃ
പ്രസംഗോ നീചാനാമവനിപതയോ ദുഷ്ടമനസഃ
ജനാനഷ്ടാ ഭ്രഷ്ടാഹഹ കലികാലഃ പ്രഭവതി.

| അന്വയം. | അന്വയാർത്ഥം. |
|---|---|
| ദേവെ | ദൈവത്തിൽ |
| ന ദൈവത്വം | ദൈവചൈതന്യമില്ല. |
| താപസജനാഃ | തപോധനന്മാർ |
| കപടപടവഃ | വഞ്ചനപ്രമുഖന്മാരാകുന്നു. |
| ജനഃ | ജനങ്ങൾ |
| മിഥ്യാവാദീ | മിഥ്യാവാദികളാകുന്നു. |
| ജലധരഃ | മേഘജാലം |

| | |
|---|---|
| വിരളതരവൃഷ്ടിഃ | അകാലവൃഷ്ടികളായിതീരുന്നു |
| നീചാനാം പ്രസംഗഃ | നീചജനം പ്രസംഗിക്കുന്നു. |
| അവനിപതയഃ | മഹാരാജാക്കന്മാർ |
| ദുഷ്ടമനസഃ | ദുഷിതാശയന്മാരായി തീരുന്നു |
| ജനാഃ നഷ്ടാഃ | ഭരണീയജനങ്ങൾ നശിച്ചവരും |
| ഭ്രഷ്ടാഃ | ബഹിഷ്കരിക്കപ്പെട്ടവരും ആയി തീരുന്നു |
| അഹഹ! | കഷ്ടം കഷ്ടം!! |
| കലികാലഃ | കലിയുഗം |
| പ്രഭവതി | പ്രാമുഖ്യം വഹിക്കുന്നു. |

പരിഭാഷഃ— പ്രതിഷ്ഠിതമൂർത്തിയിൽ ചൈതന്യ ലേശം പോലും കാണുന്നില്ല. തപോധനന്മാർ വക്രബുദ്ധിയിൽ അപരതീയന്മാരായിതീരുന്നു. ജനസാമാന്യം മിഥ്യാവാദം ചെയ്യുന്നു. മേഘപടലങ്ങൾ അകാലവർഷവും അതിവർഷവും ചെയ്യുന്നു. അകുലീനന്മാർ പ്രസംഗിച്ചുനടക്കുന്നു. മഹാരാജപ്രഭൃതികൾ ദുഷിതാശയന്മാരാകുന്നു. ജനങ്ങൾ നഷ്ടന്മാരും ഭ്രഷ്ടന്മാരുമായി പോകുന്നു. കഷ്ടാൽ കഷ്ടതരം കലികാലം സർവ്വത്ര പ്രാമുഖ്യം വഹിക്കുന്നു.

മൂലം ൩൮.

നിർവ്വീര്യാപൃഥിവീനിരൌഷധിരസാനീചാമഹത്സംഗതാ
ഭൂപാലാനിജധർമ്മകർമ്മരഹിതാവീപ്രാഃ കുമാർഗ്ഗഗതാഃ
ഭാര്യാഭർതൃവിരോധിനീപരരതാ പുത്രാഃ പിതൃദ്വേഷിണഃ
ഹാ കഷ്ടം ഖലുവർത്തതേ കലിയുഗേ ധന്യാനരായേമൃതാഃ

| അന്വയം | അന്വയാർത്ഥം |
|---|---|
| പൃഥിവീനിർവ്വീര്യാ | ഭൂമിവിഫലമായിതീരുന്നു. |
| നിരൌഷധിരസാ | ഭൂമിയിൽ ഔഷധാരികൾ കുറഞ്ഞു പോകുന്നു. |

| | |
|---|---|
| നീചാഃ മഹത്പംഗതാഃ | നീചന്മാർ മഹാത്മ്യത്തെ പ്രാപിക്കുന്നു. |
| ഭ്രപാലാഃ | മഹാരാജാക്കന്മാർ |
| നിജധർമ്മകർമ്മരഹിതാഃ | പ്രജാപാലനാദികളിൽ വിമുഖന്മാരായി തീരുന്നു. |
| വിപ്രാഃ കുമാർഗ്ഗേ | ദ്വിജന്മാർ ദുർമ്മാർഗ്ഗത്തിൽ |
| ഗതാഃ | ഗമിക്കുന്നവരായിതീരുന്നു. |
| ഭാര്യാ | ഭാര്യ |
| ഭർത്തൃവിരോധിനീ | ഭർത്താവിനോട് വിരോധമുള്ളവളാകുന്നു. |
| പരിരതാ | അന്യപുരുഷനിൽ രതിയുള്ളവളും ആകുന്നു. |
| പുത്രാഃ | പുത്രന്മാർ |
| പിതൃദ്വേഷിണഃ | പിതാവിനോട് ദ്വേഷമുള്ളവരാകുന്നു. |
| ഹാ കഷ്ടം | വലിയ കഷ്ടം! |
| കലിയുഗെ വർത്തതെ | കലിയുഗംപ്രാപ്തമായിരിക്കുമ്പോൾ |
| യെമൃതാഃ | യാവചിലർ മരിച്ചുപോകുന്നൊ |
| തെ നരാഃ | ആ മനുഷ്യർ തന്നെ |
| ധന്യാഃ | ഭാഗ്യമുള്ളവരാകുന്നു. |

പരിഭാഷ:— കലിയുഗത്തിൽ ഭ്രമിയുടെ വീര്യം നശിച്ചുപോകയും അതിൽ ഔഷധാദികൾ കുറഞ്ഞുതുടങ്ങുകയും ചെയ്യുന്നു. നീചന്മാർ മാഹാത്മ്യം പ്രാപിക്കയും മഹാരാജാക്കന്മാർ പ്രജാസംരക്ഷണത്തിൽ വിമുഖന്മാരായി തീരുകയും ചെയ്യും. ദ്വിജന്മാർ അധർമ്മപ്രവർത്തകന്മാരും ഭാര്യ ഭർത്തൃവിരോധിനിയും അന്യപുരുഷന്മാരിൽ രതിയുള്ളവളും പുത്രന്മാർ പിതൃദ്വേഷികളും ആയിതീരുന്നു. വലിയ കഷ്ടം! കലിയുഗത്തിൽ ജീവിച്ചിരിക്കുന്നവരേക്കാൾ മരിക്കുന്നവർ തന്നെ ഭാഗ്യവാന്മാരാകുന്നു.

മൂലം ൫.

സന്തഃകവാപിനസന്തിയദിവാദുഃഖേനജീവന്തിതെ
വിദ്വാംസൊപിനസന്തിസന്തിയദിവാമാത്സര്യയുക്താശ്ചതെ
രാജാനൊപി നസന്തി സന്തിയദിവാലൊഭാദ് ധനഗ്രാഹിണൊ
ദാതാരൊപിന സന്തിയദിവാസെവാനുക്രൂലാ: കലൌ.

| അന്വയം | അന്വയാർത്ഥം. |
|---|---|
| സന്തഃ കവാ | സത്തുക്കൾ എവിടെ |
| ന സന്തി | അവർ ഇല്ല |
| യദിവാസന്തി | ഉണ്ടെങ്കിൽ തന്നെയും |
| തെദുഃഖേന | അവർ ക്ലേശത്തോടുകൂടി |
| ജീവന്തി | കാലം കഴിക്കുന്നു. |
| വിദ്വാംസഃ അപി | പണ്ഡിതന്മാരും |
| ന സന്തി | ഇല്ല |
| യദിവാസന്തി | ഉണ്ടെങ്കിൽ തന്നെയും |
| തെചമാത്സര്യയുക്തഃ | അവരും മത്സരബുദ്ധികളാകുന്നു |
| രാജാനഃ അപി | മഹാരാജാക്കന്മാരും |
| ന സന്തി | ഇല്ല |
| യദിവാസന്തി | ഉണ്ടെങ്കിൽ തന്നെയും |
| ലോഭാൽ | സ്വാർത്ഥനിമിത്തം |
| ധനഗ്രാഹിണഃ | ധനത്തെ ആഗ്രഹിക്കുന്നവരാകുന്നു. |
| ദാതാരഃ അപി | ദാനംചെയ്യുന്നവരും |
| ന സന്തി | ഇല്ല |
| യദിവാസന്തി | ഉണ്ടെങ്കിൽ തന്നെ |
| സേവാനുക്രൂലാഃ | സേവയ്ക്കു വശഗന്മാരും ആകുന്നു. |

പരിഭാഷ:— കലിയുഗത്തിൽ സജ്ജനങ്ങൾ എവിടെ? അതിദുർല്ലഭമാകുന്നു. അല്ലെങ്കിൽ ഉണ്ടെന്നുവന്നാൽതന്നെയും അവർ ക്ലേശിച്ചുകൊണ്ടുതന്നെ ജീവിതം കഴിക്കുന്നു. വിദ്വാന്മാരും തീരെ ഇല്ല. ഉണ്ടെന്നുവെച്ചാൽപോലും അവർ മത്സരബുദ്ധികളായിട്ടെ കാണുക

ഉള്ള. രാജാക്കന്മാരും വളരെ ചുരുക്കം. ഉണ്ടെന്നുവെയ്ക്കുന്നതായാലും അവർ സ്വാർത്ഥതല്പരന്മാരായി ധനത്തെ ഇച്ഛിക്കുന്നവരും ആകുന്നു. ദാനം ചെയ്യുന്നവരും ഇല്ല. ഉണ്ടെന്നിരുന്നാൽപോലും അവർ സേവയ്ക്കു വശഗന്മാരും ആയിതീരുന്നു.

മൂലം ൪.

ധർമ്മഃപ്രവ്രജിതസുപഃപ്രചലിതംസത്യംചദൂരെഗതം
പൃഥ്വീമന്ദഫലാ നരാഃ കപടിനശ്ചിത്തംചശാഠ്യൈർജ്ജിതം
രാജാനോർത്ഥപരാനരക്ഷണപരാഃ പുത്രാഃ പിതൃദ്വെഷിണഃ
സാധുഃ സീദതിദുർജ്ജനഃപ്രഭവതിപ്രായെകലൌദുർയ്യുഗെ.

| അന്വയം | അന്വയാർത്ഥം. |
|---|---|
| കലൌദുർയ്യുഗെ | കലി ആകുന്ന ദുർയ്യുഗം |
| പ്രായെ | പ്രായമായിരിക്കുമ്പോൾ |
| ധർമ്മഃ പ്രവ്രജിതഃ | ധർമ്മംനാടുവിട്ടുപോകുന്നു |
| തപഃപ്രചലിതം | തപസ്സു അസ്ഥിരമാകുന്നു. |
| സത്യംചദൂരെഗതം | സത്യവും ദൂരെമാറിപ്പോകുന്നു. |
| പൃഥ്വീമന്ദഫലാ | ഭൂമി സുഭിക്ഷമല്ലാത്തതായിതീരുന്നു |
| നരാഃ കപടിനഃ | മനുഷ്യർ കുടിലമതികളായിതീരുന്നു |
| ചിത്തംച | മനസ്സും |
| ശാഠ്യൈർജ്ജിതം | അവിനയപ്രമുഖമായിതീരുന്നു |
| രാജാനഃ | രാജാക്കന്മാർ |
| അർത്ഥപരാഃ | ധനേച്ഛ ഉള്ളവരായിതീരുന്നു. |
| ന രക്ഷണവരാ | രക്ഷണപരന്മാരാകുന്നുമില്ല. |
| പുത്രാഃ | പുത്രന്മാർ |
| പിതൃദ്വെഷിണഃ | പിതൃദ്വേഷികളായിചമയുന്നു |
| സാധുഃസീദതി | സജ്ജനം ദുഃഖിക്കയും |
| ദുർജ്ജനഃപ്രഭവതി | ദുർജ്ജനം സന്തോഷിക്കയും ചെയ്യുന്നു. |

പരിഭാഷ:— കലിയുഗത്തിൽ കുലധർമ്മാദികൾ നശിച്ചില്ലാതാകും. മതരീക്ഷ്ണതയും അവ്യവസ്ഥിതമായിതീരും. സത്യം പ്രവൃത്തിമാർഗ്ഗം വെടിഞ്ഞു ശബ്ദവാത്തയിൽ മാത്രം കാണപ്പെടും. ഭൂമി വിഫലമായി തീരുകയും ചെയ്യും. മനുഷ്യർ കുടിലഹൃദയന്മാരും അവരുടെ മനസ്സു ശാഠ്യോൻമുഖവും ആയിരിക്കും. രാജാക്കന്മാർ പ്രജാസംരക്ഷണത്തിൽ എന്നതിനേക്കാൾ അർത്ഥലാഭത്തിൽ തല്പരന്മാരും ആയിതീരും. പുത്രന്മാർ പിതാവിനെ ദ്വേഷിക്കയും സജ്ജനം ദുഃഖിക്കയും ദുർജ്ജനം ആനന്ദിക്കയും ചെയ്യും. ഈ കലിയുഗം ആരംഭിച്ചതു് ക്രി. കുംഭം രാശിയിൽ ബി. സി. യിൽ ആയിരുന്നു.

മൂലം ൮.

വൈകല്യം ധരണീപാതമയഥൊചീതജല്പനം
സന്നിപാതസ്യചിഹ്നാനിമദ്യം സർവ്വാണീദൃശയെൽ.

| അന്വയം | അന്വയാർത്ഥം. |
|---|---|
| വൈകല്യം | അവശതയും |
| ധരണീപാതം | നിലംപതിക്കലും |
| അയഥൊചിതജല്പനം | അയുക്തഭാഷണവുമായിരിക്കുന്ന |
| സന്നിപാതസ്യ | സന്നിപാതത്തിന്റെ |
| സർവ്വാണി | സകല |
| ചിഹ്നാനി | ലക്ഷണങ്ങളും |
| മദ്യം ദൃശയെൽ | മദ്യപാനം കാണിക്കും. |

പരിഭാഷ:— വൈകല്യം ധരണീപാതം അയഥൊചിത ജല്പനം എന്നിതെല്ലാം മദ്യപന്മാക്കും സന്നിവാതത്തിനും സമാന ധർമ്മമായി കാണപ്പെടാം.

മൂലം ൯.

അയുക്തം ബഹുഭാഷന്തെയത്ര കുത്രാപിശെരതെ
നഗ്നായിക്ഷിപ്യഗാത്രാണിബാലകാ ഇവമദ്യപാ.

| | |
|---|---|
| മദ്യപാഃ | മദ്യപാനികൾ |
| അയുക്തം | അസഭ്യം |
| ബഹുഭാഷന്തെ | വളരെ പറയുകയും |
| ബാലകാഃ ഇവ | കുട്ടികൾ എന്നപോലെ |
| ഗാത്രാണി | അവയവങ്ങളെ |
| വിക്ഷിപ്യ | കാണിച്ചുകൊണ്ടു |
| നഗ്നാഃ | വസ്ത്രമില്ലാത്തവരായിട്ടു |
| യത്ര കുത്ര അപി | എവിടെ ആയിരുന്നാലും അവിടെ തന്നെ |
| ശരതെ | കിടക്കയും ചെയ്യുന്നു. |

പരിഭാഷ— മദ്യപന്മാർ ഭീഷണികളെ വളരെ സംസാരിക്കയും കുട്ടികളെപ്പോലെ അവയവങ്ങളെ വെളിയിൽ കാണിച്ചുകൊണ്ടു നഗ്നന്മാരായിട്ടു എവിടെ തന്നെ ആയിരുന്നാലും കിടക്കുകയും ചെയ്യുന്നു.

മൂലം വ.

സദാനുരക്തപ്രകൃതിഃ പ്രജാപാലനതൽപരഃ
വിനീതാത്മാഹിനൃപതിർഭൂയസീംശ്രിയമശ്നുതെ.

| അന്വയം | അന്വയാർത്ഥം. |
|---|---|
| സദാനുരക്തപ്രകൃതിഃ | സദാസന്തുഷ്ടചിത്തനായി |
| പ്രജാപാലനതൽപരഃ | പ്രജാക്ഷേമൈകതല്പരനായി |
| വിനീതാത്മാ | അനംഹംകാരി ആയിരിക്കുന്ന |
| നൃപതി | രാജാവു് |
| ഭൂയസീം | വിപുലതരമായിരിക്കുന്ന |
| ശ്രിയം | ഭാഗ്യത്തെ |
